# ജൈവവൈവിധ്യ സംരക്ഷണം

## ഭാഗം 2

# ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം

## പരിശീലകർക്കുള്ള കൈപുസ്തകം

അവലംബം
മാധവ ഗാഡ്ഗിലും സംഘവും 1996 ൽ പ്രസിദ്ധം ചെയ്ത
ശൃഷ്ഠിഗ്യാൻ ( Srushtigyan) എന്ന പുസ്തകം




**എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ**
**കമ്മ്യൂണിറ്റി അഗ്രോ ബയോ ഡൈവേർസിറ്റി സെൻറർ**
**പുത്തൂർ വയൽ. പി. ഒ., കൽപ്പറ്റ, വയനാട് ജില്ല - 673 121**

ഫോൺ: 0493-604477 Email mssrf @ ker nic.in

# ആമുഖം

ജീവന്റെ വൈവിധ്യം മനുഷ്യന് ലഭിച്ചിട്ടുള്ള ഏറ്റവും വിശിഷ്ടമായ പാരമ്പര്യ പ്രകൃതി സമ്പത്താണ്. ജൈവ വൈവിധ്യ സംരക്ഷണം പ്രകൃതിയുടേയും മനുഷ്യന്റെയും നിലനിൽപ്പിന്റെ അനിവാര്യതയും. ഭാരതം ജൈവ വൈവിധ്യത്താൽ സമ്പന്നമെങ്കിലും അവ നാശത്തിന്റെ വക്കിലെത്തി നിൽക്കുന്നു. ജൈവ വൈവിധ്യ സംരക്ഷണവും അതുവഴിയുള്ള വികസനവും കാർഷികമേഖലയുടേയും അതുമായി ബന്ധപ്പെട്ട സമൂഹത്തിന്റെയും പൊതുവികസം സാധ്യമാക്കുന്നു. ജൈവ സാങ്കേതികവിദ്യയുടെ ആവിർഭാവം, ജൈവവൈവിധ്യത്തിന്റെ പ്രധാന്യം കൂടുതൽ അർത്ഥവത്താക്കിയിട്ടുണ്ട്.

ഈ വികസനസാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് വിവിധ രാജ്യങ്ങൾ ജൈവ വൈവിധ്യത്തെ ഇപ്പോൾ അവരുടെ പരമാധികാരസമ്പത്തായി പ്രഖ്യാപിച്ചിട്ടുണ്ട്. ജൈവ വൈവിധ്യത്തിന്റെ നിലനിൽപ്പിനും ഉപയോഗത്തിനും അവയുടെ വ്യക്തമായ വിവരണങ്ങൾ, വിന്യാസം എന്നിവ അത്യന്താപേക്ഷിതമാണ്. ഈ അറിവുകളും അവയുടെ സ്ഥിതിവിവരണ കണക്കുകളും പുസ്തകരൂപത്തിൽ ജനങ്ങൾ തന്നെ തയ്യാറാക്കി വികസനപ്രവർത്തനങ്ങളുടെ ആക്കം കൂട്ടുകയും ജൈവവൈ വിധ്യവിഭവങ്ങൾ വരും തലമുറയ്ക്കായി കാത്ത് സൂക്ഷിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. വൈവിധ്യ സംരക്ഷണവും, അതുമായി ബന്ധപ്പെട്ട ജനങ്ങളുടെ ഉപജീവനമാർഗ്ഗവും പരസ്പരം ബന്ധപ്പെടുത്തി, പാരമ്പര്യ വിഭവസംരക്ഷണവും പുരോഗതിയും ഉറപ്പാക്കാവുന്നതാണ്.

ഇന്ത്യയിൽ പശ്ചിമഘട്ടവും, കേരളവും ജൈവ സമ്പത്താൽ അനുഗ്രഹീതമാണ്. വളരെ വേഗത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന ജൈവവൈവിധ്യം മനുഷ്യന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയായികൊണ്ടി രിക്കുന്നു. വൈവിധ്യ സംരക്ഷണം നിലനിൽപ്പിനും വികസനത്തിനും അത്യന്താ പേക്ഷി തമായതിനാൽ നാം ഒരോരുത്തരും അതിന് വേണ്ടി പ്രവർത്തിക്കണം.

ഈ പ്രയത്നത്തിൽ എം. എസ്. സ്വാമിനാഥൻ ഗവേഷണ നിലയം എന്നും മുന്നിൽ തന്നെയുണ്ട്. ജൈവവൈവിധ്യസംരക്ഷണത്തിനായി പ്രവർത്തിക്കുന്ന ശാസ്ത്രീയ വിദ്യാഭ്യാസകേന്ദ്രമാണ് കൽപ്പറ്റ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന '' സാമൂഹ്യ കാർഷിക ജൈവ വൈവിധ്യ കേന്ദ്രം''. ജൈവവൈവിധ്യ ത്തിന്റെ സുസ്ഥിരമായ വികസനവും അതുവഴി സമൂഹത്തിന്റെ അടിത്തട്ടിലുള്ള, ഈ വിഭവ സംരക്ഷകരുടെ സാമൂഹികസാമ്പത്തിക വികസനവും ഈ കേന്ദ്രത്തിന്റെ ലക്ഷ്യമാണ്. ഈ സംരംഭത്തിൽ ഞങ്ങളോടൊത്ത് പ്രവർത്തിക്കാൻ താൽപര്യപ്പെടുന്ന വ്യക്തികൾക്ക്, ഒരു മാർഗ്ഗ നിർദ്ദേശമായി ഈ പഠന സഹായി സമർപ്പിക്കുന്നു.

ഈ പഠന സഹായിക്ക് അവലംബമായി സ്വീകരിച്ചിട്ടുള്ളത് ഇന്ത്യയിലെ പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞനായ പ്രൊഫസർ മാധവ് ഗാഡ്ഗിലും സംഘവും തയ്യാറാക്കിയ (SRUSHTIGYAAN) എന്ന പുസ്തകമാണ് ( SRUSHTIGYAAN A Methodology manual for Documenting People's Priorities for Biodiversity and Conservation)

**എൻ. അനിൽകുമാർ**

## ഉള്ളടക്കം


I) സാങ്കേതിക പദങ്ങളും നിർവ്വചനങ്ങളും

II) സഹായ ശ്രേണികൾ

III) പഠന സംഘം

IV) ലക്ഷണപരമായ വിവരണ ശേഖരണം

V) ലക്ഷണപരമായ വിവരങ്ങളുടെ സമാഹരണവും ക്രമീകരണവും.

VI) പഠനോപാധികൾ

VII) പഠനസ്ഥലം തിരഞ്ഞെടുക്കൽ

VIII) ഗ്രാമീണരെ സമീപിക്കലും വിശ്വാസ്യത നേടലും

IX) പഠന സ്ഥല സന്ദർശനം

X) പഠന സ്ഥല സന്ദർശനം

XI) റിപ്പോർട്ട് എഴുതൽ

XII) സാമൂഹ്യ ഹെർബേറിയത്തിന്റെ മാതൃക




## Hed lines

1) കാർഷിക ജൈവ വൈവിധ്യ പഠനം :
വയനാട് ജില്ലയിൽ നിന്ന് ഒരു ഉദാഹരണം

2) പഠന സംഘവും അവരുടെ പ്രവർത്തനങ്ങളും

3) കോട്ടത്തറ ഗ്രാമപഞ്ചായത്ത്
കാർഷിക ജൈവ സംരക്ഷണവും ഉപയോഗവും

4) സാമൂഹ്യ വ്യവസ്ഥിതിയുടെ ഒരു ഏക ദേശ ചിത്രം

5) ജൈവ വൈവിധ്യവുമായി ജനങ്ങൾക്കുള്ള ബന്ധം

6) പ്രാദേശിക പരിസ്ഥിതി ചരിത്രം

7) ജൈവവൈവിധ്യ സംരക്ഷണം

8) ജൈവവൈവിധ്യ സംരക്ഷണത്തിൽ
ജനങ്ങളുടെ അഭിപ്രായം

9) ജൈവവൈവിധ്യത്തിൻെറ വിന്യാസം

10 പരിസ്ഥിതിയിൽ ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ

11) ജൈവവൈവിധ്യത്തിന് മേൽ പരിസ്ഥിതികളുടെ സ്വാധീനം

12) ഗ്രാമപുരോഗതിയിൽ സമൂഹത്തിൻെറ അഭിപ്രായം

13) ജൈവവൈവിധ്യ സംരക്ഷണത്തിൽ ജനങ്ങളുടെ അഭിപ്രായം



അദ്ധ്യായം 1.

# സാങ്കേതിക പദങ്ങളും നിർവചനങ്ങളും

ഈ പുസ്തകത്തിൽ വളരെയധികം പ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന ചില സാങ്കേതിക പദങ്ങളും അവയുടെ നിർവചനങ്ങളുമാണ് താഴെ കൊടുത്തിരിക്കുന്നത് ഇവ നല്ലതുപോലെ മനസ്സിലാക്കിയിട്ടു വേണം ഈ പുസ്തകം വായിച്ചു തുടങ്ങുവാൻ

## 1.1 ഭൂദൃശ്യ ഘടകങ്ങൾ (Landscape Element) (LSE):

ഒരു ഭൂദൃശ്യത്തിലെ ഏകീകൃത സ്വഭാവവും തുല്യ. ലക്ഷണവുമുള്ള ഭാഗങ്ങളെ നമുക്ക് ഭൂദൃശ്യ ഘടകങ്ങൾ എന്ന് വിളിക്കാം.(Landscape Element - LSE) ഇതുപോലെ തന്നെയുള്ള മറ്റ് ഭാഗങ്ങളിൽ നിന്നും ഭിന്നവുമായിരിക്കും. ഈ ഭൂദൃശ്യഘടകങ്ങൾ ചിലപ്പോൾ വ്യത്യസ്ഥമാർന്ന ഭൂദൃശ്യതരങ്ങളിൽ (LSE Types) ഒന്നായിരിക്കും. ഉദാ: കുളങ്ങൾ, റോഡ്, വനം, വസതികൾ തുടങ്ങിയവ വ്യത്യസ്തങ്ങളാർന്ന ഭുദൃശ്യതരങ്ങളാണ്. ഓരോ ഭുദൃശ്യതരവും ചിലപ്പോൾ ഒരുപാട് ഭൂദൃശ്യ ഘടകങ്ങളെകൊണ്ട് പ്രതിനിധീകരിച്ചെന്നുമിരിക്കും. ഉദാഹരണത്തിന് ഒരു ഭുദൃശ്യതരത്തിൽ തന്നെ ചിലപ്പോൾ അഞ്ച് കുളങ്ങൾ ഏഴ് റോഡുകൾ മൂന്ന് വന പ്രദേശങ്ങൾ തുടങ്ങിയ വിവിധ ഘടകങ്ങൾ ഉണ്ടായിരിക്കാം. മറ്റൊരു തരത്തിൽ പറഞ്ഞാൽ കുളം എന്നു പറയുന്ന ഭൂദൃശ്യ തരം അഞ്ച് ഭൂദൃശ്യ ഘടകങ്ങൾ കൂടി ചേരുന്നതാണ്. വനം എന്ന തരത്തിൽ മൂന്നും, റോഡ് എന്ന തരത്തിൽ ഏഴും ഘടകങ്ങൾ ഉണ്ട്. ഓരോ ശകലവും അല്ലെങ്കിൽ ഭാഗവും വെവ്വേറെയുള്ള ഭൂദൃശ്യഘടകങ്ങൾ ആണ്. 2.5 ഹെക്ടറിൽ കൂടുതൽ ഉള്ള ശകലങ്ങളെ മാത്രമെ സാധാരണയുള്ള ജൈവ വൈവിധ്യ പഠനത്തിൽ കണക്കിലെടുക്കേണ്ടതുള്ളു. മനുഷ്യന്റെ നിരന്തരമായ ഇടപെടൽ മൂലം ധാരാളം ഭൂദൃശ്യ ഘടകങ്ങൾ വേറെ വേറെ തരങ്ങൾ ആയി മാറിക്കൊണ്ടിരിക്കുകയാണ്. ഈ മാറ്റങ്ങൾ പ്രകൃത്യാ ഉള്ളതോ മനുഷ്യനിർമ്മിതമോ ആകാം. നാശോന്മുഖമായ മാറ്റങ്ങളെ കുറിച്ചാണ് ധാരാളം രേഖപ്പെടുത്തിയിരിക്കുന്നതും, നാം കേട്ടിട്ടുള്ളതും,എങ്കിലും പ്രകൃതിയിൽ മറ്റുള്ള രീതിയിലുള്ള മാറ്റങ്ങളും കാണപ്പെടുന്നുണ്ട് വനംവകുപ്പ് മരം വെട്ടി മാറ്റിയ സ്ഥലങ്ങളിലോ, ആവർത്തന കൃഷി നടത്തിയ പ്രദേശങ്ങളിലോ വനം സ്വയം ഉണ്ടാകുന്നത് ഈ രീതിയിലുള്ള മാറ്റത്തിന് ഒരു ഉദാഹരണമാണ്.

## 1.2 ഉപയോക്താക്കളുടെ കൂട്ടം (User Group)

സമൂഹത്തിലെ ഒരേ ജീവിത ശൈലിയുള്ള ആൾക്കാരെ ഒരുമിച്ച് നമുക്ക് ഒരു ഉപയോക്താക്കളുടെ കൂട്ടം എന്ന് വിളിക്കാം. ഇങ്ങനെയുള്ള ഓരോ കൂട്ടവും അല്ലെങ്കിൽ സമൂഹവും തുല്യമായ മറ്റ് സമൂഹങ്ങളിൽ നിന്നും വ്യത്യസ്ഥത പാലിക്കുന്നു. തൊഴിലിനെ ആസ്പദമാക്കിയാണ് സാധാരണ ഓരോ കുട്ടവും രൂപം കൊള്ളുന്നത്. കൃഷിക്കാർ, കൈപ്പണിക്കാർ, വിറകു ശേഖരിക്കുന്നവർ, കുട്ടനെയ്യുന്നവർ, ഇവരെയൊക്കെ ഓരോ കൂട്ടമായി കണക്കാക്കാം. ഒരു ഗ്രാമത്തിലെ ഭൂരിഭാഗം സ്ത്രീകളും വിറകും, ഭക്ഷണയോഗ്യമായ സസ്യവർഗ്ഗങ്ങളും ശേഖരിക്കുന്നുവെങ്കിൽ അവരെ വിറകു ശേഖരിക്കുന്ന ഒരു കൂട്ടത്തിൽ ഉൾപ്പെടുത്താം. ഒരു വ്യക്തിതന്നെ ചിലപ്പോൾ പല ഉപയോക്താക്കളുടെ കൂട്ടത്തിൽപ്പെടും. ഉദാ: പുരുഷന്മാരുടെ തൊഴിലായ മുള ശേഖരണം സ്ത്രീകളും ചെയ്യാറുണ്ട്.

## 1.3 നാട്ടറിവ് (Anthropological Truth):

ഒരു സമൂഹം വിശ്വസിച്ചു പോരുന്ന ചില അറിവുകൾ വളരെ പ്രധാനപ്പെട്ടതാണ്. അത് ശാസ്ത്ര സത്യത്തോട് എപ്പോഴും നീതി പുലർത്തണമെന്നില്ല. എങ്കിലും അവയ്ക്ക് സമൂഹത്തിൽ ആഴമായി ബന്ധമുണ്ടെന്നു പറയാം. നാട്ടറിവ് ബുദ്ധിപരമായി രേഖപ്പെടുത്തലായിരിക്കണം. ജനകീയ രീതിയിലുള്ള ജൈവ വൈവിധ്യ പഠനത്തിന്റെ ഉദ്ദേശം. നാട്ടറിവുകൾ ജൈവ വൈവിധ്യത്തേയും പ്രകൃത്യാ ഉള്ള ആവാസ വ്യവസ്ഥയേയും ബന്ധപ്പെടുത്തി വേണം പഠിക്കുവാനും രേഖപ്പെടുത്തുവാനും. നാട്ടറിവിന് നല്ല ഒരു ഉദാഹരണമാണ് നമ്മുടെ നാട്ടിൽ മഴ കുറയുന്നുവെന്നും അതിന്റെ ചംക്രമണം മാറുന്നുവെന്നുമുള്ള ജനങ്ങളുടെ പരക്കെയുള്ള അഭിപ്രായം. ഈ അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തി കാടുകളുടെ നിലനിൽപ്പിന്റെ പ്രാധാന്യത്തെ കുറിച്ചും ജല ചംക്രമണത്തെ കുറിച്ചും ഇന്ന് പരിസ്ഥിതി ശാസ്ത്രജ്ഞർ വാദിക്കാറുമുണ്ട്.

## 1.4 മുൻഗണനകൊടുക്കൽ (Prioratization) :

ജൈവ വൈവിധ്യ സംരക്ഷണത്തിലും ഉപയോഗത്തിലും മുൻഗണന കൊടുക്കേണ്ടത് ഗ്രാമീണ ജനങ്ങളുടെ അഭിപ്രായങ്ങൾക്കാണ്. ഓരോ അഭിപ്രായത്തിന്റേയും ജന പിന്തുണ എത്രമാത്രം ഉണ്ട് എന്ന് അടിസ്ഥാനമാക്കി വേണം അവയെ പിന്നീട് തരം തിരിക്കുവാൻ. തരംതിരിക്കുമ്പോൾ അത് രേഖപ്പെടുത്തിയ ജനങ്ങളുടെ എണ്ണം, അവരുടെ പ്രാതിനിധ്യം , സമൂഹത്തിലുള്ള പദവി, നമ്മുടെ പഠനതോത് എന്നിവ കണക്കിലെടുക്കണം. യാതൊരു പക്ഷഭേദവും കൂടാതെ ഭൂരിഭാഗം ജനങ്ങളുടേയും അഭിപ്രായത്തിന് മുൻഗണന കൊടുക്കണം. പക്ഷെ ഓർമ്മിക്കേണ്ട വസ്തുത ജൈവ വൈവിധ്യ സംരംക്ഷണവും അതിന്റെ നിലനിൽക്കുന്ന ഉപയോഗവും അടിസ്ഥാനമാക്കി വേണം നമ്മുടെ സമീപനവും പഠനവും എന്നാണ്.

## 1.5 സംരക്ഷണം (Preservation)

ഒരു ഭൂപ്രകൃതിക്കോ, ഒരു വിഭാഗത്തിനോ, ഒരു ജീവിക്കോ ഉണ്ടായേക്കാവുന്ന നാശത്തിലേക്കുള്ള പ്രവർത്തനങ്ങളെ തടയുന്നതിനാണ് സംരക്ഷണം എന്നു പറയുന്നത്. സാധാരണ ഒരു പ്രത്യേക ജനുസ്സിന് വേണ്ടി പ്രാദേശികമായ മുറവിളികൾ ഉയരാറുണ്ട്. ഉദാഹരണത്തിന് മത്സ്യത്തിന്റെ പ്രജനനകാലത്ത് അതിനെ പിടിക്കുന്നത്, പക്ഷികളെ കൊല്ലുന്നതും, പിടിക്കുന്നതും ചെടികൾ വേരോടെ പിഴുതെടുക്കുന്നത് തുടങ്ങിയവക്ക് എതിരെയുള്ള മുറവിളികളും പരാതികളും തുടങ്ങിയവ. ചിലപ്പോൾ ചില ജീവ ജാലങ്ങൾ എണ്ണത്തിന് വളരെ കൂടുതൽ ഉണ്ടാകാം. പക്ഷെ അവയുടെ ഉപയോഗം കുറവായിരിക്കും. എങ്കിൽ തന്നെയും ഇവയ്ക്കും സംരക്ഷണം ആവശ്യമാണ്. ഉദാഹരണം ആൽമരം, നമ്മുടെ നാട്ടിൽ ധാരാളമായിട്ടുള്ളതാണ് എങ്കിലും നേരിട്ട് മനുഷ്യൻ അധികം ഉപയോഗിക്കാറില്ല. പക്ഷെ ഇത് പരിസ്ഥിതിപരമായിട്ട് വളരെ പ്രധാനപ്പെട്ട ഒരു ജനുസ്സാണ്.

## 1.6 ഉപയോഗപ്പെടുത്തൽ (Utilisation)

ഒരു ഭൂപ്രദേശത്തിൽ നിന്നോ ഒരു പ്രത്യേക ജനുസ്സിൽ നിന്നോ നമ്മുടെ ആവശ്യങ്ങൾക്കു വേണ്ടി അവയെ ശേഖരിക്കുന്ന രീതി. ഉപയോഗം എല്ലാക്കാലവും നിലനിന്ന് പോകണമെങ്കിൽ ഒരു വലിയ കാലയളവിൽ LSE ക്ക് യാതൊരു കോട്ടവും ഇല്ലാതെയിരിക്കണം. ഒരു പ്രത്യേക ജനുസ്സിനോ ഭൂപ്രകൃതിക്കോ കോട്ടമോ നാശമോ വരാത്ത അനുഷ്ഠാനത്തെ ഭൂരിഭാഗം ഗ്രാമീണരും പിന്താങ്ങുന്നുവെങ്കിൽ അത് നിലനിർത്തിക്കൊണ്ടു പോകാവുന്ന ഒരു അനുഷ്ഠാനമായി കണക്കാക്കാം. നേരെ മറിച്ചാണ് എങ്കിൽ നിലനിർത്താൻ പാടില്ലാത്ത അനുഷ്ഠാനവുമാകുന്നു. ശാസ്ത്ര രേഖകളും വിവരങ്ങളും പലപ്പോഴും ഈ വ്യാഖ്യാനത്തെ ദൃഢപ്പെടുത്തുന്നു.

## 1.7 കാത്തു സൂക്ഷിക്കൽ (Conservation):

കാത്തു സൂക്ഷിക്കൽ എന്നത് കൊണ്ട് അർത്ഥമാക്കുന്നത് നിലനിൽക്കുന്ന സംരക്ഷണം അഥവാ അഭംഗുരമായ സംരക്ഷണം അല്ലെങ്കിൽ ശരിയായ ഉപയോഗവും സംരക്ഷണവും ഒരുമിച്ചുള്ളത് എന്നതാണ്. കാത്തു സൂക്ഷിക്കലിനെ നിലനിർത്തിക്കൊണ്ടുള്ള ഉപയോഗം എന്ന് വേണമെങ്കിൽ പറയാം. കഴിഞ്ഞു പോയ കുറച്ച് തലമുറകളിൽ ശോഷണം സംഭവിക്കാത്ത ഒരു വർഗ്ഗത്തിന്റേയോ ജനുസ്സിന്റേയോ, ഒരു ഭൂചിത്ര ഘടകത്തിന്റേയോ ഉപയോഗം ഇതിൽപ്പെടുന്നു. ഇത് സൂചിപ്പിക്കുന്നത് പ്രകൃതി ജന്യമായ ഉൽപ്പാദനത്തിനുള്ളിൽ നിന്ന് കൊണ്ടുള്ള ഉപയോഗമെന്നോ അല്ലെങ്കിൽ പൂർണ്ണമായോ, ഭാഗികമായോ ഉള്ള സംരക്ഷണമെന്നോ ആണ്.

## 1.8 സൂചനകൾ (Bench Marks):

അഭിമുഖങ്ങളിലും വിവര ശേഖരണങ്ങളിലും വിശ്വസനീയതയ്ക്കും വേണ്ടി നമുക്ക് ഉപയോഗിക്കാവുന്ന ഒരു വിനിമയ സഹായിയാണ് ഈ സൂചനകൾ. സൂചനകളെ താഴെ പറയുന്ന രീതിയിൽ തരം തിരിക്കാം.

1. ചരിത്ര പരമായ സൂചനകൾ. (Historical Bench Marks)

2. ഭൂചിത്ര ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള സൂചനകൾ (LSE Bench Marks)

### 1.8. a ചരിത്രപരമായ സൂചനകൾ (HBM) :

പൊതുജനങ്ങളുമായി സമ്പർക്കത്തിലേർപ്പെടുന്ന സമയത്ത് ഒരു പഠന സ്ഥലത്തുണ്ടായ പഴയ സംഭവങ്ങളെപ്പറ്റി പെട്ടെന്ന് മനസ്സിലാക്കുവാൻ വേണ്ടി ഈ തരത്തിലുള്ള സൂചനകൾ ഉപയോഗപ്പെടുത്താം. എന്തെങ്കിലും പ്രധാന സംഭവങ്ങൾ ആ ഗ്രാമത്തിൽ നടന്നിട്ടുണ്ടെങ്കിൽ അതൊരു ചരിത്ര പരമായ സൂചന ആയി കണക്കാക്കാം. ഉദാ: വെള്ളപ്പൊക്കം അല്ലെങ്കിൽ ഒരു പ്രധാന വ്യക്തിയുടെ മരണം, തുടങ്ങിയവ, ഇവയുടെ ശരിയായ വർഷക്കണക്ക് വിദ്യാഭ്യാസം ഉള്ളവരിൽ നിന്നോ രേഖകളിൽ നിന്നോ പിന്നീട് മനസ്സിലാക്കുവാൻ സാധിക്കും. ഒരു പ്രത്യേക കാലഘട്ടത്തിലെ ചരിത്രം പഠിക്കണമെങ്കിൽ ആ കാലഘട്ടത്തിനോട് അടുപ്പിച്ച് സംഭവിച്ച ഏതെങ്കിലുമൊരു സൂചന പരി

ശോധിച്ചാൽ മതി. അങ്ങിനെയുള്ള സൂചനകൾ ഉണ്ടാക്കിയാൽ പിന്നീട് അതിനെതുടർന്നുണ്ടായ വിവരങ്ങൾ ശേഖരിക്കുവാൻ എളുപ്പമായിരിക്കും. ഉദാഹരണത്തിന് ഒരു പഠന സംഘത്തിന് ഒരു പ്രത്യേക സ്ഥലത്തെ 1960 കാലയളിവിലെ കടുവകളുടെ സംഖ്യ അറിയണമെന്നിരിക്കട്ടെ. പഠേതാവ് ചെയ്യേണ്ട് 1960 ൽ സംഭവിച്ച പ്രധാന സംഭവങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക എന്നുള്ളതാണ്. എന്നിട്ട് അതിൽ നിന്നും ഗ്രാമീണരിൽ കൂടുതൽ പേർക്കും അറിയാവുന്ന ഒരു സംഭവം തിരഞ്ഞെടുക്കുക. ഒരു ക്ഷേത്രത്തിന്റെ നിർമ്മാണമോ, ഒരു പേരു കേട്ട വ്യക്തിയുടെ മരണമോ, ഭൂമി കുലുക്കമോ, വെള്ളപൊക്കമോ എന്തുമാകാം. പഠന സംഘത്തിൽ ആരോടെങ്കിലും ഇതിനെപ്പറ്റി ആരായണമെങ്കിൽ ഈ സംഭവം ഒരു നല്ല സൂചനയായി ഉപയോഗിക്കാം.

### 1.8.b ഭൂചിത്ര ഘടക സൂചനകൾ (LSE BM) :

ഭൂചിത്ര ഘടകത്തിന്റെ കഴിഞ്ഞകാല പദവിയേക്കുറിച്ചോ വരുംകാല പദവിയെക്കുറിച്ചോ അവയ്ക്ക് സംഭവിക്കുന്ന മാറ്റം അറിയുവാനാണ് ഇങ്ങനെയുള്ള സൂചികകൾ ഉപയോഗിക്കുന്നത്. ഇതിനുവേണ്ടി പഠേതാവ് ചെയ്യേണ്ടതെന്തെന്നാൽ ആദ്യമായി ഒരു ഭൂചിത്രഘടകം, വനമോ, പുഴയോ എന്തുമാകാം – അവ, നാശം സംഭവിക്കാത്തത്, കുറച്ച് സംഭവിച്ചത്, പൂർണ്ണമായി സംഭവിച്ചത് (നശിച്ചത്) എന്നുള്ള ഏതെങ്കിലും അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുക. ഈ തിരഞ്ഞെടുക്കൽ ജനങ്ങളുടെ അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തിയാകണം. ഇങ്ങനെയുള്ള ഭൂദൃശ്യഘടകങ്ങളെ അതെ തരത്തിലുള്ള മറ്റ് ഘടകങ്ങളുടെ പദവിയെക്കുറിച്ച് അനുമാനിക്കുവാൻ നമുക്ക് ഉപയോഗപ്പെടുത്താം. ഈ സൂചികയുടെ അടിസ്ഥാനത്തിൽ മറ്റ് ഘടകങ്ങൾ താരതമ്യം ചെയ്യുവാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുക.

### 1.8.c ജനുസ്സ് (Species) :

കാഴ്ചയിൽ ഒരു പോലെയിരിക്കുന്ന പരസ്പരം പരാഗണം നടത്തുന്നതുമായ സസ്യങ്ങളുടെയോ ജന്തുക്കളുടേയോ കൂട്ടം.



അദ്ധ്യായം 2

# സഹായ ശ്രേണികൾ

*ജൈവ വൈവിധ്യ പഠനത്തിന് വേണ്ട ഘടകങ്ങളും സഹായ ശ്രേണികളും താഴെ കൊടുത്തിരിക്കുന്നു.*

**1. അന്വേഷണ (പഠന) സംഘം** : സംഘത്തലവൻ ; വിദ്യാർത്ഥികൾ; പ്രദേശ വാസികൾ. ഉത്തരവാദിത്വം : അറിവ് ശേഖരണവും രേഖപ്പെടുത്തലും അവതരണവും; പല നിലകളിലുള്ള ചർച്ചകളിൽ പങ്കെടുക്കൽ; റിപ്പോർട്ട് തയ്യാറാക്കൽ (ഉത്തരവാദിത്വം പൂർണ്ണം)

**2. ഗ്രാമീണരുടെ കുറച്ച് പ്രതിനിധികൾ ഉപഭോക്താക്കൾ** : അറിവുള്ള വ്യക്തികൾ : വിവരം തരുന്നവർ; പല തരത്തിലുള്ള ചർച്ചകൾക്ക് ശേഷം തീരുമാനമെടുക്കുക (മൊത്തം ഉത്തരവാദിത്വം പൂർണ്ണം)

**3. ദേശാടകരുടെ കൂട്ടം** : വിവരം തരുന്നവർ (ഇടപഴകൽ ഭാഗികം)

**4. ജൈവ സമ്പത്തിനെ ആസ്പദമാക്കി കച്ചവടവും വ്യവസായവും നടത്തുന്നവർ** : വിവരം തരുന്നവർ (ഇടപഴകൽ ഭാഗികം)

പഠനസ്ഥലത്തെക്കുറിച്ചുള്ള അടിസ്ഥാനപരമായ അറിവുണ്ടാക്കൽ ആ സ്ഥലത്തെ സംബന്ധിച്ച് താഴെ പറയുന്ന സാമഗ്രികൾ പഠന സംഘത്തിനുപയോഗിക്കാം. പലതും പ്രയോജനമായിരിക്കും. ചിലത് അപ്പോൾ അത്യാവശ്യമായിരിക്കും. ഇതിൽ പലതും ഒരു പ്രത്യേക സ്ഥലത്തെപ്പറ്റി അറിവു തന്നില്ലെങ്കിലും അതിന്റെ ഒരു ഏകദേശ ചിത്രം രൂപപ്പെടുത്തുവാൻ സഹായിക്കും.

1. ഭൂവിജ്ഞാന ഗ്രന്ഥങ്ങൾ
2. സെൻസസ് റിപ്പോർട്ടുകൾ
3. വിവിധ തരത്തിലുള്ള മാപ്പുകൾ (Toposheet, Forest Map, Political Map)
4. റിപ്പോർട്ടുകൾ, തീസിസുകൾ
5. ജീവജാലങ്ങളെ തിരിച്ചറിയുന്നതിനുള്ള പുസ്തകങ്ങൾ



അദ്ധ്യായം 3

# പഠനസംഘം

വിശ്വസനീയവും സമ്പൂർണ്ണവുമായ അറിവുകൾ നമുക്ക് ലഭിക്കണമെങ്കിൽ ആദ്യമായി ഗ്രാമീണരുമായി നമുക്ക് ദൃഢമായി ഒരു ബന്ധം ഉണ്ടാകണം. അവരുമായി ഇടപഴകാൻ പറ്റിയ ദിവസങ്ങളും, സമയങ്ങളും നാം കണ്ടെത്തണം. അവരുടെ ആചാരാനുഷ്ഠാനങ്ങൾ നടക്കുന്ന സമയങ്ങളും സായം കാലങ്ങളും, അവധി ദിനങ്ങളും നല്ലതാണ്. പൊതു ജനങ്ങളുടെ സൗകര്യം അറിയണമെങ്കിൽ പഠന കേന്ദ്രത്തിന്റെ അടുത്തുതന്നെ പഠന സംഘം താമസിക്കേണ്ടതുണ്ട്. മാത്രമല്ല ജനങ്ങളുമായി പ്രാദേശിക ഭാഷിയിലൂടെ തന്നെ വേണം ആശയ വിനിമയം നടത്തുവാൻ. ഈ കാര്യങ്ങൾ വളരെ ഫലപ്രദമായി, സ്കൂൾ, കോളേജ്, അദ്ധ്യാപക വിദ്യാർത്ഥികൾക്ക് നടത്തുവാൻ സാധിക്കും. പഠന സ്ഥലത്ത് ഒരു അദ്ധ്യാപകനെ കിട്ടുന്നില്ല എങ്കിൽ വിദ്യാർത്ഥിയെ തിരഞ്ഞെടുക്കാം.

ഒരു പഠന സംഘത്തിൽ കുറഞ്ഞത് ആറ് പേർ ഉണ്ടായിരിക്കണം. സന്നദ്ധ സേവകർ / വിദ്യാർത്ഥികൾ, രണ്ടോ മൂന്നോ പ്രാദേശിക പ്രതിനിധികൾ തുടങ്ങിയവർ സംഘാംഗങ്ങളാകണം. പഠന സംഘത്തിന്റെ കൂട്ടായ്മയും ആത്മാർത്ഥതയും നമ്മുടെ ഉദ്ദേശ ലക്ഷ്യ പ്രാപ്തിക്ക് അത്യന്താപേക്ഷിതമാണ്. ഉൾനാടൻ ഗ്രാമങ്ങളിൽ ജോലിചെയ്യുവാൻ താൽപ്പര്യമുള്ളവരും ജനങ്ങളോട് സ്നേഹവും ഉള്ളവരുമായിരിക്കണം സംഘാംഗങ്ങൾ. സംഘത്തിൽ പുരുഷന്മാരും, സ്ത്രീകളും എണ്ണത്തിൽ തുല്യമായിരിക്കണം.

സസ്യ ശാസ്ത്രജ്ഞർക്കോ, ജന്തു ശാസ്ത്രജ്ഞർക്കോ, പരിസ്ഥിതി വിദഗ്ധർക്കോ, സാമൂഹിക പ്രവർത്തകർക്കോ, പൊതു പ്രവർത്തകർക്കോ പഠന സംഘത്തോടൊപ്പം പഠന സ്ഥലം സന്ദർശിക്കുകയും ചെയ്യാം. താൽക്കാലികമായി അവർ സംഘത്തിന്റെ ഒരു ഭാഗം ആണ്. അവർ സംഘത്തലവനും ആയോ, അല്ലെങ്കിൽ സംഘാംഗങ്ങളുമായോ ബന്ധപ്പെട്ടിരിക്കണം.

## 3.1. പഠനാംഗങ്ങളുടെ ഉത്തരവാദിത്വങ്ങൾ

സംഘാംഗങ്ങളുടെ ഉത്തരവാദിത്വത്തെ പറ്റിയാണിവിടെ പറയുന്നത്. സംഘമായുള്ള ചർച്ചകളിലൂടെയോ, വ്യക്തിപരമായ സമ്പർക്കത്തിലൂടെയോ സംഘാംഗങ്ങളുടെ താൽപ്പര്യവും, മനോഭാവവും സംഘത്തലവന് മനസ്സിലാക്കി എടുക്കാം. പഠനത്തിന്റെ വളർച്ചാദിശയെ കുറിച്ച് മനസ്സിലാക്കുവാൻ വേണ്ടി ആനുകാലിക ചർച്ചകൾ പഠന സംഘങ്ങൾ നടത്തണം. താഴെ പറയുന്ന ഒരു മാതൃക ഇതിനായി ഉപയോഗിക്കാം. ഇതിന്റെ ഘടന ന്യൂനമറ്റതാണ് എന്ന് പറയുന്നില്ല. പക്ഷെ പഠന പ്രവർത്തനങ്ങൾക്ക് ഒരു ഏകദേശ രൂപം നൽകാൻ ഇത് സഹായിക്കും.

### 3.1 A പഠനസംഘത്തലവന്റെ ഉത്തരവാദിത്വം

1. പ്രാദേശിക ചുറ്റുപാടുകൾക്കനുസരിച്ച് പഠന സംഘാംഗങ്ങളുടെ ജോലി തിട്ടപ്പെടുത്തുക.
2. ഗ്രാമസഭ സംഘടിപ്പിക്കുക, രാഷ്ട്രീയ നേതാക്കന്മാരുമായി ബന്ധപ്പെടുക, സർക്കാർ ഉദ്യോഗസ്ഥരുമായി സമ്പർക്കം പുലർത്തുക. ജൈവവൈവിധ്യത്തിലും ഗ്രാമീണ സാംസ്കാരിക ചരിത്രത്തിലും പരിജ്ഞാന ശാലികളായവരെ പരിചയപ്പെടുക.
3. വിവരങ്ങൾ ശേഖരിക്കുകയും അതിനെ അവലോകനം ചെയ്യുകയും ചെയ്യുക.
4. റിപ്പോർട്ടുകൾ തയ്യാറാക്കുക, സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുക തുടങ്ങിയവ.

### 3.1B. സന്നദ്ധ സേവകരുടെ / വിദ്യാർത്ഥികളുടെ ഉത്തരവാദിത്വം.

*a. വിവരങ്ങൾ രേഖപ്പെടുത്തുന്ന ആൾ (Maintaining Records)*

1. ഗ്രാമ സഭയുടേയും സംഘ ചർച്ചകളുടേയും നടപടി ചുരുക്കങ്ങളും റിപ്പോർട്ടുകളും നോട്ട് ബുക്കിലോ, ടേപ്പ് റിക്കാർഡിലോ രേഖപ്പെടുത്തുക.
2. വിവരങ്ങൾ സൂക്ഷിക്കുകയും ചിട്ടപ്പെടുത്തുകയും ചെയ്യുക.

*b. പൊതുജന സമ്പർക്കം നടത്തേണ്ടയാൾ (സംഘാംഗങ്ങളെ പൊതു ജനങ്ങളുമായി ബന്ധപ്പെടുത്തുന്നയാൾ)*

1. പൊതുജനങ്ങളുമായി നല്ല ഒരു സമ്പർക്ക രീതി ഉണ്ടാക്കി എടുക്കുകയും അത് തുടർന്നു കൊണ്ടുപോവുകയും ചെയ്യുക.
2. വ്യക്തിഗത അഭിമുഖങ്ങൾക്ക് നേതൃത്വം നൽകുക.
3. ഗ്രാമത്തിൽ ഏതെങ്കിലും തരത്തിൽ സ്വാധീനമുള്ളവരും, അതേ സമയം ആ ഗ്രാമത്തിന് പുറത്ത് താമസിക്കുന്നവരുമായി ബന്ധം സ്ഥാപിക്കുക.

*c. ചെടികളുടേയും മറ്റ് ജീവജാലങ്ങളെയും തിരിച്ചറിയേണ്ടയാൾ (Parataxonomist)*

1. പ്രാദേശികമായ ചെടികളെയും ജന്തുക്കളെയും ഇനം തിരിച്ചറിയുക.

2. അവയുടെ ഉപയോഗത്തെക്കുറിച്ചും സമൂഹത്തിൽ ആ തരം ചെടികൾക്കോ, ജന്തുക്കൾക്കോ ഉള്ള സ്ഥാനമാനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുക.

3. ഇവയെക്കുറിച്ച് പരാമർശമുള്ള ഗ്രന്ഥങ്ങൾ പരിശോധിക്കുകയും ജൈവ ശാസ്ത്രജ്ഞരുമായി ബന്ധപ്പെടുകയും ചെയ്യുക.

*d. കാര്യദർശി*

1. വിഭവങ്ങളുടെ ലഭ്യത, പഠന ലക്ഷ്യം ഇവയെ ആസ്പദമാക്കി കാര്യങ്ങൾ ആസൂത്രണം ചെയ്യുക.

2. പഠന സംഘത്തിലെ കണ്ടെത്താകണ്ണികളെ കണ്ടെത്തുകയും, സംഘത്തിന്റെ ഒരു കാര്യദർശിയുമാകുക.

3. പല ഉത്തരങ്ങളിലേക്ക് നയിക്കാവുന്ന തുറന്ന ചോദ്യങ്ങൾ ചോദിച്ച് ഗ്രാമീണരെ പ്രസക്തങ്ങളായ ഉത്തരങ്ങൾ തരുന്ന രീതിയിൽ പ്രോത്സാഹിപ്പിക്കുക.

*e. പ്രാദേശിക പ്രതിനിധികൾ (കുറഞ്ഞത് രണ്ടു പേർ : ഒരു പുരുഷനും ഒരു സ്ത്രീയും)*

1. പഠനസംഘത്തിനും പ്രദേശവാസികൾക്കും ഇടയിൽ നിന്ന് മദ്ധ്യവർത്തിയായി പ്രവർത്തിക്കുക.

2. ഗ്രാമ സഭ കൂട്ടുവാനും, സംഘതല സംവാദങ്ങൾക്കും ജൈവ വൈവിധ്യപരമായി പരിജ്ഞാനമുള്ള വ്യക്തികളും ആയി ബന്ധപ്പെടുവാനും സംഘത്തിന് അവസരം സംഘടിപ്പിക്കുക.

3. സംഘാംഗങ്ങളെ പ്രാദേശികമായ ആചാര രീതികളുമായും സാംസ്കാരിക പരിപാടികളുമായും പരിചയപ്പെടുത്തുക.

## 3.2 സംഘാംഗങ്ങൾ തമ്മിലുള്ള ചർച്ചകൾ

കൂടെക്കൂടെയുള്ള ചർച്ചകൾ ഒരു കൂട്ടായ സംരംഭത്തിൽ ഏർപ്പെടുമ്പോൾ സംഘാംഗങ്ങൽ നടത്തേണ്ടത് അത്യാവശ്യമാണ്. സംഘത്തിന്റെ പരിമിതികൾ, അവരുടെ ദിശ, മാർഗ്ഗങ്ങൾ എന്നിവയെ പറ്റി അറിയുവാൻ ഈ ചർച്ചകൾ സഹായകമാവും. ജൈവ വൈവിധ്യത്തെപ്പറ്റി അറിയാവുന്ന പ്രാദേശിക പ്രതിനിധികളെ കൂടി ചർച്ചകളിൽ സഹകരിപ്പിക്കുക. അവരുടെ ആശയങ്ങൾ മനസ്സിലാക്കുക. താഴെ പറയുന്ന ചോദ്യങ്ങൾ സംഘത്തിന് സ്വയം ചോദിക്കാം.

a) ഒരു പ്രത്യേക ഘട്ടത്തിൽ നമ്മുടെ പഠനത്തിന്റെ സ്വഭാവം എന്താണ്? നമ്മൾ എവിടെ നിൽക്കുന്നു? (ഇപ്പോഴും നിരീക്ഷണ ഘട്ടത്തിലാണോ, അതോ നിരീക്ഷണങ്ങളുടെ ശരിവക്കലിലൊ ഉറപ്പിക്കലിലൊ ആണോ?)

b) നമ്മുടെ പഠനത്തിൽ അത്യന്തികമായി നാം എന്താണ് കണ്ടെത്തേണ്ടത് (എന്തെങ്കിലും പ്രത്യേകമായുള്ള കാര്യങ്ങൾ / പൊതുവായുള്ള കാര്യങ്ങൾ / അഭിപ്രായങ്ങൾ / തീരുമാനങ്ങൾ / അഭിലാഷങ്ങൾ / ആസൂത്രണം / അറിവ്......)

c) നമ്മുടെ നിരീക്ഷണങ്ങൾ നിജപ്പെടുത്തുവാൻ ആരാണ് ശരിയായിട്ടുള്ളവർ (വ്യക്തികൾ / സംഘം / നയരൂപീകരണകർത്താക്കൾ / ജനങ്ങളുമായി നമ്മെ ബന്ധിപ്പിക്കുന്നവർ ....)

d) അവൻ / അവൾ അല്ലെങ്കിൽ അവർ എവിടെയാണ് താമസിക്കുന്നത് (സ്ഥലവാസിയാണോ / കുടിയേറ്റക്കാരനാണോ / വിദേശിയാണോ......)

e) എത്ര പ്രാവശ്യത്തെ വിവര ശേഖരണങ്ങൾ പഠനത്തിനാവശ്യമാണ് അല്ലെങ്കിൽ സാധ്യമാകും / എത്ര പരിശോധനകൾ ഉണ്ട് (ഒന്ന് തുടങ്ങി പലതുവരെ)

f) ഒരു പ്രത്യേക ഘട്ടത്തിൽ നമ്മുടെ ലക്ഷ്യത്തിന്റെ എത്ര അനുപാതത്തിൽ നമ്മൾ അത് നേടിയിട്ടുണ്ട്. (ഭാഗികം /. മുഴുവനും)



അദ്ധ്യായം 4

# ലക്ഷണ പരമായ വിവര ശേഖരണം (Qualitative Data Collection)

ഒരു വസ്തുവിനെ പറ്റിയുള്ള ലക്ഷണപരമായ വിവരണമെന്നാൽ അത് വാചക രൂപത്തിലുള്ളതായിരിക്കുമെന്നതാണ്, സംഖ്യാ അടിസ്ഥാനത്തിൽ ആയിരിക്കുകയില്ല. ഇത് പലതരത്തിൽ ശേഖരിക്കാം. നിരീക്ഷണത്തിലൂടെയും അഭിമുഖങ്ങളിലൂടെയും സംഘമായുള്ള ചർച്ചകളിലൂടേയും പ്രസിദ്ധീകൃതമായ മറ്റ് വിവര മാധ്യമങ്ങളിലൂടെയും നമുക്ക് ഈ തരത്തിലുള്ള വിവരം കിട്ടും. ഈ അദ്ധ്യായത്തിൽ താഴെ പറയുന്ന ലക്ഷ്യങ്ങളെ പരിചയപ്പെടുന്നു.

a. ഈ രീതിയിലുള്ള വിവര ശേഖരണത്തിന്റെ പ്രത്യേകതകളും പ്രവർത്തന രീതികളും പരിചയപ്പെടുത്തൽ

b. പ്രാദേശികമായ സാഹചര്യങ്ങൾക്കനുസരിച്ച് പഠന സംഘം ഉപയോഗിക്കേണ്ട മാർഗ്ഗങ്ങൾ

ഈ പഠന രീതിയിൽ മനഃപൂർവ്വം ഒരു മാതൃകാ ചോദ്യാവലി ചേർത്തിയിട്ടില്ല. ചോദ്യാവലി പെട്ടെന്നുള്ള പഠനങ്ങൾക്കും പരിചയമുള്ളവർക്കിടിയിലും കൂടുതൽ പ്രയോജനകരമായിരിക്കും. ആഴമേറിയ ജൈവവൈവിധ്യം പഠനവും ഉപയോഗ സാധ്യതകളും സങ്കീർണ്ണം ആകയാൽ കൂടുതൽ വിഷയ സംബന്ധിയായ ചോദ്യങ്ങളാണ് വേണ്ടത്. കഴിവതും അനൗപചാരികമായ ചർച്ചകളാണ് ആവശ്യം. ലളിത സംഭാഷണങ്ങളിലൂടെ കാര്യങ്ങൾ മനസ്സിലാക്കുകയാണ് വേണ്ടത്. ഓരോ ചർച്ചകൾക്കും / കൂടിക്കാഴ്ചകൾക്കും മുമ്പും ചോദിക്കേണ്ട ചോദ്യങ്ങളെ പറ്റി മുമ്പേ കൂട്ടി തന്നെ നമുക്ക് അവബോധം ഉണ്ടായിരിക്കണം.

## 4.1 വിവര ശേഖരണവും അവ നന്നാക്കലും

വിവര ശേഖരണ പരിപാടിയിൽ കുറഞ്ഞത് രണ്ടു പേർ ഉണ്ടായിരിക്കണം. ഒരു അന്വേഷകനും ഒരു ഉത്തരദാതാവും. പലപ്പോഴും ഈ രണ്ടു ജോലികളിലേക്കും നമുക്ക് കൂടുതൽ ആളുകളെ പങ്കെടുപ്പിക്കാം. വിവേകത്തോടെയുള്ള ഒരു വിവര ശേഖരണം നടത്തുന്ന ഒരാൾക്ക് ആ വിവര ശേഖരണത്തിന്റെ ഒഴുക്കിനെ സുഗമമാക്കുവാനും ആവശ്യമില്ലാത്ത വിവരങ്ങൾ വിട്ടുകളഞ്ഞ് അവ സംക്ഷിപ്ത രൂപത്തിൽ ആക്കുവാനും സാധിക്കും. ഒരു ശരിയായ വിവര ശേഖരണ പ്രക്രിയക്ക് താഴെ പറയുന്ന മൂന്ന് ഘട്ടങ്ങൾ ഉണ്ടാകും.

### 4.1.1 ജനങ്ങളുമായി ഒരുമിച്ചുള്ള നിരീക്ഷണങ്ങൾ

ജനങ്ങളുടെ ദൈനം ദിന പ്രവൃത്തികൾ നിരീക്ഷിക്കൽ, അവരുമായി അനൗപചാരിക അഭിമുഖങ്ങൾ നടത്തൽ, അവരുടെ പ്രവർത്തനത്തിൽ പങ്കാളികളാകുക മുതലയാവയാണ് ലക്ഷണ സംബന്ധിയായ വിവര ശേഖരണത്തിനുള്ള പ്രാഥമിക മാർഗ്ഗം. പങ്കാളിത്ത നിരീക്ഷണം സാധ്യമാക്കാനുള്ള എളുപ്പമാർഗ്ഗം ഒരു മാസത്തിൽ കുറച്ചു ദിവസമെങ്കിലും പഠന സ്ഥലത്ത് താമസിക്കുകയും അവിടുത്തെ ജനങ്ങളുടെ രീതികൾ നിരീക്ഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുക എന്നതാണ്. എത്ര പ്രാവശ്യം പഠന സ്ഥലം സന്ദർശിക്കണമെന്നും പഠനത്തിന്റെ ആഴം എത്രമാത്രം വേണമെന്നും സംഘത്തിനും സ്വയം തീരുമാനിക്കാം.

### 4.1.2. നാട്ടറിവ് ശരിവെക്കൽ / വിലിയിരുത്തൽ

നിരീക്ഷണങ്ങളിലൂടെ വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞാൽ വിവരങ്ങളെ വിലയിരുത്തുവാൻ തുടങ്ങണം. ഈ ഘട്ടത്തിൽ പഠന സ്ഥല സന്ദർശനം, ജൈവ വൈവിധ്യത്തിൽ പരിജ്ഞാനമുള്ളവരുമായി അഭിമുഖം നടത്തൽ, മുൻഗണനാക്രമത്തിൽ അഭിപ്രായങ്ങൾ ചിട്ടപ്പെടുത്തൽ, ഭാഗികമായ അഭിമുഖങ്ങൾ, ഉപഭോക്താക്കളുമായുള്ള സംഘടിത ചർച്ചകൾ ഇവയെല്ലാം വളരെ പ്രധാനപ്പെട്ടതാണ്. വിലയിരുത്തൽ നിരീക്ഷണത്തിനോടൊപ്പമോ, ആദ്യത്തെ ഘട്ടത്തിനു ശേഷമോ നടത്താം. പഠന സംഘത്തിനാവശ്യമായ വിഭവങ്ങളും സേവനങ്ങളും സംഘടിപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ സമയം, സാമ്പത്തികം, ആവശ്യങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കും.

### 4.1.3 വിവരങ്ങൾ പരസ്പര ബന്ധപ്പെടുത്തൽ

പലതരത്തിൽ കിട്ടുന്ന വിവരങ്ങളെ പരസ്പരം ബന്ധപ്പെടുത്തേണ്ടതുണ്ട്. നാനാതരത്തിൽ കിട്ടുന്ന വിവരങ്ങളെ പരസ്പരം ബന്ധപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യേണ്ടതായി വരും. പഠന സ്ഥലത്ത് നിന്നും കിട്ടിയ വിവരങ്ങളും, മറ്റ് ഗ്രന്ഥങ്ങളിൽ നിന്നും കിട്ടിയ വിവരങ്ങളും കോർത്തിണക്കണം. ജൈവ ശാസ്ത്രപരമായ കാര്യങ്ങൾ കണ്ടുപിടിക്കുന്നതിന് ഇത് ഒരു പുതിയ മാനം നൽകുന്നു. ഉദാ: പ്രാദേശിക നാമങ്ങളും ജീവശാസ്ത്ര നാമങ്ങളും തമ്മിൽ കോർത്തിണക്കൽ

### 4.1.4. വിവര ശേഖരണത്തിലെ തടസ്സങ്ങളും അതിനുള്ള പരിഹാര മാർഗ്ഗങ്ങളും

വിവര ശേഖരണത്തിൽ സാധാരണ ഉണ്ടാകുന്ന തടസ്സങ്ങളെക്കുറിച്ച് താഴെ പറയുന്നു. നല്ല പരിചയവും നാട്ടുകാരുമായി നല്ല സമ്പർക്കവും സൗഹാർദ്ദവും

ഉണ്ടെങ്കിൽ തടസ്സങ്ങൾ കുറവായിരിക്കും.

## 4.2. ആശയ വിനിമയ വിഘ്നങ്ങൾ

ഇത് സംഭവിക്കുന്നത് ആശയ വിനിമയം കാര്യക്ഷമമമായി നടത്താൻ പറ്റാത്തത് മൂലമോ, ഭാഷ കൈകാര്യം ചെയ്യുന്നതിലെ അപര്യാപ്തതയോ കൊണ്ടാണ്. നാട്ടുഭാഷ ഉപയോഗിക്കുന്നതാണ് കൂടുതൽ നല്ലത്, എന്നിരുന്നാലും ചിലപ്പോൾ അന്വേഷകന്റെ സന്ദേശങ്ങളും ഉദ്ദേശങ്ങളും ഉത്തരം നൽകുന്ന ആളിന് മനസ്സിലായില്ലെന്ന് വരാം. ഇത് ചിലപ്പോൾ മനസ്സിലാക്കുന്നതിനുള്ള കഴിവില്ലായ്മയോ, ഭാഷയിലെ പദപ്രയോഗത്തിന്റെ രീതികൊണ്ടോ ആകാം. ഇതിനുള്ള ഒരു മാർഗ്ഗം ആ നാട്ടിലെ സാധാരണ ഉപയോഗിക്കുന്ന വാക്കുകളെക്കുറിച്ചും പദപ്രയോഗങ്ങളേയും കുറിച്ച് സംഘം മുൻകൂട്ടി മനസ്സിലാക്കുക എന്നതാണ്. ലളിതവും എളുപ്പം മനസ്സിലാക്കാവുന്നതുമായ പദങ്ങൾ തിരഞ്ഞെടുക്കമം. ചോദ്യങ്ങൾ ഹ്രസ്വവും, അസന്നിഗ്ദ്ധവും ലളിതവും ആയിരിക്കണം. ചിത്രങ്ങൾ, വിവരണ പത്രങ്ങൾ, മാതൃകകൾ, ഭൂചിത്രങ്ങൾ മുതലായവ ആശയവിനിമയത്തിന് വേണ്ടി ഉപോയഗിക്കാം.

### 4.2.1. യാദൃശ്ചികമായ ചില തടസ്സങ്ങൾ

ചില സമയത്ത് ചോദ്യകർത്താവിന്റെ ചോദ്യങ്ങൾ ഉത്തരദാദാവിന് ശരിയായ രീതിയിൽ മനസ്സിലായാലും ശരിയായ ഉത്തരം നൽകുവാൻ പറ്റിയ മാനസിക അവസ്ഥയിൽ അല്ലായിരിക്കാം അയാൾ. ഇത് അപ്രസക്തമായ ഉത്തരങ്ങൾ തരുന്നതിന് ഇടയാക്കും. വേദനാജനകമായ ഒരു സംഭവമോ, സാഹചര്യമോ ഒക്കെ ശരിയായ ഉത്തരം നൽകാൻ തടസ്സമാകുന്ന യാദൃശ്ചിക ഘടകങ്ങൾ ആയിരിക്കും. അങ്ങിനെ വരുമ്പോൾ ആ വിധ സാഹചര്യങ്ങൾ ഒഴിവാക്കി മറ്റ് ഏതെങ്കിലും സമയത്ത് അവരുമായി ബന്ധപ്പെടണം. ഗ്രാമീണർക്ക് നമ്മുടെ പ്രവർത്തനങ്ങളിൽ അവിശ്വാസത്തിന്റേയോ സംശയത്തിന്റേയോ സാഹചര്യം ഉണ്ടായാൽ അന്വേഷകൻ അനുയോജ്യമായ വേറൊരും സന്ദർഭം അതിനായി തിരഞ്ഞെടുക്കുയം അവരെ വിശദമായി സംശയലേശമെന്യേ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കുകയും ഈ സമ്പർക്കപരിപാടിയിൽ ഊർജ്ജിതമായി പങ്കെടുപ്പിക്കുകയും ചെയ്യണം.

### 4.2.2. ചില ശാരീരിക മാനസിക തടസ്സങ്ങൾ

ചില ഉത്തരദാതാക്കൾക്ക് ആശയങ്ങളെ ഉൾക്കൊള്ളാനുള്ള കഴിവുണ്ടെങ്കിലും അവർക്ക് ചിലപ്പോൾ എന്തെങ്കിലും ശാരീരിക വൈകല്യങ്ങൾ മൂലം ഉത്തരങ്ങൾ തരാൻ കഴിയാതെ വരും. ഉദാഹരണത്തിന് കേൾവി കുറവ്, വിക്ക് മുതലായവ ഇങ്ങനെയുള്ളവരോട് വളരെ സ്നേഹപൂർവ്വം പെരുമാറുകയും അവരുടെ വൈകല്യങ്ങളെകുറിച്ച അപകർഷതാബോധം ഉണ്ടാക്കുകയോ മറ്റൊ ചെയ്യാതെ നമ്മുടെ പ്രവർത്തനങ്ങൾ അവരെ കൂടുതൽ ഭാഗഭാക്കാക്കുവാൻ ശ്രമിക്കുക.

## 4.3 വിവര ശേഖരണത്തിന് വേണ്ടിവരുന്ന പരിശ്രമങ്ങൾ

വിവരശേഖരണത്തിന് നമ്മൾ എന്തെല്ലാം തരത്തിൽ പ്രവർത്തിച്ചു എത്ര സമയം വിനിയോഗപ്പെടുത്തി എന്നെല്ലാം രേഖപ്പെടുത്തുന്നത് പല കാര്യങ്ങൾക്കും പ്രയോജനപ്പെടും. ഈ വിവരങ്ങൾ ഉപയോഗിച്ചു ഒരു നിശ്ചിത സമയത്ത് എത്ര ആളുകളെ ഉപയോഗിച്ച് എന്തുമാത്രം വിവരങ്ങൾ ശേഖരിക്കാമെന്നും അഥവാ വിവര ശേഖരണ തോത് തുടങ്ങിയവ തിട്ടപ്പെടുത്താവാനും സാധിക്കും. പക്ഷെ അത് സംഖ്യാപരമായി കണക്കാക്കുവാൻ പറ്റിയില്ലെങ്കിലും ഏറ്റവും ശരിയായ മാർഗ്ഗങ്ങൾ, അല്ലെങ്കിൽ സാഹചര്യങ്ങൾ കണ്ടുപിടിക്കുന്നതിനും പല പ്രാവശ്യം ശ്രമിച്ചിട്ടും ഒരു പുതിയ വിവരവും കിട്ടുന്നില്ല. എങ്കിൽ വിവര ശേഖരണം അവസാനിപ്പിക്കുന്നതിനും സഹായിക്കുന്നു. മാത്രവുമല്ല, പല പഠന സംഘങ്ങൾ പല സ്ഥലങ്ങളിൽ നടത്തിയ പരിശ്രമങ്ങളെ താരതമ്യം ചെയ്യുന്നതിനും ഇത് സഹായിക്കുന്നു. കൂടാതെ പല തലത്തിലുള്ള ഉത്തരങ്ങളുടെ / നിഗമനങ്ങളുടെ കാരണം ഇതാണോ എന്ന് തിട്ടപ്പെടുത്തുവാനും ഇത് സഹായിക്കുന്നു. പഠന സംഘം ഓരോ പഠന ദിവസത്തിന് ശേഷവും രേഖപ്പെടുത്തേണ്ട പ്രധാന കാര്യങ്ങൾ താഴെപ്പറയുന്നു.

A) പഠനത്തിന്റെ ആരംഭ സമയവും, അവസാനിക്കുന്ന സമയവും

B) അഭിമുഖ നടത്തിയവരുടെ എണ്ണവും വിഭാഗവും

C) ഉത്തരദാതാക്കളുടെ എണ്ണം, സമയം

D) ഉത്തരാദാക്കളുമായുള്ള പരിചയം

ഓരോ പഠന സ്ഥലത്ത് സന്ദർശനത്തിന് പോകുമ്പോഴും ഈ വിവരങ്ങൾ എല്ലാം വ്യത്യസ്ഥമായ ഓരോ ഭൂചിത്ര ഘടകത്തിനും പ്രത്യേകം പ്രത്യേകമായി രേഖപ്പെടുത്തണം. പഠനത്തിന് മുമ്പ് വിവര കൈമാറ്റത്തിൽ സുതാര്യതയും വേഗതയും കൂടുന്നു. കാരണം പഠന സംഘത്തിനോട് ഉത്തരദാതാക്കളുടെ വിശ്വാസം കൂടുന്നു എന്നതു തന്നെ. പിന്നീട് ദിവസങ്ങൾ കഴിയും തോറും പങ്കുവെയ്ക്കപ്പെടേണ്ട വിവരങ്ങളുടെ നിരക്ക് കുറയുന്നു. ചോദ്യ കർത്താക്കളുടേയും ഉത്തരദാതാക്കളുടേയും പരിചയത്തിന്റെ സ്വഭാവവും അതിന്റെ ഏറ്റക്കുറച്ചിലുകളും രേഖപ്പെടുത്തുന്നത് വളരെ പ്രയോജനകരം ആയിരിക്കും.

അദ്ധ്യായം 5

# ലക്ഷണപരമായ വിവരങ്ങളുടെ സമാഹരണവും ക്രമീകരണവും

മുൻപറഞ്ഞ അദ്ധ്യായങ്ങളിൽ വിവരിച്ച തരത്തിലുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ച് ശേഖരിച്ച ലക്ഷണപരമായ വിവരങ്ങൾ പ്രാഥമികമായ പുതിയ അറിവുകൾ ആയിരിക്കും. പഠന സംഘങ്ങൾ തന്നെയാണ് ഇങ്ങനെ കിട്ടുന്ന പ്രാഥമിക വിവരങ്ങൾ പരുവപ്പെടുത്തേണ്ടത്. എന്നിരുന്നാലും ഈ വിവരങ്ങൾ ഈ രംഗത്ത് പ്രാഗത്ഭ്യമുള്ളവരെക്കൊണ്ട് പരിശോധിപ്പിക്കുകയും വിശകലനം ചെയ്യിപ്പിക്കുന്നതും നല്ലതാണ്. ഈ അദ്ധ്യായത്തിൽ പഠന സംഘത്തിന് വിവരങ്ങൾ ശേഖരിക്കുന്നതിന് സ്വീകരിക്കാവുന്ന ലളിതമായ രീതികളാണ് പ്രതിപാദിച്ചിരിക്കുന്നത്. വിവരങ്ങളുടെ പരിശോധനയിൽ നാല് പ്രവർത്തനങ്ങൾ ഉണ്ട്.

1. വിവരങ്ങൾ ക്രോഡീകരിക്കൽ
2. വിവരങ്ങൾ തരം തിരിക്കൽ
3. വിവരങ്ങൾ ചിത്രീകരിക്കൽ
4. വിവരങ്ങൾ ഉയർത്തിക്കാട്ടലും മുന്നറിയിപ്പ് നൽകലും

## 5.1 വിവരങ്ങളുടെ ക്രോഡീകരണം എങ്ങിനെ നടത്താം?

1. ജനുസ്സുകളെക്കുറിച്ചും ഭൂചിത്രഘടകങ്ങളെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കുന്നതെങ്ങനെയെന്ന് ഈ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. സമയ ലഭ്യതയനുസരിച്ച് ഒരാൾക്ക് ഒരു ജനുസ്സിനെപ്പറ്റിയോ, ഭൂചിത്ര ഘടകത്തെപ്പറ്റിയോ ഉള്ള ലഭ്യമാകുന്ന എല്ലാ വിവരങ്ങളും ശേഖരിക്കാം. ഇങ്ങനെയുള്ള വിവരങ്ങൾ സാധാരാണ പല നോട്ടുബുക്കുകളിലായിരിക്കും നമ്മൾ എഴുതിയിട്ടുള്ളത്. ഈ വിവരങ്ങൾ ഓരോ ജനുസ്സിനും ഭൂചിത്രഘടകത്തിനും പ്രത്യേകമായി ഓരോ കടലാസ്സിലാക്കി ക്രോഡീകരിക്കാം . വിവരണങ്ങൾ വളരെ കൂടുതൽ **ഉണ്ടെങ്കിൽ ഇത് രണ്ട് പേജുകളിലാക്കാം.**

2. പൊതുവെ പറഞ്ഞാൽ 15 പ്രധാനപ്പെട്ട ഭൂചിത്ര ഘടകങ്ങളെ പറ്റി നിങ്ങൾ പഠിച്ചിട്ടുണ്ടെങ്കിൽ അത് 15 പേജുകളിലായിത്തന്നെ എഴുതുക. 25 ജനുസ്സിനെപ്പറ്റ വളരെ വിപുലീകരിച്ച് പഠിച്ചിട്ടുണ്ടെങ്കിൽ കുറഞ്ഞത് 25 പേജുകൾ ഉപയോഗിക്കാം. തീർച്ചയായും മറ്റ് പ്രാധാന്യം കുറഞ്ഞ ജനുസ്സുകളും ഭൂചിത്ര ഘടകങ്ങളും ഉണ്ടാവാം. വളരെ കുറച്ച് വിവരങ്ങൾ മാത്രമേ ഇവയെക്കുറിച്ച് ഉണ്ടായുള്ളൂ എന്ന് വരാം. ഇങ്ങനെയുള്ളത് അനുബന്ധത്തിൽ ചേർക്കുന്നതാവും നല്ലത്.

3. നിങ്ങളുടെ പഠന ബുക്കിൽ നിന്നും ആവശ്യമായ വിവരങ്ങൾ മാത്രം ഒരു Data Sheet ലേക്ക് മാറ്റുക വിവരങ്ങൾ Data Sheet ലേക്ക് മാറ്റുന്നത് വളരെ ശ്രദ്ധയോടെ ആയിരിക്കണം. സംഘാംഗങ്ങളിൽ ഒന്നിൽ കൂടുതൽ പേർക്ക് നോട്ട് ബുക്കുണ്ടെങ്കിൽ അവയിലുള്ള വിവരങ്ങളെല്ലാം സംഗ്രഹിച്ച്, ഒരു വിവരം പോലും നഷ്ടപ്പെടുത്താതെയും വേണം വിവരങ്ങൾ ക്രോഡീകരിച്ച് Data Sheet ൽ ആക്കുവാൻ ചെടികളും വിത്തുക്കളും ശേഖരിക്കുന്നതിന് വേണ്ടിയുള്ള Data Sheet - ന്റെ മാതൃക അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.

4. വേണമെങ്കിൽ വിവര ശേഖരണ സമയത്തു തന്നെ വിവരങ്ങൾ വിവര ശേഖരണ താളുകളുടെ Photo Copy യിൽ നേരിട്ട് രേഖപ്പെടുത്താം. ചിലപ്പോൾ പഠന സമയത്തല്ലാതെ ധാരാളം വിവരങ്ങൾ നമുക്ക് കിട്ടി എന്നു വരാം. ഈ വിവരങ്ങൾ ഒക്കെ പല നോട്ടുബുക്കുകളിൽ ആയിരിക്കും. അതുകൊണ്ട് വിവരങ്ങൾ ശേഖരിക്കുമ്പോൾ പ്രത്യേകം പ്രത്യേകം വിവരണ ശേഖരണം നടത്തുന്നതാവും ഉചിതം. പിന്നീട് ക്രോഡീകരിച്ച് Data Sheet ൽ ആക്കുവാൻ സാധിക്കും.

5. വിവര സൂചനകൾ Data Sheet ൽ നൽകുന്നത് ചുരുക്ക രൂപത്തിലും അർത്ഥ വ്യത്യാസം ശ്രദ്ധിച്ച് തിരഞ്ഞെടുത്ത വാക്കുകൾ ഉപയോഗിച്ചും ആയിരിക്കണം.

6. വിവര ശേഖരണത്തിന് ഒരു പൊതു മാനദണ്ഡം ഉപയോഗിക്കണം. ഒരു പൊതു വിഷയത്തെ സൂചിപ്പിക്കുവാൻ പ്രധാനപ്പെട്ട വാക്കുകൾ (Key Words) ഉപയോഗിക്കണം. ജനുസ്സുകളുടേയോ, ഭൂചിത്ര ഘടകങ്ങളുടേയോ വർദ്ധനവ് (ധാരാളം / സാധാരണം / കുറവ്) അല്ലെങ്കിൽ വ്യത്യാസം (വളരെ കൂടുതൽ / മിതമായത് / കുറവ്) തുടങ്ങിയവയെപ്പറ്റി പ്രതിപാദിക്കുന്നിടത്ത് ഈ വാക്കുകൾ അടിവരയിട്ട് എഴുതുക

7. ജനുസ്സുകളുടേയും ഭൂചിത്ര ഘടകത്തേയും കുറിച്ചുള്ള വിവരങ്ങൾ പട്ടിക തിരിച്ച് എഴുതുന്നതിനേക്കാൾ നല്ലത് സംക്ഷിപ്ത രൂപത്തിലാക്കി ഖണ്ഡം ഖണ്ഡമായി തിരിച്ചെഴുതുന്നതാവും നല്ലത്.

8. ഗ്രാമീണ വാസികൾക്ക് കൂടുതൽ മനസ്സിലാക്കുന്നതിന് വേണ്ടി കിട്ടിയ വിവരങ്ങൾ പട്ടിക, ഗ്രാഫ്, ചിത്രങ്ങൾ, തുടങ്ങിയവയുടെ രൂപത്തിൽ ആക്കാം. വിവരങ്ങൾ ചിത്രങ്ങളുടെ രൂപത്തിൽ പ്രദർശിപ്പിക്കുന്നത് പ്രാദേശിക വാസികൾക്ക് ആശയങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കുന്നതിന് സഹായിക്കും.

## 5.2 വിവരങ്ങൾ എങ്ങനെ തരം തിരിക്കാം.

പഠനം പുരോഗമിക്കുന്തോറും കൂടുതൽ വിവരങ്ങൽ നമുക്ക് കിട്ടിക്കൊണ്ടേയിരിക്കും. പല നോട്ടുബുക്കുകളിലായിട്ടായിരിക്കും ഏതെങ്കിലും പ്രത്യേക ജനുസ്സിനെപ്പറ്റിയോ, ഭൂചിത്ര ഘടകത്തെപ്പറ്റിയോ ഉള്ള വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ചിതറികിടക്കുന്ന ഇങ്ങനെയുള്ള വിവരങ്ങളെല്ലാം കൂടി ഒന്നിച്ചാക്കണം. മാത്രവുമല്ല ഇവ ഓരോ പ്രത്യേക വിഷയമായോ അല്ലെങ്കിൽ പ്രത്യേകം തലക്കെട്ടു കൊടുത്തോ തരം തിരിക്കേണ്ടത് വളരെ പ്രധാനമാണ്. ഇവയെല്ലാം നമ്മൾ ഉപയോഗിച്ച എല്ലാ നോട്ടുബുക്കുകളിൽ നിന്നും കണ്ടുപിടിക്കണം. ഇതിന് തരം തിരിക്കൽ എന്നു പറയുന്നു. ഇങ്ങനെയുള്ള തരം തിരിക്കൽ കൊണ്ട് ഓരോ വിഷയത്തെക്കുറിച്ചും ഒരു ശരിയായ ധാരണ കിട്ടുന്നതിന് സഹായിക്കുന്നു. ഉദാഹരണത്തിന് തലക്കെട്ടുകളുടെ ഒരു രൂപ രേഖയാണ് താഴെ കൊടുത്തിരിക്കുന്നത്

1. ഭൂചിത്ര ഘടകങ്ങളിലെ ജനുസ്സുകളുടെ സാന്നിദ്ധ്യം അഥവാ സമൃദ്ധി (ഇത് ഒരു Table Form ൽ കൊടുക്കാം കോളം LSEക്ക്‌വേണ്ടിയും Rows ജനുസ്സുകൾക്ക് വേണ്ടിയും ഉപയോഗിക്കാം)

2. ഉപയോക്താക്കളും അവർക്ക് ജീവജാലങ്ങളോട് ഉള്ള ആശ്രയത്വവും ഈ ജീവജാലങ്ങൾക്ക് ഭൂചിത്രഘടകങ്ങളിലുള്ള പദവിയും.

3. വളരെയധികം ഉപയോഗിക്കപ്പെടുന്ന ജൈവ വിഭവങ്ങളും അവയുടെ ലഭ്യതയും (സമൃദ്ധിയും ഭൂചിത്ര ഘടകങ്ങളും ഉപയോക്താക്കൾ അവർ എങ്ങനെ ജൈവ വിഭവങ്ങൾ ഉപയോഗിക്കുന്നു. എത്രമാത്രം ഉപയോഗിക്കുന്നു. എങ്ങനെ മൂല്യം കൂട്ടുന്നു. ഏതെല്ലാം തരത്തിൽ ഉപയോഗിക്കുന്നു.)

4. ജനുസ്സുകൾ അല്ലെങ്കിൽ LSE സംരക്ഷിക്കുന്നതിനുള്ള ഉപയോക്താക്കൾക്കിടയിലെ നിയമങ്ങൾ, ചട്ടങ്ങൾ സംരക്ഷണത്തിന്റെ നവീന രീതി / ജനുസ്സുകളെ സൂക്ഷിക്കൽ.

5. ഉപയോക്താക്കൾ ഉപയോഗിക്കുന്നതും, അതേ സമയം ആ സ്ഥലത്ത് ലഭ്യമല്ലാത്തതും ആയ ജൈവ വിഭവങ്ങൾ (താഴെ പറയുന്ന വിധത്തിൽ കൊടുക്കുക.)

A. ജൈവ വിഭവങ്ങളുടെ പേരും അവയുടെ പ്രാധാന്യവും

B. ജൈവ വിഭവങ്ങളുടെ വരവ് / വരവിന്റെ രീതി / എങ്ങനെയാണ് വന്നത്, എവിടെയെല്ലാം വിഭവങ്ങൾ വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്.

C. സമൃദ്ധി / ലഭ്യത (ഇങ്ങനെയുള്ള ജൈവ ഘടകങ്ങൾക്ക മറ്റ് ജൈവ ഘടകങ്ങളുടെ മേലുള്ള സ്വാധീനം)

6. സംരക്ഷിക്കപ്പെട്ട ജനുസ്സുകൾ, സംരക്ഷിക്കപ്പെട്ട സ്ഥലങ്ങൾ/ ഉപയോക്താക്കൾ/അതുമായി ബന്ധപ്പെട്ട മൂല്യങ്ങൾ, പ്രേരണകൾ

7. ജൈവ വൈവിധ്യ ഘടകങ്ങൾ കൊണ്ടുവരുന്നതിലോ നീക്കംചെയ്യുന്നതിലോ ഗ്രാമത്തിന് പുറത്ത് നിന്നുള്ളവരുടെ പങ്ക്, ഉദാഹരണത്തിന്,

a. കുടിയേറ്റക്കാർ, (1. ചെറിയ കാലയളവ് (കുറച്ച് ദിവസങ്ങൾ മാത്രം) , 2,വലിയ കാലയളവ് (കുറച്ച് മാസങ്ങൾ മാത്രം) 3) സ്ഥിരമായി.

b. കച്ചവടക്കാർ

c.സർക്കാർ വകുപ്പിലെ ഉദ്യോഗസ്ഥർ

d. രാഷ്ട്രീയക്കാർ

8. ജൈവ വൈവിധ്യത്തോട് താഴെ പറയുന്ന വിവിധം തരം ജനങ്ങൾക്കുള്ള താൽപ്പര്യവും താൽപ്പര്യമില്ലായ്മയും

a. ശാസ്ത്ര കുതുകികൾ

b. NGOs

c. രാഷ്ട്രീയക്കാർ

d. കച്ചവടക്കാർ

e. ഉപയോക്താക്കൾ

9. ഓരോ ഭൂചിത്ര ഘടകത്തിന്റേയും ജനുസ്സുകളു ടേയും കഴിഞ്ഞുപോയ കാലത്തേയും, ഇപ്പോഴ ത്തേയും പദവി, ഭാവി പ്രവണതകൾ.

10. ജൈവ വൈവിധ്യ സംരക്ഷണത്തേയും ഉപയോ ഗത്തേയും ബാധിക്കുന്ന ഘടകങ്ങൾ, ഉദാഹര ണത്തിന് മാറ്റങ്ങൾക്ക് വിധേയമാകുന്ന മൊത്ത ഉൽപാദനം അല്ലെങ്കിൽ കമ്പോള വില.

11. ജൈവ വൈവിധ്യ സംരക്ഷണത്തേയും ഉപയോ ഗത്തേയും ബാധിക്കുന്ന മാറ്റങ്ങൾക്ക് സാധാരണ വിധേയമാകാത്ത സ്ഥിര ഘടകങ്ങൾ. (ഉദാഹ രണം കാവ്, പുണ്യ മൃഗങ്ങൾ).

12. ജൈവ വൈവിധ്യ സംരക്ഷണത്തിൽ ജനങ്ങ ളുടെ ശ്രമങ്ങളെ സ്വാധീനിക്കുന്ന നിയമങ്ങളും, ചട്ടങ്ങളും, അവയുടെ അനുകൂലങ്ങളോ പ്രതികൂ ലങ്ങളോ ആയ പ്രതിഫലനങ്ങളും. ഉദാ: സംര ക്ഷിക്കപ്പെടുന്ന സ്ഥലങ്ങൾ അല്ലെങ്കിൽ കൂട്ടായ വനസംരക്ഷണം.

## 5.3 വിവരങ്ങൾ അവതരിപ്പിക്കലും , വ്യാഖ്യാനവും.

നമ്മൾ ശേഖരിച്ച വിവരങ്ങളിൽ നിന്ന്, അന്വേ ഷണ സംഘത്തിനും, പ്രാദേശിക വാസികൾക്കും വ്യക്തമായ നിഗമനങ്ങളിൽ എത്തിച്ചേരുവാൻ കഴി ഞ്ഞാൽ ആ പദ്ധതി ഒരു വിജയമാണെന്ന് പറയാം. പക്ഷെ ഇതിനുവേണ്ടി വിവരങ്ങൾ ജനങ്ങൾക്ക് എളുപ്പം മനസ്സിലാകുന്ന വിധത്തിൽ ചിത്രീകരിക്കണം. ഒരാൾക്ക് വളരെ വേഗത്തിൽ ജൈവ വൈവിധ്യത്തിന്റെ പ്രവണതകളും, ഗതിയും മനസ്സിലാക്കുവാൻ ഏതെ ങ്കിലും മൂല്യത്തിന്റെ അടിസ്ഥാനത്തിൽ പട്ടികക ളായോ, വിവരണ പത്രങ്ങളായോ, Pie diagram ആയോ അവ ചിത്രീകരിച്ചാൽ മതിയാകും. ഉദാഹരണത്തിന്:

1. ഒരു ഭൂചിത്ര ഘടകത്തിൽ ഒരു പ്രത്യേകതരം ഉപ യോക്താക്കളുടെ പ്രവർത്തനം മൂലം വിവിധ LSE യിൽ ഉണ്ടായ മാറ്റങ്ങളും, അവയുടെ പഴയ അവ സ്ഥയും, അതിന്റെ ആരോഹണാവരോഹണ ക്രമ ങ്ങളും ചിഹ്നങ്ങൾ (Symbols) ഉപയോഗിച്ച് ചിത്രീ കരിച്ചാൽ ജനങ്ങൾക്ക് എളുപ്പം മനസ്സിലാകും. ഭൂചിത്രഘടകത്തിന്റെ മാറ്റത്തിന് പ്രേരകമായ ഘടകങ്ങൾ വലിയ അക്ഷരങ്ങൾ ഉപയോഗിച്ച് കാണിക്കണം.

## 5.4 വിവരങ്ങളുടെ ഉയർത്തിക്കാട്ടലും ഭാവി പ്രവചനവും

നമ്മൾ ശേഖരിച്ച് ചിട്ടപ്പെടുത്തിയ വിവരങ്ങളുടെ സഹായത്തോടെ സംഘമായുള്ള ചർച്ചകളിൽ പങ്കെ ടുക്കാൻ ജനങ്ങളെ പഠന സംഘം പ്രോത്സാഹിപ്പിക്കു കയും താഴെ പറയുന്ന കാര്യങ്ങൾ കണ്ടെത്തുകയും വേണം.

1. കഴിഞ്ഞ അഞ്ചോ പത്തോ വർഷങ്ങൾക്കുള്ളിൽ ചില പ്രധാന ഭൂചിത്ര ഘടകങ്ങളിൽ (LSEs) വന്നി ട്ടുള്ള മാറ്റങ്ങളുടെ കാരണങ്ങൾ/വസ്തുതകൾ, അതോടനുബന്ധിച്ചുണ്ടായ ജനങ്ങളുടെ പ്രതിക രണങ്ങൾ.

2. അടുത്ത അഞ്ചു പത്തു വർഷങ്ങളിൽ LSEക്ക് ഉണ്ടാകാനിടയുള്ള മാറ്റങ്ങളും, അതുകൊണ്ട് പ്രധാനപ്പെട്ട ജനുസ്സുകൾക്കും ഭൂചിത്ര ഘടക ങ്ങൾക്കും ഉണ്ടാകാവുന്ന വ്യത്യാസങ്ങൾ.

3. ജനങ്ങളെ കൂടുതൽ സ്വാധീനിക്കുവാൻ കഴിഞ്ഞ, അല്ലെങ്കിൽ സ്വാധീനിച്ചുകൊണ്ടിരിക്കുന്ന, സ്വാധീനിക്കാനിടയുള്ള മാറ്റങ്ങളുടെ ഒരു ഏക ദേശ ചിത്രം. മാപ്പുകൾ, ചിത്രങ്ങൾ, ചാർട്ടുകൾ മുതലായവ അവലംബിച്ച് മേൽപ്പറഞ്ഞ കാര്യ ങ്ങൾ അവതരിപ്പിച്ചാൽ അത് ജനങ്ങളെ ചിന്തി പ്പിക്കുകയും , ജൈവ വിഭവങ്ങളെ എങ്ങനെ സംര ക്ഷിക്കാം എന്നതിനെപ്പറ്റി അവർക്കു തന്നെ പദ്ധ തികൾ തയ്യാറാക്കുന്നതിന് ഉപയോഗപ്പെടുകയും ചെയ്യും. മാറ്റങ്ങൾ ഒന്നും വന്നില്ലെങ്കിൽ ഉണ്ടാ കാവുന്ന അവസ്ഥ എന്തായിരിക്കുമെന്നുള്ള പൊതുജനാഭിപ്രായം ചോദിച്ചറിയണം. താഴെപ്പ റയുന്ന രണ്ടു കാര്യങ്ങളും താരതമ്യം ചെയ്യാൻ അവരെ പ്രോത്സാഹിപ്പിക്കുക.

1. ഗ്രാമത്തിൽ ഇപ്പോൾ നിലവിലുള്ള അവസ്ഥക്ക് മാറ്റം വന്നാൽ ഭൂചിത്ര ഘടകങ്ങൾക്കും ജനു സ്സുകൾക്കും പഠന സ്ഥലത്തിനും ഉണ്ടാവുന്ന അവസ്ഥാന്തരം എന്തായിരിക്കും.

2. നിലവിലുള്ള അവസ്ഥയ്ക്ക് മാറ്റങ്ങൾ വന്നില്ല എങ്കിൽ ഭൂചിത്ര ഘടകത്തിനും ജനുസ്സുകൾക്കും പഠന സ്ഥലത്തിനും ഉള്ള അവസ്ഥാന്തരം എന്താ യിരിക്കും?

(LSE ക്കും ജനുസ്സുകൾക്കും ഏതെങ്കിലും തര ത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഗ്രാമീണർ സ്വീകരിക്കു വാൻ ഇഷ്ടപ്പെടുന്നുവോ, ഇഷ്ടപ്പെടുന്നുവെങ്കിൽ ആ മാറ്റങ്ങൾക്ക് എന്ത് വില നൽകിയാണ് അവർ അത് ആഗ്രഹിക്കുന്നത്. ഇവ രേഖപ്പെടുത്തുക. ജനുസ്സുക്കൾ ഭൂചിത്ര ഘടകങ്ങൾ, പഠനസ്ഥലം തുടങ്ങിയവയുടെ സംരംക്ഷണത്തിന് ജനങ്ങൾ കൊടുത്തിട്ടുള്ള മുൻഗ ണനാ ക്രമങ്ങൾ തിരിച്ചറിയുക.)

●●●●●●●●●●●●●●●●●●●●●●●

അദ്ധ്യായം 6

# പഠനോപാധികൾ

ഈ ഭാഗത്ത് പഠനങ്ങൾക്ക് പ്രയോജനപ്പെടുന്ന ചില മാതൃകകളും അവയുടെ ഹ്രസ്വ വിവരങ്ങളും അവ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില എളുപ്പ മാർഗ്ഗങ്ങളും പരിമിതികളും കൊടുക്കുന്നു.

1. അഭിമുഖങ്ങൾ:- (a: വ്യക്തിപരമായ അഭിമുഖങ്ങൾ, b. വീടുവീടാന്തരം ഉള്ള അഭിമുഖങ്ങൾ)
2. പഠന സ്ഥല സന്ദർശനം
3. ഭൂചിത്രം രേഖപ്പെടുത്തൽ
4. സംഘ ചർച്ചകൾ
5. ഗ്രാമസഭ / സംഘങ്ങൾ ഒന്നിച്ചു ചേർന്നുള്ള ചർച്ചകൾ·

## 6.1 അഭിമുഖങ്ങൾ

### 6.1.1. വ്യക്തിഗത അഭിമുഖങ്ങൾ (Individual Interview)

അഭിമുഖകർത്താവും ഉത്തരദാദാവും ഉൾപ്പെട്ടു കൊണ്ടുള്ള പരസ്പര ആശയവിനിമയ രീതിയാണ് ഇത്. ഉത്തരദാതാവിൽ നിന്നും നമ്മുടെ പഠനോദ്ദേശ സംബന്ധിയായ ഏറ്റവും മെച്ചപ്പെട്ട വിവരങ്ങൾ ശേഖരിക്കുവാനാണ് അഭിമുഖം നടത്തുന്നത്. ഇങ്ങനെ കിട്ടുന്ന വിവരങ്ങൾ എഴുതിയോ, ടേപ്പ് റിക്കാർഡറിലോ രേഖപ്പെടുത്തുകയും വേണം.

### 6.1.2. അഭിമുഖ കർത്താക്കളേയും ആവേദകരേയും (ഉത്തരദാതാക്കളേയും) എങ്ങനെ കണ്ടു പിടിക്കാം:

ഉദാഹരണമായി ഒരവസരത്തിൽ പഠന സ്ഥലത്തിനടുത്തുള്ള കുട്ടികൾക്ക് ജൈവ സംരക്ഷണത്തിൽ എത്ര മാത്രം താൽപ്പര്യവും പങ്കാളിത്തവും ഉണ്ട് എന്ന് നമുക്കറിയണമെന്നിരിക്കട്ടെ. അവിടെ മൊത്തം കുട്ടികളുടെ എണ്ണം നൂറ് ആണ് എന്ന് കരുതുക. അവരിൽ നിന്നും യാതൊരു പക്ഷഭേദവുമില്ലാതെ ഈ നൂറ് പേരേയും പ്രതിനിധീകരിക്കത്തക്ക തരത്തിൽ കുറച്ച് കുട്ടികളെ തിരഞ്ഞെടുക്കക. 10,15,25 ഇങ്ങനെ ഏത് സംഖ്യയും ആവാം. അത് പഠന സംഘം അതിന് വേണ്ടി ചിലവഴിക്കുന്ന സമയ പരിധിയേയും പരിശ്രമത്തേയും ആശ്രയിച്ചിരിക്കും. മുഴുവൻ കുട്ടികളേയും പ്രതിനിധീകരിക്കത്തക്ക രീതിയിലായിരിക്കണം നമ്മൾ എണ്ണം ക്രമീകരിക്കേണ്ടത്. തിരഞ്ഞെടുക്കുന്ന കുട്ടികളുടെ എണ്ണം തീറെ കുറവാണ് എങ്കിൽ അതായത് നൂറിൽ രണ്ട് പേരെ മാത്രമെ തിരഞ്ഞെടുക്കപ്പെടുന്നുള്ളുവെങ്കിൽ നമുക്ക് കിട്ടുന്ന വിവരങ്ങൾ ആ നൂറ് പേരേയും പ്രതിനിധീകരിക്കുന്നതായിരിക്കില്ല. എത്ര ആൺകുട്ടികളും എത്ര പെൺകുട്ടികളും വേണമെന്നും അവർ ഏതെല്ലാം വീടുകൾ പ്രതിനിധീകരിക്കണം എന്നും പഠന സംഘം തീരുമാനിക്കുക. ഒരു ഗ്രാമത്തിലെ ഉയർന്ന നിലവാരത്തിൽ ജീവിക്കുന്നവരിൽ നിന്നും 5 പേരെ ക്ഷണിക്കുന്നു എന്ന് കരുതുക. ഈ 25 കുട്ടികളുടെ വസ്തുതാ വിവരങ്ങളും മറ്റുള്ള 75 പേരുടെ വസ്തുതാ വിവരങ്ങളും തമ്മിൽ താരതമ്യം ചെയ്താൽ എന്തായിരിക്കും കിട്ടുന്ന വിവരങ്ങളുടെ സ്വഭാവം? അത് തികച്ചും ഏകപക്ഷീയം ആകുകയും മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്ക് അവിടെ പ്രസക്തി ഇല്ലാതാകുകയും ചെയ്യുന്നു. അതുകൊണ്ട് ഒരു നറുക്കെടുപ്പ് രീതിയിലൂടെ പേരുകൾ തിരഞ്ഞെടുക്കുകയാണ് നല്ലത്. ഇത് മൂലം പല അഭിപ്രായം ഉള്ള ആൺക്കുട്ടികളേയും പെൺക്കുട്ടികളേയും അതുപോലെ വിവിധ സാമ്പത്തിക തലത്തിലുള്ളവരേയും നമുക്ക് പ്രതിനിധികളായി കിട്ടുന്നു. ഇങ്ങനെയുള്ള തിരഞ്ഞെടുപ്പിനെ ക്രമരഹിതം അഥവാ യാദൃശ്ചിക തിരഞ്ഞെടുപ്പ് (Randum Selection) എന്ന് പറയുന്നു. തിരഞ്ഞെടുക്കൽ യാതൊരു പക്ഷഭേദവും കാണിക്കാതെ എത്രത്തോളം അസമീഷ്കൃതമാക്കാമൊ അത്രയും നല്ലതാണ്.

വേറൊരു മാർഗ്ഗമെന്ന് പറയുന്നത് കുട്ടികളെ അവർ ഉൾപ്പെടുന്ന ഉപയോക്താക്കളുടെ കൂട്ടത്തിന്റെ അടിസ്ഥാനത്തിൽ ആദ്യം തരം തിരിക്കുക. പിന്നീട് നേരത്തെ പറഞ്ഞതുപോലെ യാതൊരു പക്ഷഭേദവുമില്ലാതെ ഈ കൂട്ടത്തിൽ നിന്നും യാദൃശ്ചിക തിരഞ്ഞെടുപ്പ് നടത്തുക. ഇവിടെ ശ്രദ്ധിക്കേണ്ടത് പഠന സംഘം ഉപയോക്താക്കളുടെ ശതമാനത്തിന് ആനുപാതികമായി വേണം കുട്ടികളെ തിരഞ്ഞെടുക്കുവാൻ എന്നുള്ളതാണ്. ഇതിനെ അടുക്കായുള്ള യാദൃശ്ചിക തിരഞ്ഞെടുപ്പ് എന്ന് വിളിക്കാം. (Stratified Randum Selection) മാത്രവുമല്ല ഒരേ ആൾ തന്നെ വേണം ഓരോ കൂട്ടത്തിലേയും പല കുട്ടികളെ അഭിമുഖം നടത്തുവാൻ. ഇത് വസ്തുതാ ശേഖരണത്തിൽ ഒരു ഏകീകൃത സ്വഭാവം ഉണ്ടാക്കുവാനാണ്. ധാരാളം പേർ ഇതിൽ ഉൾപ്പെട്ട് അഭിമുഖം നടത്തിയാൽ വസ്തുതാ ശേഖരണത്തിന്റെ ഏകീകൃത സ്വഭാവം നഷ്ടമാകും. എങ്കിലും ആവേദകരുടെ എണ്ണം കൂടുതലും സമയം

പരിമിതവും ആണെങ്കിൽ ധാരാളം അഭിമുഖ കർത്താക്കൾക്ക് പങ്കെടുക്കാം. പക്ഷെ ഇങ്ങനെ ചെയ്യുമ്പോൾ സംഘമായുള്ള ചർച്ചകളിലൂടെ ചോദ്യങ്ങൾക്ക് ഒരു ഏകീകൃത രൂപം കൊടുക്കണമെന്നുമാത്രം.

**6.1.3. ഉത്തരങ്ങൾ എങ്ങനെ രേഖപ്പെടുത്താം.**

അഭിമുഖത്തിന്റെ മറ്റൊരു വശം ഉത്തരങ്ങൾ എങ്ങനെ രേഖപ്പെടുത്തിവെക്കാം എന്നതാണ്. രണ്ടു തരത്തിലുള്ള പ്രതികരണങ്ങൾ നമുക്ക് കിട്ടിയേക്കാം. വാക്കുകളിലൂടെ, അല്ലെങ്കിൽ ആംഗ്യത്തിലൂടെ, രണ്ടാമത്തേത് വളരെ അപൂർവ്വമായി മാത്രമായിരിക്കും. ആവേദകന്റേതായ വാക്കുകൾ നഷ്ടപ്പെടുകയോ അർത്ഥ വ്യത്യാസം ഉണ്ടാകുകയോ ചെയ്യരുത്. ഇതിനായി ടേപ്പ് റിക്കാർഡർ ഉപയോഗിക്കുന്നത് നന്നായിരിക്കും.

താരതമ്യേന അപരിഷ്കൃതരായ ആദിവാസി സമൂഹത്തിലെ ആൾക്കാരുടെ മിക്ക പ്രതികരണങ്ങളും ആംഗ്യത്തിലൂടെയായിരിക്കും. അതായത് പുഞ്ചിരിയിലൂടെ, അല്ലെങ്കിൽ തലയാട്ടലിലൂടെ, ശബ്ദ വിത്യാസങ്ങളിലൂടെ, നേർക്ക് നേരെയുള്ള നോട്ടം ഒഴിവാക്കുന്നതിലൂടെ, പല രീതിയിൽ, ഇങ്ങനെയുള്ള ആംഗ്യഭാഷകൾക്ക് വളരെയധികം ആന്തരിക അർത്ഥങ്ങൾ ഉണ്ട്. അവ ശരിയായ വ്യാഖ്യാനിച്ചു മാത്രമേ രേഖപ്പെടുത്താൻ പാടുള്ളൂ. ഇത് അത്ര എളുമായിരിക്കില്ലായെന്നറിയാം. എങ്കിലും ഈ പരിമിതികൾ മറികടക്കാൻ രണ്ട് മാർഗ്ഗങ്ങൾ ഉണ്ട്.

1. സൂക്ഷ്മാ വലോകനം (Probing)

2. സമാനമായ ഉത്തരങ്ങൾ നൽകിയിട്ട് ചോദ്യങ്ങൾ ചോദിക്കുന്ന രീതി (Use of multiple choice questions)

**1. എങ്ങനെ സൂക്ഷ്മാവലോകനം നടത്താം.**

അഭിമുഖ കർത്താവിന്റെ ചോദ്യത്തിനുത്തരം ആംഗ്യഭാഷയിലൂടെയാണ് എങ്കിൽ നാം അത് ശരിയായ രീതിയിൽ സൂക്ഷ്മ പരിശോധന നടത്തണം. ഇതിനായി സന്ദർഭത്തിനനുസരിച്ച് തുടർച്ചയായി ചോദ്യങ്ങൾ ചോദിക്കുന്ന രീതി അവലംബിക്കുക. അപ്പോൾ വാക്കുകളിലൂടെ തന്നെ ഉത്തരം തരാൻ ആവേദകൻ പ്രേരിതനാകും. അപൂർണ്ണമായ ഉത്തരങ്ങൾ ശരിയായി വിശകലനം നടത്തി പൂർണ്ണരൂപത്തിലാക്കണം. ഉത്തരങ്ങൾ ഭാഗികമായ രീതിയിൽ ഒരിക്കലും വ്യാഖ്യാനിക്കുവാൻ ഇടയാവരുത്. താഴെ പറയുന്ന ഉദാഹരണം ശ്രദ്ധിക്കുക.

അഭിമുഖ കർത്താവ് : ഏത് ദൃശ്യ വിഭാഗമാണ് നിങ്ങൾ സാധാരണ സന്ദർശിക്കാറ്?

ആവേദകൻ : (കിഴക്ക് വശത്തേക്ക് ചൂണ്ടിയിട്ട്) അവിടെ

അഭിമുഖ കർത്താവ് : (തുടർചോദ്യം) ആ സ്ഥലത്തിന്റെ പേര് പറയാമോ?

ആവേദകൻ : കൊല്ലി (പ്രാദേശിക നാമം പറയുന്നു)

2. രണ്ടാമത്തെ സമീപനം എന്തെന്നാൽ ഒരു ചോദ്യത്തിൽ സമാനമായ പല ഉത്തരങ്ങൾ കൊടുത്തിട്ട് ശരിയായ ഉത്തരം ആവേദകനെക്കൊണ്ട് തിരഞ്ഞെടുപ്പിക്കുന്ന രീതിയാണ്. ആവേദകന്റെ തരിഞ്ഞെടുക്കലിനെ യാതൊരു വിധത്തിലും സ്വാധീനിക്കാതെ, നിഷ്പക്ഷ രീതിയിൽ ആയിരിക്കണം ഉത്തരങ്ങൾ അവരോട് പറയേണ്ടത്. ഏതെങ്കിലും ഉത്തരങ്ങളിൽ ഒരു കാരണവശാലും അഭിമുഖ കർത്താവിന് താൽപ്പര്യമുള്ളതായി ആവേദകന് തോന്നരുത്. അതായത് ഉത്തരങ്ങൾ നമ്മുടെ ചിന്താഗതിക്കനുസൃതമായി പറയിപ്പിക്കാൻ ആവേദകരോട് നമ്മളാവശ്യപ്പെടരുത് എന്ന് ചുരുക്കം. അങ്ങിനെയായാൽ അവേദകന്റെ അഭിപ്രായത്തിന്റെ പ്രസക്തി നഷ്ടപ്പെടുകയും ഈ പരിപാടിയുടെ ഉദ്ദേശ ശുദ്ധി തന്നെ നഷ്ടപ്പെടുകയും ചെയ്യും.

*ഒരു ഉദാഹരണം*

അഭിമുഖ കർത്താവ് : ഏത് ഭൂദൃശ്യ ഘടകത്തിലാണ് നിങ്ങൾ സാധാരണ സന്ദർശനം നടത്താറ് ? (അഭിമുഖകർത്താവ് നൽകിയ ഉത്തരങ്ങൾ)

a) കാട് b) കാപ്പിത്തോട്ടം c) നെൽപാടം d) പുഴ അരിക് e) കൊല്ലി

## 6.2 വീട് വീടാന്തരമുള്ള അഭിമുഖം നടത്തൽ (House Hold Interview)

സാധാരണയായി പഠനത്തിനുപയോഗിക്കുന്ന മറ്റൊരു മാർഗ്ഗമാണിത്. പഠന സംഘവും പ്രാദേശിക വാസികളും തമ്മിലുള്ള വ്യക്തിഗത ബന്ധത്തിനനുസരിച്ചായിരിക്കും ഈ മാർഗ്ഗത്തിന്റെ വിജയം. പൊതുസ്ഥലങ്ങളിൽ വെച്ച് അഭിമുഖം നടത്തിയാൽ സ്ത്രീകളും, കുട്ടികളും, അതിൽ പങ്കെടുക്കുന്നതിന് വിമുഖതയോ ലജ്ജയൊ കാണിച്ചെന്നിരിക്കും. സ്ത്രീകളേയും, കുട്ടികളേയും സംബന്ധിച്ച പ്രശ്നങ്ങൾ വീടുകളിൽ പോയി അഭിമുഖം നടത്തി മനസ്സിലാക്കുക. വ്യക്തിഗത അഭിമുഖം നടത്തിയ രീതിയിൽ തന്നെയാണ് വീട്ടുകാരോടും അഭിമുഖം നടത്തേണ്ടത്. പഠന സംഘത്തിൽ സ്ത്രീകൾ ഉണ്ടെങ്കിൽ അവർ തന്നെ സ്ത്രീകളെ അഭിമുഖം നടത്തുന്നതാണ് നല്ലത്.

### 6.2.1. ചില പ്രായോഗിക സൂചനകൾ

1. വീട്ടിലെ മുഴുവൻ ആളുകളെ ഒരുമിച്ച് അഭിമുഖം നടത്താൻ പറ്റിയ സമയം കണ്ടെത്തുക.

2. വീടുകൾ സന്ദർശിക്കുന്നു എന്ന കാര്യം മുൻകൂട്ടി തന്നെ അവരെ അറിയിക്കുക.

3. ആതിഥേയർക്കൊ, വീട്ടുകാർക്കൊ നമ്മുടെ സന്ദർശനം ഒരു ബുദ്ധിമുട്ടായി തോന്നുവാൻ ഇട യാക്കാതിരിക്കുക.

## 6.3 പഠന സ്ഥല സന്ദർശനം (Field Visits) :

ജനുസ്സുകളേയും ഭൂചിത്രഘടകങ്ങളെയും കുറിച്ചുള്ള ഏറ്റവും ശരിയായതും ഗുണസംബന്ധിയായതും ആയ വസ്തുതകൾ പഠന സ്ഥല സന്ദർശനങ്ങളിലൂടെ നമുക്ക് ലഭിക്കുന്നു. പഠന സ്ഥലത്തെ പല തരത്തിലുള്ള ഉപയോക്കളുമായൊ, ജൈവ വൈവിധ്യത്തെപ്പറ്റി അറിവുള്ളവരുമായൊ കൂടിച്ചേർന്നുള്ള സന്ദർശനം മൂലം, അറിയപ്പെടാത്തതായ പല ജൈവ വൈവിധ്യ സംബന്ധിയായ കാര്യങ്ങളും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പഠന സ്ഥലത്തെ ആവേദകരിൽ നിന്നും കിട്ടുന്ന വിവരങ്ങൾ ആധികാരികമായിരിക്കും. കാരണം ആ അറിവുകൾ അവർക്ക് പാരമ്പര്യമായി തന്നെ കിട്ടുന്നതും പ്രകൃതിയിൽ നിന്നും പഠിക്കുന്നതുമാണ്. കൂടാതെ അവിടുത്തെ പുതിയ പുതിയ മാറ്റങ്ങൾ, ഭരണ നടപടികൾ, ജൈവ സംരക്ഷണ നടപടികൾ തുടങ്ങിയവ നമുക്ക് രേഖപ്പെടുത്താനാവും. പരിസ്ഥിതിയെക്കുറിച്ചും സസ്യ ജന്തു വർഗ്ഗങ്ങളെക്കുറിച്ചും ശാസ്ത്രീയമായ രീതിയിൽ അറിവുള്ളവർ പഠന സംഘത്തിലുണ്ടെങ്കിൽ ഭൂദൃശ്യഘടകങ്ങളെക്കുറിച്ചും ജനുസ്സുകളെക്കുറിച്ചും മനസ്സിലാക്കുവാൻ എളുപ്പമാണ്.

പഠന സമയത്ത് തികച്ചും അനൗപചാരികമായ രീതിയിലായിരിക്കണം വസ്തുതാ ശേഖരണം (Data Collection) നടത്തേണ്ടത്. ഉപയോക്താക്കളുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും, അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്യണം. കൂടാതെ ജൈവ സംരക്ഷണ മാർഗ്ഗങ്ങളിൽ ഏതാണ്ട് മുൻഗണന അർഹിക്കുന്നത് എന്ന് മനസ്സിലാക്കുവാൻ നമുക്ക ഇതിനിടെ സാധിക്കുകയും ചെയ്യും. പഠന സ്ഥല സന്ദർശന സമയത്ത് ഒരു നോട്ട് ബുക്ക് കൈവശം വെക്കുകയും വസ്തുതകളും അനുഭവങ്ങളും അതിൽ രേഖപ്പെടുത്തുകയും വേണം. രേഖപ്പെടുത്തുമ്പോൾ നേരത്തെ സൂചിപ്പിച്ചതു പോലെ ആവേദകന്റെ തന്നെ വാക്കുകളിൽ ആയിരിക്കണം അവ. അന്വേഷകന്റെ അഭിപ്രായമൊ നിഗമനമൊ നോട്ട് ബുക്കിൽ വേറൊരു വശത്ത് എഴുതണം. അവ തമ്മിൽ കൂടി കലരരുത്. ടേപ്പ് റെക്കാർഡർ ഉപയോഗിക്കുന്നതാകും എളുപ്പം.

ഉപയോക്താക്കൾ ഉപയോഗിക്കുന്ന ജനുസ്സുകളെ അവർ തിരിച്ചറിയുന്നത് എങ്ങനെ എന്ന് പഠന സംഘം പഠിക്കണം. പഠന സ്ഥലത്ത് വെച്ചു തന്നെ ജനുസ്സുകളെ തിരിച്ചറിയുവാൻ കഴിയാതെ വന്നാൽ അവയുടെ മാതൃകകൾ (Herbarium) എടുത്ത് സൂക്ഷിക്കണം. പക്ഷെ പഠന സ്ഥലത്തെ ജനുസ്സുകൾക്ക് നാശം സംഭവിക്കാത്ത തരത്തിലും ആ പ്രദേശത്തെ എന്തെങ്കിലും തരത്തിലുള്ള നിയമങ്ങൾ ഉണ്ടെങ്കിൽ അതിന് എതിരായും ആയിരിക്കരുത് ഇങ്ങനെയുള്ള മാതൃകാ ശേഖരണം.

ഒരു ഭൂദൃശ്യ ഘടകത്തിലെയോ, ഒരു പ്രത്യേക സ്ഥലത്തേയൊ എല്ലാ ജനുസ്സുക്കളും കണ്ടെത്തുവാൻ പഠന സന്ദർശനങ്ങൾ കൊണ്ട് കഴിഞ്ഞു എന്ന് വരില്ല. അത് മനഃപൂർവ്വമാകണമെന്നില്ല; ചിലപ്പോൾ സമയത്തിന്റേയോ (അതായത് പഠന സമയത്ത് രാത്രിയിൽ സഞ്ചരിക്കുന്ന പക്ഷികളെയും; ജീവികളെയും നാം കണ്ടെത്തുകയില്ല) അല്ലെങ്കിൽ ചില ചെടികൾ ഉണ്ടാക്കുന്ന കാലത്തിന്റെ വ്യത്യാസം (മഴക്കാലത്തുണ്ടാക്കുന്ന ചെടികൾ വേനൽക്കാലത്ത് ഉണ്ടാവുകയില്ല) തുടങ്ങിയ കാരണങ്ങൾ കൊണ്ടായിരിക്കും. പക്ഷെ ഇങ്ങനെയുള്ള ഏതെങ്കിലും സസ്യത്തേയൊ ജന്തുവിനെയോ കണ്ടുമുട്ടാനിട വന്നാലൊ, അല്ലെങ്കിൽ ഏതെങ്കിലും ജീവികളുടെ കാൽപ്പാടുകളോ, കാഷ്ഠങ്ങളോ കണ്ടുമുട്ടാനിടയായാൽ മുൻ പറഞ്ഞപ്പോലെ ആവേദകനോട് അവിടെ സാന്നിദ്ധ്യമുള്ളതും എന്നാൽ പഠനസമയത്ത് കാണപ്പെടാത്തതും ആയ ജീവജാലങ്ങളെ പറ്റി ചോദിച്ചറിയണം. പഠനസംഘം അവിടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജനുസ്സുകളെപ്പറ്റി പ്രത്യേകമായി ചോദിച്ച് വിവരങ്ങൾ ശേഖരിക്കണം.

ജനുസ്സുകളുടെ ചിത്രങ്ങൾ നമ്മുടെ കൈവശം ഉണ്ടാകുന്നത് നന്ന്, വിശേഷിച്ചും കളറിലുള്ളതാണെങ്കിൽ അത് ജനങ്ങളിൽ വർദ്ധിച്ചു ആകാംക്ഷ ഉളവാക്കും. പക്ഷികളെയും സസ്തനികളേയും തിരിച്ചറിയുവാൻ വേണ്ടി അവയുടെ രേഖാചിത്രം പഠന സംഘം വരച്ചെടുത്ത് അതിൽ വൈദഗ്ധ്യമുള്ളവരെ പിന്നീട് കാണിച്ചാൽ അവയേതെന്ന് തിരിച്ചറിയുവാൻ സാധിക്കും. ഒരു പക്ഷെ ചിത്രം വരയ്ക്കുവാൻ സാധിച്ചില്ലെങ്കിൽ ആ സസ്തനിയുടേയോ, പക്ഷിയുടേയോ പ്രത്യേകതകൾ വിവരിച്ചെഴുതാൻ വിദഗ്ധർക്ക് അതിൽ നിന്നും അവയെ തിരിച്ചറിയാൻ കഴിയും.

## 6.4 സംഘചർച്ചകൾ

ഇത് ഒരു കൂട്ടായ പ്രവർത്തനമാണ്. അതുകൊണ്ട് ഇത്പോലെയുള്ള ചർച്ചകൾ വിജയിക്കണമെങ്കിൽ സംഘാംഗങ്ങൾ ഉത്തരവാദിത്തം പരസ്പരം പങ്കുവെയ്ക്കണം. സംഘചർച്ചകൾ താഴെ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള ഒരു മാർഗ്ഗമാണ്.

a) അഭിമുഖങ്ങൾ വഴി നമുക്ക് കിട്ടിയ വസ്തുതകളും വിവരങ്ങളും ശരിവെയ്ക്കാനും അവ മെച്ചപ്പെടുത്തുവാനും, അതുവഴി അതു ഒരു പൊതു അഭിപ്രായമായി മാറ്റുവാനും.

b) പ്രാദേശികമായി വിവിധ തലങ്ങളിലുള്ള ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളെ മനസ്സിലാക്കുവാൻ.

c)ജീവിത മാർഗ്ഗം, ജൈവ വിഭവ സംരക്ഷണവും ഒരുമിച്ച് കൊണ്ടുപോകുന്നതിലുള്ള വിഷമതകൾ അറിയുവാൻ.

d)പല വിധത്തിലുള്ള ഉപയോക്താക്കളുടെ താൽപ്പര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഏതുതരം ജനുസ്സുകൾക്കും ഭൂചിത്രഘടകങ്ങൾക്കുമാണ്. മുൻഗണന കൊടുക്കേണ്ടത് എന്ന് തീരുമാനിക്കുവാൻ.

സംഘചർച്ച നടത്തുമ്പോൾ അതിൽ കഴിയുന്നത്ര ജനങ്ങളുടെ പ്രാതിനിധ്യവും പങ്കാളിത്തവും ഉറപ്പാക്കണം. ചർച്ചകളുടെ സമയം പരമാവധി ഒരു മണിക്കൂർ വരെ ആകാം. ചർച്ചകൾ വൈകുന്നേരങ്ങളിൽ ആകുന്നതാണ് നല്ലത്.

സംഘമായുള്ള ചർച്ചകളിൽ ചർച്ചചെയ്യാനുള്ള കാര്യങ്ങളെപ്പറ്റി പഠന സംഘം മുമ്പെ തന്നെ തീരുമാനിച്ചിരിക്കണം. അഭിമുഖ സംഭാഷണങ്ങളിൽ നിന്നും, പഠന സ്ഥല സന്ദർശനങ്ങളിൽ നിന്നും, മറ്റുള്ള വിവര സ്രോതസ്സുകളിൽ നിന്നും കിട്ടിയ വിവരങ്ങൾ ഏകോപിപ്പിച്ചും. പ്രധാന പ്രവർത്തനങ്ങളെ തിരഞ്ഞെടുത്തും അവയെ അടിസ്ഥാനമാക്കിയും വേണം ചർച്ചകൾ നടത്താൻ. ഇങ്ങനെയുള്ള വിവരങ്ങൾ ചാർട്ടുകളുടെ രൂപത്തിലോ വിനോദ ചിത്രങ്ങൾ (Cartoon) ഉൾക്കൊള്ളിച്ചോ പ്രദർശിപ്പിച്ചാൽ കാര്യങ്ങൾ കൂടുതൽ സുതാര്യവും അസന്നിഗ്ദ്ധവും ആയി പങ്കെടുക്കുന്നവർക്ക് തോന്നും. ഉപയോക്താക്കളുടെ വൈവിധ്യത്തെ ആശ്രയിച്ച് പഠന സംഘത്തിലെ ആൾക്കാരുടെ ജോലിയിൽ മാറ്റം ഉണ്ടാകണം. ഉദാഹരണത്തിന് നമുക്ക് പ്രാദേശിക ജൈവ വൈവിധ്യത്തെ ഉപയോഗിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിൽ വീട്ടമ്മമാർക്കുള്ള പങ്കിനെ പറ്റി ഒരു ചർച്ച നടത്തണമെന്നിരിക്കട്ടെ പഠനാംഗങ്ങൾ താഴെ പറയുന്ന രീതിയിൽ വിന്യസിച്ചിരിക്കണം.

സംഘത്തലവൻ : സംഘത്തെ ഒരു സ്ത്രീ നയിക്കുന്നതായിരിക്കും നല്ലത്. 'ചടങ്ങിന്റെ കാർമ്മിക' എന്ന രീതിയിലായിരിക്കണം അവരുടെ പ്രവർത്തനം.

സംഘാടകൻ: പ്രദേശത്തെ സ്ത്രീകളെ സംഘടിപ്പിക്കുന്നതിന് വേണ്ടി പ്രാദേശിക സന്നദ്ധ സേവകരുടെ സഹായം തേടുക, സമയവും സൗകര്യവും ക്രമീകരിക്കുക തുടങ്ങിയ ജോലി.

കാര്യങ്ങളെ സുഗമമാക്കുന്ന ആൾ : സംഘത്തെ നയിക്കുന്ന ആളും പ്രാദേശിക വാസികളും തമ്മിലുള്ള ബന്ധത്തിൽ മദ്ധ്യസ്ഥത പുലർത്തേണ്ട ജോലി ഇയാൾക്കാണ്. ചർച്ചയിൽ പങ്കെടുക്കുന്നവർക്ക് കാര്യങ്ങൾ തുറന്ന പറയാൻ തക്ക രീതിയിൽ ഇടപെടാൻ കഴിയുന്ന ആളായിരിക്കണം ഇയാൾ. കൂടാതെ കിട്ടിയ സമയ പരിധിക്കുള്ളിൽ പഠനസംഘത്തിന്റെ ഉദ്ദേശമനുസരിച്ച് കാര്യങ്ങൾ ലളിതമാക്കാനും, മനസ്സിലാക്കുവാനും സംഘത്തലവനെ സഹായിക്കേണ്ടതും ഇദ്ദേഹത്തിന്റെ ചുമതലയാണ്.

വിവരങ്ങൾ രേഖപ്പെടുത്തുന്ന ആൾ : സംഘത്തിലെ ആളുകൾ ഉപയോഗിക്കുന്ന വാക്കുകൾ അതേപടി മനസ്സിലാക്കുവാനും എഴുതുവാനും കഴിവുള്ള വ്യക്തിയായിരിക്കണം. ചർച്ച ഉടനീളം ഒരു ടേപ്പ് റിക്കോർഡറിൽ ആക്കിയിട്ട് പിന്നീട് വിവരണ പത്രത്തിലാക്കുന്നതാകും ഉചിതം.

ഒരിക്കൽ സംഘ ചർച്ചയിൽ തലവനായ ആൾ തന്നെ പഠന സംഘത്തിലെ സ്ഥിരം തലവനാകണമെന്നില്ല. ഉപയോക്താക്കളെ ആസ്പദമാക്കി അത് മാറ്റാം. പല അംഗങ്ങൾക്കും വിവിധ ജോലി നൽകുന്നതാകും നല്ലത്.

## 6.5 ഗ്രാമ സഭ

പല വ്യക്തികളിൽ നിന്നും സംഘങ്ങളിൽ നിന്നും കിട്ടിയ വിവരങ്ങൾ കൂട്ടായി ചർച്ച ചെയ്യപ്പെടുന്ന ഒരു വേദിയാണ് ഗ്രാമ സഭ. നമ്മൾ ശേഖരിച്ച വിവരങ്ങൾ ഇവിടെ നവീകരിക്കുകയും ശരിവെക്കുകയും ചെയ്യുന്നു. നമ്മുടെ പഠനത്തിനിടയിൽ ചുരുങ്ങിയത് 3 പ്രാവശ്യമെങ്കിലും ഗ്രാമസഭ സംഘടിപ്പിക്കുന്നത് നല്ലതാണ്. പദ്ധതിയുടെ തുടക്കത്തിലും മദ്ധ്യത്തിലും അവസാനത്തിലും.

മിക്ക ഗ്രാമങ്ങളിലും ഒരു പ്രത്യേക വിഭാഗത്തിലൊ, സമുദായത്തിലൊ ഉള്ള സമൂഹത്തിൽ

മുന്നിട്ട് നിൽക്കുന്നുവെന്ന് വരാം. അല്ലെങ്കിൽ അഥവാ പുരുഷന്മാർ സ്ത്രീകളെക്കാൾ കൂടിയെന്നുവരാം. അങ്ങനെ വരുമ്പോൾ പലപ്പോഴും സമൂഹത്തിൽ മുന്നിട്ട് നിൽക്കുന്നവരുടെ അഭിപ്രായങ്ങളൊ പുരുഷ ന്മാരുടെ അഭിപ്രായങ്ങളൊ ആകും ഗ്രാമസഭകളിൽ ഉയർന്നു കേൾക്കുന്നത്. മാത്രവുമല്ല സമൂഹത്തിൽ പിൻത്തള്ളപ്പെട്ടവർ (അധഃസ്ഥിതർ) പലപ്പോഴും തങ്ങളുടെ അഭിപ്രായം തുറന്നു പറയാൻ ധൈര്യപ്പെടുകയുമില്ല. ഇങ്ങനെയുള്ള അവസരങ്ങളിൽ പഠന സംഘവുമായി കൂടുതൽ ഇടപഴികിയിട്ടുള്ള ഗ്രാമീണരുമായി ചർച്ചകൾ സംഘടിപ്പിക്കുന്നതാകും ഉചിതം. ചില അവസരങ്ങളിൽ ഗ്രാമ സഭ തന്നെ നടത്തുവാൻ സാധ്യമായി എന്നു വരില്ല. ഉദാ:ബ ഒരു ഗ്രാമത്തിലെ വീടുകൾ എല്ലാ തമ്മിൽ വളരെ അകലെയാണെങ്കിൽ, അല്ലെങ്കിൽ എല്ലാവർക്കും ഒരു യോജിച്ച സമയം കണ്ടെത്താൻ സാധിക്കുന്നില്ലെങ്കിൽ, ഇങ്ങനെയുള്ള അവസരങ്ങളിൽ സമീപവാസികളുമായുള്ള ചർച്ചകൾ മതിയാകും. ഒരു ഗ്രാമസഭ സംഘടിപ്പിക്കുന്നതിൽ നല്ല രീതിയിലുള്ള തയ്യാറെടുപ്പും ആസൂത്രണവും ആവശ്യമാണ്. പ്രാദേശിക സാഹചര്യങ്ങൾ, സാമൂഹ്യ വ്യവസ്ഥകൾ, കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള സമൂഹത്തിന്റെ കഴിവ്, ജനങ്ങളും പഠന സംഘവുമായുള്ള ബന്ധത്തിന്റെ തോത് എന്നിവ അടിസ്ഥാനപ്പെടുത്തി വേണം ഗ്രാമ സഭാ പദ്ധതി തയ്യാറാക്കുവാൻ.

#### 6.5.1 ഗ്രാമ സഭ I

ഒന്നാമത്തെ സഭ ഗ്രാമത്തെക്കുറിച്ച് എളുപ്പത്തിൽ വിവരങ്ങൾ ശേഖരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള അന്വേഷണ സ്വഭാവമുള്ള ഒരു സംഘടിപ്പിക്കലാണ്. ഗ്രാമസഭ സംഘടിപ്പിക്കുമ്പോൾ പഠന സംഘം ഒരു പാട് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഒന്നാമതായി ഗ്രാമപഞ്ചായത്ത് കൂടുന്നതിന് മുമ്പായി പ്രാദേശിക വാസികളുടെ ഒരു നല്ല പ്രാതിനിധ്യം ഉറപ്പാക്കണം. പ്രാദേശിക നേതാക്കന്മാർ, മുതിർന്നവർ, പിന്നെ പ്രമുഖ വ്യക്തികൾ ഇവരെയെല്ലാം പരിപാടിയിൽ ഭാഗഭാക്കാക്കുക. ഇവരെയൊക്കെ നേരിൽ ചെന്ന് ക്ഷണിക്കണം. പരിപാടി കുറച്ച് കൂടി ആസ്വാദ്യകരമാക്കുവാൻ എന്തെങ്കിലും സാംസ്കാരിക പരിപാടി ഇതോടനുബന്ധിച്ച് നടത്തുന്നത നല്ലതാണ്. പരിസ്ഥിതി സംബന്ധിതമായ വീഡിയോ പ്രദർശനങ്ങൾ പ്രയോജനപ്രദമായിരിക്കും.

#### 6.5.2. ഗ്രാമ സഭ II ഉം III ഉം

രണ്ടാമത്തെയും മൂന്നാമത്തേയും ഗ്രാമ സഭ പ്രാദേശിക ജൈവ വൈവിധ്യത്തെപ്പറ്റിയുള്ള ജനങ്ങളുടെ അറിവും, ചിന്താഗതിയും അതിന്റെ സംരക്ഷണത്തെക്കുറിച്ച അവരുടെ താൽപ്പര്യവും തെരഞ്ഞെടുത്ത് സഭയിൽ അവതരിപ്പിക്കുകയും ഇപ്പോഴത്തെ ജൈവ വൈവിധ്യത്തിന്റെ അവസ്ഥ പ്രാദേശിക വാസികളെ ബോദ്ധ്യപ്പെടുത്തുകയും വേണം. ജൈവ വൈവിധ്യത്തെ സംബന്ധിച്ച് ഉപയോക്താക്കൾ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ അവതരിപ്പിക്കുകയും അതുമൂലം ഉണ്ടായിട്ടുള്ള ജൈവ വൈവിധ്യ മാറ്റങ്ങൾ ഗ്രാമസഭയിൽ ലളിതമായി വിശദീകരിക്കുകയും ആവാം.

## 6.6. വിഭവ ചിത്രീകരണം.

ഗ്രാമത്തിലെ വിഭവങ്ങൾ ഒരു മാപ്പിൽ ചിത്രീകരിക്കുന്ന ഒരു പ്രക്രിയാണിത്. ജനങ്ങളെ പങ്കെടുപ്പിക്കുവാൻ പറ്റിയ ഏറ്റവും നല്ല ഒരു ഉപാധിയാണ് വിഭവ ചിത്രീകരണം. മാത്രവുമല്ല ജനവിഭാഗങ്ങൾ , ഭൂദൃശ്യങ്ങൾ, ജൈവ വൈവിധ്യം എന്നിവയെക്കുറിച്ചും അവയ്ക്ക് വന്ന മാറ്റങ്ങളും കൂടുതൽ മനസ്സിലാക്കുവാനും, നമ്മൾ ഉദ്ദേശിക്കുന്ന പ്രാധാന്യത്തോടെ ഉയർത്തിക്കാട്ടുവാനും ഇതുവഴി സാധിക്കും. കൂടുതൽ ആളുകളെ പഠനത്തിൽ ഉൾപ്പെടുത്തുവാൻ ഉതകുന്ന ഒരു മാർഗ്ഗമാണ് വിഭവ ചിത്രീകരണം. സാധാരണയുള്ള ഒരു വിഭവ ചിത്രീകരണ പ്രക്രിയക്ക് വലിയ സൂക്ഷ്മതയോ കൃത്യതയോ ആവശ്യമില്ല. ആദ്യമായിട്ട് ഇതിന് ക്രമാനുസാരകമായ ഒരു മാനദണ്ഡം ഉപയോഗിക്കുകയെന്നതാണ്. ഉദാഹരണത്തിന് രണ്ട് സ്ഥലങ്ങൾ കടക്കുവാൻ വേണ്ട സമയം അവ തമ്മിലുള്ള ദൂരത്തിന് അനുപാതത്തിലായിരിക്കും എന്ന അനുമാനം സ്ഥലങ്ങൾ മാപ്പിൽ രേഖപ്പെടുത്തുവാനായി ഉപയോഗപ്പെടുത്താം. ഇത് എല്ലായ്പ്പോഴും കൃത്യതയുള്ളതായിരിക്കണമെന്നില്ല. വിശേഷിച്ചും ചരിഞ്ഞതോ, കുത്തനെയുള്ള പ്രദേശങ്ങളൊ ഒക്കെ ആകുമ്പോൾ ചില വ്യതിയാനങ്ങൾ ഉണ്ടാകും ഉദാ: ഭൂതലത്തിന്റെ ചരിവ് തുടങ്ങിയ കാര്യങ്ങൾ ഒരാൾക്ക് പരിചയത്തിലൂടെ ക്രമപ്പെടുത്തുവാൻ സാധിക്കും. താഴെ പറയുന്ന രണ്ട് തരത്തിലുള്ള ഭൂപട നിർമ്മാണം നല്ല ഒരു പഠനത്തിനാവശ്യമാണ്.

## 6.7. വാസ സ്ഥലങ്ങളുടെ ഭൂപടം (Habitation Map)

ജനങ്ങളുടെ പങ്കെടുക്കലിനേയും വിശ്വസ്തതയേയും വർദ്ധിപ്പിക്കുവാൻ ഉപകരിക്കുന്ന ഒരു ഉപാധി മായിട്ട് ഇത് ഉപയോഗിക്കാം. ഒരു ഗ്രാമത്തിന്റെ യഥാർത്ഥ വസ്തുതകളുടെ ഒരു ചിത്രീകരണമാണിത്. ജനങ്ങൾക്ക് അവരുടെ ചുറ്റുപാടുകളെ ചിത്രത്തിലൂടെ കാണിക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. പ്രാദേശിക വാസികളുടെ താൽപ്പ

ര്യത്തിനനുസരിച്ച് ഭൂപടം ചിത്രീകരിക്കുന്നതിൽ അവരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് സംഘാംഗങ്ങൾ ചെയ്യേണ്ടത്.

ആദ്യമായി 2m x 2m വിസ്തൃതിയുള്ള ഒരു പരന്ന പ്രതലം ഇതിനായി തെരഞ്ഞെടുക്കുക. പല വർണ്ണങ്ങളിലുള്ള പൊടികൾ, കല്ലുകൾ, കുപ്പിച്ചില്ലുകൾ, ഇവ ശേഖരിക്കുക. പ്രതലത്തിന്റെ അതിർത്തികൾ വർണ്ണപൊടികളുപയോഗിച്ച് അടയാളപ്പെടുത്തുക. ഗ്രാമത്തിലെ ഏറ്റവും പ്രാധാന്യമുള്ള സ്ഥലമേതാണ് എന്ന് അവരോട് ആരായുക. എന്നിട്ട് നമ്മൾ തയ്യാറാക്കിയ പ്രതലത്തിന്റെ മധ്യത്തിലായി അത് ചിത്രീകരിക്കുക. ഗ്രാമത്തിന്റെ രൂപ ഘടന കല്ലുകളോ ഇഷ്ടികകളോ ഉപയോഗിച്ച് അടയാളപ്പെടുത്തുക. വീടുകളുടെ സ്ഥാനത്തിനും എണ്ണത്തിനും അനുസരിച്ച് അവയെ പ്രതിനിധീകരിക്കുവാൻ കല്ലുകളുപയോഗിക്കുക. ഗ്രാമത്തിന്റെ മധ്യഭാഗത്ത് ഒരു അമ്പലമുണ്ട് എന്ന് ഗ്രാമവാസികൾ പറഞ്ഞു എന്നിരിക്കട്ടെ. അമ്പലത്തെ പ്രതിനിധീകരിച്ച് മധ്യത്തിൽ ഒരു കല്ലു വെക്കുക. അമ്പലത്തിന്റെ കിഴക്കു വശത്ത് രാമന്റെ വീടും, രാമന്റെ വീടിനും അമ്പലത്തിനും ഇടയ്ക്ക് ഒരു റോഡും ഉണ്ട്. മറ്റ് വീടുകളെ പ്രതിനിധീകരിച്ച് പലരേയും കൊണ്ട് ഇങ്ങിനെ കല്ലുകൾ വെയ്പ്പിക്കുക. ജലാശയങ്ങൾ, അമ്പലങ്ങൾ, പുൽമേടുകൾ, വയലുകൾ ഇവ പല കളറുകളിൽ അടയാളപ്പെടുത്തി ഭംഗികൂട്ടുക. ഇങ്ങനെയുള്ള ഭൂചിത്രങ്ങൾ നിരീക്ഷിക്കുമ്പോൾ കൂടുതൽ കൂടുതൽ വീടുകൾ ഉൾപ്പെടുത്തി മാപ്പിന്റെ രൂപവും, ഭാവവും മാറ്റിയുണ്ടാക്കുവാൻ നാട്ടുകാർക്ക് താൽപ്പര്യമുണ്ടാകും. അങ്ങനെ പ്രാദേശിക വാസികൾ ഈ പ്രവർത്തികളിൽ ഭാഗഭാക്കാവുമ്പോൾ പങ്കാളിത്തത്തിന്റെ ഒരു അവാച്യമായ അനുഭൂതിയും, പഠന സംഘവും പ്രാദേശിക വാസികളും തമ്മിൽ ഒരു ബന്ധവും ഉണ്ടാകുന്നു. ഇത്തരം ഭൂചിത്രങ്ങൾ ഗ്രാമത്തിന്റെ സാമൂഹ്യ വ്യവസ്ഥയെക്കുറിച്ച് ഒരാശയം അന്വേഷകന് നൽകുന്നു. മാത്രവുമല്ല ഇത് പഠന സംഘത്തിന് ഉപയോക്താക്കളും ചുറ്റുമുള്ള ഭൂചിത്ര ഘടകങ്ങളുമായുള്ള (വാസസ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി) ബന്ധത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ സാധിക്കും.

## 6.8. ഭൂദൃശ്യ ഘടക ചിത്രം (Landscape Map):

വാസസ്ഥല ഭൂപടത്തേക്കാൾ പ്രധാനമാണിത്. കൂടാതെ ഈ മാപ്പിൽ കൂടുതൽ സ്ഥലങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യാം. ജൈവ സമ്പത്തിന്റെ സമൃദ്ധിയെപ്പറ്റിയും അതിൻമേലുള്ള സമ്മർദ്ദത്തെപ്പറ്റിയും ജൈവവൈവിധ്യത്തിന് മുൻതൂക്കം കൊടുക്കുന്ന രീതികളെക്കുറിച്ചും മനസ്സിലാക്കുവാൻ ഈ തരത്തിലുള്ള ഭൂദൃശ്യ ഘടക ചിത്രങ്ങൾ സഹായിക്കും. വിവിധ നിരീക്ഷണ സ്ഥലങ്ങളിലെ വിവിധ തരം ഉപയോക്താക്കളെ ഈ തരം ചിത്രങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടി ഉപയോഗിക്കാം. രണ്ട് തരത്തിലുള്ള ഭൂദൃശ്യ ചിത്രങ്ങൾ നമുക്ക് ഉണ്ടാക്കാം. പ്രാദേശിക വാസികളുടെ വിവരണങ്ങളുടെ അടിസ്ഥാനത്തിൽ ഒരെണ്ണം. ശാസ്ത്രീയമായ രീതിയിൽ അപഗ്രഥിച്ച് തയ്യാറാക്കിയ മറ്റൊരെണ്ണം. ശാസ്ത്രീയമായ രീതിയിൽ ചിത്രീകരിച്ചാൽ ഓരോ പ്രത്യേക ഭൂവിഭാഗവും ജലാശയവും മറ്റും ഓരോ പ്രത്യേക ഭൂദൃശ്യഘടക തരങ്ങളിൽ ഉൾപ്പെടും. ഭൂചിത്രത്തിലെ എല്ലാ പ്രധാന ശകലങ്ങളും അതിന്റെ അനുപാതത്തിൽ മാപ്പിൽ ചിത്രീകരിക്കണം. ചിലപ്പോൾ ഗ്രാമീണർ ഒരു സ്ഥലത്തെ മൊത്തമായി ഏതെങ്കിലും ഒരു പേരിട്ട് വിളിക്കാം. ഇത് ചിലപ്പോൾ എന്തെങ്കിലും ചരിത്രപരമായ പ്രത്യേകതകൾ കൊണ്ടോ മറ്റോ ആയിരിക്കും. ചിലപ്പോൾ കുറെ തരത്തിലുള്ള ഭൂചിത്ര ശകലങ്ങൾ ഉണ്ടാകും. ഉദാ : xyz മല എന്ന് പറഞ്ഞാൽ അതിൽ വനപ്രദേശങ്ങളും കുറ്റിച്ചെടികളും കൃഷിസ്ഥലങ്ങളും ശാസ്ത്രീയമായ ഒരു പരിശോധനയിൽ നമുക്ക് അതിൽ കണ്ടെത്തുവാൻ കഴിയും. അതുകൊണ്ട് ചിത്രീകരണം തുടങ്ങുന്നത് ലളിതമായ ഒരു ഭൂപടത്തിലൂടെ (മാപ്പിലൂടെ)യാണ് എങ്കിലും അതവസാനിക്കുന്നത് ശാസ്ത്രീയമായ കുറ്റമറ്റ ഒരു മാപ്പിലൂടെയായിരിക്കണം.

**6.8.1 ഒരു ഭൂദൃശ്യ ഘടക ഭൂപടം തയ്യാറാക്കുമ്പോൾ താഴെ പറയുന്ന സാമഗ്രികൾ സഹായമാകും.**

1. ഗ്രാമവാസികൾ തയ്യാറാക്കിയ വാസ സ്ഥലങ്ങളുടെ മാതൃക പേപ്പറിൽ പകർത്തിയതൊ അല്ലെങ്കിൽ ഒരു Toposheetന്റെ പകർപ്പോ.

2. വനത്തിന്റെ മാപ്പ് (Toposheet- സർക്കാർ വക) വലുതാക്കിയ പകർപ്പുകൾ

3. സംഘമായുള്ള ചർച്ചകളിലൂടെ കിട്ടിയ പല ഭൂദൃശ്യ ഘടകങ്ങളേയും അവയിലെ ജൈവവൈവിധ്യത്തിന്റേയും വിവരണങ്ങൾ, വൈവിധ്യത്തിന് നേരിടുന്ന ഭീഷണി മുതലായവ.

പഠന സംഘം ഏതെങ്കിലും പ്രാദേശിക സംഘടനയുടെ സഹായത്തോടെയോ അല്ലാതെയോ ഒരു **പഠന സ്ഥലം കണ്ടെത്തിയാൽ ആദ്യമായി ചെയ്യേണ്ടത്** ആ സ്ഥലത്തിന്റെ Toposheet Map അല്ലെങ്കിൽ അതിന്റെ ഒരു ഫോട്ടോ സ്റ്റാറ്റ് കോപ്പി സംഘടിപ്പിക്കുക എന്നതാണ്. എന്നിട്ട് ആ മാപ്പിലെ പഠന സ്ഥലങ്ങൾ ഉൾപ്പെടുന്ന ഭാഗം വലുതാക്കിയെടുക്കുക. സാധാരണ രീതിയിൽ ഒരു Toposheetൽ അടുപ്പിച്ചിട്ടുള്ളതും വൃത്താകൃതിയിലോ, ദീർഘവൃത്താകൃതിയിലുള്ളതോ,

കനം കുറഞ്ഞതോ കൂടിയതോ ആയ രേഖകൾ കാണു വാൻകഴിയും. ഈ വരകളെ Contour Lines എന്നാണ് പറയുന്നത്. പകർത്തി വരയ്ക്കുമ്പോൾ കനം കൂടിയ Counter Line മാത്രം പകർത്തിയാൽ മതിയാകും. കൂടാതെ മാപ്പിലെ പ്രധാന നാഴികക്കല്ലുകളായ റോഡ്, അമ്പലം, മുതലായ സ്ഥലങ്ങൾ രേഖപ്പെടുത്തണം. രണ്ടോ മൂന്നോ കോപ്പികളെടുത്ത് സൂക്ഷിച്ചു വെക്കുക. പലപ്പോഴും മാപ്പിൽ പഴയ പേരുകളാണത്ര ഉണ്ടാവുക. പഴയ പേരുകളാണ് മാപ്പിലുള്ളത് എങ്കിൽ അവ മാറ്റി ഇപ്പോഴത്തെ പേരുകൾ നൽകണം. കുടാതെ വിവിധ തരത്തിലുള്ള ഭൂചിത്ര ഘടകങ്ങൾ നമുക്ക് അറിയാവുന്ന വിവരങ്ങൾ , പേരുകൾ തുടങ്ങിയവ ഈ മാപ്പിൽ രേഖപ്പെടുത്തുകയും ചെയ്യണം.

a) ഗ്രാമീണർ തയ്യാറാക്കുന്ന ഭൂദൃശ്യ ഘടക മാപ്പ് : മാപ്പിനെപ്പറ്റി സംഘചർച്ചകൾ നടത്തിയതിനുശേഷം. ജൈവ വൈവിധ്യത്തെപ്പറ്റി അറിവുള്ള പ്രാദേശിക വാസികളുമായി പഠന സ്ഥലവും അതിന്റെ ചുറ്റുപാടും ഉപയോക്താക്കൾ ഉപയോഗിച്ചുവരുന്ന സ്ഥലങ്ങളും (പ്രത്യേകമായി ഉണ്ടെങ്കിൽ) സന്ദർശിക്കുക. ഇത് വലുതാക്കി വെച്ചിരിക്കുന്ന മാപ്പിൽ രേഖപ്പെടുത്തുക. ഇതു കൂടാതെ താഴെ പറയുന്ന കാര്യങ്ങൾ പഠന സ്ഥല സന്ദർശനത്തിലൂടെ കണ്ടെത്തുവാൻ നമുക്ക് സാധിക്കും.

1. വിവിധ ഭൂദൃശ്യ ഘടകങ്ങളുടെ പ്രാദേശിക നാമങ്ങളും അവയുടെ അർത്ഥവും
2. അവിടെ സാധാരണ കാണപ്പെടുന്ന ചെടികൾ, പക്ഷികൾ, മത്സ്യങ്ങൾ, അവയുടെ ഉപയോഗങ്ങൾ
3. ഗ്രാമത്തിൽ നിന്നും ഭൂദൃശ്യ ഘടകത്തിലേക്കുള്ള ദൂരത്തേയും അതിനെടുക്കുന്ന സമയത്തേയും കുറിച്ചുള്ള വസ്തുതകൾ.
4. ഓരോ ഭൂദൃശ്യ ഭാഗവും സന്ദർശിക്കുവാനും ഉപയോഗിക്കുവാനും ഗ്രാമീണ വിഭാഗങ്ങൾക്കുള്ള അവകാശം.

ഒരു Topsheetന്റെ അല്ലെങ്കിൽ Forest മാപ്പിന്റെ സഹായത്തോടെ ഈ വിവരങ്ങൾ എല്ലാം കൃത്യതയോടെ അതിൽ രേഖപ്പെടുത്തുകയും വേണം.

ഒഴിച്ചുകൂടാനാവാത്ത സാഹചര്യങ്ങളിൽ (ആരംഭഘട്ടത്തിലോ, Topsheetന്റെ അഭാവത്തിലോ പ്രാദേശിക വാസികളെക്കൊണ്ട് ഒരു ഭൂദൃശ്യ മാപ്പ് തയ്യാറാക്കുന്നത് ഒരു സാധാരണ പേപ്പറിൽ മതിയാകും. ഇങ്ങനെയുള്ള മാപ്പ് തയ്യാറാക്കുമ്പോൾ സ്ഥലങ്ങളുടെ വലിപ്പവും ആകൃതിയും അത്ര ശരിയായ രീതിയിൽ രേഖപ്പെടുത്തുവാൻ കഴിഞ്ഞുവെന്ന് വരില്ല. പക്ഷെ പഠന സ്ഥലങ്ങൾ തമ്മിലുള്ള അകലവും, കിടപ്പും ശരിയായ രീതിയിൽ രേഖപ്പെടുത്തണം. മാപ്പ് ചിത്രീകരിക്കുമ്പോൾ ആദ്യമാദ്യം അടുത്തുള്ള ഭൂദൃശ്യ ഘടകങ്ങളിൽ തുടങ്ങി ദൂരേക്ക്, ദൂരേക്ക് എന്ന രീതിയിൽ പോകുന്നതാകും നല്ലത്. പിന്നീട് Topsheet കിട്ടുമ്പോൾ അതിലേക്ക് പകർത്തിയാൽ മതിയാകും.

ശാസ്ത്രീയമായി തയ്യാറാക്കുന്ന ഭൂദൃശ്യ ഘടക മാപ്പ് വലുതാക്കി എടുത്ത ഒരു Toposheetൽ നമുക്ക് ശരിയായ രീതിയിൽ തയ്യാറാക്കുവാൻ കഴിയും Toposheetൽ കൃത്യതയോടെ Scale കൊടുത്തിരിക്കുന്നതുകൊണ്ട് ഭൂദൃശ്യ ഘടകങ്ങളുടെ ആകൃതി ഒരു പരിധിവരെ നന്നായി ചിത്രീകരിക്കുവാൻ കഴിയും. അതുകൊണ്ട് മുകളിൽ വിശദീകരിച്ചത് പോലെ ശാസ്ത്രീയമായ ഒരു ഭൂദൃശ്യ ഘടക മാപ്പ് ഗ്രാമവാസികൾ തയ്യാറാക്കിയ ഭൂദൃശ്യ മാപ്പിനേക്കാൾ വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കും. വിശദീകരിച്ച് പറഞ്ഞാൽ ശാസ്ത്രീയമായ ഒരു മാപ്പിൽ ഗ്രാമവാസികളുടെ മാപ്പിൽ നിന്നും വ്യത്യസ്ഥമായി പല ഘടകങ്ങളും ഉണ്ടാകാം.

**6.8.2 താഴെ പറയുന്ന വിധത്തിലാണ് ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള ഭൂപട ചിത്രീകരണം**

1. Toposheet കരസ്ഥമാക്കുക കനം കൂടിയ contour lines, അരുവി റോഡ് അത്യാവശ്യമായ മറ്റ് ഘടകങ്ങൾ മുതലായവ മാത്രം Trace ചെയ്ത് എടുക്കുക.
2. എന്നിട്ട് ഇത് (നമുക്ക് വേണ്ട പഠനസ്ഥലത്തിന്റെ ഭാഗവും) ഉപയോക്താക്കൾ പറയുന്ന ഭൂദൃശ്യ ഘടകങ്ങളും ഫോട്ടോ പകർപ്പിലൂടെ അഞ്ചോ പത്തോ മടങ്ങായി വലുതാക്കി എടുക്കുക.
3. വാസ സ്ഥലങ്ങളുടെ ഭൂപടം ഉപയോഗിച്ച് വീടുകൾ , റോഡുകൾ മുതലായവയുടെ സ്ഥാനങ്ങൾ ഇതിൽ അടയാളപ്പെടുത്തുക.
4. വിദഗ്ധന്മാരുടേയും പ്രാദേശിക വാസികളുടേയും സഹായത്തോടെ പഠന സ്ഥലത്ത് പോയി ഈ പുസ്തകത്തിൽ വിശദീകരിക്കുന്നത് പോലെ ഭൂദൃശ്യ ഘടകങ്ങളെ തിരിച്ചറിയുകയും, തരംതിരിക്കുകയും ചെയ്യുക.
5. ഓരോ ഉപയോക്ത വിഭാഗത്തിനും ഭൂചിത്ര ഘടകങ്ങൾക്കും പ്രത്യേകം പ്രത്യേകം ചിഹ്നം രേഖപ്പെടുത്തുക.
6. ഗ്രാമീണ വാസികളുടെ ഭൂദൃശ്യ ഘടകമാപ്പ് ഉപയോഗിച്ച് നമ്മൾ നിർമ്മിച്ച ശാസ്ത്രീയമായ മാപ്പ് പുനരാവിഷ്ക്കരിക്കുക.

മാപ്പ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം തുടക്കത്തിൽ പെൻസിൽ ഉപയോഗിക്കുക എന്നതാണ്. മാത്രവുമല്ല മാപ്പിലെ വ്യത്യാസങ്ങൾ കുത്തുകളോ വരകളോ ഉരപയോഗിച്ച് രേഖപ്പെടുത്തുന്നതാവും നല്ലത്. വ്യത്യാസം കാണിക്കുവാൻ നിറമുള്ള മാപ്പ് ഉപയോഗിക്കുന്നതാണ് നല്ലതെങ്കിൽ കൂടിയും പലപ്പോഴും അത് അതേ രീതിയിൽവിശേഷിച്ചും കളർമാപ്പ് ആകുമ്പോൾ പുനസൃഷ്ടിക്കുവാൻ പറ്റില്ല.

ഒരിക്കൽ ഭൂദൃശ്യ മാപ്പ് ചിത്രീകരിച്ച് കഴിഞ്ഞാൽ അതിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഭൂദൃശ്യ ഘടകങ്ങൾ സന്ദർശിക്കുകയും അവയുടെ കഴിഞ്ഞ കാലത്തെ അവസ്ഥയെക്കുറിച്ചുള്ള വിവരങ്ങൾ ശരിയായ രീതിയിൽ ശേഖരിക്കുകയും ചെയ്യുക (ഇതിനായി പഠന സംഘത്തിന് ഏതെങ്കിലും ചരിത്ര സംഭവങ്ങൾസൂചികകളായി ഉപയോഗിക്കാം) ഈ വിവരത്തിന്റെ അടിസ്ഥാനത്തിലും ഇത് ഉപയോഗിച്ച് കണക്ക് കൂട്ടി നിഗമനത്തിലെത്തിച്ചേർന്ന മറ്റ് വിവരങ്ങളുടെ അടിസ്ഥാനത്തിലും നമുക്ക് ഒരു ചരിത്ര ഭൂദൃശ്യ മാപ്പ് ഉണ്ടാക്കുവാൻ കഴിയും, പക്ഷെ കൂടുതൽ കൂടുതൽ ചരിത്രത്തിന്റെ ആഴത്തിലേക്ക് പോകുമ്പോൾ മാപ്പിന്റെ കൃത്യത (സ്ഥലങ്ങളുടെ ആകൃതി, അളവ്, മറ്റു വിവരങ്ങൾ) കുറഞ്ഞ് കുറഞ്ഞ് വരും. അതുകൊണ്ട് അത്ര പിറകോട്ട് പോകാതിരിക്കുന്നതാവും നല്ലത്. ഒരു ഭൂദൃശ്യ മാപ്പ് നിർമ്മിക്കുവാൻ വേണ്ടി ഒരു പ്രത്യേക സ്ഥലത്തിലെ പല ഭാഗങ്ങൾ സന്ദർശിക്കുകയും (Observation Plots) ആ ഓരോ ഭാഗത്തു നിന്നും ഒരു വിഹഗ വീക്ഷണം നടത്തുകയുംചെയ്യണം. ഓർമ്മിക്കേണ്ടത് പല സ്ഥലങ്ങളിൽ നിന്നും നോക്കിയാൽ കൂടിയും ഭൂദൃശ്യത്തിന്റെ ഘടനക്ക് മാറ്റം വരുന്നില്ല എന്നതാണ്. പക്ഷെ ദൂരത്തിന്റെ വീക്ഷണ കോണിന്റേയും, അടിസ്ഥാനത്തിൽ അവയുടെ ആകൃതിക്കും വല്പ്പത്തിനും വ്യത്യാസം വരും. ഉദാഹരണത്തിന് വൃത്താകൃതിയിലുള്ള ഒരു സ്ഥലം വളരെ ദൂരെ നിന്ന് നോക്കിയാൽ അണ്ഡാകൃതിയിലും ഉയരത്തിൽ നിന്ന് നോക്കിയാൽ ചിലപ്പോൾ ദീർഘ വൃത്താകൃതിയിലും തോന്നിക്കും. പക്ഷെ താഴെപ്പറയുന്ന ലഘുനിയമങ്ങളോ, സിദ്ധാന്തങ്ങളോ അനുസരിക്കുകയാണെങ്കിൽ നമുക്ക് ഒരു സ്ഥലത്തിന്റേ ഏകദേശ രൂപവും ആകൃതിയും മനസ്സിലാക്കുവാൻ സാധിക്കും.

1. ദൂരെ കാണപ്പെടുന്ന ഒരു വസ്തു അതുപോലെ തന്നെ അടുത്തുള്ള വസ്തുവിനേക്കാൾ എപ്പോഴും വളരെ വലുതായിരിക്കുമെന്ന സത്യം.
2. നാം കാണുന്ന ഒരു വസ്തു നമ്മുടെ ദൃഷ്ഠി പഥത്തിന് സമാന്തരമായിട്ടാണ് എങ്കിൽ (ലംബമല്ല എങ്കിൽ) ആ വസ്തുവിന്റെ ദീർഘവശം കൂടുതൽവലുതാക്കി നാം കാണണം.

ചിലപ്പോൾ പല വീക്ഷണകോണുകളിൽ നിന്നുമുള്ള ദൃശ്യ ഘടനകൾ എല്ലാംകൂടി ഒത്തുനോക്കി ഒരു തീരുമാനത്തിൽ എത്തേണ്ടിവരും. ഇങ്ങനെ വരുമ്പോൾ അകലത്ത് നിന്ന് നോക്കിയതിനേക്കാൾ അടുത്ത് നിന്ന് നോക്കിയതിനും, ഉയരം കൂടിയ സ്ഥലത്ത് നിന്നും നോക്കിയതിനേക്കാൾ ഉയരം കുറഞ്ഞസ്ഥലത്തും നിന്നും നോക്കിയതിനും വേണം മുൻഗണന കൊടുക്കുവാൻ. ഒരു കുന്നിൻ പ്രദേശമാണ് എങ്കിൽവളരെ കുറച്ച് സ്ഥലങ്ങളിൽ നിന്ന് ഉള്ള ദൃശ്യ വീക്ഷണം മതിയാകും. മറിച്ച് നിരന്ന പ്രദേശമാണ് എങ്കിൽ പല ഭാഗങ്ങളിൽ നിന്നുള്ള വീക്ഷണം വേണ്ടിവരും. ചിലപ്പോൾ ചില സ്ഥലങ്ങൾ നമുക്ക് ആ ദൃശ്യ ശകലത്തിന്റെ ശരിയായ ഒരു രൂപം തരണമെന്നില്ല. ഉദാ: ഒരു തുറസ്സായ കുന്നിൻ പ്രദേശത്തേക്കാൾ പ്രയാസമേറിയതായിരിക്കും അതുപോലെ മരങ്ങൾ നിറഞ്ഞ ഒരു കുന്നിൻ പ്രദേശം. ഇങ്ങനെ വരുമ്പോൾ ഇതുപോലെയുള്ള പ്രദേശങ്ങൾ വീക്ഷിക്കുവാൻ വേണ്ടി അതിനുപറ്റിയ സ്ഥലങ്ങൾ നേരിട്ടു സന്ദർശിക്കുക.

നമ്മുടെ നാട്ടിൽ ഭൂദൃശ്യ മാപ്പ് ചിത്രീകരണത്തിന് ഏറ്റവും യോജിച്ച സമയം ഫെബ്രുവരി മുതൽ മെയ് വരെയുള്ള കാലമാണ്. ഈ അവസരത്തിൽ ഇല പൊഴിയും കാടുകൾ ഒരു നിത്യഹരിത വനത്തിൽ നിന്നും വളരെ ദൂരത്തു നിന്നുപോലും സ്പഷ്ടമായി തിരിച്ചറിയുവാൻ കഴിയും. മാത്രവുമല്ല ഈ മാസങ്ങളിൽ ആകാശം തെളിഞ്ഞതുമായിരിക്കും. എങ്കിൽ കൂടിയും സ്ഥലങ്ങളുടെ വ്യത്യാസമനുസരിച്ച് യോജ്യമായ കാലങ്ങളും വ്യത്യാസപ്പെടാം. കുന്നിൻ പ്രദേശങ്ങളിൽ ചിത്രീകരണത്തിന് ഏറ്റവും യോജിച്ച സമയം രാവിലെ 9 11 മണിവരെയാണ്. ഈ സമയത്ത് രാവിലെയുള്ള മഞ്ഞോ, കഠിനമായ ചൂടോ ഉണ്ടാവുകയില്ല. എങ്കിൽ കൂടിയും മാപ്പും ചിത്രീകരണ സമയത്ത് സൂര്യന് അഭിമുഖമായി നിന്നുള്ള ഒരു വീക്ഷണവും പാടില്ല. അതുകൊണ്ട് വീക്ഷണത്തിനുള്ള സമയം നിശ്ചയിക്കുന്നത് വീക്ഷണ് വസ്തുവിന്റെ കിടപ്പിനേയും സൂര്യന്റെ ഗതിയേയും ആശ്രയിച്ച് ആയിരിക്കണം.

മാപ്പ് ചിത്രീകരണ സമയത്ത് നമുക്ക് പല സൂചനകളും ഉപയോഗപ്പെടുത്താം. ഉദാ:- നാം കാണുന്ന പച്ച നിറഞ്ഞ പ്രദേശങ്ങളിൽ കൂടുതൽ പ്രകാശമുള്ളതും പ്രകാശം കുറഞ്ഞതുമായ ഭാഗങ്ങൾ ദൃശ്യമാണെങ്കിൽ അത് ഒരു പ്രകൃത്യാ ഉള്ള വനമാണ് എന്നും, മറിച്ച് ഒന്നുകിൽ പ്രകാശം കൂടിയതോ അല്ലെങ്കിൽ പ്രകാശം കുറഞ്ഞ ഭാഗങ്ങളോ മാത്രം ആണെങ്കിൽ

അതൊരു മനുഷ്യ നിർമ്മിത വനപ്രദേശമാണെന്നും ഊഹിക്കാം. ഇത് കൂടാതെ അത് ഒരു നിത്യഹരിത വനപ്രദേശമാണെങ്കിൽ അതിന് ഒരു ഇരുണ്ട പച്ച നിറമായിരിക്കും. മറിച്ച് ഒരിലപൊഴിയും വനമാണെങ്കിൽ ഒരു ഇളം പച്ച നിറമായിരിക്കും. ചിലപ്പോൾ ഒരു വനത്തിലെ വളരെ കൂടുതലായി കാണപ്പെടുന്ന ഒരു മരത്തിന്റെ പുഷ്പിത കാലമോ, ഇല പൊഴിക്കുന്ന കാലമോ ഒക്കെ നോക്കി അത് ഏതുതരം വനമെന്ന് തിരിച്ചറിയുവാൻകഴിയും. കൂടാതെ ചില പ്രത്യേക മരങ്ങളെ അടുത്തു നിന്ന് തിരിച്ചറിഞ്ഞാൽ അതേ മരങ്ങൾ കൂടുതലായി ഉൾപ്പെടുന്ന വനങ്ങളെ ഒരേ വിഭാഗത്തിൽ പെടുത്താം. ഇങ്ങനെയുള്ള അനുമാനങ്ങൾ പിന്നീട് സമയത്തിന്റെ ലഭ്യത അനുസരിച്ച് സംഘാംഗങ്ങൾ സന്ദർശിച്ച് ശരിവെയ്ക്കുകയും ചെയ്യാം. മേൽപറഞ്ഞ സൂചനകൾ മാപ്പ് ചിത്രീകരണത്തിന്റെ വേഗതയേയും സൂക്ഷ്മതയേയും സഹായിക്കും.

## 6.9 പഠന സംഘം ശ്രദ്ധിക്കേണ്ട ചില നുറുങ്ങുകൾ

1. പഠന സ്ഥല സന്ദർശനത്തിന് മുമ്പ് പഠന സംഘത്തിലെ അംഗങ്ങൾ തമ്മിൽ ചില പരീക്ഷണ അഭിമുഖങ്ങൾ നടത്തണം. കാര്യങ്ങൾ ശരിയായി ചർച്ച ചെയ്തു മനസ്സിലാക്കുക (പ്രാരംഭ പരിശീലനം കൂടാതെ ഒരിക്കലും പഠന സ്ഥലത്ത് പോകരുത്).

2. പഠന സ്ഥലത്തു നിന്നും പഠനത്തിന് അനുയോജ്യമായ വിവരങ്ങൾ തരുവാൻ കഴിവും മനസ്സുമുള്ള ഒരു കൂട്ടം ആളുകളെ കണ്ടെത്തുക (നമ്മൾകണ്ടുമുട്ടുന്ന ആരെയെങ്കിലും തിരഞ്ഞെടുക്കാതിരിക്കുക).

3. അഭിമുഖം നടത്തുമ്പോൾ നമ്മൾ കണ്ടെത്തിയ സംഘത്തിൽ നിന്നും യാതൊരു മുൻവിധിയുമില്ലാതെ വേണം ആളുകളെ തിരഞ്ഞെടുക്കുവാൻ (Random Selection) (നിങ്ങളോട് സഹകരിക്കും എന്നുള്ള മുൻധാരണയോടുകൂടി ആളുകളെ തിരഞ്ഞെടുക്കാതിരിക്കുക).

4. വിശ്വസിക്കാവുന്നതും, ഉത്തരവാദിത്തവുമുള്ള ഒരാളായിട്ടുവേണം അഭിമുഖ കർത്താവിനെക്കുറിച്ച് ഉത്തരദാതാക്കൾക്ക് തോന്നുവാൻ (വിവരദാതാക്കളോടിടപെടുമ്പോൾ ഒരിക്കലും നമ്മൾ അശ്രദ്ധയോടെ കാര്യഗൗരവമില്ലാതെ പെരുമാറാതിരിക്കുക).

5. നമ്മുടെ പഠനത്തിനാവശ്യമുള്ള ചില മാതൃകാ ചോദ്യങ്ങൾ ചോദിച്ച് ആ ചോദ്യങ്ങളുമായി അവരെ പരിചയപ്പെടുത്തിയ ശേഷം മാത്രം വേണം അവരുടെ പങ്കിനെപ്പറ്റി അവരെ ബോധ്യപ്പെടുത്താൻ. (നിങ്ങളുടെ ലക്ഷ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മറ്റും അനാവശ്യമായി പറയാതിരിക്കുക).

6. ഉത്തരദാതാവിന് വിവരങ്ങൾ തരുന്നതിന് വേണ്ട സാഹചര്യം നാം ഒരുക്കിയെടുക്കുകയും അവരുടെ ഭയം, ലജ്ജ ഇവ പതുക്കെ ഇല്ലാതാക്കുകയും ചെയ്യുക (പെട്ടെന്ന് തയ്യാറെടുപ്പില്ലാതെ അഭിമുഖം ആരംഭിക്കാതിരിക്കുക).

7. അഭിമുഖത്തിനിടയിൽ അവരുടെ സംഭാഷണങ്ങൾ വളരെ ശ്രദ്ധയോടെ കേൾക്കുകയും അവരുടെ ഭാവപ്രകടനങ്ങൾ ശ്രദ്ധിക്കുകയും വേണം. (സമീപനത്തിൽ സ്ഥിരതയില്ലാതെ ഇരിക്കുക, അശ്രദ്ധ കാണിക്കുക , അനാവശ്യ സംഭാഷണങ്ങൾ നടത്തുക, എന്നിവ ഒഴിവാക്കുക. ഉത്തരദാതാക്കളുടെ തെറ്റുകളെ പറ്റി അവരെ മനസ്സിലാക്കാതിരിക്കുക).

8. ഉത്തരദാതാവിന്റെ താൽപര്യത്തെക്കുറിച്ച് ശരിയായി മനസ്സിലാക്കുകയും അത് ഉയർത്താനായി അവരെ കരുതലോടെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക (ചോദ്യങ്ങൾ ഒരിക്കലും യാന്ത്രികമാവരുത്).



അദ്ധ്യായം 7

# പഠന സ്ഥലം തെരഞ്ഞെടുക്കൽ

പഠന സ്ഥലം തിരഞ്ഞെടുക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. **പഠന മാർഗ്ഗങ്ങൾ**

   a. രംഗ നിരീക്ഷണ യാത്ര

   b. വ്യക്തിപരമായ അഭിമുഖങ്ങൾ

2. **പ്രസിദ്ധീകൃതമായ വിവരണങ്ങൾ**

നമുക്ക് ഏതൊരു സ്ഥലത്തെക്കുറിച്ചും കാര്യങ്ങളെക്കുറിച്ചും പ്രസിദ്ധീകൃതമായ പല വിവരങ്ങളും ഇന്ന് ലഭിക്കും. ഇതുപയോഗിച്ച് പഠന സ്ഥലം വേണമെങ്കിൽ തെരഞ്ഞെടുക്കാം. പക്ഷെ പഠന സ്ഥലം തിരഞ്ഞെടുക്കുവാൻവേണ്ടി കൂടുതൽ സമയം ചിലവഴിക്കരുത്. അതേ സമയം ശ്രദ്ധിക്കേണ്ട ഒരു കാര്യം തിരഞ്ഞെടുക്കുന്ന സ്ഥലം അത്ര ബുദ്ധിമുട്ടില്ലാതെ നമുക്ക് എത്തിച്ചേരാനും ഇടപെടാനും പറ്റിയതായിരിക്കണം. പ്രസിദ്ധീകൃതമായ വിവരണങ്ങളിൽ താഴെ പറയുന്നവയാണ് പ്രധാനമായും ആവശ്യമുള്ളത്.

1. മാപ്പുകൾ
2. ജനസംഖ്യ റിപ്പോർട്ടുകൾ
3. ജില്ലാ ഭൗമ ശാസ്ത്ര വിജ്ഞാന ഗ്രന്ഥം (റശൈ. ഏമ്വലരേലൃ)

## തയ്യാറെടുപ്പ് (Home work)

പഠനത്തിന് സാധ്യതയുള്ള ഗ്രാമങ്ങളുടെ ഒരു പട്ടിക ആദ്യം തയ്യാറാക്കുക. പഠന സ്ഥലം തിരഞ്ഞെടുക്കുന്ന അവസരത്തിൽ ആ സ്ഥലത്തെ സംബന്ധിച്ച പ്രധാനപ്പെട്ട വിവരങ്ങൾ, ഉദാ: അവിടുത്തെ ജനസംഖ്യ, അവിടുത്തെ പരിസ്ഥിതി വിവരങ്ങൾ, ജനങ്ങളുടെ തൊഴിൽ, കാർഷിക വിപണന സ്ഥലം തുടങ്ങിയവയെക്കുറിച്ച് പ്രസിദ്ധീകൃതമായ വിവരങ്ങൾ ശേഖരിക്കണം.

## പഠന മേഖല തെരഞ്ഞെടുക്കൽ

ആദ്യമായി പഠനത്തിന് വേണ്ടി ഉദ്ദേശിച്ച സ്ഥലത്തെ പ്രധാനപ്പെട്ട ജൈവ ആവാസ വ്യവസ്ഥകൾ – കരപ്രദേശങ്ങളും വയൽപോലെ താണ സ്ഥലങ്ങളും കുന്നുകളും താഴ്വരകളും മറ്റും കണ്ടെത്തുക. ഈ ജൈവ ആവാസ വ്യവസ്ഥകൾ ഉൾപ്പെട്ട എട്ടോ, പത്തോ സ്ഥലങ്ങൾ വിശദമായ പഠനത്തിന് വേണ്ടി തെരഞ്ഞെടുക്കുക. അവയിൽ താഴെ പറയുന്ന ആവാസ ഘടകങ്ങളുടെ ഏറെകുറെ പ്രാതിനിധ്യം ഉണ്ടായിരിക്കണം.

a) കാട്

b) തടാകങ്ങൾ

c) നദികൾ തുടങ്ങിയവ

ആവാസ വ്യവസ്ഥകൾ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടത് അവ പ്രഖ്യാപിത പ്രദേശങ്ങളിലും (നാഷണൽ പാർക്ക്) സംരക്ഷിപ്പെടാത്തപ്രദേശങ്ങളിൽ നിന്നുമായാൽ നന്ന് (കാടുകൾ. മേച്ചിൽ സ്ഥലങ്ങൾ).

വളരെയധികം വികസനം നടന്ന പ്രദേശങ്ങൾ സംരക്ഷിക്കപ്പെടാത്തപ്രദേശങ്ങളിൽ തുടങ്ങിയവയിൽ നിന്നും വീണ്ടും താഴെ പറയുന്ന രീതിയിലുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കണം. ഉദാഹരണത്തിന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും ഒറ്റപ്പെട്ടതും ആയ ഗ്രാമ പ്രദേശങ്ങൾ അല്ലെങ്കിൽ പുതുതായി നഗരവത്കരണം നടന്ന സ്ഥലം.ഇത് കൂടാതെ സന്നദ്ധസംഘടനകളോ മറ്റൊ പരിസ്ഥിതി പ്രവർത്തനം നടത്തുന്ന മേഖലകൾ, ജനപങ്കാളിത്തം മൂലം പരിസ്ഥിതി മേന്മ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങൾ തുടങ്ങിയവ.

മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങളും കണക്കിലെടുത്തതിന് ശേഷം അനുയോജ്യമായ ഗ്രാമങ്ങളുടെ ഒരു സമുച്ചയം പഠനസംഘത്തിന് കണ്ടെത്താം.

പഠന മേഖലകൾ കണ്ടെത്തിയാൽ പിന്നീട് ആ സ്ഥലത്തെ അദ്ധ്യാപകർ, പൊതു ആരോഗ്യപ്രവർത്തകർ പോസ്റ്റ്മാൻ മുതലായ ആളുകളുമായി ബന്ധപ്പെടുക. അവരുടെ സഹായത്തോടെ പഠനത്തിന് തികച്ചും അനുയോജ്യമായ ഒരു ഗ്രാമം തെരഞ്ഞെടുക്കുക

## തെരഞ്ഞെടുപ്പിന്റെ മാനദണ്ഢം

ഒരു പഠനസ്ഥലം തെരഞ്ഞെടുക്കുമ്പോൾ ഏറ്റവും അനുയോജ്യമായ സ്ഥലം എന്ന് പറയുന്നത്.

a) കുറഞ്ഞത് 200 കുടുംബങ്ങളെങ്കിലും അടങ്ങുന്ന ഒരു ഗ്രാമമോ, ഗ്രാമ സമുച്ചയമോ ആകണം.

b) ആ സ്ഥലത്ത് കുറച്ച് പ്രകൃത്യാഉള്ള ആവാസ

വ്യവസ്ഥകളും കുറഞ്ഞത് 10 വിവിധ തരത്തിലുള്ള ഉപയോക്താക്കളുടെ കൂട്ടവും വേണം.

c) സ്ഥലം തെരഞ്ഞടുക്കുന്നതിന് രണ്ട് തരത്തിലുള്ള സമീപനം ആകാം.

**a). ഭൂദൃശ്യ ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള സമീപനം**

ഉദാ: നമുക്ക് താൽപര്യമുള്ള പഠന സ്ഥലത്തെ ഒരു തടാകമോ, ഒരു വനപ്രദേശമോ തെരഞ്ഞെടുത്തു, അത് വിനിയോഗിക്കുന്ന വിവിധ സാമൂഹ്യ ഘടകങ്ങളെ കണ്ടെത്തുക. റിപ്പോർട്ട് പ്രകാരമോ, അല്ലെങ്കിൽ കുടുംബങ്ങളുടെ എണ്ണം നേരിട്ടോ കണക്കിലെടുത്തതിന് ശേഷം 200300 കുടുംബങ്ങളെ ഉൾകൊള്ളിക്കത്തപോലെ ആവശ്യത്തിന് ഗ്രാമങ്ങളോ ഗ്രാമത്തിന്റെ ഒരു ഭാഗമോ തിരഞ്ഞെടുക്കുക.

**b) സമൂഹത്തെ ആസ്പദമാക്കിയുള്ള സമീപനം**

200-300 കുടുംബങ്ങളെ തിരഞ്ഞെടുത്തതിന് ശേഷം അവർ വളരെയധികം ഉപയോഗപ്പെടുത്തുന്ന LSE's കണ്ടെത്തി അവ ഉൾപ്പെട്ട് സ്ഥലം തെരഞ്ഞെടുക്കുക. ഉദാഹരണത്തിന് മഹാരാഷ്ട്രയിലെ ജൈവവിധ്യത്തെപ്പറ്റി അന്വേഷിക്കുകയും നിരന്തരം പഠനം നടത്തുകയും ചെയ്ത ഒരു സംഘടനയുടെ പേരാണ് റാൺവ. അവർ തിരഞ്ഞെടുത്ത ഒരു പഠന സ്ഥലമാണ് ഫാൺസാദ് Wildlife Sanctury അവിടെ മുമ്പ് അവർ തന്നെ പഠനം നടത്തിയപ്പോൾ 8 തരത്തിലുള്ള ഉപയോക്താക്കളുണ്ടായിരുന്നു. 1. വേട്ടക്കാർ, 2, ആശാരിമാർ, 3. നാട്ടുവൈദ്യൻമാർ. 4, വനസസ്യങ്ങൾ ശേഖരിക്കുന്നവർ 5, തേൻ ശേഖരിക്കുന്നവർ 6, വിറക് ശേഖരിക്കുന്നവർ, 7, ഇടയന്മാർ, 8. പച്ചിലശേഖരിക്കുന്നവർ തുടങ്ങിയവർ. മൊത്തം 65 കുടുംബങ്ങളായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. ഗ്രാമവാസികളെല്ലാം വളരെ സഹകരിക്കുന്നവർ ആയിരുന്നു. പിന്നീട് ഒരു ജൈവവൈവിധ്യ രജിസ്റ്റർ ഒരുക്കുവാൻ പറ്റിയ ഒരു ഗ്രാമം അന്വേഷിക്കുമ്പോൾ സുപ്പിഗോ എന്ന സ്ഥലം പഠനത്തിന് ഏറ്റവും അനുയോജ്യമെന്ന് കണ്ട് അവർ ആ സ്ഥലം അതിനുവേണ്ടി തിരഞ്ഞെടുത്തു. സമൂഹത്തെ ആസ്പദമാക്കിയുള്ള ഒരു സമീപനമാണ് റാൺവ ആ സ്ഥലം തെരഞ്ഞെടുക്കുമ്പോൾ ഉപയോഗിച്ചത്. പ്രാദേശിക ഉപയോക്താക്കൾ 16 ഭൂദൃശ്യ ഘടകങ്ങളാണ് ഇവിടെ നിന്നും തെരഞ്ഞെടുത്തുതെങ്കിലും ശാസ്ത്രീയമായി 9 തരം മാത്രമെ കണ്ടുപിടിക്കാനായുള്ളു.

## പഠന പരിപാടിക്കുള്ള അജണ്ട

1. പദ്ധതി പരിപാടികളെപ്പറ്റിയുള്ള പഠന സംഘത്തലവന്റെ അവതരണവും പഠനത്തെക്കുറിച്ച് ആഴത്തിലുള്ള മനസ്സിലാക്കൽ, തുടർന്ന് വിശദമായ അന്വേഷണവും ചർച്ചകളും മെച്ചപ്പെടുത്തൽ.

2. പരിശീലന മുറകൾ: അപരിചിതത്വം ഇല്ലാതാക്കൽ, ഭൂപട ചിത്രീകരണം, ജനുസ്സുകളെയും LSE's നേയും പറ്റി പഠിക്കൽ, പരിചയമാകൽ സാങ്കേതിക വാക്കുകൾ (ഉദാ. സസ്യശാസ്ത്ര നാമങ്ങൾ) പഠിക്കൽ.

3. അഭിമുഖങ്ങൾ, സംഘചർച്ചകൾ, ഗ്രാമസഭ, വിവരശേഖരണം തുടങ്ങിയവയുടെ അരങ്ങേറ്റം

4. പ്രധാനപ്പെട്ട ജനുസ്സുകളുടെ ശാസ്ത്രീയ പഠനങ്ങൾ, ജനുസ്സുകളെ തിരിച്ചറിയാനുള്ള പ്രസിദ്ധീകരണങ്ങൾ സ്വായത്തമാക്കൽ, വർഗ്ഗീകരണത്തെ സംബന്ധിച്ച ക്ലാസ്സുകൾ



അദ്ധ്യായം 8

# ഗ്രാമീണരെ സമീപിക്കലും വിശ്വാസ്യത നേടലും

സാമൂഹ്യമായോ സാമ്പത്തികമായൊ രാഷ്ട്രീയ പരമായൊ മുന്നിൽ നിൽക്കുന്നവർ അല്ലെങ്കിൽ അദ്ധ്യാപകർ, പോസ്റ്റ്മെൻ, സർക്കാരിതര സംഘടനകൾ എന്നിങ്ങിനെ ഗ്രാമത്തിൽ നല്ല സ്വാധീനമുള്ള വ്യക്തികളിലൂടെയോ സംഘടനകളിലൂടെയോ ആയിരിക്കണം, പഠനസംഘം ഗ്രാമവാസികളുമായി പരിചയപ്പെടുവാൻ. വർഷത്തിൽ ഏത് സമയത്താണ് അവിടെ ജനങ്ങൾ തൊഴിലിൽ കൂടുതൽ ഏർപ്പെടുന്നത്, തൊഴിലിന്റെ സ്വഭാവം ഗ്രാമവാസികളല്ലാത്തവരുമായി പ്രാദേശിക വാസികളുടെ മുൻപരിചയം തുടങ്ങിയവയെക്കുറിച്ചുള്ള അറിവ് സംഘാംഗങ്ങൾക്ക് അവരുമായി ഇടപെഴകുന്നതിന് കൂടുതൽ സഹായിക്കും. ഈ പ്രക്രിയയിൽ താഴെ പറയുന്ന ഏതെങ്കിലുമൊ അല്ലെങ്കിൽ എല്ലാമൊ ഉൾപ്പെടുത്തുക.

1. ഗ്രാമത്തിലേക്കും ഭൂദൃശ്യ ഘടകങ്ങളിലേക്കും ഒരു പ്രാരംഭ രംഗ നിരീക്ഷണ യാത്ര

2. പ്രാദേശിക നേതാക്കന്മാരുമായി അനൗദ്യോഗിക സംഭാഷണങ്ങൾ

3. സംഘചർച്ചകൾ (1. പഠനസംഘാംഗങ്ങൾ തമ്മിലും 2. ഗ്രാമവാസികളുമായും)

4. വാസസ്ഥലങ്ങളുടെ ചിത്രീകരണം.

5. ഗ്രാമവാസികളുമായി ഒരുമിച്ച് ചേർന്നുള്ള പഠന സ്ഥലം സന്ദർശിക്കൽ

*പ്രാഥമിക ഘട്ടത്തിലെ ലക്ഷ്യങ്ങൾക്ക് രണ്ട് തലമാണുള്ളത്.*

ഒന്ന് പ്രാദേശിക സാഹചര്യങ്ങളെ മനസ്സിലാക്കുകയും ഗ്രാമവാസികളുമായി നല്ല ബന്ധം സ്ഥാപിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുക.

രണ്ട് പ്രാദേശിക വാസികളിലെ ഉപയോക്താക്കളേയും ജൈവവൈവിധ്യത്തെപറ്റി അറിവുമുള്ള ആളുകളെ കണ്ടെത്തുകയും അവരുമായി നല്ല ഒരു ബന്ധം സ്ഥാപിക്കുകയും ചെയ്യുക.

*ഇവിടെ നമ്മൾ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ ചില കാര്യങ്ങൾ താഴെ പറയുന്നു.*

1. കഴിവതും പ്രദേശ വാസികൾ മുഖേന മാത്രം പഠനസംഘം ഗ്രാമ വാസികളുമായി പരിചയപ്പെടുക (പഠന സംഘത്തിന് സൗകര്യമുള്ള രീതി മാത്രമല്ല നമ്മൾ നോക്കേണ്ടത്)

3. വാക്കുകൾ കരുതലോടെ ഉപോയോഗിക്കുക, ആവശ്യമില്ലാത്ത സംഭാഷണങ്ങൾ കഴിവതും ഒഴിവാക്കുക. പ്രായമുള്ളവരെ ബഹുമാനിക്കുക, ഗ്രാമവാസികളുടെ പൊതുവായ രീതികളുമായി പൊരുത്തപ്പെട്ടുപോവുന്ന തരത്തിലായിരിക്കണം പഠനസംഘത്തിന്റെ രീതികൾ. ഗ്രാമത്തിന്റെ ആദർശത്തിനോ, നീതി ശാസ്ത്രത്തിനോ എതിരായോ, മതത്തിനെതിരായോ ഒന്നും പ്രവർത്തിക്കാതിരിക്കുക, കൂടുതൽ മതഭക്തിയുള്ളതായി നടിക്കാതിരിക്കുക.

4. നന്നായി പെരുമാറുക, കഴിവതും, ഹ്രസ്വസംഭാഷണങ്ങൾ നടത്തുക. (ദീർഘ സംഭാഷണങ്ങൾ നടത്തി ആളുകളെ ബുദ്ധിമുട്ടിക്കാതിരിക്കുക.

5. പഠന സ്ഥലങ്ങളെപ്പറ്റിയുള്ള അറിവും, സംസ്കാരവും വീക്ഷണവും ഗ്രാമവാസികളുമായി പങ്കുവെയ്ക്കുക. (നമ്മുടെ വീക്ഷണങ്ങളും സംസ്കാരവും രീതിയും മറ്റും മാത്രം കൂടുതൽ മുൻഗണന കൊടുത്ത് സംസാരിക്കാതിരിക്കുക)

6 വളരെ സൗഹൃദപരവും അനൗദ്യോഗികവുമായ ബന്ധങ്ങൾ സൃഷ്ടിക്കുക. പ്രാദേശികമായ പ്രശ്നങ്ങളിൽ ഒന്നും ഇടപെടാതിരിക്കുക.

ഗ്രാമത്തിന്റെ എല്ലാ തട്ടുകളിൽ നിന്നുമായുള്ള ഉത്തരവാദിത്തപ്പെട്ട മിക്ക ആളുകളുമായി കണ്ടുമുട്ടുകയും അവരുമായി നല്ല ബന്ധം സ്ഥാപിക്കുകയും ചെയ്യുക. ഭുപട ചിത്രീകരണം പോലുള്ള ലളിതമായ മാർഗ്ഗങ്ങൾ ഉപയോഗിക്കുകയും ജനങ്ങളെ അതിൽ പങ്കാളികളാക്കുകയും ചെയ്യണം.ഗ്രാമത്തിന്റെ പൊതുവായ ഘടനയും, വിവരണവും കണ്ടെത്തുക. കൂടാതെ, ജൈവസമ്പത്തിന്റെ ആവശ്യകതകളുടെ അടിസ്ഥാനത്തിൽ ഗ്രാമവാസികളെ തിരിച്ചറിയുകയും ചെയ്യുക. ജനങ്ങളുമായി അടുത്തിടപെഴകുന്നതിന് പറ്റിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുക. പ്രദേശവാസികളുമായി ഒരു സൗഹൃദ അന്തരീക്ഷം ഉണ്ടാക്കാനും അവരുടെ രീതികൾ തുടരാനും അവരുമായി സംഭാഷണങ്ങൾ നടത്തു

ന്നത് നന്നായിരിക്കും. നമ്മുടെ യുക്തിക്കനുസരിച്ച് നല്ല രീതിയിലുള്ള ബന്ധങ്ങൾ സൃഷ്ടിക്കുക.നമ്മുടെ പഠനോദ്ദേശം അവരെ വ്യക്തമായി മനസ്സിലാക്കി കൊടുക്കുകയും ചെയ്യുക.

## നമ്മുടെ ഉദ്ദേശം

നമ്മുടെ ഉദ്ദേശം ഒരിക്കലും അവർക്കുള്ള അറിവ് സ്വാർത്ഥമായ ഉദ്ദേശത്തോടെ പകർന്നു എടുക്കുകയെന്നുള്ളതല്ല. മറിച്ച് ഈ അറിവ് ഉപയോഗിച്ച് നിയമങ്ങളിലും, നയപരമായ കാര്യങ്ങളിലും മറ്റും എന്തെങ്കിലും മാറ്റം വേണമെങ്കിൽ അവ നടപ്പിൽ വരുത്തുന്നതിന് ബന്ധപ്പെട്ടവരെ പ്രോത്സാഹിപ്പിക്കുക എന്നതും ഗ്രാമത്തിൽ ദൂരവ്യാപകമായ മാറ്റങ്ങളും പ്രകടമായ നേട്ടങ്ങളും കൊണ്ടുവരുവാനുള്ള പ്രവർത്തനങ്ങളിൽ മുന്നിൽ നിൽക്കുന്നവർക്ക് പങ്കുവെക്കുകയും ചെയ്യുക എന്നതാണ്.

2. പ്രാദേശിക വാസികൾ മുൻഗണന കൊടുക്കുന്ന കാര്യങ്ങൾ മനസ്സിലാക്കുക.

3. ജൈവസംരക്ഷണത്തിലൂന്നിയുള്ള പുരോഗതിയിലേക്കുള്ള ഗ്രാമവാസികളുടെ പദ്ധതികൾ എങ്ങിനെ നടപ്പിൽ വരുത്താംയെന്നുള്ള കാര്യം ബന്ധപ്പെട്ടവരുമായി ചർച്ചചെയ്യുകയും നടപ്പിൽ വരുത്താൻ ശ്രമിക്കുകയും ചെയ്യുക.

4. പ്രാദേശിക അറിവു ശേഖരണവും അതിനുതക്കതായ അംഗീകാരവും പ്രതിഫലവും നൽകുകയും ചെയ്യുക.

## ഗ്രാമം, ഭൂദൃശ്യ അറിവു ശേഖരണം, ജനുസ്സുകൾ: ഏകദേശ രൂപവും വിവരണവും

ഗ്രാമവാസികളുമായി ഒരിക്കൽ ഒരു നല്ല ബന്ധം സ്ഥാപിച്ചെടുത്ത് കഴിഞ്ഞാൽ പിന്നീട് നാം ചെയ്യേണ്ടത് അവിടുത്തെ ആവാസവ്യവസ്ഥകളെയും ജൈവസമ്പത്തിനെയും പറ്റിയുള്ള വിവരശേഖരണത്തിൽ അവരെയും പങ്കെടുപ്പിക്കുക എന്നതാണ്.അഭിമുഖങ്ങൾ, സ്ഥലങ്ങളെ പറ്റിയുള്ള പഠനം, ഗ്രാമസഭ, ഭൂപട ചിത്രീകരണം മുതലായവയാണ് പ്രയോജനകരമായ ആദ്യമാർഗ്ഗങ്ങൾ. ഇവ കൂടാതെ ഭൂവിഭാഗത്തെക്കുറിച്ചുള്ള പ്രസിദ്ധീകരണങ്ങൾ(Dist. Gazatteers) റിപ്പോർട്ടുകൾ മുതലായവയിൽ കൂടിയും നമുക്ക് വിവരങ്ങൾ ശേഖരിക്കാം.

ഉപയോക്താക്കളുടെ വിവിധ സംഘങ്ങളിൽ നിന്നും ജൈവവൈവിധ്യത്തെ പറ്റി അറിവുള്ള കുറച്ച് വ്യക്തികളെ ആദ്യമായി തിരഞ്ഞെടുക്കണം. അവർക്ക് ഈ പഠനത്തിൽ എങ്ങിനെ പങ്കെടുക്കാം എന്നതിനെ അടിസ്ഥാനപ്പെടുത്തി പഠനപരിപാടികൾ ആസൂത്രണം ചെയ്യുക. അവർ നമുക്ക് വേണ്ടി ഉപയോഗിക്കുന്ന സമയത്തിനും പരിശ്രമത്തിനും അനുസരിച്ച് അവരെ അംഗീകരിക്കുകയോ അവരുടെ സാമ്പത്തിക ഉന്നമനത്തിന് വേണ്ട സഹായം ചെയ്യുകയോ വേണം. പഠന വിവരങ്ങൾ ശേഖരിക്കുവാനായി ഒരു ഫീൽഡ് നോട്ട് ബുക്ക് നമ്മുടെ കൈവശം എപ്പോഴും ഉണ്ടായിരിക്കണം. പെൻസിലോ, ബാൾപെന്നോ ഉപയോഗിച്ച് ഈ നോട്ട് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്താം. ഗ്രാമവാസികളുടേതായ വാക്കുകളിൽ തന്നെ വിവരങ്ങൾ രേഖപ്പെടുത്തുന്നതായിരിക്കും നല്ലത്. മുൻ അദ്ധ്യായങ്ങളിൽ പറഞ്ഞതുപോലെ പഠനസ്ഥല സന്ദർശനം, സംഘചർച്ചകൾ, ഗ്രാമസഭ, അഭിമുഖങ്ങൾ മുതലായവ നടത്തുമ്പോൾ ടേപ്പ് റിക്കാർഡർഉപയോഗിക്കുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും. വിവരശേഖരണത്തിന് ശേഷം സംഘാംഗങ്ങൾ ഒരുമിച്ച് ചേരുകയും കിട്ടിയ വിവരങ്ങൾ ക്രോഡീകരിക്കുകയും ചെയ്യണം. നാട്ടറിവുകൾ ഗ്രാമവാസികൾ തരുന്ന വിവരങ്ങൾ എന്നിവ മാത്രമെ ഈ ബുക്കിൽ രേഖപ്പെടുത്താവൂ. അന്വേഷകന്റെ അഭിപ്രായങ്ങൾ പ്രത്യേകമായി തിരിച്ചറിയത്തക്ക രീതിയിൽ വേറെ രേഖപ്പെടുത്തുകയും വേണം. വിവരം രേഖപ്പെടുത്തുന്നയാൾ സംഘത്തലവനോ അഭിമുഖ. കർത്താവോ ആയിരിക്കരുത്. കാരണം ഉത്തരദാതാവിനും അഭിമുഖകർത്താവിനും ഇടയിലുള്ള സംഭാഷണത്തിന് വിവരം രേഖപ്പെടുത്തൽ ഒരു തടസ്സം ആകരുത്. അതുകൊണ്ട് സംഘത്തിലെ മറ്റൊരാൾ വിവരങ്ങൾ രേഖപ്പെടുത്തുന്നതാണ് നല്ലത്. സംഘത്തലവൻ വേണം ചോദ്യങ്ങൾ ചോദിച്ച് ഗ്രാമവാസികളെ നമ്മുടെ ഉദ്ദേശലക്ഷ്യത്തിലേക്ക് കൊണ്ടുവരുവാൻ.

## ഗ്രാമത്തിന്റെ ഏകദേശ സ്വഭാവ ഘടനയും രൂപവും

ഗ്രാമത്തെക്കുറിച്ച് താഴെ പറയുന്ന അടിസ്ഥാനപരമായ കാര്യങ്ങൾ നമുക്ക് വീടുവീടാന്തരമുള്ള ചർച്ചകളിലൂടെയും പഠനസ്ഥല സന്ദർശനങ്ങൾ മുതലായവ വഴിയും ശേഖരിക്കാം.

ഗ്രാമത്തിലെ ജനസംഖ്യ.

ഗ്രാമത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

ഭരണസംവിധാനം, പുരോഗമനത്തിനുവേണ്ടിയുള്ള ഘടകങ്ങൾ

ഉപയോക്താക്കളുടെ കുടുംബസംബന്ധമായ വിവരങ്ങൾ, എണ്ണം, സ്ത്രീ പുരുഷ അനുപാതം, യുവ

ജനങ്ങൾ, കുട്ടികൾ, ജൈവസമ്പത്തിനെ പറ്റി അറിവുള്ളവരെ ക്കുറിച്ചുള്ള വിവരങ്ങൾ

സാംസ്കാരിക വൈവിധ്യം ഉത്സവങ്ങൾ, ഗ്രാമത്തിന്റെ പ്രവർത്തനങ്ങൾ, അതിന്റെ നേതൃത്വം

വാസസ്ഥലങ്ങളുടെയും ഭൂദൃശ്യഘടകങ്ങളുടെയും ഭൂപടം.

എല്ലാത്തരം ഉപയോക്താക്കളുടെയും വിവിധ തരത്തിലുള്ള പ്രവർത്തനരീതികൾ.

പഠനസ്ഥലത്തിനും ചുറ്റുപാടും ഉള്ള പ്രാദേശിക വാസികൾ ഉപയോഗിക്കുന്ന വിവിധ ഭൂദൃശ്യ ഘടകങ്ങളുടെ പ്രാദേശിക നാമങ്ങൾ

പല ഉപയോക്ത സംഘങ്ങളും സംരക്ഷിച്ചു പോരുന്നതോ അല്ലെങ്കിൽ ഉപദ്രവകരമെന്നോ കരുതുന്ന പ്രധാനപ്പെട്ട ജനുസ്സുക്കളുടെ പ്രാദേശിക നാമങ്ങൾ.

വിവിധ തരം ഭൂദൃശ്യ ഘടകങ്ങളിൽ ഉള്ള വിവിധ തരം ജനുസ്സുക്കളുടെ പദവി, അവയുടെ ലഭ്യത.

വിവിധ തരം ഭൂദൃശ്യ ഘടകങ്ങളുടെ ഉപയോഗാവകാശം.

വിവിധതരം ഉപയോക്താക്കൾ എത്രത്തോളം ഇവ ഉപയോഗിക്കുന്നു എന്നതിന്റെ തോത്.

കുടിയേറ്റക്കാർ കച്ചവടക്കാർ തദ്ദേശവാസികളല്ലാത്തവർ തുടങ്ങിയവർക്ക് പഠനസ്ഥലത്തെ ജൈവസമ്പത്തിൽ ഉള്ള സ്വാധീനം (ഓരോ ഭൂദൃശ്യ ഘടകത്തിലും).

കുട്ടികൾ, സ്ത്രീകൾ, പുരുഷൻമാർ, പ്രായമുള്ളവർ, ചെറുപ്പക്കാർ മുതലായവർക്ക് ജൈവസമ്പത്ത് ശേഖരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിലുള്ള പങ്ക്.

ഉപയോക്താക്കളെ എങ്ങനെ തിരിച്ചറിയാം അല്ലെങ്കിൽ കണ്ടെത്താം ?

ജൈവവൈവിധ്യത്തെ ദൈനംദിനത്തിലുള്ള വിവിധാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവരെ **നമുക്ക് ഉപയോക്താക്കൾ എന്ന പേര് വിളിക്കാം. താഴെ** പറയുന്നവയാണ് ഉപയോക്താക്കളെ തിരിച്ചറിയുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ചില ഘടകങ്ങൾ.

a) ജൈവ ഘടകങ്ങളുടെ ലഭ്യതയും അവ എളുപ്പത്തിൽ ശേഖരിക്കുവാനുള്ള മാർഗ്ഗങ്ങളും.

b) ജൈവ വൈവിധ്യഘടകങ്ങളെ പറ്റിയുള്ള അറിവും അതുപയോഗിക്കാനുള്ള കഴിവും.

c) പഠനസ്ഥലത്തെ വിവിധ വർഗ്ഗങ്ങളിൽ ഉൾപ്പെടുന്ന ആളുകളുടെ സാംസ്കാരിക വൈവിധ്യം.

d) സ്ത്രീക്കാണോ പുരുഷനാണോ വീട്ടിൽ കൂടുതൽ അംഗീകാരം?

e) വ്യക്തിക്കോ ഒരു പ്രത്യേക സമൂഹത്തിനോ വരുമാനമാർഗ്ഗം ഉണ്ടാക്കുവാൻ എന്തെല്ലാം തരത്തിലുള്ള മാർഗ്ഗങ്ങൾ ഉണ്ട് അഥവാ ഏതെല്ലാം തരത്തിൽ ജൈവസമ്പത്ത് വ്യക്തിക്കോ കുടുംബത്തിനോ വരുമാന മാർഗ്ഗം കൊടുക്കുന്നു.

f) ഉപയോക്താക്കളുടെ ജോലിയുടെ ഒരു വർഷ കലണ്ടർ.

g) പ്രാദേശികമായ ജോലിയോടുള്ള അവരുടെ പ്രതിപത്തി

ചിലപ്പോൾ ഒരു പ്രത്യേക ഉപയോക്താക്കളുടെ കൂട്ടത്തിൽ പെടുന്ന ഒരു വ്യക്തി മറ്റൊരു തരം ഉപയോക്താക്കളുടെ കൂട്ടത്തിലെയും അംഗമാകാം. ഉദാ: തേൻ ശേഖരിക്കുന്ന വ്യക്തി ഒരു വർഷത്തിലെ പല സമയങ്ങളിലോ അല്ലെങ്കിൽ ഒരു ദിവസത്തിന്റെ പല മണിക്കൂറുകളിലോ പല ഉപയോക്താക്കളുടെ സംഘത്തിലും ഉൾപ്പെടും. ഉപയോക്താക്കളുടെ കൂട്ടങ്ങളുടെ സങ്കീർണ്ണത താഴെ പറയുന്ന രീതിയിൽ ലഘുവാക്കാം.

1. പ്രദേശവാസികളുടെ വിവിധതരം പ്രവർത്തനങ്ങൾ തിരിച്ചറിയുകയും അതിന്റെ ഒരു പട്ടിക തയ്യാറാക്കുകയും ചെയ്യുക (ഉദാ. തേൻ ശേഖരണം, വിറകു ശേഖരണം, ചെറു സസ്യങ്ങളുടേയും മറ്റും വിഭവങ്ങളുടെയും ശേഖരണം

2. ഇതുപോലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ആളുകളെ തരംതിരിക്കുകയും അവരുടെ എണ്ണം തിട്ടപ്പെടുത്തുകയും ചെയ്യുക. ഇതിനെ ആസ്പദമാക്കി ന്യൂനപക്ഷ ഉപയോക്താക്കൾ, ഭൂരിപക്ഷ ഉപയോക്താക്കൾ എന്നിങ്ങനെ തരം തിരിക്കാം. ഒരു വർഷത്തിലെ മൂന്ന് മാസം ഒരു പ്രത്യേക തരം ജോലിയിൽ ഒരു പ്രത്യേക കൂട്ടം ആളുകൾ ഏർപ്പെട്ടാൽ ആ കൂട്ടത്തെ ഭൂരിപക്ഷ ഉപയോക്താക്കളെന്നും മൂന്ന് മാസത്തിൽ കുറവായി ആ ജോലിയിൽ ഏർപ്പെടുന്നവരെ ന്യൂനപക്ഷ ഉപയോക്താക്കളെന്നും പറയാം. ഉദാ. ഭൂവുടമകളും കൃഷിക്കാരും ഭൂരിപക്ഷഉപയോക്താക്കളുടെ കൂട്ടത്തിലും ചെറുസസ്യങ്ങളും വന വിഭവങ്ങളും ശേഖരിക്കുന്നവർ ന്യൂനപക്ഷഉപയോക്താക്കളുടെ കുട്ടത്തിലും ആകുന്നു.

3. ഭൂരിപക്ഷ ഉപയോക്താക്കളുടെ കൂട്ടത്തിലുള്ള ആൾക്കാർ തമ്മിലുള്ള ബന്ധത്തിന്റെയും അവർക്ക് ന്യൂനപക്ഷ ഉപയോക്താക്കളിലെ ആൾക്കാരുമായുള്ള ബന്ധത്തിന്റെയും തോത് കണക്കാക്കുക. ഇത് വിവിധ ഉപയോക്താക്കളുടെ കൂട്ടത്തിലുള്ള വ്യക്തികളുടെ അനുപാതത്തിന്റെ അടിസ്ഥാനത്തിലാകണം. ഉദാഹരണത്തിന്

- കർഷക തൊഴിലാളികളിൽ പകുതിപേരും NTFP (Non Timber Forest Produce) ശേഖരണം നടത്തുന്നവരായിരിക്കും, അതേസമയം ഭൂവുടമകൾ ഈ തൊഴിലിൽ ഏർപ്പെടുന്നില്ല. അതുകൊണ്ട് NTFP ശേഖരിക്കുന്നവരും തൊഴിലാളികളും തമ്മിൽ നല്ല ഒരു സമ്പർക്കം ഉണ്ടാകും. പക്ഷേ ഭൂവുടമകളും മുകളിൽ പറഞ്ഞ ഉപയോക്താക്കളും തമ്മിൽ ഒരു സഹകരണം ഉണ്ടാകണമെന്നില്ല (ഇങ്ങനെയുള്ള കാര്യങ്ങൾ ശ്രദ്ധിക്കണം).

4. വിവിധ തരത്തിലുള്ള ഉപയോക്താക്കളെ തമ്മിൽ താരതമ്യപ്പെടുത്തുകയും ഒരേ തൊഴിലിൽ അവർ ഏർപ്പെടുന്നുണ്ടെങ്കിൽ അത് എന്തിനു വേണ്ടിയാണെന്നും അല്ല തൊഴിൽ മാറി മാറി ചെയ്യുന്നു എങ്കിൽ അത് എന്തുകൊണ്ട് ആണെന്നും മനസ്സിലാക്കുക. പ്രാധാന്യം അനുസരിച്ച് ഇങ്ങനെ ഭൂരിപക്ഷ ഗ്രൂപ്പിനെയും ന്യൂനപക്ഷ ഗ്രൂപ്പിനെയും തരംതിരിക്കുക. ഉദാഹരണത്തിന് കർഷക തൊഴിലാളികൾ കുട്ടനെയ്ത്ത് തൊഴിലിൽ ഏർപ്പെടാത്തത് അത് നെയ്യാനുള്ള കഴിവില്ലായ്മയോ അറിവില്ലായ്മയോ കൊണ്ടായിരിക്കാം. അവർ നഗരങ്ങളിൽ കുടിയേറാത്തത് അവസരങ്ങൾ അവർക്ക് ലഭിക്കാത്തതു കൊണ്ടായിരിക്കാം. അതുകൊണ്ട് അവർ സ്ഥിരം കർഷക തൊഴിലാളികളായി മാറുന്നു. അവർ ചിലപ്പോൾ NTFP ശേഖരണത്തിൽ ഏർപ്പെടാം. കാരണം അവരുടെ നിത്യവൃത്തിക്കുള്ള വരുമാനക്കുറവും മോശമായ കാലവും കൊണ്ടാവാം. ഒരു കാര്യം ശ്രദ്ധിക്കാനുള്ളത്, ഈ തരംതിരിക്കൽ വളരെ കൃത്യതയോടെ ചെയ്യുവാൻ ഒരിക്കലും സാധിക്കുകയില്ലെന്നതാണ്. ചില കാര്യങ്ങൾ മാത്രം കണക്കിലെടുത്തുകൊണ്ടുള്ള ഒരു ശരാശരി കൃത്യതയുള്ള തരംതിരിക്കൽ നടത്തണമെന്ന് മാത്രം.

5. പഠന സംഘാംഗങ്ങളും നാട്ടിലെ മറ്റ് അറിവുള്ളവരും ചേർന്ന് നടത്തി പഠന നിഗമനങ്ങൾ ശരിവെയ്ക്കുകയോ മാറ്റം വരുത്തുകയൊ ചെയ്തതിന് ശേഷം എല്ലാ വിഭാഗം ഉപയോക്താക്കളെയും അവരുടെ പരസ്പരാശ്രയത്വമനുസരിച്ച് തരംതിരിക്കാം.

1. അഭിമുഖവും സംഘചർച്ചകളും നടത്തുമ്പോൾ താഴെ പറയുന്ന ഉപഭോക്താക്കളുടെ പ്രതിനിധികളെ ഉൾപ്പെടുത്തണം.

a) ഭൂരിപക്ഷ ഉപയോക്താക്കളുടെ കൂട്ടത്തിൽ മാത്രം പെടുന്നവർ

b) ന്യൂനപക്ഷ ഉപയോക്താക്കളുടെ കൂട്ടത്തിൽ മാത്രം പെടുന്നവർ

c) ഏതെങ്കിലുമൊരു ഭൂരിപക്ഷ ഉപയോക്താക്കളുടെ കൂട്ടത്തിലും രണ്ടോ മൂന്നോ ന്യൂനപക്ഷ ഉപയോക്താക്കളുടെ കൂട്ടത്തിലും ഒരേസമയം ഉൾപ്പെടുന്നവർ

d) രണ്ടോ മൂന്നോ ന്യൂനപക്ഷഉപയോക്താക്കളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നവർ

e) പല ഉപഭോക്താക്കളുടെയും കൂട്ടത്തിൽപ്പെട്ടവർ അതായത് ഭൂരിപക്ഷത്തിന്റെയും ന്യൂനപക്ഷത്തിന്റെയും കൂട്ടത്തിൽപ്പെടുന്നവർ

വ്യക്തിഗത അഭിമുഖങ്ങളിലും, വീടുവീടാന്തരമായുള്ള അഭിമുഖങ്ങളിലും നമ്മൾ ഓരോ വീട്ടിലേയും ഓരോ അംഗങ്ങളുടെയും ഉപയോക്താവ് എന്നുള്ള പദവി അല്ലെങ്കിൽ ഏത് ഉപയോക്താക്കളുടെ കൂട്ടത്തിൽപ്പെടുന്നവരാണ് എന്ന കാര്യം ശ്രദ്ധയോടെ പ്രത്യേകം രേഖപ്പെടുത്തണം, ഉദാഹരണത്തിന് ഒരു വീട്ടിലെ ഗൃഹനാഥൻ ഒരു നാട്ടുവൈദ്യനും, മകൻ മീൻ പിടുത്തക്കാരനും ആകാം. ( വിവിധതരം വിഭവങ്ങൾ, ഉപയോഗിക്കുന്നവർ) അല്ലെങ്കിൽ വീട്ടുകാർ മുഴുവനും മീൻപിടുത്തക്കാരാകാം, (ഒരെ തരത്തിൽ ഉള്ളവിഭവങ്ങൾ ഉപയോഗിക്കുന്നവർ) ഇവരോട് ഔഷധസസ്യത്തിന്റെ ആവശ്യകതയെപ്പറ്റി ചോദിച്ചാൽ രണ്ടുകൂട്ടരും രണ്ട് തരത്തിലായിരിക്കും ഉത്തരം നൽകുക.

പഠനത്തിന്റെ ഉദ്ദേശം അനുസരിച്ച് വിവിധ ഉപയോക്താക്കളെ ഒരുമിപ്പിച്ചോ, പ്രത്യേകം പ്രത്യേകമായോ അഭിമുഖം നടത്തണം. ഉദാ. കർഷകരുടെ കാഴ്ചപാടുകളെ കുറിച്ചാണ് അറിയേണ്ടതെങ്കിൽ ഗ്രാമത്തിലെ എല്ലാ വിഭാഗം ആളുകളെയും ഉൾപ്പെടുത്താം. പക്ഷെNTPF തൊഴിലാളികളുടെ കാഴ്ചപാട് മാത്രമാണ് അറിയേണ്ടതെങ്കിൽ ഗ്രാമത്തിലെ കർഷകരിൽ ഒരു ചെറിയ ഭാഗം ആൾക്കാരെ മാത്രം ഉൾപ്പെടുത്തിയാൽ മതിയാകും. ഇത് താഴെ പറയുന്ന ഉദാഹരണത്തിലൂടെ കൂടുതൽ വ്യക്തമാക്കാം.

**മരപ്പണി ജോലിയിൽ ഏർപ്പെടുന്നവരും കള്ള്ചെത്തുന്ന ജോലിയിൽ ഏർപ്പെടുന്നവരും തമ്മിലുള്ള അഭിപ്രായ ഭിന്നത.**

ഒരു പഠന സംഘം 50വ്യക്തികളെ തെരഞ്ഞെടുത്തിട്ട് ഒരു പ്രത്യേക പന സംരക്ഷിക്കുവാൻ താൽപര്യമുണ്ടോ എന്ന് ചോദിച്ചപ്പോൾ 45 പേർ അത് മുറിക്കുന്നതിനോടും 5 പേർ അത് സംരക്ഷിക്കുന്നതിനോടും താൽപര്യം കാണിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പനയ്ക്ക് അവിടെ സംരക്ഷണ പരിഗണന തീരെ ഇല്ല. എന്ന നിഗമനത്തിൽ സംഘം എത്തിച്ചേരുന്നു. പക്ഷെ, ഒരു പ്രധാനപ്പെട്ട ഘടകം സംഘം കണക്കിലെടുത്തില്ല എന്ന് പിന്നീട് അവർക്ക് മനസ്സിലായി. അതായത് ഉപയോക്താക്കളുടെ തൊഴിൽ വ്യത്യാസം സംഘം മനസ്സിലാക്കിയില്ലായിരുന്നു. മരംമുറിക്കുന്നതിനോട് അനുകൂലമായി അഭിപ്രായപ്പെട്ടവർ മരപ്പണിക്കാരും സംരക്ഷിക്കണമെന്നാവശ്യപ്പെട്ടവർ കള്ള്ചെത്ത് തൊഴിലാളികളും ആയിരുന്നു. 8 വിവിധ തരം ഭൂദൃശ്യ ഘടകങ്ങളിലെ 25 തരം ജനുസ്സുകളിൽപെട്ട വൃക്ഷങ്ങളെ ആശ്രയിക്കുന്നവരായിരുന്നു മരപ്പണിക്കാർ. ആ ജനുസ്സുകളിൽ പനയ്ക്ക് അത്ര പ്രാധാന്യം ഇല്ലായിരുന്നു. തേക്ക് മരങ്ങളെ കൂടുതൽ കാലം കാത്തുസൂക്ഷിച്ചാൽ അവർക്ക് കൂടുതൽ ലാഭം ഉള്ളത് കൊണ്ട് അവർ അതിന് പ്രാധാന്യം നൽകിപോന്നു. കള്ള് ചെത്ത് തൊഴിലാളികൾക്ക് പന അല്ലാതെ വേറൊരു ജീവിതമാർഗ്ഗമില്ല. റിപ്പോർട്ടനുസരിച്ച് പനമുഴുവനും കളഞ്ഞ് വേറെ തടികിട്ടുന്ന മരങ്ങൾ വെച്ചുപിടിപ്പിച്ചാൽ ഈ കള്ള് ചെത്തുന്നവരുടെ (ഈ തരം ഉപയോക്താക്കളുടെ കൂട്ടത്തിന്) വരുമാനമാർഗ്ഗം നഷ്ടപ്പെടും. അതുകൊണ്ട് അഭിമുഖം നടത്തി അഭിപ്രായങ്ങൾ തേടുമ്പോൾ എല്ലാത്തരം ആൾക്കാരെയും ഉൾപ്പെടുത്തുകയും അവരുടെ തൊഴിൽ വ്യത്യാസം നന്നായി മനസ്സിലാക്കുകയും ചെയ്യണം.

## ഭൂപട ചിത്രീകരണം

പഠനോപാധികൾ എന്ന അദ്ധ്യായത്തിൽ ഭൂപട നിർമ്മാണത്തെപ്പറ്റി വിശദമായി പറഞ്ഞിട്ടുണ്ട്. വാസസ്ഥലങ്ങളുടെ ഭൂപടവും ഭൂദൃശ്യഘടകങ്ങളുടെ ഭൂപടവും പ്രഥമ പരിഗണന അർഹിക്കുന്നു. രണ്ടാമതായി. ജൈവസമ്പത്തിന്റെ വിവരണങ്ങളും ഭൂദൃശ്യ ഘടകങ്ങളിലെ മാറ്റങ്ങളെ കുറിക്കുന്ന ഭൂപടവും, ഭൂദൃശ്യഘടകങ്ങളുടെ മുൻഗണനയെ കുറിക്കുന്ന ഭൂപടവും പ്രാധാന്യം അർഹിക്കുന്നു. യഥാർത്ഥത്തിൽ ചിത്രീകരണ പ്രക്രിയ പ്രത്യേകമായി നടത്തിയാൽ മാപ്പ് കൂടുതൽ കുറ്റമറ്റതാകാൻ കഴിയുമെങ്കിലും നമ്മുടെ പഠനത്തോട് ഒപ്പമാണീ ചിത്രീകരണം നടത്തുന്നതെങ്കിൽ അത് വളരെ എളുപ്പമായിരിക്കും. നിരീക്ഷണ സമയം സ്ഥലം കാലം എന്നിവ വളരെ ശ്രദ്ധാപൂർവ്വം തെരഞ്ഞെടുക്കണം. ഒരുപാട് കുടുംബങ്ങളുള്ള ഒരു ഗ്രാമത്തിലെ വാസസ്ഥലങ്ങളുടെ ഭൂപടമാണ് ഉണ്ടാക്കുന്നതെങ്കിൽ അത് രണ്ടാക്കി തയ്യാറാക്കിയാൽ നന്നായിരിക്കും. ആദ്യത്തേത് പഠനസ്ഥലത്ത് കുടിപാർപ്പുകൾ എങ്ങനെ വിന്യസിച്ചിരിക്കുന്നുവെന്നതും രണ്ടാമത്തേത് (ആവശ്യമാണ് എങ്കിൽമാത്രം) ഒരു പ്രധാനപ്പെട്ട കുടിപാർപ്പ് വലുതാക്കി കാണിച്ചാൽ എങ്ങനെയായിരിക്കുമെന്നതും.



അദ്ധ്യായം 9

# പഠനസ്ഥലസന്ദർശനം

## I ജനുസ്സുകളും ഭൂദൃശ്യ ഘടകങ്ങളും ഉൾപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തൽ

പഠന സന്ദർശനരീതികൾ മനസ്സിലാക്കുവാൻ പഠനോപാധികൾ ൃഎന്ന അദ്ധ്യായം പരിശോധിക്കുക. ഇവിടെ ഈ പരിപാടിയുടെ ഉദ്ദേശവും പ്രവർത്തന രീതിയും മാത്രമാണ് പ്രതിപാദിക്കുന്നത്. പ്രാഥമിക സന്ദർശനം കൊണ്ട് ആവാസവ്യവസ്ഥയുടെ ചരിത്രവും വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേകതകളും ജനങ്ങൾ അതിന് നൽകുന്ന മുൻഗണനകളും മറ്റും ഒരു പരിധിവരെ മനസ്സിലാക്കുവാൻ പറ്റും. ഇതിനെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ തുടർന്നുള്ള അദ്ധ്യായങ്ങളിൽ വിശദീകരിക്കുന്നു. കൂടാതെ മറ്റ് വിവരങ്ങൾ ശേഖരിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പ്രക്രിയകകളെക്കുറിച്ചും വിവരിച്ചിട്ടുണ്ട്.

## പഠന സ്ഥല സന്ദർശനം ആസൂത്രണം ചെയ്യൽ

1. ജനങ്ങൾ പല തരത്തിൽ മുൻഗണന കൊടുക്കുന്ന ഭൂദൃശ്യഘടകങ്ങളെയും ജനുസ്സുകളെയും ആദ്യമായി കണ്ടെത്തുക.
2. പഠനസ്ഥലത്തെ പ്രധാനപ്പെട്ട (പഠിക്കുവാൻ പറ്റിയ) സ്ഥലങ്ങൾ തെരഞ്ഞെടുക്കുമ്പോൾ പരിശോധിക്കേണ്ട കാര്യങ്ങൾ : എത്തിചേരുന്നതിനുള്ള ദൂരം, പഠനത്തിന്റെ ഉദ്ദേശം (ഭൂപടചിത്രീകരണമാണോ, ജനുസ്സുകളെക്കുറിച്ച് അറിയാനാണോ വിവരണ ശേഖരണം ശരിവെയ്ക്കാനാണോ തുടങ്ങിയവ)
3. ജൈവവൈവിധ്യത്തെപ്പറ്റി അറിവുള്ള ആൾക്കാരുടെ സാന്നിദ്ധ്യവും അവർക്ക് അനുയോജ്യമായ സമയവും നമ്മൾ കണ്ടെത്തുക. നമ്മുടെ ഓരോ സന്ദർശനത്തിനും കുറഞ്ഞത് ഈ രീതിയിലുള്ള 3 പേരെയെങ്കിലും ഓരോ ഉപയോക്താക്കളുടെ കൂട്ടത്തിൽ നിന്നും തെരഞ്ഞെടുക്കുക.

## ഭൂദൃശ്യ ഘടകങ്ങളെക്കുറിച്ചുള്ള വിവരം ശേഖരിക്കൽ

ഗ്രാമവാസികളുമായി സംസാരിച്ച് കുറഞ്ഞത് 78 തരം ആവാസവ്യവസ്ഥകൾ ഉൾപ്പെടുന്ന 10 മുതൽ 20 വരെ ഭൂദൃശ്യഘടകങ്ങൾ ജനങ്ങൾ നൽകുന്ന മുൻഗണനാടിസ്ഥാനത്തിൽ തിരിച്ചറിയുക. ഓരോന്നിനെപ്പറ്റിയും താഴെ പറയുന്ന ധാരാളം വിഷയങ്ങൾ ഒരാൾക്ക് ശേഖരിക്കാം. പട്ടിക ക്രമത്തിൽ ആ വിവരങ്ങളെ രേഖപ്പെടുത്തുവാൻ പ്രയാസമായിരിക്കും. കാരണം ഏതു വിഷയം എത്രമാത്രം വിവരം എപ്പോൾ തരുമെന്ന് മുൻകൂട്ടി നിശ്ചയിക്കുവാൻ പറ്റില്ല. അതുകൊണ്ട് നോട്ടുകൾ അപ്പോഴപ്പോൾ എഴുതിയെടുത്ത് തയ്യാറാക്കുകയാവും നല്ലത്. പിന്നീട് ഇത് തരംതിരിച്ച് പട്ടിക ക്രമത്തിലോ കമ്പ്യൂട്ടറിലോ ആക്കുകയും ചെയ്യാം. താഴെ അടിവരയിട്ട സൂചനാ പദങ്ങൾ പഠനവിവരങ്ങളെ തരംതിരിക്കുവാൻ പ്രയോജനപ്രദമാണ്.

1. പ്രാദേശിക നാമങ്ങളും പ്രാദേശിക ഭാഷയിൽ അതിന്റെ അർത്ഥമ ശാസ്ത്രീയ പദങ്ങൾ Topsheetൽ നിന്നുമുള്ളത്. ഭൂദൃശ്യ ഘടകങ്ങളുടെ അതിർത്തിയും ഏകദേശരൂപവും സ്ഥാനവും വിസ്തീർണ്ണവും ചർച്ചകളെ അടിസ്ഥാനപ്പെടുത്തി നിർമ്മിച്ച് ഭൂദൃശ്യഘടകങ്ങൾ ചിത്രങ്ങൾ
2. ഭൂദൃശ്യഘടകങ്ങളിൽ മൊത്തത്തിലായോ ഭാഗം ഭാഗമായോ ഉപയോഗിക്കുവാനുള്ള ജനങ്ങൾക്കുള്ള ഉടമസ്ഥാവകാശം, ഗ്രാമവാസികളല്ലാത്തവർ ഉപയോക്താക്കൾ തുടങ്ങിയവർക്ക് LSE ഉപയോഗിക്കാനുള്ള ചട്ടങ്ങൾ, പാരമ്പര്യാവകാശങ്ങൾ പ്രാദേശിക നിയമങ്ങൾ
3. ഭൂഗർഭജലം. ഉപരിതലം, മണ്ണിന്റെ ഘടന ! എന്നിവയെ അടിസ്ഥാനപ്പെടുത്തി ഭൂദൃശ്യഘടകത്തിന്റെ പദവി (കൂടുതൽ കുറവ്, വളരെ കുറവ്)
4. സാമ്പത്തിക പ്രാധാന്യമുള്ള വന്യസസ്യങ്ങൾ, മത്സ്യങ്ങൾ, കിളികൾ, വലിയ സസ്തനികൾ എന്നിവയുടെ വാസസ്ഥലം എ്യന്ന രീതിയിൽ ഭൂദൃശ്യ ഘടകങ്ങൾക്കുള്ള പ്രാധാന്യം
5. LSE യുടെയും ജനുസ്സുകളുടെയും മറ്റും പദവിയിൽ ഉണ്ടായ വ്യത്യാസം LSEയിലുള്ള ഉടമസ്ഥാവകാശം, ഉപയോക്താക്കളുടെ ഉപയോഗക്രമത്തിലുള്ള വ്യത്യാസങ്ങൾ, വിവിധ ആവാസ വ്യവസ്ഥകളുടെ പദവി തുടങ്ങിയ വസ്തുതകളെ അടിസ്ഥാനപ്പെടുത്തി ചരിത്ര സംഭവങ്ങൾക്കനുസരിച്ച് ഭൂദൃശ്യ ഘടകങ്ങളിൽ,ജനുസ്സുകളിൽ മറ്റ് ഘടകങ്ങളിൽ അവയ്ക്കുള്ള സ്വാധീനം.
6. ജൈവ സംരക്ഷണ ഉപയോഗക്രമങ്ങളിലുള്ള ജനങ്ങളുടെ കാര്യനിർവ്വഹണ താൽപര്യങ്ങൾ അതിന് പ്രേരകമായ ഘടകങ്ങൾ. വിവിധ താൽപര്യങ്ങളിലുള്ള അഭിപ്രായഭിന്നതകൾ, അഭിപ്രായ സമന്വയമുള്ള വിഷയങ്ങൾ, ഭാവി പ്രവചനം തുടങ്ങിയവ.

## ജനുസ്സുകളെക്കുറിച്ചുള്ള വിവരം ശേഖരിക്കൽ

പഠനസന്ദർശനത്തിനിടയിൽ ഒരു പ്രത്യേക വിഭാഗത്തിൽ സാധാരണ കാണപ്പെടുന്ന നമ്മൾ പ്രതീക്ഷിക്കുന്ന അല്ലെങ്കിൽ നമ്മൾ അറിയാനിടയായ ജനുസ്സുകളെ പലപ്പോഴും കണ്ടുമുട്ടണമെന്നില്ല. ഇതിന് കാരണം പലതാണ്. ഉദാഹരണത്തിന് സാഹചര്യം, അശ്രദ്ധ സമയം, ക്രമീകരണത്തിലെ പിശക്,ഋതുഭേദം തുടങ്ങിയ നമ്മൾ കണ്ടുമുട്ടാൻ ഇടയില്ലാത്ത പക്ഷെ ഗ്രാമീണർക്ക് പരിചയമുള്ള അല്ലെങ്കിൽ അവർക്ക് വളരെ പ്രാധാന്യമുള്ളതുമായ ജനുസ്സുകളെപറ്റി വിവരങ്ങൾ തരുവാൻ അവരെ പ്രേരിപ്പിക്കുക. വംശനാശം നേരിട്ടുകൊണ്ടിരിക്കുന്ന ജനുസ്സുകളെക്കുറിച്ചുള്ള വിവരങ്ങൾ ചോദിച്ചറിയുക. ഇങ്ങനെയുള്ളവയുടെ ചിത്രങ്ങളോ പോസ്റ്ററുകളോ ഉപയോഗിച്ച് അതിനെക്കുറിച്ച് ജനങ്ങളോട് ചോദിച്ചാൽ കൂടുതൽ പ്രയോജനപ്രദമായിരിക്കും.

വിവിധ ഉപയോക്താക്കൾ ഉപയോഗിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു അൻപതോളം ജനുസ്സിൽപെട്ട് ചെടികളേയും ജന്തുക്കളെയും തിരഞ്ഞെടുക്കുക. പിന്നീട് ഓരോ ജനുസ്സിനെപ്പറ്റിയും താഴെ പറയുന്ന കാര്യങ്ങൾ നോട്ട്ബുക്കിന്റെ ആദ്യത്തെ പേജിലോ അവസാന പേജിലോ എഴുതിയിടണം. എല്ലാ പ്രധാനപ്പെട്ട ജനുസ്സുകളേയും പറ്റിയുള്ള എല്ലാ കാര്യങ്ങളും രേഖപ്പെടുത്താൻ നമുക്ക് സാധിച്ചുവെന്ന് വരില്ല. അങ്ങനെ വരുമ്പോൾ ബാക്കിയുള്ള ജനുസ്സുകളെയും അപ്രധാനമായ കാര്യങ്ങളെയും ഇനം തിരിച്ച് തരം തിരിക്കുക. അതിനുശേഷം പൊതുവായുള്ള മാനദണ്ഡങ്ങൾ ഉപയോഗിച്ച് ആദ്യ ഓരോ ഭാഗങ്ങളായി ഇവയെ തരംതിരിക്കുക. പിന്നീട് ജനുസ്സുകളെ അത് ഉൾപ്പെടുത്താൻ പറ്റിയ വിഭാഗങ്ങളിൽ ഉൾപെടുത്തുക. ജനുസ്സുകളെക്കുറിച്ച് വിവരിക്കുമ്പോൾ താഴെ പറയുന്ന അടിവരയിട്ട വാക്കുകൾ സൂചനാപദങ്ങൾ ആയി ഉപയോഗിക്കാം.

ഇത് നമ്മൾ ശേഖരിച്ച വിവരങ്ങളെ പെട്ടെന്ന് വീണ്ടെടുക്കാനും പട്ടിത ക്രമത്തിൽ ആക്കുവാനും സഹായിക്കും.

1. പ്രാദേശിക നാമം, അതിന്റെ പ്രാദേശിക ഭാഷയിൽ. ശാസ്ത്രനാമം : ജനുസ്സുകളെയും ഭൂദൃശ്യഘടകങ്ങളെയും തിരിച്ചറിയുവാൻ കണക്കിലെടുത്ത സ്വഭാവങ്ങൾ, വിവരങ്ങൾ
2. ചെടിയുടെ/ജന്തുവിന്റെ സ്വഭാവം/പ്രകൃതം. (ചെടിയാണെങ്കിൽ മരമോ, ഔഷധിയോ തുടങ്ങിയവയെന്ന്, മൃഗങ്ങളാണെങ്കിൽ സസ്തനിയോ മത്സ്യമൊ, പക്ഷിയോ എന്ന്)
3. ഒരു പ്രത്യേക ജനുസ്സ് സമൃദ്ധിയായി വളരുന്ന ഘടകങ്ങൾ ഭൂദൃശ്യങ്ങൾ, ആവാസ സ്ഥലങ്ങൾ (ഏറ്റവും നന്നായി കാണപ്പെടുന്നത്) അവിടെ അതിന്റെ പദവി (കുറവ് സാധാരണം, കൂടുതൽ)
4. ഏത് ഉപഭോക്താക്കൾ ഏത് ജനുസ്സുകളുടെ ഏത് ഭാഗങ്ങൾ ഉപയോഗിക്കുന്നു? എങ്ങിനെ ഉപയോഗിക്കുന്നു. ജനുസ്സുകളുടെ ലഭ്യതയ്ക്ക് ്യഎന്തെങ്കിലും നിയമങ്ങളോ ചട്ടങ്ങളോ ഉണ്ടോ?
5. ഒരു വർഷത്തിലെ കാലക്രമത്തിന്റെ വ്യത്യാസമനുസരിച്ച് ജനുസ്സുകളുടെ ലഭ്യത
6. വിപണി ലാക്കാക്കിയുള്ള ജനുസുകളുടെ ഉപയോഗം അതിന്റെ ഉപയോഗങ്ങളുടെ മേന്മ വർദ്ധിപ്പിക്കൽ
7. പ്രാദേശികവാസികൾ വിവിധ ജനുസ്സുകൾക്ക് നൽകിയിട്ടുള്ള മൂല്യം കൂടുതൽ/ അധികം/ കുറവ് ്യഎന്ന രീതിയിൽ കണക്കാക്കുക. ഉദാഹരണത്തിന് പ്രാദേശിക കമ്പോളങ്ങളിൽ

I. ജനുസുകൾക്കുള്ള വ്യാവസായിക മൂല്യം

II. LSE യുടെ ജനുസ്സുക്കളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ചുള്ള തരം തിരിക്കൽ (ഉപജീവനമാർഗ്ഗം പ്രാദേശിക ഉപയോഗം തുടങ്ങിയ മേന്മകൾ അടിസ്ഥാനപ്പെടുത്തിയുള്ള മൂല്യം)

III. മതവും സാംസ്കാരികപരവും, (കലാപരമോ, ആചാരമുറകളോ) ആയ മൂല്യങ്ങൾ

IV സംരക്ഷണ മൂല്യങ്ങളുടെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ (മണ്ണും, ജലവും, സംരക്ഷിക്കുന്നതിന് കാറ്റിനെതടഞ്ഞുനിർത്തുന്നതിന്, മറ്റ് അനേകം സസ്യജന്തുക്കളെ വസിപ്പിക്കുന്നതിൽ, ആവാസവ്യവസ്ഥയ്ക്കുള്ള പ്രാധാന്യം അനുസരിച്ച്.

V ജനുസ്സുകളുടെ ഉപദ്രവത്തിന്റെ തോത്. ജനുസ്സുകളുടെയും സമൃദ്ധിയിലും മൂല്യത്തിലും ജനങ്ങളുടെ കാര്യനിർവ്വഹണതാൽപര്യങ്ങളിലും കാലാകാലങ്ങളിലുണ്ടാക്കിയ മാറ്റങ്ങൾ അതിനുള്ള കാരണങ്ങൾ, പ്രവചനങ്ങൾ.

## ഗ്രാമ സഭ 1 ൽ വിവരങ്ങൾ അവതരിപ്പിക്കുന്ന വിധം

ഗ്രാമസഭയിലാണ് പഠനത്തിന്റെ ഉദ്ദേശത്തെക്കുറിച്ചും. അതിന്റെ നേട്ടങ്ങളെപ്പറ്റിയുമൊക്കെ വിശദമായി വ്യക്തമാക്കാൻ കഴിയുന്നത്, ജനങ്ങളിൽ താൽപര്യം

ഉണർത്തുവാൻ വേണ്ടി ആദ്യമായി പഠന സന്ദർശങ്ങളിലൂടെയും അഭിമുഖങ്ങളിലൂടെയും കിട്ടിയ വിവരങ്ങൾ ചർച്ചചെയ്യണം. എന്നിട്ട് ജനങ്ങളിൽ ഒരു പൊതു താൽപര്യം ഉണർത്തുക. ഒരു ഗ്രാമസഭയ്ക്കുവേണ്ടി പറയുന്ന വിധത്തിൽ ഒരു കാര്യപരിപാടി ഉണ്ടാക്കാം.

1, ആദ്യം പ്രാർത്ഥനാ ഗീതം (അദ്ധ്യാപകരോകുട്ടികളോ ആലപിക്കുക)

2. പഠനസംഘത്തെ ഗ്രാമത്തിന് പരിചയപ്പെടുത്തൽ

3. പ്രാദേശിക വാസികളിലൊരാളുടെ സ്വാഗത പ്രസംഗം

4. പരിപാടിയുടെ ലക്ഷ്യത്തെയും ഉദ്ദേശത്തേയും കുറിച്ചുള്ള പഠന സംഘത്തലവന്റെ വിശദീകരണം.

5. ചോദ്യോത്തരങ്ങൾ

6. പ്രദേശിക വാസികളെകൊണ്ട് അവരുടെ വാസ സ്ഥലത്തിന്റെ ഒരു ഭൂപടം തയ്യാറാക്കൽ

7. ഭൂദൃശ്യ ഘടകങ്ങളിലെ വിവിധതരം ഉപയോക്താക്കളെയും അവിടെയുള്ള ജൈവവിധ്യത്തെപ്പറ്റി അറിവുള്ളവരെയും കണ്ടെത്തി പരിചയപ്പെടൽ.

8. പ്രാദേശിക പ്രതിനിധികളുടെ അഭിപ്രായങ്ങൾ

**ഗ്രാമസഭയുടെ അഥവാ ഒരുമിച്ചുള്ള സംഘചർച്ചകളുടെ പ്രധാനലക്ഷ്യങ്ങൾ താഴെപറയുന്നവയാണ്.**

1. പ്രാദേശിക ജൈവവിധ്യം തിട്ടപ്പെടുത്തുന്നതിന്റെ പരിസ്ഥിതി പരവും സാമ്പത്തികപരവും സാമൂഹ്യസാംസ്കാരിക പരവും മതപരവും ധാർമിക പരവും ആയ പ്രാധാന്യം അറിയുവാൻ

2. ഭാവിയിൽ സാമ്പത്തികവും പരിസ്ഥിതിപരവുമായി ഉണ്ടായേക്കുന്ന ബന്ധങ്ങളും അതവരുടെ ജൈവ വിഭവ ഉപയോഗത്തേയും ജീവിതമാർഗ്ഗത്തെയും വരും തലമുറകളെയും എങ്ങനെ ബാധിക്കും എന്നുമൊക്കെയുള്ള കാര്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ

3. പഠനത്തിലുടനീളം പ്രാദേശിക വാസികളുടെ സഹകരണം ലഭ്യമാക്കുവാൻ

4. ഓരോ ഉപയോക്താക്കളുടെ സംഘത്തെ തിരിച്ചറിയുകയും ജൈവവൈവിധ്യവുമായി അവരുടെ ബന്ധത്തെയുംപറ്റി ഉറപ്പാക്കുകയും ചെയ്യുവാൻ.

ഒരു വാസസ്ഥലത്തിന്റെ ഭൂപടവും ഉപയോക്താക്കളുടെ ഒരു വർഷത്തിലെ തൊഴിലിന്റെ പട്ടികയും സമയാനുസൃതമായി ചിത്രത്തിലൂടെ രേഖപ്പെടുത്തുകയും അത് ഗ്രാമസഭയിൽ അവതരിപ്പിച്ച് പ്രാദേശിക വാസികളുടെ സഹായത്തോടെ നവീകരിക്കുകയും ആകാം. ഇങ്ങനെ ചെയ്യുന്നത് കൊണ്ട് ജനങ്ങൾ പഠനത്തിൽ പങ്കാളികളാവുന്നു. ഗ്രാമസഭ സംഘടിപ്പിക്കുന്നതുകൊണ്ട് പ്രധാനമായുണ്ടാവുന്ന പ്രയോജനം ജനങ്ങൾക്ക് നമ്മുടെ പഠനത്തെ ക്കുറിച്ചും അവരുടെ പങ്കിനെക്കുറിച്ചും അതിന്റെ പരിണിതഫലത്തെക്കുറിച്ചും പഠനസംഘത്തിന്റെ പരിമിതികളെക്കുറിച്ചും അവരുടെ പങ്കിനെക്കുറിച്ചും അവരിൽ അവബോധം ഉണ്ടാക്കാനാവും. എന്നാൽ ഗ്രാമത്തിന്റെ സാമൂഹിക-രാഷ്ട്രീയ കാര്യങ്ങളിൽ നമ്മൾ ഇടപെടാതെ നോക്കണം. ചില പ്രത്യേക കാരണങ്ങൾകൊണ്ട് (ഉദാ. വളരെകൂടുതൽ സാമൂഹിക അസമത്വം, പാർപ്പിടങ്ങളിലേക്കുള്ള ദുരക്കൂടുതൽ ) ഗ്രാമ സഭ നടത്താൻ പറ്റിയില്ല എന്ന വരാം. അങ്ങിനെ അവസരങ്ങളിൽ എല്ലാ ഉപയോക്താക്കളെയും നേരിൽ കണ്ട് ചർച്ചകൾ നടത്തിയാൽ മതിയാകും.

## ജനുസ്സുകളുടെ. LSE യുടെ സംരക്ഷണം ഉപയോഗം ഉപദ്രവം എന്നിവ തിട്ടപ്പെടുത്തൽ

ഓരോ ഉപയോക്താക്തളുടെ കൂട്ടത്തിലും വർഷം തോറും ഒരു പ്രത്യേക സ്ഥലത്തേയൊ അല്ലെങ്കിൽ ഒരു പ്രത്യേക ജനുസ്സിനെയോ പ്രത്യേക അവസരങ്ങളിൽ ഉപയോഗപ്പെടുത്തുന്നുണ്ടാകും. ജൈവ വസ്തുക്കളുടെ ലഭ്യത കുറയുമ്പോഴോ ഇല്ലാതാവുമ്പോഴോ അവർ അവരുടെ പ്രവർത്തനങ്ങളും അവസാനിപ്പിക്കുന്നു. സമയാനുസൃതമായ മാറ്റങ്ങളെ നിരീക്ഷിച്ച് അതനുസരിച്ച് അവർക്ക് പ്രവർത്തിക്കാനാവും. ഉപയോക്താക്കൾക്ക് താൽപ്പര്യമുള്ള ഭൂദൃശ്യഘടകങ്ങൾ കണ്ടുപിടിക്കുക. പ്രത്യേക ജൈവവസ്തുക്കളെ ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനും ഉപയോഗിക്കുന്നതിനും ഓരോ ഉപയോക്താക്കളുടെ കുട്ടത്തിനും അവരുടേതായ നിയമങ്ങളും കാര്യ നിർവ്വഹണരീതികളും ഉണ്ട്. സമയഭേദമനുസരിച്ച് അവർ രീതികളിൽ വ്യത്യാസമുണ്ടാക്കുന്നു. ബാഹ്യവും ആന്തരികവുമായി കാരണങ്ങൾ ഇതിനുണ്ടാകും. ഒരു കൂട്ടരുടെ രീതികളിൽ നിന്ന് വ്യത്യസ്ഥമായിരിക്കും മറ്റുകൂട്ടങ്ങളുടെ രീതികൾ. വിവിധ രീതികളിലും തോതുകളിലും ഇതേ പ്രക്രിയകൾ പ്രയോജനമുള്ള ജനുസ്സുകളെ കാര്യത്തിൽ മാത്രമല്ല അവഗണിക്കപ്പെട്ടതോ ഉപദ്രവകരമായതോ ആയ മറ്റ് ജനുസ്സുകളിലും കാര്യത്തിലും പ്രയോഗിക്കും. ഇതിൽ മിക്കതും പരമ്പരാഗതമായി തുടർന്നു വരുന്ന സംരക്ഷണ ശൈലികൾ ഉണ്ടാകും. മിക്ക ഉപയോക്താക്കളുടെ കൂട്ടത്തിലും താഴെ പറയുന്ന വിവിധ തരം ശൈലികളാണുള്ളത്.

I ഒരു പ്രത്യക കൂട്ടം ജനുസ്സുകളെ അതു ചിലപ്പോൾ ചില പ്രത്യേക ഭൂദൃശ്യഘടകങ്ങളിൽ ഉള്ളവയെ വാണിജ്യ അടിസ്ഥാനത്തിലോ അല്ലാതെയോ പൂർണ്ണമായോ ഭാഗികമായോ ഉപയോഗിക്കുന്നു

II. ചില പ്രത്യേക ജനുസ്സുകളെ പൂർണമായോ ഭാഗികമായോ ചില ഭൂദൃശ്യഘടകങ്ങളിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്ന ശൈലി എത്രതന്നെ വാണിജ്യാവശ്യമുണ്ടെങ്കിലും അല്ലെങ്കിൽ സാമ്പത്തിക ലാഭമുണ്ടായാലും ഇങ്ങനെയുള്ള ജനുസ്സുകളെ അവർ ഉപയോഗപ്പെടുത്തുകയില്ല ഇത്തരത്തിലുള്ള ജനുസ്സുകൾ ചിലപ്പോൾ പുണ്യമായോ അല്ലെങ്കിൽ സാംസ്കാരികപരമോ ധാർമ്മിക പരമോ പ്രാധാന്യമുള്ളതാകാം

III. ജനുസ്സുകളുടെ ഉപയോഗത്തെക്കുറിച്ചും പ്രയോജനത്തെക്കുറിച്ചും ഉള്ള അജ്ഞതകൊണ്ട് ജൈവവൈവിധ്യ ഘടകങ്ങളെ സംരക്ഷിക്കുന്ന രീതി

IV ചില സസ്യങ്ങളിൽ നിന്നും ജന്തു ജാലങ്ങളിൽ നിന്നും ഉള്ള ഉപദ്രവങ്ങളുമായി പൊരുത്തപ്പെട്ടു പോകുകയെന്നതോ ചെറിയ രീതിയിൽ തടസ്സപ്പെടുത്തുകയോ ചെയ്യുന്ന രീതി ഉദാ കൃഷി സ്ഥലങ്ങളിലെയും ഉദ്യാനങ്ങളിലെയും ഉപദ്രവകാരികളായ കളകളേയും പക്ഷികളേയും ഒരു പരിധിവരെ ജനങ്ങൾ സഹിക്കുന്നുണ്ട് ശ്രദ്ധിക്കേണ്ട കാര്യം ഒരു കാര്യം ഈ ജനുസ്സുകളെ മനുഷ്യൻ ഉപയോഗിക്കുകയോ മനപൂർവ്വമായി സംരക്ഷിക്കുകയോ ചെയ്യുന്നില്ലായെന്നതാണ്

V സ്വയരക്ഷയ്ക്ക് വേണ്ടിയോ സ്വന്തം കാര്യങ്ങൾക്കുവേണ്ടിയോ ക്രൂര മാർഗ്ഗങ്ങൾ ഉപയോഗിച്ചു ജനുസ്സുകളെ നശിപ്പിക്കുന്ന രീതി ഉദാ ആനയെ കൊമ്പില്ലാത്തതിനെക്കൂടി കറണ്ട് കൊണ്ട് അടിപ്പിച്ച് കൊല്ലുക കാരണം ഇവ മൂലം കൃഷിക്കുണ്ടാകുന്ന വൻ നാശം. ഇങ്ങനെയുള്ള ജനുസ്സുകളെ അവർ വ്യാവസായ ആവശ്യത്തിനോ ഭക്ഷണസാധനത്തിനോ ഉപയോഗിക്കുന്നില്ല

VI ജനുസ്സുകളെ സംരക്ഷിക്കുന്നതോ ഉപയോഗിക്കുന്നതോ ആയ പ്രവർത്തനരീതി, ഉദാഹരണത്തിന് അവർ ഇതുവരെ സംരക്ഷിച്ചു വന്ന അല്ലെങ്കിൽ നശിപ്പിച്ചു വന്ന ഒരു ജനുസ്സിനെ നശിപ്പിക്കുവാൻ തുടങ്ങുന്നത് അല്ലെങ്കിൽ സംരക്ഷിക്കുവാൻ തുടങ്ങുന്നത്

**ജൈവവൈവിധ്യം ഗതികം : അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ**

ജൈവ വൈവിധ്യത്തിന്റെ പ്രാധാന്യത്തെയും ഉപയോഗത്തേയും കുറിച്ച് അറിവുള്ളവരുമായി പഠന സ്ഥല സന്ദർശനത്തിന് പോയാൽ മുകളിൽ പറഞ്ഞ വസ്തുതകളെ പറ്റി ധാരാളം വിവരം ലഭിക്കും. പഠന സ്ഥലത്ത് നിന്നും കിട്ടിയവിവരങ്ങൾ ഉപയോഗിച്ച് താഴെപറയുന്ന തരത്തിൽ വിവിധ ഉപയോക്താക്കളുടെ കൂട്ടത്തിൽ നിന്നും വിവരങ്ങൾ ശേഖരിക്കാം.

1. ജനുസ്സുകൾ, ഭൂദൃശ്യഘടകങ്ങൾ, പഠനസംഘം പഠിച്ചുകൊണ്ടിരിക്കുന്നതും, ഉപയോക്താക്കൾ ഉപയോഗിക്കുന്നതും.
2. ഉപയോക്താക്കൾ കുടിയേറ്റക്കാരാണെങ്കിൽ അവർ അവരുടെ സ്ഥലത്ത് നേരത്തെ ഉപയോഗിച്ചിരുന്ന ജനുസ്സുകളും ഭൂദൃശ്യഘടകങ്ങളും
3. മറ്റു ഉപയോക്താക്കളുടേയോ പുറമെ നിന്ന് വന്നവരുടെയോ പ്രയോജനത്തിന് വേണ്ടി പഠനസ്ഥലത്തെ ഉപയോക്താക്കൾ ഉപയോഗിക്കുന്ന LSE യും ജനുസ്സുകളും (ഔഷധ ചെടികൾ, കിഴങ്ങു വർഗ്ഗങ്ങൾ തുടങ്ങിയവ)
4. ഉപയോക്താക്കൾ പുറത്ത് നിന്നും കൊണ്ട് വന്ന സംരക്ഷിക്കുന്നതോ ഉപയോഗിക്കുന്നതോ ആയ ജൈവവിഭവങ്ങൾ
5. ജൈവ വൈവിധ്യ സംരക്ഷണോപാധികളും ഉപയോഗ ക്രമങ്ങളും
6. ജൈവ വൈവിധ്യ സംരക്ഷണത്തിന് ഉപോൽബലകമായ നാട്ടുകഥകളും ആചാരക്രമങ്ങളും
7. ഗ്രാമ വാസികളല്ലാത്തവർ ഉപയോഗിക്കുന്നതോ സംരക്ഷിക്കുന്നതോ ആയ ജനുസ്സുകൾ (ഉദാ. വനം വകുപ്പോ, പുറം നാട്ടിലുള്ള ജന്മിമാരോ സംരക്ഷിക്കുന്നത്)
8. ഉപയോഗിക്കുകയോ നശിപ്പിക്കുകയോ ചെയ്യപ്പെടാത്ത ഉപദ്രവകാരികളായ ജനുസ്സുകളും LSE കളും

നിങ്ങളുടെ നോട്ടുബുക്കിൽ നിന്നും പല പല പേജുകളായി കിടക്കുന്ന വിവരങ്ങൾ ഉചിതമായി തലക്കെട്ടുകൾ കൊടുത്ത് മറ്റൊരു ബുക്കിലേക്ക് പകർത്തിയെഴുതുക. ഓരോ ഉപയോക്താക്കളെയും അടിസ്ഥാ

നപ്പെടുത്തി ഇങ്ങനെ എഴുതുന്നത് കൂടുതൽ നല്ലതായിരിക്കും.

*ഉദാഹരണം*

ഉപയോക്താക്കൾ1 : വിറക് ശേഖരിക്കുന്നവർ

LSE/ജനുസ് സംരക്ഷിക്കപ്പെടുന്നത് LSE/Sp ഉപയോഗിക്കുന്നത് വെളിയിൽ നിന്നും കൊണ്ട് വരപ്പെട്ട ജൈവവിഭവങ്ങൾ വെളിയിലേക്ക് പോകുന്ന വിഭവങ്ങൾ

ജനുസ്

LSE's/തരങ്ങൾ

സ്ഥലം

തീയതി

അനുപാതം

ഉപയോക്താക്കളുടെ പ്രവർത്തനങ്ങളുടെ ഒരു ആകമാനമുള്ള ആശയം കൊടുക്കുന്നതിന് ഈ വിവരങ്ങൾ മതിയാകുന്നില്ല എങ്കിൽ വ്യക്തിഗത അഭിമുഖങ്ങൾ നടത്താൻ ശ്രമിക്കുക. ഈ വിവരങ്ങൾ ശരിയോണോ എന്ന് തിട്ടപ്പെടുത്താൻ ഒരു സംഘചർച്ച പിന്നീട് നടത്താവുന്നതാണ്. അപ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യാം.

1. ഒരു പ്രത്യേക ഭൂദൃശ്യമോ ഘടകമോ ജനുസ്സോ അവർ സംരക്ഷിച്ചുവരുന്നതിന്റെ പ്രാധാന്യം
2. LSE/Sp ഇവയ്ക്ക് നാശം സംഭവിക്കുന്നത് ഒഴിവാക്കാൻ വേണ്ടി സസ്യങ്ങളോ/അതിൽ നിന്നുള്ള ഉൽപന്നങ്ങളോ ശേഖരിക്കുമ്പോഴോ, വേട്ട നടത്തുമ്പോഴോ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുവെങ്കിൽ അത്
3. ജൈവസമ്പത്തിന്റെ ലഭ്യതയുടെ തോത് അതിന്റെ ഉപയോഗം LSE യിലുണ്ടാക്കുന്ന സ്വാധീനവും
4. ഉപയോക്താക്കൾ തമ്മിലും പുറത്ത് നിന്നുള്ളവരിലേക്കും ജൈവസമ്പത്തിന്റെ കൈമാറ്റം
5. ഉപദ്രവകാരികളായ ജനുസ്സുകൾ കൊണ്ടുണ്ടായ നാശങ്ങളും അതിനെതിരെയുള്ള മുൻകരുതൽ നിയന്ത്രിക്കൽ, അവയെ പൂർവ്വാവസ്ഥയിലേക്ക് കൊണ്ടുവരുവാനുള്ള ഗ്രാമീണരുടെ നടപടി ക്രമങ്ങൾ

## സംഘചർച്ച- വിവരങ്ങൾ ശരിവെയ്ക്കൽ

പഠന സന്ദർശനത്തിനിടയിൽ കിട്ടിയ വിവരങ്ങൾ നവീകരിക്കുകയും കൃത്യതയുള്ളതാക്കുകയും ചെയ്യുവാനുള്ള സമയമാണിപ്പോൾ. ജൈവവൈവിധ്യത്തെപ്പറ്റി അറിവുള്ളവരുടെ അഭിപ്രായങ്ങളും മറ്റും ഈ സമയത്ത് ചർച്ചചെയ്യപ്പെടാം. ഇതിലൂടെ സംഘാംഗങ്ങൾ തമ്മിലുള്ള പരസ്പര ബന്ധവും ഈ പ്രവർത്തനങ്ങളിലെ അവരുടെ പങ്കിന്റെ തോതും മറ്റും ഏകദേശം അനുമാനിക്കുകയും ചെയ്യാം. പ്രാദേശികമായ സാഹചര്യത്തിനനുസരിച്ച് ഓരോ ഉപയോക്താക്കളുടെ കൂട്ടത്തിൽ നിന്നും പ്രതിനിധികളെ തിരഞ്ഞെടുക്കുക. ഓരോ ഉപയോക്താവിന്റെ കൂട്ടത്തെയും ഒരുമിച്ച് കാണുവാനും സംഘചർച്ചകൾ നടത്താനും പറ്റിയ സ്ഥലം സമയം, ദിവസം ഇതെല്ലാം നിശ്ചയിക്കണം, ഉപയോക്താക്കളുടെ കൂട്ടത്തിലെ പ്രതിനിധികളുടെ എണ്ണത്തെ ആസ്പദമാക്കി സംഘചർച്ചകളുടെ എണ്ണവും നിശ്ചയിക്കാം. പങ്കെടുക്കുന്നവരുടെ എണ്ണം 20ൽ കുറയുവാൻ പാടില്ല.

ആദ്യമായി പഠനസ്ഥലത്തെ വിവിധതരം ഉപയോക്താക്കളെ തിരിച്ചറിയുകയും LSEകൾ ഉപയോഗിക്കുന്ന രീതി അനുസരിച്ച് അവരെ തരംതിരിക്കുകയും ചെയ്യുക.. ഉദാ; കാലിമേയ്ക്കുന്നവർ ഏതെല്ലാം ഭൂദൃശ്യഘടകങ്ങൾ ഉപയോഗിക്കുന്നു എന്ന് കണ്ടെത്താം. ഇവരെല്ലാവരും ഏതെല്ലാം ഭൂദൃശ്യ ഘടകങ്ങളിൽ പോകുന്നുണ്ട് എന്ന് പരിശോധിക്കാം. എത്രമാത്രം LSE ഉപയോഗിക്കുന്നു എന്നതനുസരിച്ച് കാലിമേയ്ക്കുന്നവരെ തരംതിരിക്കാം. ഉദാ. കാലിമേയ്ക്കുന്നവർ സംഘം 1: എല്ലാ LSE യും ഉപയോഗിക്കുന്നവർ. കാലിമേയ്ക്കുന്നവർ സംഘം 2: ഒരു ഘടകം മാത്രം ഉപയോഗിക്കുന്നവർ

ഇങ്ങനെ തരംതിരിച്ചതിന് ശേഷം അവരെ പ്രത്യേകം പ്രത്യേകമായി അഭിമുഖം നടത്തുന്നത് നല്ലതാണ്. ആവശ്യമെങ്കിൽ ഒരുമിച്ചുള്ള ഒരു സംഘം ചർച്ച ആദ്യ ചർച്ചയ്ക്ക് ശേഷമാകാം.

കുടുതൽ വിവരങ്ങൾ കിട്ടുവാൻ വേണ്ടി ജൈവസമ്പത്ത് പഠനസ്ഥലത്തേക്ക് കൊണ്ടുവരികയും പഠനസ്ഥലത്ത് നിന്ന് കൊണ്ട് പോവുകയും ചെയ്യുന്ന ആൾക്കാരെ (ഉദാ. കുടിയേറ്റക്കാർ, കച്ചവടക്കാർ തുടങ്ങിയവർ) പ്രാദേശിക വാസികളുടെ സഹായത്തോടെ സമയ ലഭ്യതയ്ക്കും കഴിവിനും അനുസരിച്ച് അഭിമുഖം നടത്തുകയും അവരുടെ താൽപര്യങ്ങളെ കണ്ടെത്തുകയും പ്രവർത്തനങ്ങളെ പറ്റി രേഖപ്പെടുത്തുകയും ചെയ്യുക.

**തയ്യാറെടുക്കൽ : സംരക്ഷണ ശ്രമങ്ങളെ വിലയിരുത്തുന്ന വിധം**

ജൈവസമ്പത്തിന് നാശം സംഭവിക്കുന്ന വിധത്തിലുള്ള ഉപയോഗക്രമവും സമ്പൂർണ്ണ സംരക്ഷണവും

രണ്ട് ദിശയിലേക്കുള്ള വിപരീത പ്രവർത്തനങ്ങളാണ്. ഉപയോക്താക്കളുടെ ഉപയോഗരീതി പല ഘടകങ്ങളെയും ആശ്രയിച്ച് വ്യത്യാസപ്പെട്ടിരിക്കും. ജൈവസമ്പത്ത് ഉപയോഗിക്കുന്നതിന്റെ തോത് മനസ്സിലാക്കുന്നതിന് താഴെ പറയുന്ന തരത്തിലുള്ള അളവുകോൽ സഹായിക്കും.

1. ജനുസ്സുകളുടെ ലഭ്യതയെ അടിസ്ഥാനമാക്കിയുള്ള അളവ് കോൽ

| 0 | 1 | 2 | 3 | 4 |
|---|---|---|---|---|
| ഇല്ല | ചുരുക്കം | ആവശ്യത്തിനില്ല | ആവശ്യത്തിനുണ്ട് | കൂടുതൽ |

2. ആവശ്യകതയെ അടിസ്ഥാനമാക്കിയുള്ള അളവ് കോൽ (ഉപയോക്താക്കൾ ഉപയോഗിക്കുന്ന ജനുസ്സുകളുടെ ആവശ്യകത)

3. ശേഖരണരീതിയേയും ഉപയോഗിക്കുന്ന രീതിയേയും അടിസ്ഥാനപ്പെടുത്തിയുള്ള അളവ് കോൽ (ഉപയോക്താക്കളുടെ സമീപനം)

4. സംരക്ഷണശ്രമങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള അളവുകോൽ

5. നാശങ്ങളെയോ/ഉപദ്രവങ്ങളേയോ അടിസ്ഥാനമാക്കി മേൽപറഞ്ഞ എല്ലാ കാര്യങ്ങൾക്കും ജനുസ്സുകളുടെ ലഭ്യത എന്ന ഘടകത്തിലൊഴിച്ച് താഴെകൊടുത്തിരിക്കുന്ന അളവ് കോൽ ഉപയോഗിക്കാം.

| 0 | 1 | 2 | 3 | 4 |
|---|---|---|---|---|
| ഇല്ല | ചുരുക്കം | ആവശ്യത്തിനില്ല | ആവശ്യത്തിനുണ്ട് | കൂടുതൽ |

പഠിതാക്കൾ മേൽപറഞ്ഞ വിവിധ അളവുകോൽ ഉപയോഗിച്ച് എല്ലാ ജനുസുകളേയും LSE/യേയും വിശദമായി മനസ്സിലാക്കുവാൻ ശ്രമിക്കണം.

**പ്രാദേശികപരമായി ജൈവസമ്പത്ത് കൈകാര്യം ചെയ്യുന്ന രീതികളും താൽപര്യവും മനസ്സിലാക്കൽ**

നമുക്ക് അറിയേണ്ടത് ജനുസ്സുകളേയും ഭൂദൃശ്യഘടകങ്ങളേയും ഗ്രാമവാസികളല്ലാത്തവർ പണ്ട് എങ്ങിനെ ഉപയോഗപ്പെടുത്തിയിരുന്നു അല്ലെങ്കിൽ കൈകാര്യം ചെയ്തിരുന്നു. ഇതുമൂലം ജനുസ്സുകളിലും ഭൂദൃശ്യഘടകങ്ങളിലും ഇപ്പോൾ ഉണ്ടായ വ്യത്യാസങ്ങളും കാലാകാലങ്ങളിൽ ഇവയ്ക്കുണ്ടാകുന്ന മാറ്റങ്ങൾക്ക് പ്രേരകമായ ശക്തികൾ എന്താണെന്നും ഇപ്പോഴത്തേയും വരാനിരിക്കുന്ന കാലത്തേയും ജൈവസമ്പത്ത് കൈകാര്യം ചെയ്യുന്നതിനു അവരുടെ താൽപര്യങ്ങളും പ്രേരണകളും എന്താണെന്നുമൊക്കെയാണ്.



അദ്ധ്യായം 10

# പഠനസ്ഥലസന്ദർശനം

## പരിസ്ഥിതി ചരിത്രം

ഭൂദൃശ്യഘടകങ്ങളിലും ജനുസ്സുകളിലും അവയുടെ പരസ്പര ബന്ധത്തിലും ഉണ്ടായ മാറ്റങ്ങൾ അറിയണമെങ്കിൽ ആദ്യമായി ഭൂദൃശ്യ ഘടകമാപ്പ് ഉണ്ടാക്കുന്നത് എങ്ങനെ എന്ന് അറിഞ്ഞിരിക്കണം. ഇതിനെക്കുറിച്ച് വിശദമായി മുൻ അദ്ധ്യായങ്ങളിൽ പറഞ്ഞിട്ടുണ്ട്. പഠന സംഘത്തലവൻ ജൈവ വൈവിധ്യത്തിൽ താൽപര്യം ഉള്ള ആളുകളുമായി ഭൂദൃശ്യ ഘടകങ്ങൾ സന്ദർശിച്ച് അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ നല്ലവണ്ണം മനസ്സിലാക്കണം.. ഒരർത്ഥത്തിൽ ആദ്യമായുള്ള സന്ദർശനത്തിൽ മാത്രമേ നമുക്ക് ഈ തരത്തിലുള്ള വിവരങ്ങൾ കിട്ടുകയുള്ളു. ഒരിക്കലും ഭൂദൃശ്യഘടകങ്ങളോടുള്ള നമ്മുടെ പരിചയക്കുറവ് കൊണ്ട് മാത്രം പ്രധാനപ്പെട്ട വിവരങ്ങൾ നമുക്ക് കിട്ടാതെയാകരുത്. ഈ കുറവുകൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ അദ്ധ്യായം തയ്യാറാക്കിയിരിക്കുന്നത്.

## ഭൂദൃശ്യഘടകങ്ങളുടേയും ജനുസ്സുകളുടേയും ഇപ്പോഴത്തെ അവസ്ഥ തിട്ടപ്പെടുത്തൽ

ഉപയോക്താക്കളുടെ കൂട്ടത്തിൽ നിന്ന് ജൈവ വൈവിധ്യത്തിൽ അറിവുള്ള കുറച്ച് ആളുകളെ തിരഞ്ഞെടുക്കുക. ഇവരുമായി പ്രധാനപ്പെട്ട എല്ലാ ഭൂദൃശ്യഘടകങ്ങളും സന്ദർശിക്കുക. അവർ ഉപയോഗിക്കുന്നതോ, സംരക്ഷിക്കുന്നതോ ആയ ജൈവ സമ്പത്തിന്റെ ലഭ്യത, പദവി ഇവ മനസ്സിലാക്കുക, പഠനസംഘത്തിൽ പക്ഷികൾ., ജന്തുക്കൾ സസ്യങ്ങൾ തുടങ്ങിയവയുടെ ശാസ്ത്രീയ നാമം അറിയുന്ന വിദഗ്ധർ ഉണ്ടെങ്കിൽ ഈ അവസരത്തിൽ അവർക്ക് അത് രേഖപ്പെടുത്താം അങ്ങനെ ഒരു വിദഗ്ധനില്ലെങ്കിൽ സംഘം ജനുസ്സുകളെക്കുറിച്ചുള്ള വിവരങ്ങൾ വിശദമായി എഴുതി സൂക്ഷിക്കുകയോ അവയുടെ മാതൃകകൾ എടുത്ത് സൂക്ഷിക്കുകയും വേണം: അങ്ങനെ ചെയ്താൽ പിന്നീട് അവയെ തിരിച്ചറിയുകയും ശരി വെയ്ക്കുകയും ചെയ്യാം. കാടുകളുടെയും മറ്റ് ആവാസ വ്യവസ്ഥകളുടെയും ഇപ്പോഴത്തെ അവസ്ഥ ശരിയായ രീതിയിൽ ശ്രദ്ധിച്ച് പ്രാദേശിക വാസികളോട് തുടർ ചോദ്യങ്ങൾ ചോദിച്ച് കൂടുതൽ മനസ്സിലാക്കണം. ഉദാഹരണത്തിന് കാടോ, മേച്ചിൽ സ്ഥലമോ ഉൾക്കാടോ ഒക്കെ നല്ല രീതിയിലുള്ളതാണോ, നാശം സംഭവിച്ചതാണോ, അതോ പുനരാവിഷ്കരണം നടക്കുന്നതാണോ എന്നൊക്കെ. മിക്ക ജനുസ്സുകളുടെ പദവിയെ (സമൃദ്ധി) പറ്റി സാധാരണ ഗതിയിൽ അവർ പറയുന്നത് പലപ്പോഴും ഇങ്ങനെയായിരിക്കും. അത് സാധാരണം. ചില സ്ഥലങ്ങളിൽ മാത്രം ഉള്ളത്, വളരെ അപൂർവ്വം, എന്നൊക്കെ. ഇങ്ങനെയുള്ള വിവരങ്ങൾ ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തണം.

## ഭൂദൃശ്യ ഘടകങ്ങളുടേയും ജനുസ്സുകളുടേയും കഴിഞ്ഞ കാലത്തെ അവസ്ഥ കണക്കാക്കൽ

LSE's ന്റേയും ജനുസ്സുകളുടേയും ഇപ്പോഴത്തെ പദവി വെച്ച് ഒരൾക്ക് കഴിഞ്ഞ കാലത്തെ അവയുടെ പദവി എന്തായിരുന്നുവെന്ന് അനുമാനിക്കാൻ കഴിയും. ഇതിനുവേണ്ടിയുള്ള ചോദ്യങ്ങൾ ചോദിക്കുമ്പോൾ ചരിത്രസംഭവങ്ങളോട് ബന്ധപ്പെടുത്തി ചോദിക്കണമെന്ന് മാത്രം. ഉദാ. ഗ്രാമത്തിലുണ്ടായ വെള്ളപ്പൊക്കം, ഒരു പ്രധാന വ്യക്തിയുടെ മരണം അല്ലെങ്കിൽ അങ്ങിനെ എന്തെങ്കിലും ഒരു പ്രധാനപ്പെട്ട സംഭവവികാസം ഇവയൊക്കം ആസ്പദമാക്കി ചോദ്യങ്ങൾ ചോദിച്ച് ഇങ്ങനെയുള്ള വിവരങ്ങൾ മുതിർന്ന ആളുകളിൽ നിന്നോ ഗ്രാമത്തെക്കുറിച്ചോ ഏതെങ്കിലും പുസ്തകത്തിൽ നിന്നോ നമുക്ക് മനസ്സിലാക്കാം. നാടിന്റെ വളരെ നാളത്തെ ചരിത്രമറിയാവുന്നവർക്ക് ഇപ്പോഴത്തെ നാശം സംഭവിച്ച വനപ്രദേശങ്ങൾ പണ്ട് നിബിഡ വനമായിരുന്നു എന്നും ഇപ്പോഴത്തെ മുൾക്കാടിന്റെ സ്ഥാനത്ത് ഉപേക്ഷിക്കപ്പെട്ട പാർപ്പിടങ്ങളോ ആയിരുന്നു എന്നുമൊക്കെ പറയുവാൻ സാധിക്കും. മാത്രവുമല്ലാ ഒരു പ്രത്യേക ജനുസ്സിന്റെ സമൃദ്ധിയിലേക്കുള്ള വർദ്ധനവോ, കുറവോ, സ്ഥിരതയോ എന്നിവയെക്കുറിച്ചുമൊക്കെ അവർക്ക് പറയാനുണ്ടാകും. നാട്ടിൽ നടന്ന ഏതെങ്കിലുമൊക്കെ പ്രധാന ചരിത്ര സംഭവങ്ങളെ ആസ്പദമാക്കി ഇങ്ങനെയുള്ള മാറ്റങ്ങളെക്കുറിച്ച് ഗ്രാമീണർക്ക് കൂടുതൽ വിവരങ്ങൾ നൽകുവാൻ കഴിയും. പരിസ്ഥിതി ചരിത്രം രണ്ട് പഠനസംഘങ്ങളുടെ അനുഭവം താഴെ കൊടുക്കുന്നു.

## പഠന സംഘം 1. റാൺവ (പഠനസംഘം സൂപ്പിഗോ, മഹാരാഷ്ട്ര)

റാൺവ എന്നത് ഒരു പരിസ്ഥിതി പഠന സന്നദ്ധ സംഘടനയാണ്. പരിസ്ഥിതി ചരിത്രത്തെക്കുറിച്ച് മനസ്സിലാക്കാൻ ഈ സംഘം മഹാരാഷ്ട്രയിലെ സുപ്പിഗോ എന്ന ഗ്രാമത്തിലെ പ്രായമുള്ളവരുമായി സംഘ ചർച്ചകൾ നടത്തി. ഗ്രാമീണർ പണ്ട് ആവർത്തന കൃഷികൾ (പുനം കൃഷി) ചെയ്തിരുന്നു

എന്ന് അവർക്ക് മനസ്സിലാക്കുവാൻ സാധിച്ചു. അവരുടെ മുൻ തലമുറക്കാർ കാടിന്റെ കുറെ ഭാഗം വെട്ടിത്തെളിച്ച് റാഗി (മുത്താറി) കൃഷിചെയ്തിരുന്നു. എന്ന് ഗ്രാമവാസികൾ പറഞ്ഞു. ഏത് കാലഘട്ടത്തിലാണ് ഇങ്ങനെ കൃഷിചെയ്തിരുന്നത് എന്ന് പറയാൻ പക്ഷെ അവർക്ക് കഴിഞ്ഞില്ല. സംഘത്തിന് അത് എന്നാണ് നടത്തിയിരുന്നത് എന്ന് അറിയുവാൻ ആകാംക്ഷയുണ്ടായിരുന്നു. അവരുടെ കൂട്ടത്തിൽ പരിസ്ഥിതിയെ പറ്റിയുള്ള അറിവിൽ ശാസ്ത്രീയമായി വൈദഗ്ധ്യമുള്ളവർ ഉണ്ടായിരുന്നു. പഴയനാശം-സംഭവിക്കാത്ത വനപ്രദേശങ്ങളെയും പിന്നീടുണ്ടായ വനപ്രദേശങ്ങളെയും അവർക്ക് അതുകൊണ്ട് തിരിച്ചറിയുവാൻ സാധിച്ചു. മരങ്ങളുടെ വലുപ്പത്തെയും അവയുടെ വളർച്ചയെയും ആസ്പദമാക്കി അവർ പുതുതായി വളർന്ന വനപ്രദേശത്തിൻപെ പ്രായം കണക്കാക്കുകയുംചെയ്തു. അങ്ങനെ അവർ പുനം കൃഷിയുടെ കാലഘട്ടം കണക്കാക്കി.

## പഠന സംഘം 3 അമേരിക്കൻ കോളേജ് (സതുരഗിരി, തമിഴ്നാട്)

ഈ സംഘം സതുരഗിരി എന്ന ഗ്രാമത്തിലെ ജൈവവൈവിധ്യപഠനത്തിനായി അവിടെയുള്ള ഈ വിഷയത്തിൽ താൽപ്പര്യമുള്ള കുറച്ചാളുകളുമായി പഠനസ്ഥലം സന്ദർശിച്ചു. തടികിട്ടുന്നു മിക്ക മരങ്ങളും കാട്ടിൽ നിന്നും അപ്രത്യക്ഷമായി എന്നവർക്ക് കാണുവാൻ സാധിച്ചു. മരങ്ങളുടെ തൈകൾ മാത്രമെ അവർക്ക് കാണാൻ സാധിച്ചുള്ളു. ആ പ്രദേശത്ത് താമസിക്കുന്ന ആദിവാസികൾ പറഞ്ഞത് പണ്ട് ആ വനത്തിൽ കുറച്ച് ആളുകൾ ചെന്ന് താമസിച്ച് അവിടുത്തെ വലിയ മരങ്ങളെല്ലാം വെട്ടിയെടുത്തു എന്നാണ്. അത് എന്നായിരുന്നുവെന്ന് കൃത്യമായി പറയുവാൻ സാധിച്ചില്ല. ആ സ്ഥലത്തിലോ സംഘത്തിലോ പരിസ്ഥിതി വിജ്ഞാനമുള്ളവരാരും തന്നെ ഇല്ലായിരുന്നു. അതുകൊണ്ടവർക്ക് ആ കാലഘട്ടം ഏതെന്ന് അറിയാൻ പറ്റിയിരുന്നില്ല. അവർ അതിന് വേറൊരു മാർഗ്ഗം കണ്ടുപിടിച്ചു. ഈ പ്രദേശത്തെ ഭുമിശാസ്ത്രത്തെപറ്റി വിവരണമുള്ള പ്രസിദ്ധീകരണങ്ങളിൽ പരിശോധിച്ചു, ഇതിൽ നിന്നും സപ്ത്തൂർ സമീൻ എന്നയാളുകടെ കീഴിലായിരുന്നു പണ്ട് ഈ പഠനസ്ഥലംഎന്ന വിവരം കിട്ടി. സപ്ത്തൂർ എന്ന് പറയുന്നത് പഠനസ്ഥലത്തു നിന്നും കുറച്ച് അകലെയാണ്. സംഘം ആ സ്ഥലം സന്ദർശിച്ച് സമീന്റെ മകനുമായി സംഭാഷണം നടത്തി. 1947 51 കാലഘട്ടത്തിൽ സമീന്റെ കൈവശമോ, വനംവകുപ്പിന്റെ കൈവശമോ ആയിരുന്നില്ല ആ സ്ഥലം എ്യന്ന് വിവരം കിട്ടി. ആ സമയത്താണ് വളരെ കൂടുതൽ മരം മുറിച്ച് മാറ്റിയത്.

**ഭൂദൃശ്യ ഘടകങ്ങളിലും ജനുസ്സുകളിലും ഉണ്ടാകുന്ന മാറ്റങ്ങൾക്ക് പ്രേരകമായ ശക്തികളെ തിരിച്ചറിയൽ:**

ജനുസ്സുകൾക്കോ ഭൂദൃശ്യ ഘടകങ്ങൾക്കോ ഉണ്ടാകുന്ന മാറ്റങ്ങൾക്കുള്ള കാരണങ്ങൾ ഗ്രാമീണരോട് ചോദിച്ച് മനസ്സിലാക്കുക. വേട്ടയാടൽ കൊണ്ടോ അമിത വിളവെടുപ്പ് മൂലകമോ വന ജനുസ്സുകളുടെ സംരക്ഷണ നിയമത്തിലുണ്ടായ മാറ്റങ്ങൾ അല്ലെങ്കിൽ വികസന പ്രവർത്തനങ്ങൾ മൂലം ഉണ്ടായ വ്യത്യാസങ്ങളാണോ വനനാശത്തിന് കാരണം എന്നൊക്കെ അറിയുക. വനനാശത്തിന് ഒരേസമയം പല പ്രേരക ഘടകങ്ങൾ ഉണ്ടാകും., ഇങ്ങനെ നമുക്ക് പ്രധാന ജനുസ്സുകളുടെയും LSE യുടെയും പരിസ്ഥിതി ചരിത്രത്തെപ്പറ്റി കുറെയൊക്കെ മനസ്സിലാക്കാൻ സാധിക്കും.

ഇതുപോലെ മറ്റ് പല ഭൂദൃശ്യഘടകങ്ങളും സന്ദർശിച്ച് അവിടുത്തെ പരിസ്ഥിതിയുടെ പൂർവ്വകാല ചരിത്രം പഠിക്കുക. പല LSE കളിലും പൊതുവായി കാണപ്പെടുന്ന ജനുസ്സുകളെപ്പറ്റി ആവർത്തിച്ച് ആവർത്തിച്ച് രേഖപ്പെടുത്തണമെന്നില്ല. അടുത്തപടി ജനുസ്സുകളുടെയും LSE യുടേയും സംരക്ഷണ ഉപയോഗരീതികൾ മനസ്സിലാക്കുകയെന്നതാണ്. ഗ്രാമീണരോട് ചോദിക്കുന്നത് കൂടാതെ ചർച്ചകളിലൂടെയും ഈ വിവരങ്ങൾ ഉരുത്തിരിയണം.

## സൂചനകൾ സ്ഥാപിക്കൽ

### A. ചരിത്രസംഭവങ്ങൾ ആസ്പദമാക്കി

പഠനത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ ഗ്രാമത്തിൽ നടന്ന ഏതെങ്കിലും ഒരു ചരിത്രസംഭവം സംഘം മനസ്സിലാക്കണം ഉദാ. വെള്ളപൊക്കം ഭൂമികുലുക്കം, അമ്പലനിർമ്മാണം ഒരു പ്രധാന വ്യക്തിയുടെ മരണം അടുത്തതായിട്ട് ഗ്രാമചരിത്രത്തെക്കുറിച്ച് വൈദഗ്ധ്യമുള്ളവരുമായിട്ട് ചർച്ചചെയ്തോ അല്ലെങ്കിൽ പുസ്തകങ്ങളിൽ നിന്നോ ഇതുപോലെയുള്ള സംഭവങ്ങൾ എന്നാണ് നടന്നത് എ്യന്ന് കൃത്യമായി മനസ്സിലാക്കുക. ഇതുപോലെയുള്ള കാര്യങ്ങൾ അറിയാമെങ്കിൽ ഇതുപയോഗിച്ച ഗ്രാമത്തിൽ നടന്ന മറ്റ് സംഭവങ്ങൾ അല്ലെങ്കിൽ മാറ്റങ്ങൾ തുടങ്ങിയവയെക്കുറിച്ചറിയുവാൻ സാധിക്കും. ഉദാഹരണത്തിന് താഴെ പറയുന്ന രണ്ടുചോദ്യങ്ങളും അതിനുള്ള ഉത്തരവും ശ്രദ്ധിക്കുക.

**ചരിത്രസംഭവത്തെ പരാമർശിക്കാതെയുള്ള ചോദ്യം**

അഭിമുഖകർത്താവ് : 1960 കളിൽ കടുവകൾ എത്രമാത്രം സാധാരണമായിരുന്നു

ഉത്തരദാതാവ്: ഞാ .....? ക്ഷമിക്കണം കൃത്യമായി പറയുവാൻ പറ്റില്ല. കുറച്ച് കടുവകൾ ഉണ്ടായിരുന്നു.

**ചരിത്രസംഭവത്തെ പരാമർശിച്ചിട്ടുള്ള ചോദ്യം**

അഭിമുഖ കർത്താവ്: അമ്പലം ഉണ്ടാക്കുന്നതിന് മുമ്പ് ഇവിടെ കടുവകൾ എത്രമാത്രം സാധാരണമായിരുന്നു.

ഉത്തരദാതാവ്: അമ്പലം ഉണ്ടാക്കുന്നതിന് മുമ്പ് ധാരാളം കടുവകൾ ഉണ്ടായിരുന്നു. ഞാൻ അഞ്ചുപ്രാവശ്യം കടുവകളുമായി ഏറ്റുമുട്ടിയിട്ടുണ്ട്.

**B ഭൂദൃശ്യ ഘടകങ്ങളെ ആസ്പദമാക്കി**

ഉദാ: അഭിമുഖ കർത്താവ്: നിങ്ങൾക്ക് ഭൂദൃശ്യ ഘടകങ്ങൾ ABC എന്നിവ അറിയാമല്ലോ LSE'A' വളരെ നാശം സംഭവിച്ചതാണ് "B" നാശം സംഭവിച്ചതാണ് "C" കുറച്ച് ഭേദമാണ് അമ്പലം നിർമ്മിക്കുന്നതിന് മുമ്പ് "C" യുടെ പദവി I എന്തായിരുന്നു എന്നുപറയാമോ? അത് A യെപോലെ B യെപോലെ ആയിരുന്നുവോ ഇന്നത്തെക്കാൾ ഭേദമോ കുറവോ ആയിരുന്നുവോ?

ഉത്തരദാതാവ് : LSE "C" A ക്ക് തുല്യമായിരുന്നു അമ്പലം നിർമ്മിച്ചതിനുശേഷം അവിടെ നിന്നും ഇപ്പോൾ ആരും മരം മുറിക്കാറില്ല അതുകൊണ്ടാണ് ഇപ്പോൾ അവിടെ അത്രകണ്ട് നാശം ഇല്ല.

## സംഘം ചർച്ച രണ്ട് ജനുസ്സുകളുടെ സംരക്ഷണം/ ഉപയോഗ ഉപാധികൾ

ഓരോ ഉപയോക്താക്കളുടേയും കൂട്ടത്തേയും വേറെ വേറെ വിളിച്ച് സംരക്ഷണം ഉപയോഗ രീതികളെ കുറിച്ച് സംഘം ചർച്ച നടത്തണം. ഇത് സമയത്തേയും പഠന സംഘാംഗങ്ങളുടെ എണ്ണത്തെയും അടിസ്ഥാനപ്പെടുത്തിയാവണം. ഒന്നിലധികം LSE കൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ എന്തെല്ലാം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തി അവയെ തരംതിരിക്കുക. സംരക്ഷണം/ ഉപയോഗരീതികൾ ആഴത്തിൽ പരിശാധിക്കുകയും ഇതിന് പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്താണ് എന്ന് കണ്ടെത്തുകയും ചെയ്യണം.

ഒരുദാഹരണം താഴെ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക. ഒരു സ്ഥലത്ത് മുന്ന് കുടുംബങ്ങൾ അവർക്ക് ചുറ്റുവട്ടത്തുള്ള 50sq.Km ഓളം വേട്ടയ്ക്ക് ഉപയോഗിക്കാറുണ്ടായിരുന്നു. അടുത്തകാലത്തായി അവിടെ നിന്നും വേഴാമ്പലിനെ വേട്ടയാടുന്നത് അവർ നിറുത്തി. കാരണമായി അവർ പറഞ്ഞത് വേഴാമ്പലുകൾ വളരെ കുറഞ്ഞുവരുന്നു, എമ്പ്നാണ്. ഈ ഉപയോക്താക്കൾ വേഴാമ്പലിനെ വേട്ടയാടുന്നത് നിർത്തിയതുകൊണ്ട് ഈ ജനുസ്സ രക്ഷപ്പെട്ടു. വേഴാമ്പലിന്റെ എണ്ണത്തിലുണ്ടായ കുറവിനെപ്പറ്റി വീണ്ടും വീണ്ടും ചോദിച്ചപ്പോൾ വളരെ താൽപര്യജനകമായ ഒരു ഉത്തരമാണ് അവർ പറഞ്ഞത്. വേഴാമ്പലുകൾ ഉയരമുള്ള മരങ്ങളിലാണ് മുട്ടയിടുന്നത്, മരത്തിൽ പൊത്ത് ഉണ്ടാക്കിയാണ് മുട്ടയിടാറുള്ളത്. കഴിഞ്ഞ ദശകങ്ങളിലെ മരം വെട്ടൽ മൂലം ഉയരമുള്ള വൃക്ഷങ്ങൾ വളരെ കുറഞ്ഞു. പക്ഷിയെ വേട്ടയാടിയിരുന്നവർ അവരുടെ തീരുമാനം മാറ്റാനിടയായ പ്രേരക ശക്തി എന്താണെന്ന് അവരുടെ വാക്കുകൾ തന്നെ വ്യക്തമാക്കുന്നു. നിലവിലുള്ളതും ഭാവിയിലുള്ളതുമായ സംരക്ഷണ ഉപയോഗ രീതിക്ക് ഉപയോക്താക്കൾക്ക് ഒന്നോ അധിലധികമോ പ്രേരക ശക്തികൾ ഉണ്ടാകും. ഇത് ഒരു പക്ഷെ ഗ്രാമത്തിൽ തന്നെ ഉടലെടുക്കുന്നതോ അല്ലെങ്കിൽ ഗ്രാമത്തിന് പുറത്ത് നിന്ന് ഉടലെടുക്കുന്നതോ ആകാം. ഈ പ്രേരക ശക്തികൾ രണ്ട് തരത്തിൽ ഉണ്ട്. ഒന്ന് സ്പഷ്ടമായി നമുക്ക് ദർശിക്കാൻ കഴിയുന്നതും മറ്റൊന്ന് അന്തർലീനമായതും. പഠനസംഘം വളരെ ശ്രദ്ധയോടുകൂടി പല തരത്തിലുള്ള സുചനകൾ ഉപയോഗിച്ച് എന്തൊക്കെ കാരണങ്ങളാണ് ഈ പ്രേരകശക്തിക്ക് പിന്നിലെന്ന് കണ്ടുപിടിക്കണം. ഇത് വളരെ പ്രധാനമാണ്.

## LSE യുടെയും ജനുസ്സുകളുടേയും ഉപയോഗം/നാശം

പഠനസ്ഥലത്തെ LSEയുടെയും ജനുസ്സുകളുടേയും സ്വത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള ശ്രമങ്ങൾ എത്രത്തോളം ഉണ്ട് തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കണം. ഈ കാലയളവുകളിൽ വിളവെടുപ്പിലും ജനസംഖ്യയിലും ഉണ്ടായ മാറ്റങ്ങൾ ജനുസ്സുകളുടെ അഥവാ LSEയെ ഇങ്ങനെ തുടർന്നും ഉപയോഗിക്കാൻ അനുവദിക്കുമോ? നിലവിലുള്ള ലഭ്യതയുടെ തോത് അനുസരിച്ച് മറ്റ് മാറ്റങ്ങൾ ഒന്നും വന്നില്ലായെങ്കിൽ അവർക്ക് എത്രകാലത്തേക്ക് ഇവ ഉപയോഗിക്കാൻ സാധിക്കും. ജനുസ്സുകളും LSE കളും കുറഞ്ഞ് വരികയാണ് എങ്കിൽ ഭാവിയിൽ ജൈവ വൈവിധ്യം തെരഞ്ഞെടുക്കൽ എങ്ങനെയായിരിക്കും. ഈ കാര്യങ്ങളൊക്കെ വ്യക്തമായി അറിയുക.

## നിലവിൽ സംരക്ഷിക്കപ്പെടുന്ന LSE/ ജനുസ്സുകൾ

1. ഒരു പ്രത്യേക LSE/ജനുസ്സിനേയോ എന്തിനാണ് അല്ലെങ്കിൽ എന്ത് ഉദ്ദേശത്തിലാണ് അവർ പൂർണ്ണമായോ ഭാഗികമായോ സംരക്ഷിക്കുന്നത്. മുൻകാലങ്ങളിൽ ഈ LSE ജനുസ്സിനെയോ അവർ ഉപയോഗിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ എങ്ങിനെ?
2. ഇവയെ തുടർന്നും സംരക്ഷിക്കുന്നതിൽ അവർക്ക് താൽപര്യമുണ്ടോ അങ്ങിനെയെങ്കിൽ ഏതെല്ലാം നിബന്ധനകളുടെ അടിസ്ഥാനത്തിൽ? (ധാർമ്മികം സാമ്പത്തികം നിയമപരം)

3. LSE ജനുസ്സുകൾ സംരക്ഷിക്കുന്നതിൽ അവർക്ക് താൽപ്പര്യമില്ലെങ്കിൽ അവരത് ഉപയോഗിക്കരുവാൻ താൽപര്യപ്പെടുമോ? അതോ പൂർണ്ണമായി നശിപ്പിക്കുകമോ അല്ലെങ്കിൽ മാറ്റം വരുത്തുമോ? ഏത് തരത്തിൽ ?

## നിലവിൽ സംരക്ഷിക്കപ്പെടാത്ത ജനുസ്സുകൾ / LSE

ഇപ്പോൾ സംരക്ഷിക്കപ്പെടാതെ കിടക്കുന്ന LSE/ ജനുസ്സുക്കൾക്ക് ഭാഗികമായൊ പൂർണ്ണമായൊ സംരക്ഷണം കൊടുക്കുന്നതിൽ അവർക്ക് താല്പര്യമുണ്ടോ?

അങ്ങനെയെങ്കിൽ സംരക്ഷിക്കുന്നതിൽ എന്തുകൊണ്ടാണ് താൽപര്യമെടുക്കുന്നത്, സംരക്ഷണം ഏതിന്റെയൊക്കെ അടിസ്ഥാനത്തിൽ ആയിരിക്കും ?

ഇപ്പോഴത്തെ നിലയിൽ വിളവെടുപ്പ്/നാശം തുടർന്നാൽ ജൈവ സമ്പത്ത് ഇന്നത്തേതുപോലെ നിലനിർത്തിക്കൊണ്ടുപോകാൻ അവർക്ക് സാധിക്കുമോ ഇല്ലെങ്കിൽ അവർ അതിന് എന്തെങ്കിലും പ്രതിവിധി കണ്ടെത്തുമോ ? അല്ലെങ്കിൽ അവർ മറ്റെന്തെങ്കിലും ജൈവ സമ്പത്ത് ഉപയോഗിക്കാൻ താൽപര്യപ്പെടുമോ ?

## ജനുസ്സുക്കളേയും LSEകളേയയും തരംതിരിക്കുന്നതിനുള്ള തയ്യാറെടുപ്പ്

ഒരു ജനുസ്സ് / LSE ഉപയോഗിക്കുന്നതിലോ അല്ലെങ്കിൽ സംരക്ഷിക്കുന്നതിലോ ഉള്ള അനുകൂലങ്ങളും പ്രതികൂലങ്ങളുമായ ഘടകങ്ങൾ രേഖപ്പെടുത്തുക. സംഘം ഇങ്ങനെയുള്ള വിവരങ്ങൾ ചിട്ടയായി ക്രോഡീകരിക്കണം. താഴെ പറയുന്ന 3 തരത്തിൽ ക്രോഡീകരിക്കാം.

1. *നിലവിൽ സംരക്ഷിക്കപ്പെടുന്ന LSE/യും ജനുസ്സുക്കളും*

   ഉപയോക്താക്കളുടെ ഇപ്പോഴുള്ളസംരക്ഷണ ശ്രമങ്ങൾ

   ഉപയോക്താക്കളുടേയും മറ്റുള്ളവരുടേയും ഭാഗത്തുനിന്നുണ്ടാകേണ്ട ഭാവിയിലെ സംരക്ഷണ ശ്രമങ്ങൾ

2. നിലവിൽ സംരക്ഷിക്കപ്പെടുകയോ ഉപയോഗിക്കപ്പെടുകയോ ചെയ്യാത്ത നാശകരമായ / *ഉപദ്രവകാരികളായ ജനുസ്സുക്കൾ / LSE*

   ജനുസ്സുക്കൾക്ക് / LSE ഇവ മൂലം ഗ്രാമീണർക്കുണ്ടാകുന്ന നാശം അവ കൊണ്ടുള്ള ഉപദ്രവം

   സംരക്ഷണത്തിനുവേണ്ട നിബന്ധനകൾ (നിലവിലുള്ള സംരക്ഷണ മാർഗ്ഗങ്ങൾ, ഉപാധികൾ)

   ഗ്രാമത്തിലെ ഭരണാധികാരികൾ, ഗ്രാമവാസികൾ അല്ലാത്തവർ, ഉപയോക്താക്കൾ മുതലായവരുടെ ജൈവ സംരക്ഷണ ശ്രമങ്ങളിലെ പങ്കാളിത്തം.

   സ്ത്രീകൾ/കുട്ടികൾ/പുരുഷന്മാർ എന്നിവരുടെ ജൈവ സംരക്ഷണ ശ്രമങ്ങളിലുള്ള പങ്ക്

   സർക്കാരിതര സംഘടനകൾ, അമ്പലത്തിന്റെ ഭരണാധികാരികൾ, കച്ചവടക്കാർ തുടങ്ങിയവരുടെ പങ്ക്.

3. *നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന / ഉപയോഗിക്കാത്ത Spp/LSE*

   ആവശ്യം അവകാശം പ്രാദേശികമായും പുറമെ നിന്ന് ഉള്ളതും

ജനുസ്സുക്കളുടേയെ LSEയുടേയോ സംരക്ഷണത്തിലേക്കോ. നാശത്തിലേക്കോ നീങ്ങുന്ന തരത്തിലുള്ള ജൈവ വിഭവ സമാഹരണ രീതികൾ.

ജൈവ സംരക്ഷണത്തിന് ഉതകുന്ന രീതിയിലുള്ള ഉപയോഗ ക്രമങ്ങൾക്ക് വേണ്ടിവരുന്ന മാറ്റങ്ങൾ.

ഇങ്ങനെയുള്ള മാറ്റങ്ങൾക്ക് വേണ്ട ഘടകങ്ങൾ ശ്രമങ്ങൾ, പ്രവർത്തന രീതികൾ

പ്രാദേശിക വാസികളുടേയോ മറ്റ് ഉപയോക്താക്കളുടെ കുട്ടത്തിന്റേയോ സഹകരണം.

LSE/ജനുസ്സുക്കളോ പ്രാദേശിക വാസികൾക്ക് ഉപയോഗിക്കാൻ ഉതകുന്ന തരത്തിലുള്ള ഭാവിമാറ്റങ്ങൾ പ്രായോഗികമോ നിയമപരമോ ആയ മാറ്റങ്ങൾ

ജനുസ്സുക്കളുടേയും LSEയുടേയും പരസ്പര പ്രവർത്തനം കൊണ്ടുണ്ടാകുന്ന മാറ്റങ്ങൾ

ആവശ്യം / കാരണങ്ങൾ

മറ്റ് ഉപയോക്താക്കളുടെ സ്വാധീനം

ഉപയോക്താക്കളിലെ അംഗങ്ങളുടെ ജീവിത രീതിയിലുണ്ടായ വ്യത്യാസം/ഉപയോക്താക്കളുടെ സമീപനത്തിനുണ്ടായ വ്യത്യാസം.

പ്രധാനപ്പെട്ട ഉപയോക്താക്കളേയും പ്രധാന ഘടങ്ങളേയും, ജനുസ്സുക്കളേയും പറ്റി നമ്മൾ പഠിച്ചു കഴിഞ്ഞാൽ പഠനസംഘം ഭൂവിഭാഗത്തിന്റെ / LSEയുടെ ആവാസ ചരിത്രത്തേയും ഭാവി മാറ്റങ്ങളേയും മറ്റ് വിവരങ്ങളേയും പറ്റി പൊതുവായ ഒരു നിഗമനത്തിൽ എത്തിച്ചേരുവാൻ കഴിയുകയും കൂടാതെ വിവിധ ഉപയോക്താക്കൾക്കുള്ള ജനുസ്സുക്കളെ / LSEയെ സംബ

സ്ഥിച്ച വിപരീതമോ പൊതു സമ്മതമുള്ളതോ ആയ അഭിപ്രായങ്ങൾ കണ്ടെത്തുവാൻ കഴിയുകയും ചെയ്യും. ഇതിനെ തുടർന്ന് ഉപയോക്താക്കളുടെ ഇടയിലുള്ള അഭിപ്രായ ഭിന്നത കുറയ്ക്കുവാൻ വേണ്ടിയും അവരുടെ കൂട്ടായ്മ വർദ്ധിപ്പിക്കാൻ വേണ്ടിയും ഉതകുന്ന തകരത്തിലുള്ള ചർച്ചകൾ പഠന സംഘം നടത്തണം.

## സംഘ ചർച്ച മൂന്ന് : ഭാവിപരിപാടികൾ നടപ്പിലാക്കൽ

സംഘചർച്ച III പ്രധാന പ്പെട്ട ഒന്നാണ് ഈ ചർച്ചയിൽ ഓരോ ഉപയോക്താക്കളുടെ കൂട്ടത്തേയും അവരുടെതായ ഭാവി പ്രവർത്തനങ്ങൾ എന്തെല്ലാമായിരിക്കുമെന്ന് വെളിവാക്കുവാൻ പ്രേരിപ്പിക്കണം ഭാവി പരിപാടികൾ ആസൂത്രണം ചെയ്യണമെങ്കിൽ നമ്മൾ ക്രോഡീകരിച്ച വിവരങ്ങൾ സംഘാംഗങ്ങളുടെ മുമ്പിൽ അവതരിപ്പിക്കണം താഴെ പറയുന്ന രീതിയിൽ വിവരങ്ങൾ അവതരിപ്പിക്കാം.

1. ഉപയോക്താക്കൾ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ജനുസ്സുക്കളുടെ / LSEയുടെ ഇപ്പോഴത്തെ പദവി
2. LSE/ജനുസ്സുക്കൾക്ക് ഉണ്ടാകുന്ന ഭാവി മാറ്റങ്ങൾ ലഭ്യമായ വിവരം അനുസരിച്ച് 2 തരത്തിലുള്ള മാറ്റങ്ങളെക്കുറിച്ച് പ്രതിപാദിക്കാം

   a) നിലവിലുള്ള പ്രേരക ശക്തികൾക്ക് മാറ്റം വരുന്നില്ല എങ്കിലുള്ള മാറ്റങ്ങൾ

   b) നിലവിലുള്ള പ്രേരക ശക്തികൾക്ക് മാറ്റം വന്നാലുള്ള മാറ്റങ്ങൾ
3. പ്രേരക ശക്തികളെ മാറ്റുന്ന ഘടകങ്ങൾ
4. പ്രേരക ശക്തികളെ മാറ്റുന്നതിൽ മറ്റ് ഉപയോക്താക്കൾക്കുള്ള പങ്ക്
5. മറ്റ് ഉപയോക്താക്കളുടെ / ഗ്രാമീണരുടെ ഗ്രാമത്തിന് അകത്തും പുറത്തുമുള്ളവരുടെ ഭാവി പരിപാടികളെക്കുറിച്ചുള്ള പ്രതികരണങ്ങൾ.
6. പഠന സ്ഥലത്തെ ജൈവ സമ്പത്തിനെ ആശ്രയിക്കുന്ന, ഗ്രാമത്തിന് പുറത്തുള്ള ഉപയോക്താക്കൾ ആരാണെന്നുള്ളത്
7. ജൈവ വിഭവങ്ങളെ ഉപയോഗിക്കുന്നതിൽ നിന്നും അവരെ വിലക്കുവാനോ നിയന്ത്രിക്കുവാനോ ആർക്കാണ് അധികാരമുള്ളത്.
8. ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള ഗവേഷണമോ സാമൂഹിക വികസന പ്രവർത്തനങ്ങളോ നടത്തുവാൻ പ്രാപ്തിയും കഴിവും ഉള്ളത് ആർക്കൊക്കെയാണ്.

മേൽ പറഞ്ഞ പശ്ചാത്തല വിവരങ്ങൾ വശദമാക്കുമ്പോൾ ജൈവ വിഭവങ്ങൾ ഉപയോഗിക്കുന്നതിലും സംരക്ഷിക്കുന്നതിലും ഓരോ ഉപയോക്താക്കളുടെ കൂട്ടത്തിന്റേയും പ്രതികരണങ്ങളറിയുക. പ്രത്യേകിച്ചും രണ്ടോ അതിലധികമോ ഉള്ള ഉപയോക്താക്കളുടെ കൂട്ടം ഒരേ തരത്തിലുള്ള ജൈവ വിഭവങ്ങൾ ഉപയോഗിക്കുമ്പോൾ ഇങ്ങനെ വരുമ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങൾ എല്ലാം കണക്കിലെടുത്ത് കൊണ്ട് ജൈവ സംരക്ഷണ/ഉപയോഗ ഉപാധികൾ മുൻഗണനാക്രമത്തിൽ അവർതന്നെ തിരഞ്ഞെടുക്കാൻ അനുവദിക്കുക.

ഉദാ: A. എന്ന ഉപയോക്താക്കളുടെ കൂട്ടം താഴെ പറയുന്ന നിബന്ധനകൾക്കനുസൃതമായി ജനുസ്സുക്കളേയോ / LSEയോ സംരക്ഷിക്കുവാൻ താൽപര്യപ്പെടുന്നു

## നിബന്ധനകൾ

1.........................................................................

.........................................................................

.........................................................................

2.........................................................................

.........................................................................

.........................................................................

ഉപയോക്താക്കളുടെ കുട്ടം A താഴെ പറയുന്ന പരിശ്രമങ്ങളിലൂടെയോ കഴിവുകളിലുടേയോ അതേ ജനുസ്സുക്കളേയോ / LSE സംരക്ഷിക്കുവാനോ ഉപയോഗിക്കുവാനോ താൽപ്പര്യപ്പെടുന്നു

ശ്രമം. 1.........................................................................

.........................................................................

.........................................................................

2.........................................................................

.........................................................................

.........................................................................

ഉപയോക്താക്കളുടെ കുട്ടം ഗ്രാമവാസികളല്ലാത്തവരുടേയും മറ്റ് ഉപയോക്താക്കളുടെയും സഹായം താഴെ പറയുന്ന കാര്യങ്ങൾക്ക് പ്രതീക്ഷിക്കുന്നു.

ഉപയോക്താക്കളുടെ പേര് ..........................................................

..........................................................................................

..........................................................................................

**സഹായത്തിന്റെ സ്വഭാവം**

1..................................................................................

..................................................................................

..................................................................................

2..................................................................................

..................................................................................

..................................................................................

ഉപയോക്താക്കളുടെ കൂട്ടം A താഴെ പറയുന്ന നിർദ്ദേശങ്ങൾ സംരക്ഷണ ഉപാധികൾക്ക് നൽകുന്നു

**നിർദ്ദേശങ്ങൾ**

1..................................................................................

..................................................................................

..................................................................................

2..................................................................................

..................................................................................

..................................................................................

## ഗ്രാമസഭ രണ്ട് : ഗ്രാമവാസികളുടെ കൂട്ടായ പദ്ധതി

താഴെ പറയുന്ന ലക്ഷ്യങ്ങൾ മനസ്സിൽ വച്ചുകൊണ്ടുവേണം സംഘാംഗങ്ങൾ ഗ്രാമസഭയോ ഒരുമിച്ചുള്ള സംഘ ചർച്ചകളോ നടത്തേണ്ടത് നമ്മുടെ ലക്ഷ്യം

- ❖ പഠന സ്ഥലത്തെ സംരക്ഷിക്കപ്പെട്ടതും ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമായ വിവിധ തരത്തിലുള്ള ജനുസ്സുക്കളെക്കുറിച്ച് വ്യക്തമായ ഒരു ചിത്രം നൽകുവാൻ വേണ്ടി.
- ❖ പ്രാദേശിക ജൈവ സമ്പത്ത് ഗ്രാമീണ വാസികൾ സംരക്ഷിക്കുന്ന രീതികൾ പ്രോത്സാഹിപ്പിക്കാൻ വേണ്ടി.
- ❖ ജൈവ സമ്പത്ത് സംരക്ഷിക്കുന്നതിലും ഉപയോഗിക്കുന്നതിലും കുടിയേറ്റക്കാരുടേയും ഗ്രാമത്തിന് പുറത്തുള്ളവരുടേയും ഉള്ള പങ്കിനേയും സ്വാധീനത്തേയും ഉയർത്തിക്കാട്ടാൻവേണ്ടി.
- ❖ വിവിധ തരത്തിലുള്ള ഉപയോക്താക്കളുടെ ഭാവി പരിപാടികൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി
- ❖ ഉപയോക്താക്കളിലെ അഭിപ്രായ വ്യത്യാസമേഖലകളേയും അഭിപ്രായ സമന്വയങ്ങളുള്ള മേഖലകളേയും ഉയർത്തിക്കാട്ടുവാൻ വേണ്ടി
- ❖ അഭിപ്രായ ഭിന്നതകളെ ലഘൂകരിക്കുവാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുവാൻ വേണ്ടി

നമ്മൾ ക്രോഡീകരിച്ച വിവരങ്ങൾ വളരെ ലളിതമായി ഗ്രാമസഭയിൽ അവതരിപ്പിക്കുക ഇതിനുവേണ്ടി ചാർട്ടുകളും പോസ്റ്ററുകളും കാർട്ടൂൺ ചിത്രങ്ങളും LSE മാപ്പും മറ്റും ഉപയോഗിക്കുക അവരിൽ ഒരാളായി നിങ്ങൾ പെരുമാറുക ഗ്രാമീണരെ ചോദ്യങ്ങൾ ചോദിക്കുവാൻ പ്രേരിപ്പിക്കുക അതിനുള്ള താൽപര്യം തുടക്കം മുതലേ അവരിൽ ജനിപ്പിക്കണം ക്ഷമയോടെ വിശദമായി ഉത്തരങ്ങൾ നൽകുക ചുരുക്കത്തിൽ ഗ്രാമസഭയുടെ അവസാനം ജൈവ സംരക്ഷണ ഉപാധികളെക്കുറിച്ച് വ്യക്തമായ തീരുമാനങ്ങൾ എടുക്കുവാൻ ജനങ്ങൾക്ക് കഴിയണം അഭിപ്രായ ഭിന്നതകൾ ഉള്ള വിഷയങ്ങൾ ഉണ്ടാകാം എങ്കിലും ഗ്രാമത്തിന്റെ പൊതുവായ ഒരു അഭിപ്രായം സമന്വയിപ്പിക്കാൻ നമുക്ക് ഇതിലൂടെ കഴിയണം.

## ജൈവ സംരക്ഷണ പ്രവർത്തനവും വികസന പ്രവർത്തനവും :

### ശ്രദ്ധിക്കേണ്ട പ്രശ്നങ്ങൾ

ഇപ്പോൾ നമ്മൾ സാധ്യമായരീതികളിൽ 3 ഗ്രാമീണ വാസികളുടെ വിവിധ ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളേയും അവരുടെ ഭാവി പദ്ധതികളേയും ഏറെക്കുറെ ഏകോപിപ്പിച്ചു കഴിഞ്ഞു. പക്ഷെ നമ്മൾ ഏകോപിപ്പിച്ചുകൊണ്ടുവന്ന പദ്ധതികൾകൊണ്ട് മാത്രം ശരിയായ ഒരു നിഗമനത്തിൽ എത്തിച്ചേരുവാൻ സാധ്യമായി എന്ന് വരുകില്ല. വിശേഷിച്ചും ഗ്രാമീണ വാസികൾ ചിന്തിക്കുന്ന നരീതികൾക്ക് പ്രകടമായ വ്യത്യാസം ഉള്ളപ്പോൾ, മാത്രവുമല്ല ഗ്രാമീണ വാസികളുടെ സംരക്ഷണ ഉപയോഗ രീതികളെ സ്വാധീനിക്കുവാൻ കഴിയുന്ന ഗ്രാമത്തിന് പുറത്തുള്ളവരും ഉണ്ടാകാം. അതുകൊണ്ട് ഈ രണ്ട് പ്രശ്നങ്ങളെയും (സംരക്ഷണവും വികസനവും) നമ്മൾ ശരിയായ രീതിയിൽകൈകാര്യം ചെയ്യണം.

നിലവിലിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് ഗ്രാമീണ വാസികളുടെ ജൈവ വൈവിധ്യ സംരക്ഷണ രീതികൾ തികച്ചും അപ്രത്യക്ഷമായിക്കൊണ്ടിരിക്കു

കയാണ്. ഇപ്പോൾ അവരുടെ ചിന്താഗതിയും സമീപനവും കഴിഞ്ഞ കുറേ വർഷങ്ങൾക്ക് മുമ്പുള്ളതിനേക്കാൾ വിഭിന്നവുമാണ്. മാത്രമല്ലാ അവരുടെ തനത് സംസ്ക്കാരം തന്നെ ഇല്ലാതായികൊണ്ടിരിക്കുന്ന അവസ്ഥയാണിപ്പോൾ. എങ്കിലും ഗ്രാമീണ വാസികൾക്ക് അവരുടെയും അവരുടെ ഗ്രാമത്തിന്റെ വിവിധ തരത്തിലുള്ള പുരോഗമനത്തെക്കുറിച്ച് അഭിലാഷങ്ങളുണ്ട്. ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നമ്മുടെ ശ്രമങ്ങൾക്ക് താഴെ പറയുന്ന ലക്ഷ്യങ്ങൾ ഉണ്ടായിരിക്കണം.

- ❖ ജൈവ സംരക്ഷണ പ്രവർത്തനങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥന്മാരുടെയും ഗ്രാമീണ വാസികളുടെയും താൽപര്യങ്ങളിലുള്ള വ്യത്യാസങ്ങൾ അറിയുക
- ❖ ഗ്രാമീണ വാസികളുടെ വ്യക്തിപരമായ ഉന്നമനത്തിനും ഗ്രാമത്തിന്റെ പൊതുവായ ഉന്നമവനത്തിനും വേണ്ടി അവർ ജൈവ വൈവിധ്യ സംരക്ഷണത്തിന് എന്ത് മാത്രം പ്രാധാന്യം കൊടുക്കുന്നു എന്ന് മനസ്സിലാക്കുക
- ❖ നിലവിലുള്ള അധികാര വ്യവസ്ഥിതികൾ കണക്കിലെടുത്തുകൊണ്ട് ഗ്രാമീണ തലത്തിലുള്ള ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുക

സാധാരണ ഗതിയിൽ ഗ്രാമവാസികൾ അവരുടെ ശരിയായ അഭിപ്രായം ഒരു പൊതുവേദിയിലോ യോഗത്തിലോ രേഖപ്പെടുത്താറില്ല അവരുടെ ശരിക്കുമുള്ള അഭിപ്രായം അറിയണമെങ്കിൽ പ്രത്യേകിച്ചും പ്രാധാന്യമുള്ള വിഷയങ്ങളിൽ അവരെ പ്രത്യേകം പ്രത്യേകമായി അഭിമുഖം നടത്തുകയാണ് വേണ്ടത്

## വ്യക്തിഗത അഭിമുഖങ്ങൾ – പ്രധാന്യം

എന്തിനെക്കുറിച്ചാണ് അഭിമുഖം നടത്തേണ്ടത് എന്നതിനെക്കുറിച്ച് നമുക്ക് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം.

തീരുമാനം എടുക്കുന്നതിലും അത് നടപ്പാക്കുന്നതിലും കഴിവുള്ള (ഗ്രാമത്തിനകത്തും പഠന സ്ഥലത്തിന് പുറത്തുള്ളവരേയും) പലകൂട്ടം ആൾക്കാർ ഗ്രാമത്തിലുണ്ടാകും. ഇവരിൽ നിന്നും മുൻകൂട്ടിയുള്ള കണക്കുകൂട്ടൽ ഇല്ലാതെ കുറച്ച് ആളുകളെ തിരഞ്ഞ് എടുക്കുക. ഉദാഹരണത്തിന്

I. സാങ്കേതിക തീരുമാനങ്ങൾ എടുക്കാൻ അനുവാദമില്ലാത്തവരും അതേസമയം ചെറിയ തോതിൽ തീരുമാനങ്ങൾ എടുക്കാൻ കഴിവുള്ളതും (1. സ്ത്രീ പുരുഷന്മാർ 2. എല്ലാത്തരം സാമ്പത്തിക തട്ടുകളിൽ നിന്നും)

b. അദ്ധ്യാപകർ ഹൈസ്കൂൾ പ്രീഡിഗ്രി പ്രാദേശിക വാസികളായ അദ്ധ്യാപകർ പ്രാദേശിക വാസികളായ വിദ്യാർത്ഥികൾ ഗ്രാമത്തിന് പുറത്ത് ഏറ്റവും സമീപത്തുള്ള അദ്ധ്യാപകർ)

c. ദേശാടനക്കാർ സാന്ദർഭികം)

1. കാലിമേയ്ക്കുന്നവരായ

2. കാലിമേയ്ക്കുന്നവരല്ലാത്ത കലാകാരന്മാർ വൈദ്യന്മാർ വേട്ടയാടുന്നവർ പുഷ്പഫലസസ്യങ്ങൾ ശേഖരിക്കുന്നവർ യാചകർ മതവാദികൾ അലഞ്ഞു നടക്കുന്ന ആദിവാസികൾ)

II. തീരുമാനങ്ങൾ നടപ്പിലാക്കുന്നവരെ സ്വാധീനിക്കുവാൻ കഴിയുന്ന ആൾക്കാർ

a. സർക്കാരിതര സംഘടനകൾ സർക്കാരിതര വ്യക്തികൾ

1. ഫീൽഡ് വർക്കേഴ് ഗവേഷകർ ഗ്രാമ പ്രവർത്തകർ

2. സന്നദ്ധ സംഘടനകളുടെ അദ്ധ്യക്ഷന്മാർ

b. വ്യവസായ സംരംഭകർ

1. ചെറുകിട കുടിൽവ്യവസായങ്ങൾ

ചെറു വനസസ്യ വിഭവങ്ങൾ കച്ചവടം നടത്തുന്നവർ കൃഷി ഉല്പന്നങ്ങൾ കച്ചവടം നടത്തുന്നവർ (ഈർച്ച മില്ല് നടത്തുന്നവർ ഗൃഹോപകരണ സാധനങ്ങൾ വിൽക്കുന്നവർ)

2. വൻകിട വ്യവസായം

ചെറുകിട കുടിൽ വ്യവസായങ്ങളെ ആശ്രയിക്കുന്ന വൻകിട വ്യവസായങ്ങൾ ഔഷധ കമ്പനികൾ ഖനനം മലിനീകരണം തുടങ്ങിയവ ഉണ്ടാക്കുന്ന വ്യവസായങ്ങൾ

c. പ്രാദേശിക വരാസികളുടെ ക്ഷേമ സംഘടനകൾ സഹകരണ സംഘങ്ങൾ

III. നിയമങ്ങൾ നടപ്പിലാക്കുന്നവർ പക്ഷെ തീരുമാനങ്ങൾ എടുക്കാൻ അധികാരമില്ലാത്തവർ

സർക്കാർസ്ഥാപനങ്ങൾ (വനം, റവന്യൂ, BDO, കൃഷി, മൽസ്യം, PWD etc.)

IV. തീരുമാനങ്ങളും നയങ്ങളും എടുക്കുന്നവർ

1. പഞ്ചായത്ത് അംഗങ്ങൾ ഗ്രാമത്തെ സംബന്ധിക്കുന്ന ചട്ടങ്ങളെപ്പറ്റി തീരുമാനിക്കുന്ന തദ്ദേശവാസികളായ ഉദ്യോഗസ്ഥന്മാർ, ഗ്രാമത്തെ പ്രതിനിധീകരിക്കുന്ന MLA, MP, പ്രാദേശികമായ നയപരി

പാടികൾ ആവിഷ്ക്കരിക്കുന്ന സഹകരണ വകുപ്പ് അദ്ധ്യക്ഷന്മാർ.

2. സർക്കാർ ഉന്നതോദ്യോഗസ്ഥന്മാർ നിയമ നിർമ്മാണ ഉപദേശകർ

ഈ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന പരിശീലന മാതൃകകൾ ജൈവ വൈവിധ്യ സംരക്ഷണത്തിൽ വ്യക്തിഗത താൽപ്പര്യങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടാണ് അതിൽ നമ്മുടെ പഠന സ്ഥലം ഒരുദാഹരണമായി എടുത്തുകാട്ടാം.

## എന്താണ് അഭിമുഖം നടത്തേണ്ടത്

അഭിമുഖം നടത്തുന്നതിന് വേണ്ടിയുള്ള ചില സൂചനകൾ ഇവിടെ വിവരിക്കുന്നു.

a) പ്രാദേശിക വാസികൾ

1. ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഗ്രാമ വാസികൾക്ക് എന്തെല്ലാം സംഭാവനകൾ നൽകുവാൻകഴിയും ? ജൈവ വൈവിധ്യ സംരക്ഷണം ചെയ്യുന്നത് കൊണ്ട് അവർപ്രതീക്ഷിക്കുന്നത് എന്താണ് ? മതപരവും സാംസ്ക്കാരികവുമായ വെറും സംതൃപ്തിയോ അതോ പ്രത്യക്ഷ സാമ്പത്തിക ലാഭമോ ?

2. ജീവിതത്തെക്കുറിച്ചുള്ള അവരുടെ വ്യക്തിഗത കാഴ്ചപ്പാട് എന്താണ് (ഉദാഹരണത്തിന് അവരുടെ ഭാവി ജോലിയനുസരിച്ച് അല്ലെങ്കിൽ കുട്ടികളുടെ ഭാവി അനുസരിച്ച്)

3. മേൽപ്പറഞ്ഞ അവരുടെ താൽപര്യങ്ങളുടെ അടിസ്ഥാനത്തിൽ ജൈവ വൈവിധ്യത്തിനും അവയുടെ സംരക്ഷണത്തിനും.

   പ്രാദേശിക വാസികൾ എന്ത് പ്രാധാന്യം കൽപ്പിക്കുന്നു ? (കൂടുതൽ, മിതം, കുറവ് എന്ന അടിസ്ഥാനത്തിൽ)

   ജൈവ വൈവിധ്യ സംരക്ഷണമോ അല്ലെങ്കിൽ ഉപയോഗമോ ഗ്രാമീണ വാസികളുടെ വ്യക്തിപരമായ ആഗ്രഹങ്ങൾ സാധിക്കുന്നതിൽ എന്ത് മാത്രം പ്രയോജനം ചെയ്യും

4. ഗ്രാമത്തിന്റെ പുരോഗമന പ്രവർത്തനങ്ങളുടെ മുൻഗണനകളെപ്പറ്റി ഗ്രാമവാസികളുടെ വീക്ഷണം എന്താണ് ഗതാഗതം വാർത്താ വിനിമയം വിദ്യാഭ്യാസം ആരോഗ്യം കൃഷി വ്യവസായം തുടങ്ങിയവയിൽ ഈ ചട്ടക്കൂട്ടിൽ ജൈവ വൈവിധ്യത്തിന്റെ പ്രാധാന്യവും ഗ്രാമത്തിലുള്ള അതിന്റെ സ്വാധീനത്തിലും അവർ എന്ത് മാത്രം പ്രാധാന്യം കൽപ്പിക്കുന്നു? അവരുടെ ഗ്രാമ വികസന പദ്ധതിയിലെ ഒരു പ്രധാന പരിപാടിയായി ജൈവ വൈവിധ്യസംരക്ഷണത്തെ ഉയർത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് നിർദ്ദേശിക്കാവുന്നത്?

5. വൈവിധ്യത്തിന്റെ ഇപ്പോഴുള്ള പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെപ്പറ്റഇ പ്രാദേശികമായും ആഗോളപരമായും ഗ്രാമവാസികൾക്ക് എന്തറിയാം ? ഉദാഹരണത്തിന് റിയോഡി ജനീറോയിൽ വച്ച് നടന്ന ഭൗമ ഉച്ചകോടിയെക്കുറിച്ചും അതിൽ ഉയർന്നു വന്നിട്ടുള്ള 'ഗാട്ട്' ഇവയെക്കുറിച്ചൊക്കെ യാതൊരു ചായ്വും കൂടാതെ വസ്തുനിഷ്ഠമായി പഠിച്ചിട്ടുണ്ടെങ്കിൽ മാത്രമേ ഗ്രാമീണരുമായി അവ ചർച്ച ചെയ്യാവൂ ഭൗതിക സ്വത്തവകാശം നേട്ടങ്ങൾ പങ്ക് വയ്ക്കൽ തുടങ്ങിയ പ്രവർത്തനങ്ങളെക്കുറിച്ച് അവർക്ക് എന്തെങ്കിലും ധാരണയുണ്ടോ എന്ന് വിലിയിരുത്തുക.

b) ഗ്രാമത്തിന് വെളിയിലുള്ളവർ

1. ഇവർ ജൈവ വൈവിധ്യത്തിനും അതിന്റെ സംരക്ഷണത്തിനും അവരുടെ വ്യക്തിപരമായതും പൊതുവായതും ആയ ഉന്നമനത്തിനും എന്ത് മാത്രം പ്രാധാന്യം കൽപ്പിക്കുന്നു (കൂടുതൽ മിതം കുറവ്)? വരും കാല ഉന്നമനത്തിന് വേണ്ടി ഇവർ ജൈവ വൈവിധ്യത്തിന് എന്ത് മാത്രം പ്രാധാന്യം കൊടുക്കുന്നു.

2. പഠന സ്ഥലത്തെ. ജൈവ വൈവിധ്യത്തിന്റെ സംരക്ഷണ ചുമതലകളെപ്പറ്റി പ്രത്യേകിച്ചും പ്രാദേശിക ദേശീയ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ അവരുടെ താൽപര്യങ്ങൾ എന്താണ് ? (പൊതുവായ താൽപര്യങ്ങൾ ജോലിയുടെ ഭാഗമായ താൽപര്യം)

3. ജൈവ വൈവിധ്യ സംരക്ഷണത്തിന് / ഉപയോഗത്തിന് അവരുടെ വ്യക്തിഗത സംഭാവനകൾ എന്തൊക്കെയാണ് ? ഭാവിയിലുള്ള ഉന്നമനത്തിന് അവരുടെ സംഭാവനകൾ എന്തെല്ലാം ?

4. ഗ്രാമീണർ അവലംബിക്കുന്ന ജൈവ വൈവിധ്യ സംരക്ഷണ / ഉപയോഗത്തിന്റെ രീതികളെപ്പറ്റി ഇവരുടെ വീക്ഷണം നടപ്പിലാക്കാൻ പറ്റുന്നതാണോ? അതവർ അംഗീകരിക്കുന്നുണ്ടോ ? ഇല്ലായെങ്കിൽ എവിടെയാണ് പ്രശ്നങ്ങൾ ? എങ്ങിനെ ഈ പ്രശ്നങ്ങൾ കൈകാര്യംചെയ്യും?

ഗ്രാമത്തിന് പുറത്ത് ഉള്ളവരുമായി ചർച്ച ചെയ്യുമ്പോൾ കഴിയുമെങ്കിൽ പ്രാദേശിക വാസികളുമായി ഒരുമിച്ച് പോകുകയും പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും വേണം ഗ്രാമത്തിന് പുറത്തുള്ളവരുടെ അഭിപ്രായം കേട്ടതിന് ശേഷം ന്യായീകരിക്കാവുന്ന അഭി

പ്രായങ്ങളെ മാത്രം അംഗീകരിക്കുകയും എതിരഭിപ്രായങ്ങൾ ചർച്ച ചെയ്യപ്പെടുകയും വേണം ഏകദേശം പൊതുവായ ഒരഭിപ്രായത്തിൽ ഇരുകൂട്ടർക്കും എത്തിച്ചേരാൻ സാധ്യമാകണം. പഠന സംഘത്തിന്റെ അഭിപ്രായങ്ങൾ പൂർണ്ണമായും അവതരിപ്പിച്ചതിനു ശേഷം മാത്രമേ ഗ്രാമവാസികളല്ലാത്തവരുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കാവൂ.

ഗ്രാമത്തിന് പുറത്തുള്ളവരെ തിരഞ്ഞെടുക്കുമ്പോൾ പഠന സ്ഥലവുമായി എന്തെങ്കിലും തരത്തിൽ ബന്ധമുള്ളവരാണ് അവർ എന്ന് പ്രാദേശിക വാസികൾപറയുന്നവരെ മാത്രം ആയിരിക്കണം തെരഞ്ഞെടുക്കേണ്ടത്. പഠന സംഘം ഗ്രാമത്തിലെ പ്രബുദ്ധരായ ഉന്നത ഉദ്യോഗസ്ഥന്മാരേയും അവരെ തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുന്നവർ തുടങ്ങിയവരേയും കണ്ടെത്തണം. ഒരുകാര്യം ശ്രദ്ധിക്കേണ്ടത് ഇവരോട് അഭിമുഖം നടത്തുന്നത് വളരെ ബുദ്ധിയോടും പ്രാഗത്ഭ്യത്തോടും കൂടിയായിരിക്കണമെന്നതാണ്. അല്ലെങ്കിൽ പ്രധാന വിഷയത്തിൽ നിന്നും ഇവർ വഴുതിമാറി അപ്രസക്തങ്ങളായ മറുപടികളായിരിക്കും തരുന്നത്. അതുകൊണ്ട് ശ്രദ്ധയോടെ വേണം അഭിമുഖം നടത്താൻ. പലപ്പോഴും പ്രഥമദൃഷ്ട്യാ തന്നെ അഭിമുഖകർത്താവ് പറയുന്നതിനെ ഇവർ ശരിവയ്ക്കുമെങ്കിലും ഇവരുടെ യഥാർത്ഥ അഭിപ്രായങ്ങൾ അറിയണമെങ്കിൽ വളരെ ചാതുര്യത്തോടേയും കുശാഗ്രതയോടും തന്നെ അഭിമുഖം നടത്തേണ്ടി വരും.

## തയ്യാറെടുപ്പ്: പുരോഗമനവും സംരക്ഷണവും

ഗ്രാമസഭയുടെ കണ്ടെത്തലുകളും ഗ്രാമവാസികളുടെ പലതരത്തിലുള്ള താൽപ്പര്യങ്ങളും തരംതിരിക്കണം. പ്രാദേശിക വാസികളുടേയും ഗ്രാമത്തിന് പുറത്തുള്ളവരുടെയും താൽപ്പര്യങ്ങൾ താരതമ്യപ്പെടുത്തുകയും ജൈവ വൈവിധ്യ സംരക്ഷണത്തിനും ഉപയോഗത്തിനും അവർ ഇരുവരും കൊടുക്കുന്ന മൂല്യങ്ങളെ തരംതിരിച്ച് കണക്കാക്കുകയും ചെയ്യണം. ഇങ്ങനെ നാം എത്തിച്ചേരുന്ന തീരുമാനങ്ങളെ താഴെ പറയുന്ന തലക്കെട്ടുകളിൽ പ്രത്യേകം പ്രത്യേകം വകുപ്പുകളായി തരംതിരിക്കാം.

## 1. അഭിപ്രായ വ്യത്യാസങ്ങളുടെയും അഭിപ്രായ സമന്വയങ്ങളുടേയും മേഖലകൾ

എല്ലാ കുടിയാലോചനകൾക്കും ഒത്തുതീർപ്പുകൾക്ക് ശേഷവും വീണ്ടും ചില വിവാദാസ്പദമായ മേഖലകളിൽ ഉള്ള അറിവ് അപര്യാപ്തമായിരിക്കും. തീർച്ചയായും ആഒരുപാട് കാര്യങ്ങളിൽ നമുക്ക് ഒരു പൊതു അഭിപ്രായത്തിൽ എത്തിച്ചേരേണ്ടിവരും. ഈ പ്രശ്നങ്ങളെ നാം തരംതിരിച്ച് അവതരിപ്പിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ സ്വായത്തമാക്കണം.

1. ഗ്രാമവാസികളുടെ അഭിപ്രായത്തോട് യോജിപ്പ് പ്രകടിപ്പിക്കുന്ന ഗ്രാമത്തിന് പുറത്തുള്ളവരുടെ പേര് വിവരങ്ങളും അവരുടെ താൽപ്പര്യങ്ങളും.
2. പ്രാദേശിക വാസികളുടെ അഭിപ്രായങ്ങളോട് എതിർപ്പുള്ള ഗ്രാമത്തിന് വെളിയിലുള്ളവരുടെ പേര് വിവരങ്ങളും അവരുടെ താൽപ്പര്യങ്ങളും.
3. പുറത്തുള്ളവർക്ക് അറിയാൻ പാടില്ലാത്തതായ ഗ്രാമവാസികളുടെ താൽപ്പര്യങ്ങളുടെ ഒരു പട്ടിക.

## 2. ജൈവ വൈവിധ്യത്തിനും അതിന്റെ സംരക്ഷണത്തിനും ഗ്രാമീണർ കൽപ്പിച്ചിട്ടുള്ള പ്രാധാന്യം.

1. ജൈവ വൈവിധ്യത്തിനും അതിന്റെ സംരക്ഷണത്തിനും അവരുടെ വ്യക്തിഗത, സാമൂഹ്യ കാര്യപരിപാടികളിൽ പ്രാധാന്യം നൽകുന്ന ഉപയോക്താക്കൾ (ഗ്രാമവാസികളും പുറത്ത് നിന്നുള്ളവരും) (കൂടുതൽ, മിതം, കുറവ് എന്ന അടിസ്ഥാനത്തിൽ). ഈ വീക്ഷണത്തിന് പുറകിലെ യുക്തി.
2. ജൈവ വൈവിധ്യത്തിനും അതിന്റെ സംരക്ഷണത്തിലും നേരിട്ടോ, അല്ലാതെയോ സ്വാധീനിക്കുവാൻ കഴിയുന്ന ഉപയോക്താക്കൾ (വ്യവസായികൾ, അനുവാദമില്ലാതെ വേട്ടയാടുന്നവർ, മരങ്ങൾ കള്ളക്കടത്ത് നടത്തുന്നവർ)
3. ജൈവ വൈവിധ്യത്തിന്റെ പദവിയിലും, ഉപയോഗത്തിലും സംരക്ഷണത്തിലും ഉള്ള ഒരു പൊതു ധാരണ; ഇതിൽ നിന്നും ഉയർന്നുവരുന്ന കാര്യനിർവ്വഹണ മാർഗ്ഗങ്ങൾ.

## ഗ്രാമസഭ മൂന്ന് : ജൈവ വൈവിധ്യ നയ പരിപാടികൾ

പഠനസംഘം അവർ നടത്തിയ പഠന തയ്യാറെടുപ്പുകളുടെ അടിസ്ഥാനത്തിൽ ജൈവ വൈവിധ്യ സംരക്ഷണ / ഉപയോഗ കാര്യങ്ങളിൽ ഗ്രാമീണ ജനങ്ങൾക്കുള്ള മുൻഗണനകളെ കണ്ടെത്താനും, ജൈവ വൈവിധ്യ സംരക്ഷണ ഉപയോഗങ്ങൾക്ക് വേണ്ടിവരുന്ന നയങ്ങൾ രൂപീകരിക്കുവാനും ഉപയോക്താക്കളെ പ്രേരിപ്പിക്കണം.

ഗ്രാമസഭ III അഥവാ സംഘ ചർച്ച II ന്റെ ഉദ്ദേശം താഴെ പറയുന്നതാണ്

1. ഗ്രാമത്തിന്റെ ഇപ്പോഴത്തേയും, കഴിഞ്ഞ കാലത്തേയും ഭാവിയിലേയും ജൈവ വൈവിധ്യത്തിന്റെ ഒരു ഏകദേശ ചിത്രവും അതിന്റെ പുറ

കിലെ പ്രേരക ശക്തികളും എന്തെന്ന് വ്യക്തമാക്കുവാൻ.

2. ജൈവ വൈവിധ്യം കൈകാര്യം ചെയ്യുന്ന മേഖലകളിലെ ഏറ്റക്കുറവുകളും, അതിന്റെ ഭൂത–വർത്തമാന–ഭാവികാലങ്ങളിലെ മാറ്റങ്ങൾ ജനങ്ങളുടെ മേൽ ഉണ്ടാക്കിയ/ഉണ്ടാക്കുന്ന സ്വാധീനവും വ്യക്തമാക്കുവാൻ.

3. വിവിധ ഉപയോക്താക്കളുടെ ജൈവ സംരക്ഷണ ഉപയോഗവും ഭാവി പദ്ധതികളുടെയും ഘടന തിരിച്ചറിയുകയും അതിന് ഭേദഗതികൾ ആവശ്യമെങ്കിൽ അത് നടപ്പിലാക്കുകയും ചെയ്യുവാൻ വേണ്ടി.

5. അഭിപ്രായ സമന്വയത്തിന്റെ അഥവാ അഭിപ്രായങ്ങളുടെ ഐക്യതക്ക് പ്രേരകമായ ഘടകങ്ങൾ കണ്ടുപിടിക്കുകയും ഇപ്പോഴുള്ള അഭിപ്രായ ഭിന്നതകളെ മാറ്റാൻവേണ്ടി ഈ ഘടകങ്ങൾ ഉപയോഗിക്കുകയും ചെയ്യാൻവേണ്ടി.

6. ഗ്രാമതലങ്ങളിൽ അവർ തന്നെ രൂപകൽപ്പന ചെയ്ത പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉതകുന്ന സംസ്ഥാന/അന്തർ സംസ്ഥാന തലത്തിലുള്ള ഉപാധികൾ, അതായത് സ്ഥാപനങ്ങൾ ഫണ്ടുകൾ മുതലായവ തിരിച്ചറിയുവാൻ വേണ്ടി.

## ജൈവ വൈവിധ്യ സംരക്ഷണം : മുൻഗണന കൊടുക്കുന്നതിനെപറ്റിയുള്ള തയ്യാറെടുപ്പ്

ഇനിയും അഭിപ്രായ വ്യത്യാസങ്ങളുള്ള മേഖലകളും സന്നിഗ്ദ്ധാർത്ഥവുമുള്ള കാര്യങ്ങളും ജൈവ വൈവിധ്യ സംരക്ഷണത്തിൽ ഉണ്ടാകാം. ഗ്രാമത്തിലെ ഉപയോക്താക്കളുടെയും ഗ്രാമത്തിന് പുറത്തുള്ളവരുടേയും മൊത്തത്തിലുള്ള അഭിപ്രായത്തിലാണ് നമ്മൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. നമുക്ക് പല കാര്യങ്ങളും പ്രത്യേകമായി എടുത്ത് മുൻഗണന കൊടുക്കാം. ഉദാഹരണത്തിന് ഗ്രാമം മൊത്തമായും അല്ലെങ്കിൽ ഓരോ ഭൂദൃശ്യവും പ്രത്യേകമായി, ഓരോ ഭൂദൃശ്യതരങ്ങളും , ഓരോ ഭൂദൃശ്യഘടകങ്ങളും ജനുസ്സുക്കളും പ്രത്യേകം പ്രത്യേകമായി, പിന്നെ സംരക്ഷണം , ഉപയോഗം നാശം, മാറ്റങ്ങൾ തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി . ഈ ഓരോ വിഷയങ്ങളിലും ജനങ്ങളുടെ മുൻഗണനാ ക്രമങ്ങൾ നമുക്ക് കണ്ടുപിടിക്കാൻ കഴിയണം. പിന്നീട് ഇതിനെ തരംതിരിക്കണം. അതായത് അവർ നൽകുന്ന നിയമപരമായ മാനദണ്ഡങ്ങൾ, ഭൗതിക മാനദണ്ഡങ്ങൾ, നയപരമായ മാനദണ്ഡങ്ങൾ, വ്യവസ്ഥിതിയുടെ മാനദണ്ഡങ്ങൾ, വ്യക്തിഗത മാനദണ്ഡങ്ങൾ, ഇങ്ങനെ ഓരോ മുൻഗണന ക്രമങ്ങളും കൂടുതൽ ഉപയോക്താക്കൾക്കും അംഗീകൃതമായാൽ നമുക്ക് വളരെ വേഗം അവ ക്രമപ്പെടുത്താൻ കഴിയും. പലപ്പോഴും ഈ നിഗമനങ്ങളുടെ മൂല്യം മറ്റ് പല ഘടകങ്ങളേയും ആശ്രയിച്ചിരിക്കും. അതുകൊണ്ട് അവരുടെ ഓരോ (ഉപയോക്താക്കളുടെയും ഗ്രാമത്തിന് പുറത്തുള്ളവരുടേയും) അഭിപ്രായങ്ങൾക്ക് നൽകുന്ന മൂല്യം ജനസംഖ്യയുടേയും അധികാരത്തിന്റേയും ജൈവ വൈവിധ്യത്തിലുള്ള ആശ്രയത്വത്തിന്റേയും ഒക്കെ അടിസ്ഥാനത്തിൽ ആയിരിക്കണം. അങ്ങനെ വരുമ്പോൾ വിവിധ വിഭാഗങ്ങൾക്ക് വിവിധതരം മൂല്യങ്ങൾ ഉണ്ടാകും. എന്നിട്ട് എല്ലാ വിഭാഗത്തിന്റേയും മൂല്യങ്ങൾ മൊത്തത്തിൽ കണക്കിലെടുത്ത് കൊണ്ട് വേണം ഓരോ മുൻഗണനാ ക്രമങ്ങളും അവലോകനം ചെയ്യുവാനും, പഠിക്കുവാനും.

**മുൻഗണന കൊടുക്കൽ പദ്ധതിക്ക് താഴെ പറയുന്ന കാര്യങ്ങൾ പാലിക്കണം.**

1. നമ്മൾ അഭിമുഖം നടത്തിയ ഭൂരിപക്ഷം ഉത്തരദാതാക്കളുടെ താൽപ്പര്യങ്ങൾക്കൊത്തവണ്ണം വേണം മുൻഗണന കൊടുക്കാൻ

2. പിന്നീട് ഈ പദ്ധതികൾ ഇനം തിരിച്ചെടുക്കേണ്ടത് അഭിമുഖം നടത്തിയ ഉത്തരദാതാക്കളുടെ മുൻഗണനകൾ അനുസരിച്ച് വേണം.

3. ഈ പദ്ധതികളുടെ ആവിഷ്ക്കരണത്തിൽ സ്വാധീനം ചെലുത്തുവാൻ ഇടയുള്ള വസ്തുതകളെ കണ്ടെത്തണം.

4. പദ്ധതി ആവിഷ്ക്കരണത്തിൽ തടസ്സം ആകാമെന്ന് ഉത്തരദാതാക്കൾ മുൻകൂട്ടി പറയുന്ന കാര്യങ്ങൾ പ്രത്യേകിച്ചും മറ്റ് ഉപയോക്താക്കളെകൂടി ബാധിക്കുന്നതായ പ്രശ്നങ്ങളുടെ വസ്തുനിഷ്ഠമായ ഒരു പട്ടിക തയ്യാറാക്കണം.

5. നമ്മൾ മുന്നോട്ട് വെച്ച പദ്ധതികൾക്കും ബദലായുള്ള മറ്റ് പദ്ധതികളുടെ യോഗ്യത / അയോഗ്യത/ പ്രാവർത്തികമാക്കാൻ പറ്റുന്നതാണോ അല്ലയോ എന്നീ അടിസ്ഥാനത്തിൽ തരംതിരിക്കണം.



അദ്ധ്യായം 11

# റിപ്പോർട്ട് എഴുതൽ

പഠനപദ്ധതി പൂർണ്ണമാക്കിയതിന്ശേഷം നമ്മുടെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് അതിനെക്കുറിച്ച് ഔദ്യോഗികമായുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കണം.

റിപ്പോർട്ടിൽ ഗ്രാമവാസികളുടെ അഭിപ്രായങ്ങളും വസ്തുതകളും, പഠേതാവിന്റെ നിഗമനങ്ങളും എല്ലാം വളരെ സ്പഷ്ടമായി തന്നെ രേഖപ്പെടുത്തിയിരിക്കണം. റിപ്പോർട്ടിന്റെ ഉത്തരവാദിത്തവും വിശ്വാസ്യതയും അത് രൂപപ്പെടുത്തിയ സംഘടനയെ അല്ലെങ്കിൽ വ്യക്തികളെ ആശ്രയിച്ചിരിക്കുന്നു. പഠേതാക്കൾ റിപ്പോർട്ടുകൾ തയ്യാറാക്കുന്നത് പ്രാദേശിക ഭാഷയിൽ തന്നെയായിരിക്കണം. റിപ്പോർട്ട് സംസ്ഥാന തലത്തിൽ വിതരണം ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അത് ഇംഗ്ലീഷിൽ ആകാം. കാരണം ഇംഗ്ലീഷിലാകുമ്പോൾ ഈ വിവരങ്ങൾ കമ്പ്യൂട്ടറിൽ ശേഖരിക്കുവാൻ എളുപ്പമായിരിക്കും.

റിപ്പോർട്ട് തയ്യാറാക്കുമ്പോൾ താഴെ പറയുന്ന തലക്കെട്ടുകളിൽ വിവരങ്ങൾ തരംതിരിച്ച് രേഖപ്പെടുത്താം. കൂടാതെ എന്തൊക്കെ അനുബന്ധങ്ങൾ ചേർക്കാമെന്ന് വിശദമാക്കിയിട്ടുണ്ട്.

## 1. സാമൂഹ്യ വ്യവസ്ഥിതിയുടെ ഒരു ഏകദേശ ചിത്രം

ഗ്രാമത്തിലെ സമൂഹവും അവർക്ക് ജൈവ സമ്പത്ത് , ജലം, കര, ഭൂമി ഇവയുമായുള്ള ബന്ധവും, പ്രകൃതി വിഭവങ്ങളുടെ മേൽ പ്രചാരത്തിലിരിക്കുന്ന സ്വത്തവകാശങ്ങൾ, പ്രസക്തകമായ മതവിശ്വാസങ്ങൾ, വ്യവസായങ്ങൾക്കാവശ്യമായ ജലം, കര, ഭൂമി, ജൈവ സമ്പത്ത് മുതലായ വിവരങ്ങൾ, ആ ആവശ്യങ്ങൾക്ക് ഉള്ള പ്രതിവിധികൾ, ഭരണ രീതികൾ, ഭൂമിയുടെയും ജല ജൈവ സമ്പത്തിന്റേയും ഉപയോഗവും വികസന പ്രവർത്തനത്തിന്റേയും ഉപയോഗവും; വികസന പ്രവർത്തനത്തിന്റെ മേഖലകളിൽ നിലവിലുള്ള രാഷ്ട്രീയ ഉദ്യോഗസ്ഥ സംവിധാനങ്ങളുടെ നിയന്ത്രണം; ജലം, കര, ജൈവ സമ്പത്ത് തുടങ്ങിയവയുടെ വിവരങ്ങൾ നിലവിൽ രേഖപ്പെടുത്തുവാൻ അധികാരപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾവിധം; പ്രാവർത്തികമാക്കാവുന്ന പരിസ്ഥിതി സംബന്ധമായ അറിവുകൾ ഔദ്യോഗിക രേഖകൾ; ശാസ്ത്രപരമായ അറിവുകൾ.

## 2. ജൈവ വൈവിധ്യവുമായി ജനങ്ങൾക്കുള്ള ബന്ധം

ജൈവ വൈവിധ്യത്തിന് ശാസ്ത്രജ്ഞർ, അദ്ധ്യാപകർ, വ്യവസായ സംരംഭകർ, കച്ചവടക്കാർ,, ഉദ്യോഗസ്ഥന്മാർ, രാഷ്ട്രീയ നേതൃത്വം, സ്ത്രീ/പുരുഷന്മാർ, ആദിവാസികൾ മറ്റ് പിന്നോക്ക വിഭാഗങ്ങൾ തുടങ്ങിയ സമൂഹത്തിന്റെ വിവിധ തുറകളിലുള്ള ആളുകൾ എന്തു വിലകൽപ്പിക്കുന്നു എന്നതിന്റെ വിശദമായ ഒരു ചിത്രം; ഉപജീവനത്തിനും വ്യവസായ ആവശ്യങ്ങൾക്കും വേണ്ടിയുള്ള ജൈവ വൈവിധ്യത്തിന്റെ ഉപയോഗ ക്രമം; ജൈവ വൈവിധ്യത്തിനു മേലുള്ള കലാപരവും മതപരവും, സാംസ്ക്കാരികപരവും, ശാസ്ത്രീയവുമായ വീക്ഷണങ്ങൾ; വിളനാശം; കര-ജല-വിനിയോഗ രീതിയിലുള്ള മാറ്റങ്ങൾ തുടങ്ങിയ പരോക്ഷമായ പ്രതിബന്ധങ്ങൾ.

## 3. ജൈവ വൈവിധ്യത്തിന്റെ വിന്യാസം

സാമ്പത്തിക ലാഭമുള്ള ചെടികൾ , മത്സ്യങ്ങൾ, പക്ഷികൾ, വലിയ സസ്തനികൾ ഇവയുടെ പരിസ്ഥിതിയിലെ വിന്യാസവും, സമൃദ്ധിയും – സ്വത്തവകാശത്തിന്റേയും ആവാസ വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ. സംരക്ഷിക്കപ്പെട്ടുകിടക്കുന്ന സ്ഥലത്തിന്റെ കാതലായതും (Core Zone) അല്ലാത്തതുമായ ഭാഗങ്ങൾ (Buffer Zone) റിസർവ്വ വനങ്ങൾ, സംരക്ഷിത വനങ്ങൾ, റവന്യൂ ഭൂമികൾ, സർക്കാർവക ഭൂമി, ജലാശയങ്ങൾ, അമ്പലവും, അമ്പലം വകയായുള്ള ഭൂമിയും ജലാശയങ്ങളും സഹകരണാടിസ്ഥാനത്തിലുള്ള ജലാശയങ്ങളും, ഭൂമിയും വ്യക്തിഗത സ്ഥലങ്ങളും ജലാശയങ്ങളും; വിവിധ തരത്തിലുള്ള വനങ്ങൾ, കുറ്റിക്കാടുകൾ, മേച്ചിൽ സ്ഥലങ്ങൾ, നീരൊഴുക്കുകൾ, കുളങ്ങൾ തടാകങ്ങൾ, തീരപ്രദേശ മേഖലകൾ, സമുദ്രം മുതലായവയെക്കുറിച്ചുള്ള വിശദീകരണം. മനുഷ്യന്റെ സ്വാധീനം മൂലം തുണ്ടുതുണ്ടുകളായി കിടക്കുന്ന വിവിധ തരത്തിലുള്ള ആവാസ വ്യവസ്ഥകളുടെ വിന്യാസ ക്രമം.

## 4. പരിസ്ഥിതിയിൽ ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ

പരിസ്ഥിതിക്കനുസരിച്ചും, നിയമങ്ങൾക്കനുസരിച്ചും, ജലാശയങ്ങൾ, കര, ഭൂമി, ഇവയുടെ ഉപയോഗത്തിലുണ്ടായ മാറ്റങ്ങൾ, ജനങ്ങളുടെ ഉപജീവനമാർഗ്ഗത്തിന്റെ വ്യാവസായിക ഉപയോഗത്തിന്റെ , മതപരമായ വിശ്വാസത്തിന്റെ ശൈലിയിലുണ്ടാകുന്ന മാറ്റങ്ങൾ – ജൈവ വൈവിധ്യത്തിന്റെ പ്രത്യക്ഷത്തിലുള്ള ആവശ്യങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിന്റെ ചിത്രം. കര-ജല വിഭവങ്ങളുടെ ഉപയോഗത്തിലുണ്ടാകുന്ന മാറ്റങ്ങൾക്കും വന്യജീവികൾ മൂലമുണ്ടാ

കുന്ന വിളനാശങ്ങൾക്കും അനുസൃതമായി ചില ജൈവ സമൂഹങ്ങൾ നിഷ്കാസനം ചെയ്യുന്നതിനെക്കുറിച്ചുള്ള മുറവിളികൾ എങ്ങനെ വർദ്ധിച്ചുവരുന്നു എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ. ചില ജൈവ സമൂഹങ്ങളുടെ ഉപയോഗ സാധ്യതയോ അല്ലെങ്കിൽ മതപരമോ കലാപരമോ , ശാസ്ത്രപരമോ ആയ മൂല്യത പരിഗണിച്ച് അതിന്റെ സംരക്ഷണത്തിലുണ്ടായ മാറ്റങ്ങൾ, പരിസ്ഥിതിയിലുണ്ടാകുന്ന വ്യത്യാസങ്ങൾക്കുള്ള കാരണങ്ങൾ. ഉദാ: കുടിയേറ്റക്കാർക്ക് ഭൂമി കൃഷി ചെയ്യാൻവേണ്ടി, വ്യാവസായിക സ്വാധീനം മൂലമുണ്ടാകുന്ന മാലിന്യങ്ങൾ പിന്തള്ളുവാൻ വേണ്ടി, ഗ്രാനൈറ്റ് കയറ്റുമതിക്ക് ഉള്ള ആവശ്യം ചില ഔഷധച്ചെടികളുടെ ആവശ്യം, നാഷണൽ പാർക്കിലെ കാതലായ ഭാഗത്തിന് വേണ്ടിയുള്ള ആവശ്യകത തുടങ്ങിയവ.

## 5. ജൈവ വൈവിധ്യത്തിനുമേൽ പരിസ്ഥിതി മാറ്റങ്ങളുടെ സ്വാധീനം

പരിസ്ഥിതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വ്യത്യാസങ്ങൾ എങ്ങനെയാണ് ജൈവ വൈവിധ്യത്തെ ബാധിക്കുമെന്നതിന്റെ ചിത്രം. ഉദാഹരണമായി വൈവിധ്യത്തിലെ പ്രയോജനകരമായ സസ്യങ്ങൾ, മത്സ്യങ്ങൾ, പക്ഷികൾ, വലിയ സസ്തനികൾ മുതലായ സസ്യ ജന്തു ജാലങ്ങളെ എങ്ങനെ ഇത് ബാധിക്കുന്നുവെന്നത്.

## 6. സംരക്ഷണപ്രശ്നങ്ങളെക്കുറിച്ചുള്ള സാമൂഹ്യാവബോധം

ജനങ്ങളുടെ സാമൂഹ്യാവബോധം പ്രത്യേകം പ്രത്യേകമായി; പ്രാദേശിക സമൂഹങ്ങളുടെ, ഭരണാധികാരികളുടെ, വ്യവസായികളുടെ, സ്ത്രീകളുടെ, പുരുഷന്മാരുടെ എന്നിങ്ങനെ. കൂടാതെ സംഘചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്ന ആശയങ്ങളും വേറെ വേറെ രേഖപ്പെടുത്തണം. ജൈവ വൈവിധ്യത്തിന്റെ ഏതെല്ലാം ഘടകങ്ങളാണ് സംരക്ഷണം അർഹിക്കുന്നത് ? ഏതെല്ലാം ഒഴിവാക്കിക്കളയണം ? എവിടെയാണ് സംരക്ഷിക്കേണ്ടത് ? എവിടെയെല്ലാമാണ് ഒഴിവാക്കേണ്ടത് ? വിവിധ നിയമങ്ങൾക്കും പരിസ്ഥിതികൾക്കും അനുസരിച്ച് ജലാശയങ്ങളും കരപ്രദേശങ്ങളും എന്ന് രണ്ട് വിഭാഗത്തിൽ ഇവ രേഖപ്പെടുത്തണം. സംരക്ഷണ പരിപാടികൾ എങ്ങനെ നടപ്പാക്കണമെന്നുള്ള വിവിധ സാമൂഹ്യ തട്ടുകളിലെ ആൾക്കാരുടെ വീക്ഷണം സംരക്ഷണ പ്രശ്നങ്ങളിൽ പ്രത്യേകിച്ചും ഏതെല്ലാം നിയമ വകുപ്പുകളാണ് ആവശ്യം, വനം, പഞ്ചായത്ത് രാജ്; ധാതുക്കൾ, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ നിയമങ്ങളിൽ എന്തെല്ലാം ഭേദഗതികളാണ് ആവശ്യം ? ഏതെല്ലാം തരത്തിലുള്ള സ്വത്തവകാശങ്ങളാണ് ആവശ്യം ? ഉദാഹരണത്തിന് സംരക്ഷിത വനപ്രദേശങ്ങളിലും, സർക്കാർ വക പുറമ്പോക്ക് സ്ഥലങ്ങളിലും പ്രാദേശിക സമൂഹത്തിനോ പഞ്ചായത്തുകാർക്കോ ഉള്ള അവകാശങ്ങൾ, സംരക്ഷണാശയങ്ങളെ ഏതെല്ലാം സംഘടനകൾ പിൻതുണക്കും ? ഉദാ: ഗ്രാമതല സംരക്ഷണ കമ്മിറ്റികൾ, വനമേഖലയിലെ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ, ഏതെല്ലാം തരത്തിലുള്ള നിയന്ത്രണ മാനദണ്ഡങ്ങളാണ് വേണ്ടത് ? (ഉദാ: കാവുകൾ സംരക്ഷിക്കുന്നതിൽ പഞ്ചായത്തുകൾക്ക് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തികാനുകൂല്യങ്ങൾ കിട്ടുമോ ? ) ഒരു വ്യക്തിക്ക് അവന്റേയോ അവളുടെയോ പറമ്പിൽ സസ്യങ്ങളുടെ വൈവിധ്യമാർന്ന ശേഖരം ഉണ്ടെങ്കിൽ ബന്ധപ്പെട്ടവർ അതിന് സാമ്പത്തികാനുകൂല്യങ്ങൾനൽകുമോ ? ജൈവ വൈവിധ്യത്തിന്റെ ഏതെല്ലാം തരത്തിലുള്ള വ്യവസായിക ഉപയോഗങ്ങളാണ് പ്രോത്സാഹിപ്പിക്കേണ്ടത് ? ഔഷധച്ചെടികളുടെ വർദ്ധിച്ചുവരുന്ന ഉപയോഗങ്ങളെ നിയന്ത്രിക്കുന്നത് എങ്ങനെ ? ഏതെല്ലാം തരത്തിലുള്ള നഷ്ടപരിഹാര മാർഗ്ഗങ്ങളാണ് വന്യ ജീവി അക്രമം മൂലമുള്ള നാശങ്ങൾക്ക് കൊടുക്കേണ്ടത്. ? (ആനയുണ്ടാക്കുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം കൊടുക്കുന്ന വിധം ഏത് രീതിയിൽ രൂപകൽപ്പന ചെയ്യും ?) ജൈവ വൈവിധ്യത്തെ ആസ്പദമാക്കിയുള്ള എന്തെല്ലാം സംരംഭങ്ങൾ എങ്ങനെയെല്ലാം പ്രോത്സാഹിപ്പിക്കാം ? എങ്ങനെ നിയന്ത്രണ വിധേയമാക്കാം തുടങ്ങിയ കാര്യങ്ങൾ ഇതും പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തണം.

## 7. പുരോഗമനത്തെക്കുറിച്ചുള്ള സമൂഹത്തിന്റെ അഭിലാഷങ്ങൾ

പ്രാദേശികം, സമൂഹം, രാഷ്ട്രീയം, വ്യവസായികം, സ്ത്രീകൾ, പുരുഷന്മാർ, ഭരണാധികാരികൾ എന്നീ തലങ്ങളിൽ നിന്നും, സംഘ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ് വന്ന ആശയങ്ങൾ (കൃഷി- മൃഗസംരക്ഷണം, മത്സ്യകൃഷി, വ്യവസായം, ഖനനം, ഗതാഗതം വിനോദ വകുപ്പ്, ആരോഗ്യം, വിദ്യാഭ്യാസം ആദിയായ മേഖലകളിലെ പുരോഗമനത്തെ കേന്ദ്രീകരിച്ച് വേണം ചർച്ചകളിൽ നിന്നും കിട്ടിയ വിവരങ്ങൾ രേഖപ്പെടുത്തുവാൻ) ഈ തരത്തിലുള്ള പുരോഗമനം കര-ജലം മുതലായ മേഖലകളേയും ജൈവ വൈവിധ്യത്തേയും പ്രത്യക്ഷമായും പരോക്ഷമായും എങ്ങനെ സ്വാധീനിക്കുന്നു എന്നതാണ് പ്രധാനമായും വ്യക്തമാക്കേണ്ടത്. അഭിപ്രായ ഭിന്നതകൾ ലഘൂകരിക്കുവാനും ജൈവ വൈവിധ്യത്തിന് അനുകൂലമായ രീതിയിലുള്ള വികസനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും വേണ്ട മാനദണ്ഡങ്ങൾ എടുത്തു കാട്ടണം.

## 8. പുരോഗമനത്തെക്കുറിച്ചുള്ള വ്യക്തിഗത അഭിലാഷങ്ങൾ

പ്രാദേശികം, രാഷ്ട്രീയം, വ്യാവസായികം, സ്ത്രീകൾ, പുരുഷന്മാർ, ഭരണാധികാരികൾ മുതലായവരോട് വ്യക്തിഗതമായി നടത്തിയ ചർച്ചകളിൽ നിന്നും സംഘ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളും വേറെ വേറെ രേഖപ്പെടുത്തണം. (ജീവിതത്തിൽ നിന്ന് അവർ പ്രതീക്ഷിക്കുന്നത് എന്താണ് എന്നും, അവരുടെ വ്യക്തിഗത താൽപര്യങ്ങളിൽ ജൈവ വൈവിധ്യത്തിന് എന്ത് പ്രാധാന്യമാണ് ഉള്ളതെന്നും തുടങ്ങിയ കാര്യങ്ങളിലാണ് നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്) അവരുടെ ഒരു വരുമാന സ്രോതസ്സായോ അല്ലെങ്കിൽ, കല, മതം, സംസ്ക്കാരം, ശാസ്ത്രം തുടങ്ങിയ നിലയിൽ സംതൃപ്തി നൽകുന്ന ഒരു സ്രോതസ്സായാണോ അവർ ജൈവ വൈവിധ്യത്തെ വീക്ഷിക്കുന്നത് ?. അതോ ജൈവ വൈവിധ്യ സംരക്ഷണത്തോട് എതിർപ്പോ, അവർക്ക് അതിനെ പരിപാലിക്കാൻ ഇഷ്ടമില്ലാത്തവരാണോ? ജൈവ വൈവിധ്യസംരക്ഷണത്തിന് വ്യക്തിഗത സംഭാവനകൾ എന്തെല്ലാം

## 9 ജൈവ വൈവിധ്യ സംരക്ഷണം പ്രോത്സാഹിപ്പിക്കൽ

ഈ ഉപസംഹാരഭാഗത്ത് മുൻപ് പറഞ്ഞ അദ്ധ്യായങ്ങളിലെ കാതലായ പാഠങ്ങൾ ഒരുമിപ്പിക്കുകയും നിയമങ്ങൾ, വ്യവസ്ഥകൾ, വ്യവസ്ഥിതികൾ, വ്യാവസായികോദ്ദേശ ഉപയോഗ രീതികൾ, നിയന്ത്രണ മാനദണ്ഡങ്ങൾ, പ്രതിഫലം, മതം, സാംസ്ക്കാരികം, ശാസ്ത്രപരിപാടികൾ മുതലായ മേഖലകളിലെ അടിസ്ഥാന ജനപിന്തുണയുള്ള ജൈവ വൈവിധ്യ സംരക്ഷണ/പുനരാവിഷ്കരണ പ്രവർത്തനങ്ങൾ എങ്ങനെ നടപ്പിലാക്കാമെന്നതിനെക്കുറിച്ചുള്ള വ്യക്തമായ അഭിപ്രായങ്ങൾ.

## 10. അനുബന്ധങ്ങൾ

താഴെ പറയുന്ന അനുബന്ധങ്ങൾ ഒരു പഠന റിപ്പോർട്ടിനോടൊപ്പം ഉണ്ടായിരിക്കണം.

1. പട്ടിക/ചാർട്ട്സ് രൂപത്തിൽ

### പട്ടിക – 1 പഠനത്തിനുപയോഗ്പെടുത്തിയ പ്രയത്നം

അഭിമുഖ സംഭാഷണങ്ങളുടെ എണ്ണം (ആവശ്യമെങ്കിൽ വിഭാഗങ്ങളായി തിരിക്കാം)

ഉത്തരദാദാക്കളുടെ എണ്ണം (ആവശ്യമെങ്കിൽ വിഭാഗങ്ങളായി തരംതിരിക്കാം)

അഭിമുഖം നടത്തിയ ദിവസങ്ങൾ/ മണിക്കൂറുകൾ (വിഭാഗങ്ങളായി തരംതിരിക്കുക)

പഠനത്തിന് മുമ്പ് ഗ്രാമവാസികളുമായുണ്ടായിരുന്ന പരിചയം

പഠനത്തിന് മുമ്പ് ഗ്രാമത്തിന് പുറത്തുള്ളവരുമായുള്ള ബന്ധം

വിവരണ ശേഖരണ ദിവസങ്ങൾ / മണിക്കൂറുകൾ (വിഭാഗങ്ങളായി തരംതിരിക്കുക)

വിവരങ്ങളുടെ അവലോകന ദിനങ്ങൾ/ മണിക്കൂറുകൾ

### പട്ടിക2 ഗ്രാമത്തിന്റെ ഏകദേശ രൂപം

സംസ്ഥാനം, ജില്ല, താലൂക്ക്, പഞ്ചായത്ത്, എത്തിച്ചേരാനുള്ള മാർഗ്ഗം, ജനസംഖ്യ, വാർത്താ വിനിമയം, ജലം, ആരോഗ്യം , വികസനം ഇവയെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം

### പട്ടിക 3 ജനുസ്സുക്കളെക്കുറിച്ചുള്ള വിവരങ്ങൾ

20 മുതൽ 50 ജനുസ്സുക്കളെക്കുറിച്ചുള്ള നാനാതരത്തിലുള്ള വിവരങ്ങൾ, പ്രാദേശിക നാമം, പ്രാദേശിക അർത്ഥം,.ശാസ്ത്രനാമം (വിദഗ്ധന്മാരുണ്ടെങ്കിൽ അവരുടെ സഹായത്തോടെ) സസ്യത്തിന്റെ വളർച്ചാ സ്വഭാവം, ഏതെല്ലാം ഭൂദൃശ്യതരങ്ങളിലോ ഭൂദൃശ്യ ഘടകങ്ങളിലോ കാണുന്നു. അവയുടെ പദവി, അവ ഉപയോഗിക്കുവാനുള്ള ചട്ടങ്ങലും നിയമങ്ങളും, ചരിത്ര സംഭവങ്ങൾ; പ്രേരക ശക്തികളേയും, ഉപയോക്താക്കളേയും ഗ്രാമത്തിന് പുറത്തുള്ളവരേയും അടിസ്ഥാനപ്പെടുത്തി ഭൂത–ഭാവി മാറ്റങ്ങൾ, സസ്യ ജന്തു വർഗ്ഗങ്ങളുടെ ആവാസ വ്യവസ്ഥകളെക്കുറിച്ചുള്ള വിവരം, കമ്പോളത്തെ, ഉപജീവനത്തെ, സംസ്ക്കാരത്തെ, മതത്തെ, സംരക്ഷണ രീതികളെ, അഭിപ്രായ സമന്വയങ്ങളെ അടിസ്ഥാനമാക്കി തരംതിരിച്ച മൂല്യങ്ങൾ, ജൈവ സംരക്ഷണ ഉപാധികൾ (ഉപയോക്താക്കളേയും ഗ്രാമത്തിന് പുറത്തുള്ളവരേയും അടിസ്ഥാനപ്പെടുത്തി)

### പട്ടിക 4 ഭൂദൃശ്യഘടക (ഭൂദൃശ്യതരങ്ങൾ)ളെപ്പറ്റിയുള്ള വിവരങ്ങൾ

അഞ്ചോ പത്തോ ഭൂദൃശ്യതരങ്ങളിലുള്ള പത്തോ ഇരുപതോ ഭൂദൃശ്യ ഘടകങ്ങളുടെ വിവിധ വശങ്ങളെപ്പറ്റിയുള്ള വിവരണം, അതായത് ഭൂദൃശ്യ ഘടകങ്ങളുടെ പ്രാദേശിക നാമം, അവയുടെ പ്രാദേശിക അർത്ഥങ്ങൾ, ശാസ്ത്രീയ രീതിയിലുള്ള അതിന്റെ പേര്, വിവരണങ്ങൾ, മണ്ണിന്റെ സ്വഭാവം, പദവി, ഉപരിതലം, ഭൂഗർഭജലം, അവ ഉപയോഗിക്കുന്നതിനുള്ള ചട്ടങ്ങളും

നിയന്ത്രണങ്ങളും, ചരിത്ര സംഭവങ്ങൾ , പ്രേരക ശക്തികൾ, ഭാവി/ഭൂതമാറ്റങ്ങൾ, ഉപയോക്താക്കളേയും ഗ്രാമത്തിന് പുറത്തുള്ളവരേയും അടിസ്ഥാനപ്പെടുത്തി ജനുസ്സുക്കളുടെ കാര്യത്തിലെന്നപോലെ നിലനിൽപ്പിനേയും, സംസ്ക്കാരത്തേയും, മതത്തേയും കാര്യനിർവ്വഹണ മുൻഗണനകളും അടിസ്ഥാനപ്പെടുത്തി തരംതിരിച്ച മൂല്യങ്ങൾ, അഭിപ്രായ സമന്വയങ്ങളും എതിർപ്പുകളും ജൈവ വൈവിധ്യത്തെ നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള തിരഞ്ഞെടുക്കലുകൾ,.പ്രധാനപ്പെട്ട ജനുസ്സുക്കളേയും ഭൂദൃശ്യതരങ്ങളേയും അടിസ്ഥാനപ്പെടുത്തി അവയുടെ പ്രധാന സംരക്ഷണ ഉപാധികൾ, മാറ്റങ്ങൾ ഭാവി മുൻഗണനകൾ, കാര്യനിർവ്വഹണത്തിനുള്ള പ്രേരകശക്തികൾ.

## പട്ടിക 5 കാര്യനിർവ്വഹണ തെരഞ്ഞെടുക്കലുകൾ

പ്രധാന LSE'sനേയും ജനുസ്സുക്കളേയും സംബന്ധിച്ച പ്രസക്ത കാര്യ നിർവ്വഹണ മേഖലകൾ, മാറ്റങ്ങൾ, ഭാവി മുൻഗണനകൾ

## പട്ടിക 6 വികസന മുൻഗണനകൾ

ഗ്രാമത്തിലേയും ഗ്രാമത്തിന് പുറത്തുള്ളവരേയും നിർദ്ദേശിച്ച വികസനങ്ങളിലെ പ്രധാന വികസന മേഖലകൾ കൂടാതെ ഇവ എങ്ങനെ ജനുസ്സുക്കളെ ഭൂദൃശ്യ ഘടകങ്ങളെയോ ബാധിക്കുമെന്നത് (പ്രയോജനം ചെയ്യുമെന്നോ നശിപ്പിക്കുമെന്നോ എന്നതിന്റെ സൂചനകൾ)

## പട്ടിക 7 വ്യക്തിഗത അഭിലാഷങ്ങൾ

പ്രധാനപ്പെട്ട വ്യക്തിഗത അഭിലാഷങ്ങളെ അടിസ്ഥാനപ്പെടുത്തി വിവിധ ഉപയോക്താക്കളിലെ ജൈവ വൈവിധ്യത്തേയും അതിന്റെ സംരക്ഷണത്തേയും പറ്റിയുള്ള തരംതിരിക്കൽ

## പട്ടിക 8, അഭിപ്രായ സമന്വയ/എതിർപ്പു മേഖലകൾ

ഗ്രാമത്തിലുള്ളവരും ഗ്രാമത്തിന് പുറത്തുള്ളവരുമായ ഉപയോക്താക്കൾ യോജിക്കുന്നതും വിയോജിക്കുന്നതുമായ പ്രധാനപ്പെട്ട പ്രശ്നങ്ങൾ, കൂടാതെ അത് എങ്ങനെ കൊണ്ടുവരാം അല്ലെങ്കിൽ അഭിപ്രായ സമന്വയമുള്ള പ്രശ്നങ്ങൾ ശക്തിപ്പെടുത്തണോ എന്നുള്ള കാര്യങ്ങൾ പട്ടികയിൽ കാണിക്കുക.

## പട്ടിക 9, നയപരിപാടികളും പ്രവർത്തന പദ്ധതികളും

മുൻഗണന കൊടുത്തിട്ടുള്ള ജനുസ്സുക്കളും LSEകളും അവ ഉപയോഗിക്കേണ്ടതിന്റേയും സംരക്ഷിക്കേണ്ടതിന്റേയുമൊക്കെ മാർഗ്ഗങ്ങൾ

## 2. മാപ്പുകൾ (അത്യാവശ്യമായവ)

M1 പ്രാദേശിക അടിസ്ഥാനത്തിലുള്ള ഭൂദൃശ്യ മാപ്പ്

M2 വാസ സ്ഥലങ്ങളുടെ മാപ്പുകൾ

**Maps വേണമെങ്കിൽ ഉപയോഗിക്കാവുന്നവ**

M3 ശാസ്ത്രീയ രീതിയിലുള്ള ഭൂദൃശ്യ മാപ്പുകൾ

M4 ചരിത്ര പശ്ചാത്തലം അടിസ്ഥാനമാക്കിയുള്ള ഭൂദൃശ്യമാപ്പ്

M5 പ്രധാന ജൈവ സമ്പത്ത് രേഖപ്പെടുത്തിയ ഭൂദൃശ്യമാപ്പ്

M6 വികസന മുൻഗണനകളഏയും ജൈവ വൈവിധ്യ സംരക്ഷണ മാർഗ്ഗങ്ങളേയും കാണിക്കുന്ന മാപ്പ്

M7 സംരക്ഷണ മുൻഗണന നയങ്ങളെ കാണിക്കുന്ന LSE മാപ്പ്

M8 ഭാവിയിലുണ്ടാകുന്ന മാറ്റങ്ങളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ മാപ്പ്

**III ചിത്രങ്ങൾ ഗ്രാഫുകൾ**

d1 ഉപയോക്താക്കളുടെ വാർഷിക പ്രവർത്തനം

d2 ഭൂദൃശ്യ ഘടകം ഉപയോഗം സ്വത്തവകാശം ഇവയെ അടിസ്ഥാനപ്പെടുത്തിയുള്ള തരംതിരിക്കൽ

d3 ഉപയോഗത്തെ അടിസ്ഥാനമാക്കിയുള്ള ജനുസ്സുക്കളുടെ വിഭാഗങ്ങൾ

d4 സമൃദ്ധിയെ അടിസ്ഥാനമാക്കിയുള്ള ജനുസ്സുക്കളുടെ വിഭാഗങ്ങൾ

d5 ജൈവ വൈവിധ്യ സംരക്ഷണ തെരഞ്ഞെടുക്കലിനെ ആസ്പദമാക്കിയുള്ള ഭൂദൃശ്യ ഘടകങ്ങൾ

d6 ഉപയോക്താക്കളുടെ എണ്ണത്തേയോ വിഭാഗത്തേയോ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള) ജൈവ വൈവിധ്യ തെരഞ്ഞെടുക്കലിനെപറ്റിയുള്ള ചിത്രം)



അനുബന്ധം . 1

# വിത്ത് സംഭരണ വിവരണ പുസ്തകത്തിന്റെ മാതൃക

## കാർഷിക ജൈവ വൈവിധ്യ പഠനം

## വിത്ത് സംഭരണ വിവരണ പുസ്തകം

ശേഖരണ തിയ്യതി..................................................... ശേഖരണ നമ്പർ.......................................................

പ്രവേശന നമ്പർ............................ ശാസ്ത്രനാമം..............................................................

നാട്ടുപേര്/വിളിപ്പേര്..............................................................................................................................

സസ്യകുടുംബം.......................................................................................................................................

സന്ദർശിച്ച സ്ഥലം.................................................. ഗ്രാമം/ബ്ലോക്ക്/വാർഡ്..............................................

താലൂക്ക്............................................... ജില്ല.................................................മേഖല...............................................

സമുദ്രനിരപ്പിൽ നിന്ന് ഉയരം ..........................................................

| | |
|---|---|
| ശേഖരണ ഉറവിടം | :കർഷകന്റെ ഭൂമി/നശിക്കാത്ത കാട് / നശിക്കുന്ന കാട്/ മെതിക്കുന്ന സ്ഥലം/ തരിശ് ഭൂമി/ ധാന്യ അറ/ കമ്പോളം/ പൂന്തോട്ടം/ഗവേഷണ കേന്ദ്രം |
| പദവി | : വന്യം/കള/പരമ്പരാഗതം/അപൂർവ്വം/നശിച്ചുകൊണ്ടിരിക്കുന്നത്/ഔഷധഗുണമുള്ളവ |
| സാന്ദ്രത | : വളരെയധികം/കൂടുതൽ/സാധാരണം/അപൂർവ്വം/വളരെ അപൂർവ്വം |
| ശേഖരണ വസ്തു | : വിത്തുകൾ/പഴം/പൂങ്കുല/വേര്/കിഴങ്ങ് /ജീവനുള്ളത്/ ഉണങ്ങിയത് |
| തിരഞ്ഞെടുത്തത് | : സമൂഹം/ശുദ്ധം/ ഒരു ചെടി |
| പരിസ്ഥിതി | : കൃഷിയിടം/ നശിച്ചുകൊണ്ടിരിക്കുന്ന ഇടം/ നാശമുണ്ടാകുന്ന സ്ഥലം |
| രോഗത്തിന്റെ സ്വഭാവം | : |
| രോഗപ്രതിരോധശേഷി | : രോഗം വരാവുന്ന /സാധ്യതയുള്ളത്/പ്രതിരോധശേഷിയുള്ളത്/ രോഗത്തെ ചെറുക്കുന്നത്. |
| പ്രാണി/വണ്ട്/പുഴുശല്യം | : കുറവ്/ സാധാരണം/ കൂടുതൽ |
| കൃഷിരീതി | : ജലസേചനം ഉള്ളത്/ ഉണങ്ങിയ/ ചതുപ്പ് |

ഋതുഭേദം : പൂക്കാലം / ഉഷ്ണകാലം

വിതച്ചമാസം :

കൊയ്തമാസം :

സംഭരിച്ച മാസം :

കൂടെയുള്ള വിളകൾ :

മണ്ണിന്റെ കളർ : കറുപ്പ്/മഞ്ഞ/ചുവപ്പ്/തവിട്ട്

മണ്ണിന്റെ ഘടന : മണൽ/എക്കൽ മണൽ/ എക്കൽ/ചളി

കല്ലിന്റെ രീതി : വലിയ പാറ/ പൊടിഞ്ഞത്

ഭൂമിയുടെ കിടപ്പ് : ലവൽ/ തള്ളി നിൽക്കുന്നത്/ മലയുടെ മുകൾഭാഗം/ മലയുടെ ചരിഞ്ഞഭാഗം

ചരിവ് : തട്ടുകലായുള്ളത്/ താഴ്ന്ന ചരിവ്/ തുറന്ന താഴ്ച/ കുത്തനെ താഴ്ച

സ്ഥലവിവരം : ചതുപ്പ് നിലം/ വെള്ളം നിൽക്കുന്നത് / ലവൽ / കുണ്ടും കുഴിയും / കുന്നയകുറുകെയുള്ളത് / കുത്തനെയുള്ളത് / കൊടുമുടി / ചരിവ്

ഫോട്ടോ : കളർ/ ബ്ലാക്ക് ആന്റ് വൈറ്റ്

കർഷകന്റെ കാഴ്ചപ്പാട് / വിവരണം

കർഷകന്റെ/ ദാദാവിന്റെ പേര് ....................................................നരവംശ വർഗ്ഗം....................................................

പൂർണ്ണ മേൽവിലാസം

ശേഖരിച്ച ആളിന്റെ പേര് :

കുറിപ്പ് : കൃഷിക്കാരന് പൂർണ്ണ സമ്മതമുണ്ടെങ്കിൽ മാത്രം വിത്തുകൾ ശേഖരിക്കുക. വിത്തുകൾ എന്തിന് ശേഖരിക്കുന്നുവെന്ന് വ്യക്തമായി വിവരം നൽകുക. ജീൻ ബാങ്കുകളിൽ സൂക്ഷിച്ച് വെക്കുവാനും അവർക്കോ അല്ലെങ്കിൽ വിത്തുകൾ ആവശ്യമുള്ള മറ്റ് കർഷകർക്കോ ദാദാവിന്റെ മുൻകൂട്ടിയുള്ള അനുമതിയോടു കൂടി നൽകുകയോ ചെയ്യുവാനാണെന്നുള്ള വിവരം അവരെ ബോധ്യപ്പെടുത്തുക. മാത്രമല്ല ഓരോ വിത്തിനെക്കുറിച്ചുള്ള വിവരവും ജൈവ വൈവിധ്യ രജിസ്റ്ററിൽ രേഖപ്പെടുത്തുക. ഈ രജിസ്റ്ററിന്റെ ഒരു പതിപ്പ് തദ്ദേശ പഞ്ചായത്ത് പ്രസിഡണ്ടിന്റെ പക്കൽ ഉണ്ടാവുമെന്ന് ഉറപ്പു വരുത്തുക

CGB CGB CGB CGB CGB

അനുബന്ധം

# സാമൂഹ്യ ഹെർബേറിയത്തിന്റെ മാതൃക

## കാർഷിക ജൈവ വൈവിധ്യ പഠനം

## സാമൂഹ്യ ഹെർബേറിയം

തിയ്യതി.................................................................. ശേഖരണ നമ്പർ ..........................................................

സ്ഥലം/ ഗ്രാമത്തിന്റെ പേര്.................................... വാർഡ് നമ്പർ ..............................................................

ബ്ലോക്ക്/താലൂക്ക് .................................................... ജില്ല...............................................................................

സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം..............................................

ചെടിയുടെ പ്രാദേശിക നാമം...................................................

ശാസ്ത്രനാമം/ വർഗ്ഗം അറിയാമെങ്കിൽ ....................................

ശേഖരണ സ്ഥലത്തിന്റെ വിവരണം : ഉയർന്ന സമതലം / കുന്ന്/ കുത്തനെയുള്ള ചരിവ് / ഇടത്തരം ചരിവ് / പുഴത്തീരം (പൊയിൽ) / വനപ്രദേശം / വനത്തിന്റെ അരിക് / നശിച്ചുകൊണ്ടിരിക്കുന്ന വന പ്രദേശം / കുളം / കുളക്കര / കർഷക നിലം / കാവ് / കൃഷി ചെയ്യാതെയുള്ള സ്ഥലം / ചതുപ്പ് നിലം / കൊല്ലി / വീട്ടു പരിസരം / കാപ്പിത്തോട്ടം / തേയിലത്തോട്ടം /വാഴത്തോട്ടം / റോഡരിക്.

വനപ്രദേശമാണെങ്കിൽ : നിത്യഹരിതവനം / അർദ്ധഹരിത വനം / ഈർപ്പമുള്ള / ഇല പൊഴിയുന്ന വനം

അതിന്റെ പ്രത്യേകത : വരണ്ട ഇല പൊഴിക്കുന്ന വനം / മുളങ്കാട് / മുൾവനം / പുൽമേട്

ശേഖരണ സ്ഥലത്തിന്റെ : 1. മണൽ/ ചെളി / കൽ / മണ്ണും ചെളിയും കൂടി കലർന്നത്

മണ്ണിന്റെ പ്രത്യേകത : 1. ചുവന്ന നിറത്തിലുള്ളത് / കറുപ്പ് നിറത്തിലുള്ളത്

ചെടിയുടെ പ്രത്യേകത : 1. തികച്ചും വന്യമായത് / കള വർഗ്ഗത്തിൽപ്പെട്ടത് / പരമ്പരാഗതമായി കൃഷി ചെയ്യുന്നത് / ഇപ്പോൾകൃഷി ചെയ്തു തുടങ്ങിയത്.

2. ഔഷധങ്ങൾക്ക് അല്ലെങ്കിൽ മറ്റ് കാര്യങ്ങൾക്കായി ഉപയോഗിച്ച് വരുന്നത്.

3. തറയിൽ വളരുന്നത് / മറ്റ് മരങ്ങളിൽ പറ്റിപ്പിടിച്ച് വളരുന്നത്.

ചെടിയുടെ പ്രകൃതി : വലിയ മരം / ചെറിയ മരം / ഇടത്തരം മരം / കുറ്റിച്ചെടി / ചെറിയ കുറ്റിച്ചെടി / തീരെ ചെറിയ ചെടി / വള്ളിച്ചെടി / കട്ടിയുള്ള വള്ളിച്ചെടി / തറയിൽ പടർന്ന് വളരുന്നത് / മരങ്ങളിൽ ചുറ്റി പടരുന്നത്.

ചെടിയുടെ പദവി : വളരെ കൂടുതലായി കാണപ്പെടുന്ന / അപൂർവ്വം /വളരെ അപൂർവ്വം / നശിച്ചുകൊണ്ടിരിക്കുന്നത്.വളരെ അപൂർവ്വമാണെന്ന് തോന്നുന്നെങ്കിൽ കഴിവതും ശേഖരിക്കാതിരിക്കുക. പക്ഷെ ബന്ധപ്പെട്ട ശാസ്ത്രജ്ഞന്മാരെ വിവരം ധരിപ്പിക്കുക.

പരാഗണം : കാറ്റ് മൂലം / പ്രാണികളും ശലഭങ്ങളും വഴി / ജലം വഴി

വിത്തു വിതരണം : കാറ്റുമൂലം / ജലം വഴി / ജീവികൾ വഴി (ജീവികളാണെങ്കിൽ ഏതെന്ന് രേഖപ്പെടുത്തുക)

പുഷ്പിത കാലം..........................................................മുതൽ..........................................................വരെ

പൂവിന്റെ സാന്ദ്രത ഒരു ചെടിയിൽ : വളരെ കുറവ് / കുറവ് / കൂടുതൽ / വളരെ കൂടുതൽ

പൂവിന്റെ നിറം :

ശേഖരിക്കുന്ന ചെടിയോടൊപ്പം :

സാധാരണ കാണപ്പെടുന്ന മറ്റ് ചെടികൾ :

ചെടിയുടെ ഉപയോഗം :

ചെടി ശേഖരിച്ച ആളിന്റെ പേരും മേൽവിലാസവും :

**ചെടിയുടെ ഉപയോഗം അറിയുവാൻ ആ ഗ്രാമത്തിലെ പല വിഭാഗങ്ങളിലും പെട്ട ആളുകളോട് വിവരങ്ങൾ ആരായുക.**

CH CH CH CH CH CH

**എം.എസ്. സ്വാമിനാഥൻ**
**ഗവേഷണ നിലയം**
സാമൂഹ്യ കാർഷിക ജൈവ വൈവിധ്യ കേന്ദ്രം
പുത്തൂർവയൽ.പി.ഒ. കൽപ്പറ്റ
വയനാട് – 673 121

## കാർഷിക ജൈവ വൈവിധ്യ പഠനം : വയനാട് ജില്ലയിൽ നിന്നും ഒരു ഉദാഹരണം

ജൈവ വൈവിധ്യത്തിൻെറ വിശാല മേഖലയ്ക്കുള്ളിലെ നിലവിൽ സാമ്പത്തിക മൂല്യമുള്ളതും, ഭാവിയിൽ അതിന് സാധ്യതയുള്ളതുമായ ജൈവ ഘടകങ്ങളെയെല്ലാം കൂടി ഉൾപ്പെടുത്തി കാർഷിക ജൈവ വൈവിധ്യം എന്നപേരിൽ വിളിച്ചു വരുന്നു. സാമ്പത്തികമായി പ്രയോജനമുള്ളതും, പാരമ്പര്യമായി ഉപയോഗിച്ചു വരുന്നതുമായ പ്രകൃതിജന്യ വസ്തുക്കളെ സംരക്ഷിക്കുക, അവയെ ഗാർഹിക ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുക എന്നിവയെല്ലാമാണ് കാർഷികജൈവ വൈവിധ്യ ശാസ്ത്ര വിഭാഗത്തിൻെറ ആത്യന്തികമായ ലക്ഷ്യങ്ങൾ. എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ വയനാട് ജില്ലയിലെ ചില ഗ്രാമങ്ങളിൽ ഈ ലക്ഷ്യം ലാക്കാക്കിയുള്ള പഠനത്തിന് തുടക്കം കുറിച്ചിരിക്കുന്നു. കോട്ടത്തറ എന്ന ഗ്രാമ പഞ്ചായത്തിലെ ഒരു ഗ്രാമത്തിൽ നടത്തിയ അങ്ങനെയുള്ള ഒരു പഠനത്തിൻെറ രൂപരേഖയാണ് താഴെ കൊടുത്തിരിക്കുന്നത്.

### പഠനസംഘവും അവരുടെ പ്രവർത്തനങ്ങളും

എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻെറ ശാഖയായ സാമൂഹ്യ ജൈവ വൈവിധ്യ കേന്ദ്രത്തിലെ സസ്യശാസ്ത്രജ്ഞൻ **ഡോ. അനിൽ കുമാറും** രണ്ട് സഹപ്രവർത്തകരും ഗ്രാമത്തിലെ 5 യുവാക്കളും അടങ്ങിയതായിരുന്നു പഠന സംഘം. യുവാക്കളിൽ ഒരാൾ അദ്ധ്യാപകനും മറ്റ് നാല് പേർ. (രണ്ട് പേർ പോസ്റ്റ്മാൻ മാരാണ്) ഓരോ തരത്തിൽ അവിടുത്തെ സമൂഹവുമായി നല്ല ബന്ധമുള്ളവരായിരുന്നു. ഏകദേശം 90 ദിവസങ്ങളിൽ പഠന സ്ഥലത്ത് പോയി പഠനം നടത്തി വളരെ നല്ല പൊതുജന സമ്പർക്കം ഉണ്ടാക്കിയെടുത്തു. ആദ്യമാദ്യം സംശയത്തോടെ വീക്ഷിച്ചിരുന്ന ഗ്രാമീണരെ പിന്നീട് നല്ല സുഹൃത്തുക്കളാക്കിയെടുക്കുവാൻ പഠനസംഘത്തിന് കഴിഞ്ഞു. ഗ്രാമീണരിൽ എടുത്തുപറയേണ്ടവർ കുറിച്യൻമാരാണ്. നല്ല ആഥിത്യ മര്യാദയുള്ള കൂട്ടരാണ് കുറിച്യർ. അടുത്ത് കഴിഞ്ഞപ്പോൾ അവർക്ക് അറിയാവുന്ന എല്ലാ വിവരങ്ങളും തരുവാൻ അവർ ഒരുക്കമായി. പ്രാരംഭ സർവ്വേയിൽ 40 ഔഷധ സസ്യങ്ങളെപ്പറ്റി മനസ്സിലാക്കുവാൻ സാധിച്ചു. അപൂർവ്വമായ 10 ചെടികളും കണ്ടെത്താനായി.

## കോട്ടത്തറ ഗ്രാമ പഞ്ചായത്ത്: കാർഷിക ജൈവ വൈവിധ്യ സംരക്ഷണവും ഉപയോഗവും :

വയനാട് ജില്ലയുടെ ഏതാണ്ട് മധ്യ ഭാഗത്തായി ഏകദേശം 32 ചതുരശ്ര കിലോ മീറ്റർ ചുറ്റളവിൽ കാണപ്പെടുന്ന ഒരു പ്രദേശമാണ് കോട്ടത്തറ. കൂടുതൽ ആദിവാസികൾ പാർക്കുന്ന ഈ സ്ഥലം സാമ്പത്തികമായി ഒരു പിന്നോക്ക പ്രദേശമാണ്. കുന്നുകളും വയലുകളും ഇടകലർന്നു കിടക്കുന്ന ഈ പ്രദേശം തികച്ചും ഒരു കാർഷിക മേഖലയും ജൈവവൈവിധ്യം ഏറെക്കുറെ നശിപ്പിക്കപ്പെടാതെ സംരക്ഷിക്കപ്പെട്ട ഒരു സ്ഥലവുമാണ്.

### സാമൂഹ്യ വ്യവസ്ഥിതിയുടെ ഒരു ഏകദേശ ചിത്രം :

ആദിമ നിവാസികൾ കൂടുതലായി കാണപ്പെടുന്നതാണ് ഈ പ്രദേശം ഇവിടുത്തെ സമൂഹത്തിൽ പ്രധാനമായും കുറിച്യർ, പണിയർ, കുറുമർ, കാട്ടുനായ്ക്കർ തുടങ്ങിയവരാണ്. ഇവരിൽ കാട്ടുനായക്കർ ഇപ്പോഴും അമ്പും വില്ലും ഉപയോഗിച്ചുവരുന്നതുകൊണ്ടും മധ്യശിലായുഗ മനുഷ്യരെപ്പോലെ കാട്ടിൽ നിന്നും പഴങ്ങളും കിഴങ്ങുകളും തേനും മറ്റും ഇപ്പോഴും ഉപയോഗിക്കുന്നതുകൊണ്ടും ശിലായുഗ ത്തിൻെറ അവസാനത്തെ കണ്ണിയാണ് ഇവർ എന്ന് ഊഹിക്കാം. അങ്ങനെയെങ്കിൽ ശിലായുഗകാലം മുതൽക്കെ ഇവിടെ മനുഷ്യൻ വസിച്ചിരുന്നുവെന്നും കരുതുന്നതിൽ തെറ്റില്ല. ഇതിന് നേരെ വിപ രീതമായി കുറിച്യ വിഭാഗം സ്വന്തമായി കൃഷിയിടങ്ങൾ ഉള്ളവരും ഭക്ഷ്യോൽപ്പാദനത്തിൽ ഏറെ മുൻപന്തിയിലുമാണ്. ഇവർ ആദിമ നിവാസികളായി മാറ്റപ്പെട്ട പരിഷ്കൃത വിഭാഗമായിരുന്നുവെന്ന് . ചരിത്രകാരൻമാർ പറയുന്നത് ശരിയാകാം. കുറിച്യർ ഈ ഗ്രാമത്തിൽ എത്തപ്പെട്ടത് പഴശ്ശിയുടെ പടയാളികളായിട്ടാണ് എന്ന് കരുതുന്നു. പഴശ്ശിയുടെ ഒളിത്താവളങ്ങളിലൊന്നായ കുറുമ്പാലക്കോട്ട കോട്ടത്തറയായിരുന്നുവെന്ന് ചരിത്രം പറയുന്നു.

കോട്ടത്തറയിലെ നാടുകാണിക്കൊല്ലി, കരിങ്കുറ്റി, ആനേരി തുടങ്ങിയ പ്രദേശങ്ങളാണ് ആഴത്തിലുള്ള പഠനത്തിന് വിധേയമാക്കിയത്. ഇവിടെ ഏകദേശം 300-ഓളം കുടുംബങ്ങൾ ഉണ്ട്. മൊത്തം വിസ്തൃതി 5 (ചതുരശ്ര കിലോമീറ്റർ) ഓളം വരും.

ആദിമനിവാസികളെ കൂടാതെ പരിഷ്കൃത സമൂഹത്തിലെ എല്ലാ വിഭാഗക്കാരും ഈ ഗ്രാമത്തിലുണ്ട്. എടുത്ത് പറയത്തക്കവർ (ജൈവ

വൈവിധ്യ സംരക്ഷണ പ്രവർത്തനത്തെ അടിസ്ഥാനമാക്കി) ജൈനമതവിഭാഗക്കാരാണ്. ഒരു ഉറുമ്പിനെ പോലും നോവിക്കാത്ത ഇവർ അവരുടെ ചുറ്റുവട്ടത്തെ പരിസ്ഥിതി നന്നായി സംർക്ഷിക്കുകയും ഉപയോഗിക്കുകകയും ചെയ്യുന്നു. പട്ടിക ജാതിക്കാരായ പുലയർ, ചെറുമർ, വണ്ണാൻ തുടങ്ങിയ സമുദായങ്ങളും പരിസ്ഥിതി സംരക്ഷണത്തിൽ ശ്രദ്ധയുള്ളവരാണ്.

ജൈവ സമ്പത്ത് ഏറ്റവും നന്നായി പ്രയോജനപ്പെടുത്തുന്ന സമൂഹം കുറിച്യരുടേതാണ്. ഇതിനെക്കുറിച്ച് വിശദമായിപിന്നീട് പ്രസ്താവിക്കുന്നുണ്ട്. ജലം, കര, വനം തുടങ്ങിയ വിഭവങ്ങൾ ദീർഘനാളത്തെ ഉപയോഗം ലക്ഷ്യമാക്കിക്കൊണ്ട് അവർ ഉപയോഗിച്ച് വരുന്നു. പ്രകൃതി വിഭവങ്ങളുടെ മേൽ പണ്ട് ഇവർക്കുണ്ടാ യിരുന്നു സ്വത്തവകാശം മറ്റെവിടുത്തെപോലെയും ഇപ്പോൾ ഇവിടെയും ആർക്കും ഇല്ല. ഇവർക്ക് സ്വന്തമായുള്ള വിഭവങ്ങൾ മാത്രമാണ് ഇപ്പോൾ ഉപയോഗിച്ച് വരുന്നത്. ഈ വിഭവങ്ങൾ കുറിച്യർ ഉൾപ്പെട്ട ആദിമനിവാസികൾ ഭംഗിയായി സംരക്ഷിച്ച് നിലനിർത്തുന്നു. വ്യാവസായികാടി സ്ഥാന ത്തിൽ പ്രയോജനപ്പെടുത്താവുന്ന ഒട്ടനവധി വിഭവങ്ങൾ അവർക്കുണ്ട്. ഉദാഹരണത്തിന് സുഗന്ധ നെൽവിത്തിനങ്ങൾ, ഔഷധച്ചെടികൾ, പച്ചക്കറി വർഗ്ഗങ്ങൾ, പഴങ്ങൾ തുടങ്ങിയവ. പക്ഷെ നാളിതുവരെ ഈ വിഭവങ്ങളൊന്നും ആ രീതിയിൽ ഉപയോഗപ്പെടുത്തിയിട്ടില്ല. വികസന പ്രവർത്തനത്തിൻെറ മേഖലകൾ ഇപ്പോൾ കൈകാര്യം ചെയ്ത് വരുന്നത് ഗ്രാമപഞ്ചായത്താണ്. ജൈവവൈവിധ്യ ഉപയോഗത്തിലൂന്നിക്കൊണ്ടുള്ള പല വികസന പരിപാടികൾക്കും അവർ രൂപം കൊടുത്തിട്ടുള്ളതായും അറിയുന്നു. പക്ഷെ ജൈവവൈവിധ്യ സംരക്ഷണം എത്രത്തോളം ഉറപ്പാക്കുന്നു എന്നതാണ് പ്രശ്നം. ഈ കാര്യത്തിൽ പലപ്പോഴും ഇവിടുത്തെ വികസന മാതൃകകൾ നിശ്ശബ്ദമാണ്.

ഈ ഗ്രാമത്തിലെ ജൈവവൈവിധ്യം രേഖപ്പെടുത്തുവാനായി എടുത്തു പറയത്തക്ക ഒരു സംഘടനയും ഉണ്ടായിരുന്നില്ല. കൃഷിഭവനോ, കോഫീബോർഡോ ഒക്കെ അവർ കൈകാര്യം ചെയ്യുന്ന വിളകൾ ഏത് വിധേനയും പ്രോൽസാഹിപ്പിക്കണമെന്ന് വിചാരിക്കുന്നവർ മാത്രമാണ്. വിളകളുടെ തിരഞ്ഞെടുപ്പിലോ അതിൻെറ പരിപാലനത്തിലോ പാരമ്പര്യ കർഷകരുടെ അഭിപ്രായങ്ങൾ മുഖവിലയ്ക്ക്പോലും എടുത്തിട്ടില്ലായെന്ന് ഈ ഗ്രാമം കാണുന്നവർക്ക് മനസ്സിലാകും. പരിസ്ഥിതി സംബന്ധമായി പ്രാവർത്തികമാക്കാവുന്ന യാതൊരു വിവരങ്ങളും ഇല്ലായിരുന്നു. ചില ഔദ്യോഗിക രേഖകളിൽ കാണുന്ന പരിചിതമായ വിവരങ്ങൾ ഒഴികെ ഇവിടത്തെ ജൈവവൈവിധ്യം നാളിതുവരെ ശാസ്ത്രീയമായി ആധികാരികതയോടെ പഠിക്കപ്പെട്ടിട്ടില്ലായിരുന്നുവെന്നതാണ് സത്യം മാത്രമാണ്.

## ജൈവവൈവിധ്യവുമായി ജനങ്ങൾക്കുള്ള ബന്ധം

പഠന സംഘം ആദ്യം ചെയ്തത് ഗ്രാമത്തിലെ എല്ലാ തുറകളിലും പെട്ട ആളുകളെ നേരിട്ട് കണ്ട് അവർ ജൈവവൈവിധ്യ സംരക്ഷണത്തിന് എന്ത് വില കൽപ്പിക്കുന്നുവെന്ന് മനസ്സിലാക്കുകയെന്നതായിരുന്നു. ജനങ്ങളുടെ അഭിപ്രായങ്ങൾ സമ്മിശ്രമായിരുന്നു. പക്ഷെ ഭൂരിഭാഗത്തിനും ജൈവവൈവിധ്യം സംരക്ഷിക്കപ്പെടണമെന്നു തന്നെയായിരുന്നു അഭിപ്രായം. പക്ഷെ എങ്ങനെയെന്ന് അറിയുകയില്ലെന്നു മാത്രമല്ല, അത് അവരുടെ ഉത്തരവാദിത്വമല്ലായെന്ന രീതിയിലായിരുന്ന പ്രതികരണം, പ്രത്യേകിച്ചും പരിഷ്കൃത സമൂഹത്തിലെ അംഗങ്ങൾ. പക്ഷെ തുടക്കത്തിൽ സൂചിപ്പിച്ചിരുന്നതുപോലെ ആദിമ നിവാസികളായ കുറിച്യർ, കുറുമർ തുടങ്ങിയവരും, ജൈനമത വിശ്വാസികളും മറ്റ് പാരമ്പര്യ കർഷകരും വ്യക്തമായ കാഴ്ചപ്പാട് ജൈവസംരക്ഷണത്തിൽ വെച്ചു പുലർത്തുന്നു. പക്ഷെ നിലവിലുള്ള പരിഷ്കൃത കർഷകരും, കച്ചവടക്കാരും വൈവിധ്യം ഉപയോഗപ്പെടുത്തുന്നത് തികച്ചും അശാസ്ത്രീയമായ രീതിയിലാണ്. ഉദാഹരണത്തിന് അഗർബത്തിയുടെ ഉൽപ്പാദനത്തിന് വേണ്ടി ഇവിടെ നിന്നും കറുപ്പ(Cinnamomun malabatrum), കുളിർമാവ് (Persea micrantha) തുടങ്ങിയ മരങ്ങളുടെ തൊലി പൂർണ്ണമായും കച്ചവടക്കാർ അടർത്തിയെടുത്തുകൊണ്ടു പോയിരിക്കുന്നു. ഈ മരങ്ങൾ ഗ്രാമത്തിൽ പൂർണ്ണമായും നശിച്ചുവെന്ന് തന്നെ പറയാം.

കർഷകരിൽ ഭൂരിപക്ഷവും ആധുനീക കൃഷി ചെയ്യുന്നവരാണ്. ഇവരിൽ പലർക്കും അവരുടെ കൃഷിയിടങ്ങളിലെ മറ്റ് ജീവജാലങ്ങളെ സംരക്ഷിക്കുന്നതിൽ യാതൊരു താൽപര്യവുമില്ല. വിളകൾ ഒഴിച്ചുള്ളതെല്ലാം ഇവർക്ക് കളകൾ മാത്രമാണ്. വയലുകൾ മാറ്റി വാഴത്തോട്ടമാക്കുമ്പോൾ നഷ്ടപ്പെടുന്ന വൈവിധ്യത്തെക്കുറിച്ച് മന:പൂർവ്വമായോ അല്ലാതെയോ ഇവർ മൗനം പാലിക്കുന്നു. എളുപ്പം ലാഭം കിട്ടുന്ന ഏതു വിളകളും ഏത് അശാസ്ത്രീയമായ രീതിയിലും കൃഷിചെയ്യുവാൻ

ഇക്കൂട്ടർ ഒരുക്കമാണ്. ന്യൂനപക്ഷ കർഷകരായ കുറിച്യരൊ, കുറുമരോ ലാഭം ലാക്കാക്കി കൃഷി ചെയ്യാത്തതുകൊണ്ടും അവരുടെ പാരമ്പര്യ അറിവ് വിട്ടു കളയാത്തതുകൊണ്ടും പരിസ്ഥിതി സംരക്ഷണത്തിലൂന്നിയ കൃഷി രീതികൾ തുടർന്നു വരുന്നു. മറ്റുള്ളവരുടെ അശാസ്ത്രീയ കൃഷിരീതികൾ കൊണ്ട് മണ്ണിലെ ''നെയ്യ്'' പോയി എന്ന് വിലപിക്കുന്ന കുറിച്യ കുടുംബങ്ങളെ ഈ പഠനത്തിനിടയിൽ കണ്ടു.

ജൈവവൈവിധ്യത്തെക്കുറിച്ചുള്ള സ്ത്രീകളുടെ അറിവിനെപ്പറ്റി എടുത്തുപറയേണ്ട താണ്. പല വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും, വിശേഷിച്ച് ആദിമ വാസികളിലെ, ചുറ്റു വട്ടത്തുള്ള സസ്യലതാദികളെക്കുറിച്ച് നല്ല അറിവുണ്ട്. അടുക്കള ത്തോട്ടം നിലനിർത്തുന്നതിൽ ഇവരുടെ പങ്ക് വളരെ വലുതാണ്. നാടൻ കോഴികൾ, കന്നുകാലികൾ, തുടങ്ങിയവയെ സ്ത്രീകളാണ് സംരക്ഷിച്ചു വരുന്നത്. സാധാരണ അസുഖങ്ങൾക്ക് ഉപയോ ഗപ്പെടുത്താവുന്ന ഒട്ടനവധി ഔഷധച്ചെടികൾ ഇവർ സംരക്ഷിക്കുന്നു. കുറിച്യ സമുദായത്തിലെ സ്ത്രീകൾ ഈ കാര്യത്തിൽ പ്രത്യേക പ്രശംസ അർഹിക്കുന്നു.

ആദിമ നിവാസികൾ ഉൾപ്പെട്ട പിന്നോക്ക വിഭാഗങ്ങൾ ജൈവവൈവിധ്യത്തെ വീക്ഷിക്കുന്നത് അവരുടെ നിലനിൽപ്പിന് അത്യാവശ്യം എന്ന രീതിയിലാണ്. കൂടാതെ ഗ്രാമത്തിലെ എല്ലാ മുതിർന്ന ആൾക്കാരും ഇതെ അഭിപ്രായം വെച്ചു പുലർത്തുന്നു.

രാഷ്ട്രീയക്കാർ ഉൾപ്പെട്ട വികസന വക്താക്കൾ പൊതുവെ പാരമ്പര്യ രീതികളെ അത്ര ഗൗരവമായി എടുക്കുന്നില്ല. ഏത് വിധേനയുമുള്ള വികസനമെന്ന ഒരേ ഒരു മന്ത്രമാണ് അവരുടെ നാവുകളിൽ റോഡുകൾ , പാലങ്ങൾ, വൈദ്യുതി തുടങ്ങിയവ യാണ് മുഖ്യ ലക്ഷ്യങ്ങൾ. ഇതിനിടയിൽ ജൈവ വൈവിധ്യ സംരക്ഷണത്തിന് ഈ കൂട്ടർ തുലോം വില കൽപ്പിക്കുന്നില്ല എന്ന് പറയേണ്ടിരിക്കുന്നു.

ജൈവവൈവിധ്യ സംരക്ഷണത്തിനോട് മതപരമായ വീക്ഷണങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു. പല മതക്കാർ , ഉദാഹരണത്തിന് ജൈനവിശ്വാ സികൾ, മറ്റ് ചില മതക്കാരിൽ നിന്നും വളരെയേറെ വ്യത്യസ്തരാണ്. ഈ കാര്യത്തിൽ അവരുടെ സംസ്കാരത്തിൻെറ തന്നെ ഒരു ഭാഗമായി ജൈവ വൈവിധ്യസംരക്ഷണത്തെ കാണുന്നു. ശാസ്ത്രീയ മായി ഇതിനെ വീക്ഷിക്കുന്നവർ എല്ലാ വിഭാഗ ങ്ങളിലുമുണ്ട്, പ്രത്യേകിച്ചും പരിസ്ഥിതി ബോധമുള്ള യുവതലമുറയിലെ പലരും പക്ഷെ പലപ്പോഴും വികസന പ്രവർത്തനങ്ങളിൽ ഇങ്ങനെയുള്ളവരുടെ അഭിപ്രായങ്ങൾ സ്വാധീനം ചെലുത്താതെ പോകുന്നു. ജൈവവൈവിധ്യസംരക്ഷണത്തിൽ ചില വിഭാഗങ്ങളെങ്കിലും പല പ്രതിബന്ധങ്ങളും നേരിടുന്നുണ്ട്. ഉദാഹരണത്തിന് പഴയ നെല്ലിനങ്ങൾ സംരക്ഷിക്കുവാൻ കുറിച്യർക്ക് കഴിയാതെവരുന്നത് അത്തരം ഇനങ്ങളോട് സർക്കാർ ഉൾപ്പെട്ട ബന്ധപ്പെട്ടവർ കാണിക്കുന്ന വിപ്രതിപത്തിയാണ്. വയലുകൾ നികത്തപ്പെടുന്നതുമൂലം അവരുടെ കൃഷിയിടങ്ങളിലും, കിണറുകളിലുംവെള്ളം വറ്റിക്കൊണ്ടിരക്കുന്നു. ഭൂവിനിയോഗത്തിലുണ്ടായ മാറ്റങ്ങൾ ജൈവ സംരക്ഷണത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രതിബന്ധങ്ങളാണ്.

## പ്രാദേശിക പരിസ്ഥിതി ചരിത്രം

1940 മുതൽ മധ്യതിരുവിതാംകൂറുകാർ ഇവിടെവന്ന് കുടിയേറുവാൻ തുടങ്ങി. ഇവരുടെ വരവ് കൃഷിയിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കി. വൻ തോതിൽ കാട് വെട്ടി മാറ്റിയപ്പോൾ കാലാവസ്ഥ യിലും വ്യത്യാസങ്ങൾ വന്ന് തുടങ്ങി. അതിൻെറ ഒരു ഉദാഹരണമാണ് ഓറഞ്ച് തോട്ടങ്ങളുടെ നാശം. കാലാവസ്ഥാ വ്യത്യാസം കൊണ്ട് സംഭവിച്ചതാണ് ഇത്. കാടില്ലാത്തത് കൊണ്ട് മുത്താറി കൃഷി നിലച്ചു. പണ്ട് പ്രധാന ഭക്ഷണമായിരുന്ന മുത്താറി കാട്ടിൽ ഒരു ഭാഗത്ത് വിതച്ചാണ് കൃഷി ചെയ്തിരുന്നത്. ചാമ, തിന, ഉള്ളി, കാബേജ് മുതലായവയും പണ്ട് കൃഷി ചെയ്തിരുന്നു. 'കറുത്തൻ' എന്ന ഒരിനം നെല്ല് പണ്ട് സമൃദ്ധമായി ഇവിടെ കൃഷിചെയ്തിരുന്നു. പക്ഷെ ഇവയൊന്നും ഇപ്പോൾ കൃഷിചെയ്യുന്നില്ല.

8-ാം വാർഡിലെ മടക്കിമല നല്ല ഒരു ജൈവ വൈവിധ്യ മേഖലയാണ്. അത് നിലനിർത്തേ ണ്ടതാണ്. ഇപ്പോൾ അവിടെ വൻ തോതിൽ കാട് തെളിച്ചുകൊണ്ടിരിക്കുന്നതായി പഠന സംഘത്തിന് മനസ്സിലായി. കുറേ വർഷങ്ങൾക്ക് മുമ്പ് വരെ ധാരാളം ജന്തുജാലങ്ങൾ വിളയാടി നടന്നിരുന്ന സ്ഥലമായിരുന്നു മടക്കിക്കാട് എന്ന് പ്രാദേശിക സികൾ പറഞ്ഞു. മാൻ, കാട്ടാട്, പുമെരു, ചെന്നായ് മുതലായവ മൃഗങ്ങൾ ഈ കാടുകളിൽ ഉണ്ടായിരുന്നു. വളർത്തുമൃഗങ്ങളിൽ വയനാടൻ പശുവിനെ ഇപ്പോൾ കാണാൻ തന്നെയില്ല. കരിയില പക്ഷി എന്ന ഒരു തരം പക്ഷി (കഴുകനേക്കാൾ ഉയരം, കൊല്ലിയിലാണ് വാസം). 10-20 കൊല്ലങ്ങൾക്ക് മുമ്പ് വയലുകളിൽ വരുമായിരുന്നു. ഇന്നില്ല എന്ന് ആദിവാസി 'പിട്ടൻ ' പറഞ്ഞു. പലതരം മൽസ്യങ്ങളും ഇപ്പോൾ കാണാനില്ല.

പഴയകാലത്ത് ഉപയോഗിച്ചിരുന്ന 50 തരം നെൽവിത്തിനങ്ങളെപ്പറ്റി പഠനസംഘത്തിന് മനസ്സിലാക്കുവാൻ സാധിച്ചു. അവയിൽ വിരലിൽ എണ്ണാവുന്നവ മാത്രമേ ഇപ്പോൾ നിലവിലുള്ളു. അത് തന്നെ കുറിച്യ തറവാടുകളിലാണ് ലഭ്യവും ഉദാഹരണത്തിന് നവരനെല്ല്, ചെന്നെല്ല്, മുതലായവ ഔഷധപ്രാധാന്യമുള്ളതും, ചോമാല, കറുത്തൻ തുടങ്ങിയ രോഗപ്രതിരോധ ശക്തിയുള്ളവയും ആയ നെൽവിത്തുകൾ പൂർണ്ണമായുംനശിച്ചു. സുഗന്ധ നെൽവിത്തിന ങ്ങൾക്ക് രാസവളപ്രയോഗങ്ങൾ മൂലം ഇപ്പോൾ പഴയ സുഗന്ധവും രുചിയുമില്ലെന്ന് നാട്ടുകാർക്ക് അഭിപ്രായമുണ്ട്. പണ്ട് ജൈവ കീട നിയന്ത്രണ രീതികളാണ് ഉപയോഗിച്ചിരുന്നത്. ഉദാഹരണത്തിന് കാട്ടുകർപ്പൂരം, പാറകം മുതലായവ നെല്ലിലെ കീടങ്ങളെ നിയന്ത്രിക്കുവാൻ ഉപയോഗിച്ചിരുന്നു. ഇപ്പോഴും കുറിച്യർ രാസ കീടനാശിനികൾ ഉപയോഗിക്കുന്നതിൽ വിമുഖത കാണിക്കുന്നു. ജൈവ വളം വളരെ കുറഞ്ഞ രീതിയിലെ ഇപ്പോൾ ലഭ്യമാകുന്നുള്ളു. തൻമൂലം ചെറിയ തോതിൽ രാസവളം ചിലർ ഉപയോഗിക്കുന്നുണ്ട്. അതേ സമയം മറ്റു ജന സമൂഹങ്ങൾ നെൽകൃഷി ആദായകരമല്ലാത്ത തിനാൽ വാഴ, ഇഞ്ചി മുതലായ കൃഷികളിലേക്ക് ചുവട് മാറ്റുന്നുണ്ട്.

## ജൈവവൈവിധ്യം സംരക്ഷണം

ആദിവാസികൾ, പ്രത്യേകിച്ച് കുറിച്യർ നെൽ കൃഷിയോട് അനുബന്ധിച്ച് പല വിധത്തിലുള്ള വിശ്വാസങ്ങൾ നിലനിർത്തുകയും പൂജാദികർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നുണ്ട്. ഈ അനുഷ്ഠാനങ്ങൾ തുടരുന്നതിന് വേണ്ടിയാണവർ നെൽകൃഷി തുടരുന്നതും. ഉദാഹരണം ഗുളികൻ എന്ന ദൈവത്തെ വയലിലേക്ക് ആനയിക്കുന്നതും തിരിച്ച് മുറ്റത്ത് കുടിയിരുത്തുന്നതും ഐശ്വര്യം ആയി കരുതുന്നു. നെൽകൃഷിയില്ലെങ്കിൽ അങ്ങിനെ ഒരു പൂജ തുടരാൻ സാധിക്കില്ലല്ലോ.

ചില പ്രത്യേക ആചാരങ്ങൾ നടത്തുന്നതിലേക്ക് വേണ്ടി ചില തരം വൃക്ഷങ്ങൾ കുറിച്യർ തൊടികളിൽ കാത്തു സൂക്ഷിക്കുന്നുണ്ട്. ഉദാ: മണലിയുടെ തൊലി വില്ലിൻെറ ഞാണുണ്ടാക്കുന്നതിനും, പാലയുടെ തടികൊണ്ട് ഉള്ള ചട്ടുകം കല്ല്യാണങ്ങൾക്ക് ഒഴിച്ചുകൂടാനാ വാത്തതും, അത്തി, ഇത്തി, അരയാൽ, പേരാൽ ഇവ ശുദ്ധി കർമ്മങ്ങൾക്കും ആവശ്യമാണ്. ആയതിനാൽ യാതൊരു കാരണവ ശാലും ഈ വക മരങ്ങൾ അവർ മുറിച്ചു കളയാറില്ല. ചെറുതേക്ക്, കൊട്ടമരം, ചണ്ണക്കൂവ മുതലായവയും ഈ ഗണത്തിൽ പെടുന്നു.

ചിലതരം മൃഗങ്ങളെ അവർ കൊല്ലാറില്ല ഉദാ: ചാന്തൻ വെരുക്, കാട്ടു പൂച്ച, ചേര, നീർക്കോലി, തവള മുതലായവയെ കർഷക മിത്രങ്ങളായി അവർ കരുതുന്നു. നെലയൻ, കുടായൻ മുതലായ പക്ഷികളേയും മുൻ തലമുറക്കാർ കൊല്ലുകയില്ലായിരുന്നു. പക്ഷെ ഇപ്പോഴത്തെ തലമുറ ഇവയെ കൊല്ലുന്നതിൽ മടി കാട്ടാറില്ല എന്ന് പറയപ്പെടുന്നു.

കാവുകൾ സംരക്ഷിച്ചു വരുന്ന രീതിയും കുറിച്യർ പിന്തുടരുന്നുണ്ട്. ഭഗവതി കാവുകളാണ് കോട്ടത്തറ പ്രദേശങ്ങളിലധികവും. കന്യാവനങ്ങൾ കൃഷിയിടങ്ങളായി മാറിയപ്പോൾ ചില ആചാരാനുഷ്ഠാനങ്ങളുടെ പേരിൽ നിലനിർത്തിയ തുണ്ടുവനങ്ങളാണ് കാവുകൾ. കാവുകളോട് അനുബന്ധിച്ച് ജലാശയങ്ങൾ കാണുന്നു. ഈ കാവുകളും ജലാശയങ്ങളും പ്രകൃതിയെ സന്തുലിതമാക്കുന്ന ആവാസവ്യവസ്ഥകളാണ്. പലതരം ചെറു സസ്യങ്ങളും വള്ളിച്ചെടികളും മരങ്ങളും അവയിൽ ചേക്കേറുന്ന പക്ഷികളും പാമ്പുകളും അടങ്ങിയതാണ് കാവുകൾ. ഈ വൃക്ഷസമൂഹം അന്തരീക്ഷത്തിൽ കുളിർമ നൽകുകയും വായു ശുദ്ധികരിക്കയും ചെയ്യുന്നു. വളരെ പരിശുദ്ധമായി കാത്തുസൂക്ഷിക്കപ്പെടുന്ന സ്ഥലമാണ് കാവുകൾ.

കാവുകളിലും പരിസരങ്ങളിലും പലതരം ഔഷധ സസ്യങ്ങൾ ഇന്നും കുറിച്യർ കാത്തുസൂക്ഷിക്കുന്നു. ഉദാഹരണത്തിന് പേപ്പട്ടി വിഷത്തിന് അവർ ഉപയോഗിക്കുന്ന ഔഷധച്ചെടിയാണ് Zehnaria maysorensis, വാതം കൊല്ലി - Justicia jendarussa, കെരണ്ടമരം, ഇടിഞ്ഞിൽ, - എരങ്ങ, കഴിഞ്ചിക്കുരു, എരുവള്ളി - Naravelia zeylanica മുതലായവ ചില പ്രധാന ഔഷധച്ചെടികളാണ്.

## ജൈവവൈവിധ്യ സംരക്ഷണത്തിൽ ജനങ്ങളുടെ അഭിപ്രായം

രാസവളപ്രയോഗം മൂലം മണ്ണിൻെറ ഗുണം നഷ്ടപ്പെട്ടതായി കുറിച്യ തറവാടുകളിൽ പോയപ്പോൾ അവർ അഭിപ്രായപ്പെട്ടു. അതുപോലെ നെല്ലിൻെറ രുചിയും, പച്ചമരുന്നുകളുടെ ഗുണവും നഷ്ടപ്പെടുന്നതായി അവർ പറഞ്ഞു. വേറൊരു കാര്യം പഠനസംഘത്തിന് ബോദ്ധ്യമായത് എന്തെന്നാൽ സമൂഹത്തിൽ പൊതുവെ ഉണ്ടാകുന്ന മാറ്റം കുറിച്യ തറവാടുകളിലും പ്രതിഫലിക്കുന്നുവെന്നതാണ്. വർദ്ധിച്ചു വരുന്ന ഉപഭോഗ സംസ്കാരത്തിനനുസൃതമായി വരുമാനം അവർക്ക് പാരമ്പര്യ കൃഷി രീതികളിൽ നിന്നോ കൃഷി ഇടങ്ങളിൽ നിന്നോ കിട്ടുന്നില്ല. തൻമൂലം കൂടുതൽ വരുമാനം ഉള്ള വാഴകൃഷിയിൽ ഏർപ്പെടുവാൻ അവർ നിർബ

ന്ധിതരാകുന്നു. ജനങ്ങളുടെ പരക്കെയുള്ള അഭിപ്രായം ജൈവവൈവിധ്യ സംരക്ഷണം കൊണ്ട് അവർക്ക് സാമ്പത്തികമായി എന്തെങ്കിലും പ്രയോജനം ഉണ്ടാകണമെന്നാണ്.

## ജൈവവൈവിധ്യത്തിന്റെ വിന്യാസം

പഠന വിധേയമാക്കിയ സ്ഥലം വെറും 5 Sq. Km. വരെ വരുന്ന പ്രദേശമായിരുന്നുവെന്ന് സൂചിപ്പിച്ചുവല്ലോ. ഇവിടെ മലപ്രദേശങ്ങളിലുള്ള എല്ലാ ആവാസ വ്യവസ്ഥകളും വിന്യസിച്ചിരിക്കുന്നു. വയലുകൾ, കുന്നുകൾ, കുളങ്ങൾ, കുറ്റിക്കാടുകൾ, തോട്ടങ്ങൾ, കൈത്തോടുകൾ, ചെറിയ നീരൊഴുക്ക്, വനം, പാറക്കെട്ടുകൾ എല്ലാം അടങ്ങിയതാണ് ഈ ഗ്രാമം. എടുത്തുപറയേണ്ടത് നേരത്തെ സൂചിപ്പിച്ച ഏകദേശം 150 ഏക്കറോളം വരുന്ന വനംആണ് എന്ന്. പക്ഷെ ഇത് ഇപ്പോൾ ഒരു സ്വകാര്യ വ്യക്തിയുടെ കൈവശമാണ്. വൻ തോതിലുള്ള നാശം ഇപ്പോൾ അവിടെ നടന്നു വരുന്നു.

പഠന സംഘം പ്രധാനപ്പെട്ട എല്ലാ ആവാസ വ്യവസ്ഥകളിലേയും ജൈവവൈവിധ്യത്തെക്കുറിച്ച് പഠനം നടത്തി. മേൽ പറഞ്ഞ വനം, വയലുകൾ, തോട്ടങ്ങൾ, കുറ്റിക്കാടുകൾ എന്നിവ പ്രത്യേകം പ്രത്യേകം പഠിക്കുകയും താരതമ്യം ചെയ്യുകയും ചെയ്തു. നേരത്തെ പറഞ്ഞ വനം ഗ്രാമത്തിലെ ജൈവവൈവിധ്യത്തിന്റെ Core Zone ആണ്. ഈ വനത്തിൽ നിന്നും ഏകദേശം 200-ഓളം പുഷ്പിതസസ്യങ്ങൾ പഠനസംഘം കണ്ടെത്തി. ഇവയിൽ ഔഷധ ച്ചെടികൾ, കാർഷിക വിളകളുടെ വന്യ ബന്ധുക്കൾ, അപൂർവ ചെടികൾ, പശ്ചിമ ഘട്ടത്തിൽ മാത്രം കണ്ടു വരുന്ന സസ്യങ്ങൾ തുടങ്ങിയ ഉൾപ്പെടുന്നു. കൂടാതെ ധാരാളം ജന്തുജാലങ്ങളും ഉണ്ട്. വംശനാശം നേരിടുന്ന Nilgiri wood pigeon എന്ന പക്ഷി ഈ കാട്ടിൽ കൂടുകൂട്ടുവാനായി എത്താറുണ്ട്.

എടുത്തുപറയേണ്ട മറ്റ് ഒരു ആവാസവ്യവസ്ഥ ''കൊല്ലി''യും അതോടനുബന്ധിച്ച് കാണപ്പെടുന്ന കാവുകളുമാണ്. വളരെയേറെ ഭീഷിണി നേരിട്ടുകൊണ്ടിരിക്കുന്ന ഒരു ചതുപ്പായ ആവാസവ്യവസ്ഥയാണ് ''കൊല്ലി''. ഇങ്ങനെയുള്ള ഒരു കൊല്ലിയിൽ നിന്നും കൊല്ലി ഞാവൽ എന്നറിയപ്പെടുന്ന syzygium travancoricum എന്ന ഒരു മരം കണ്ടെത്താനായി. Indian Red Data Book ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒരു അപൂർവ്വ സസ്യമാണിത്. ഇതു കൂടാതെ ഈ ആവാസവ്യവസ്ഥയിൽ ചില പ്രധാന സസ്യങ്ങളായ Pandanus sp, Salacia beddomei Glochidion tomentosum, Lagenandra toxicaria തുടങ്ങിയവയും കാണപ്പെടുന്നു. ഇവിടെ നിന്നും 65 തരത്തോളം ചെടികളെ കണ്ടെത്താനായി.

വയലുകൾ ജൈവ വൈവിധ്യാടിസ്ഥാനത്തിൽ വളരെയേറെ പ്രാധാന്യം അർഹിക്കുന്നു. വയലിലും അതിനോട് ചേർന്നു കരപ്രദേശങ്ങളിലും ധാരാളം സസ്യലതാദികൾ ഉണ്ട്. കുറിച്യർ, പണിയർ തുടങ്ങിയവർ ഔഷധസസ്യങ്ങൾ ശേഖരിക്കുന്നത് പ്രധാനമായും ഇവിടെ നിന്നാണ്. ഈ വയലേലകൾ ഇന്ന് വളരെയേറെ വേഗത്തിൽ അപ്രത്യക്ഷമായി ക്കൊണ്ടിരിക്കുന്നു. വയലുകളിൽ ധാരാളം പക്ഷികളും വരാറുണ്ട്. വയലിനോട നുബന്ധിച്ച് കാണപ്പെടുന്ന കൈത്തോടുകളിൽ ധാരാളം മൽസ്യങ്ങൾ ഉണ്ട്. ഇരുപതോളം മൽസ്യങ്ങളെക്കുറിച്ച് ഒരു കുറിച്യ കാരണവർ പറഞ്ഞു. ഈ കൈത്തോടുകളുടെ അരികിൽ വളരെയേറെ സസ്യങ്ങൾ തഴച്ചു വളരുന്നു. സാധാരണ ആരും ഈ സസ്യങ്ങൾ നശിപ്പിക്കാറില്ല. എല്ലാവരും എപ്പോഴും ആവശ്യമായ പല സസ്യങ്ങൾ ഇവിടെ നിന്നും ശേഖരിക്കുന്നു.

തോട്ടങ്ങളിൽ പ്രധാനമായും കാപ്പിയാണ്. കൂടാതെ റബ്ബർ, തേക്ക് തുടങ്ങിയവയും കാണപ്പെടുന്നു. പക്ഷെ ഇവിടെയധികവും ഉപദ്രവകാരികളായ സസ്യങ്ങൾ ആണ്. Bidens pilosa, Ageratium conyzoides തുടങ്ങിയവ ക്രമാതീതമായി വർദ്ധിച്ചു വരുന്നുണ്ട്. പക്ഷെ മരങ്ങൾ അധികം മുറിക്കപ്പെടാത്ത കാപ്പിത്തോട്ടങ്ങളിൽ മറ്റ് അനേകം സസ്യങ്ങൾ സംരക്ഷിക്കപ്പെട്ട് വരുന്നു. ജൈനമതാനുയായികൾ സംരക്ഷിച്ചു വരുന്ന തോട്ടങ്ങൾ ശരിക്കും ചിലയിടങ്ങളിൽ ഒരു വനം പോലെതന്നെ കാണപ്പെടുന്നു; ഇവർ മരങ്ങൾ മുറിക്കാറില്ല. വൈവിധ്യം കുറവാണെങ്കിൽ കൂടിയും അതുകൊണ്ട് പല പ്രധാന മരങ്ങളും ഇവരുടെ കാപ്പിത്തോട്ടങ്ങളിൽ സംരക്ഷിക്കപ്പെട്ടു വരുന്നു. തുണ്ടു തുണ്ടുകളായി കാണപ്പെടുന്ന ചെറിയ ചെറിയ കുറ്റിക്കാടുകൾ ഗ്രാമത്തിൽ അങ്ങിങ്ങായി കാണാം. തോട്ടങ്ങൾ വിന്യസിച്ചതോടെ അവശേഷിക്കപ്പെട്ട കാടുകളാണിവ. ജൈവവൈവിധ്യം അൽപ്പ മെങ്കിലും ഇവിടെ അവശേഷിക്കുന്നുണ്ട്. പക്ഷെ ഇവയിൽ കൂടുതലും ഭീഷണിയിലാണ്.

പച്ചക്കറി കൃഷിയിൽ സ്ത്രീകളാണ് കൂടുതൽ ഏർപ്പെടുന്നത്. പച്ചക്കറി വിത്തുകൾ തമ്മിൽ തമ്മിൽ കൈമാറ്റം ചെയ്യുന്ന ഒരു പതിവ് ഇവിടെ ഉണ്ട്. 16 തരം പച്ചക്കറികൾ കൃഷിചെയ്യുന്നതായി പഠന സംഘത്തിന് കണ്ടെത്താൻ കഴിഞ്ഞു. അതിൽ പയർ വർഗ്ഗം അഞ്ചുതരം, മുളക് അഞ്ചുതരം, മത്തങ്ങ 4

തരം, ചേമ്പ് ആറ് തരം, കാച്ചിൽ രണ്ട് തരം, ചേന രണ്ടു തരം, തക്കാളി രണ്ടുതരം. ഇവ കുറിച്യ തറവാടുകളിൽ ഇപ്പോഴും കൃഷിചെയ്യപ്പെടുന്നുണ്ട്. വിത്തുകൾ ഭിത്തിയിൽ എറിഞ്ഞു പിടിപ്പിച്ചു സൂക്ഷിക്കുന്ന രീതിയും, പുകകൊള്ളിച്ച് ചാണകത്തിൽ പൊതിഞ്ഞ് വയ്ക്കുന്ന രീതിയും ഉണ്ട്. ആദിവാസികൾ പച്ചക്കറികൾ ചന്തയിൽ നിന്ന് കഴിവതും വാങ്ങാറില്ല.

പഠന സ്ഥലത്തെ വയലുകളിൽ നടത്തിയ സാമ്പിൾ സർവ്വേയിൽ ഏകദേശം പത്ത് തരത്തിലുള്ള കളകൾ കണ്ടെത്താനായി. Alternanthera sessilis, Lindernia sp. Monochoria Vaginalis - (വയൽതാളി) പിന്നെ പലതരം പുല്ലു വർഗ്ഗങ്ങളും കാണുന്നു. കാവുകളിൽ ഓട, ചെമ്പകം, Cinna- momum malabatrum, Pandanus Thunbergia mysorenis ചൂരൽ ഇവയും ceropegia, Syzygium travancoricum വേപ്പ്, ഞാറ തുടങ്ങി 65 തരത്തിലുള്ള ചെടികളും മടക്കിമല വനത്തിൽ 153 തരത്തിലുള്ള സസ്യവർഗ്ഗങ്ങളും പഠനസംഘം കണ്ടെത്തി. ഏകദേശം 40 ഓളം ഔഷധ സസ്യങ്ങളും പത്തോളം അപൂർവ്വ ചെടികളേയും സംഘം ഇവിടെ കണ്ടെത്തി.

താഴെ പറയുന്ന ഔഷധസസ്യങ്ങളും അപൂർവ്വ സസ്യങ്ങളും അവയിൽ ചിലതാണ്.

## ഔഷധമൂല്യമുള്ളവ

കുട്ടിത്താളി - Stephania japonica

കയ്യറുപ്പൻ വള്ളി - Rubia cordi folia

വയൽച്ചുള്ളി - Hygrophila schulli

## ശാസ്ത്രപ്രധാനമായത്

1. Ochlandra spp - ഓട
2. ചെമ്പകം - Michelia champaka
3. Cinamoumum malabatram കറുപ്പ മരം
4. Thunbergia mysorensis വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നത്.
5. ചൂരൽ - Calamus travancoricus അപൂർവ്വം
6. കൊല്ലിഞാവൽ (തെക്കൻ കേരളത്തിൽ മാത്രം കണ്ടുവന്നത്) - Syzygium travancoricum
7. Ceropegia grandiflora
8. മാനിപ്പുല്ല്

**പരിസ്ഥിതിയിൽ ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ;**

ഭൂവിനിയോഗത്തിലുണ്ടായ മാറ്റങ്ങൾ സാരമായി ഈ പ്രദേശത്തെ ജൈവവൈവിധ്യത്തെ ബാധിച്ചിട്ടുണ്ട്. ഒരു ഉദാഹരണം പണ്ട് തലക്കുളങ്ങൾ എന്നപേരിലുണ്ടായിരുന്ന വയലിനോടനു ബന്ധിച്ച് കാണപ്പെട്ടിരുന്ന കുളങ്ങൾ നഷ്ടപ്പെട്ടതാണ്. നെൽ വയലുകൾ വിഭാഗിക്കപ്പെട്ടപ്പോൾ (പല ആവശ്യങ്ങൾക്കായി) ഈ കുളങ്ങൾ സംരക്ഷിക്കാൻ പറ്റാത്ത അവസ്ഥയായി. ഇങ്ങനെയുള്ള കുളങ്ങളുടെ സ്ഥാനത്ത് ഇന്ന് കൂടുതൽ കമുകിൻതോട്ടങ്ങളാണ്.

വയൽ മറ്റാവശ്യങ്ങൾക്കായി നികത്തരുതെന്ന് നിയമം സർക്കാർ നടപ്പാക്കിയത് ഈ അടുത്ത കാലത്തുമാത്രമാണ്. പക്ഷെ അതിനുമുമ്പേതന്നെ ഭൂരിഭാഗം വയലുകളും വാഴത്തോട്ടങ്ങളായി മാറി. വയലുകളിൽ നിന്നും ഇഷ്ടിക നിർമ്മാണത്തിനു വേണ്ടി വലിയ തോതിൽ തന്നെ ചിലയിടങ്ങളിൽ നിന്നും ചെളി ശേഖരിക്കുന്നതും അവയുടെ നാശത്തിലേക്ക് നയിക്കുന്നു. കുറിച്യരുടെ വയലുകൾ മാത്രമാണിതിനൊരപവാദം.

കരഭൂമി അധികവും തോട്ടങ്ങൾക്കായി വഴിമാറുന്നതും വൈവിധ്യത്തെ തളർത്തുന്നുണ്ട്. മാത്രവുമല്ല ജനങ്ങളുടെ ജീവിത ശൈലിയിലുണ്ടായ മാറ്റങ്ങൾ ജൈവവൈവിധ്യത്തെ നേരിട്ട് പ്രയോജനപ്പെടുത്തുന്നതിൽ നിന്നും അവരെ അകറ്റിയിരിക്കുന്നു. ചെറിയചെറിയ അസുഖങ്ങൾക്കുപോലും പലരും ആശുപത്രികളെ ആശ്രയിക്കുന്നതുകാണാം. പച്ചക്കറികൾ ഗ്രാമീണരിൽ ഭൂരിപക്ഷവും ചന്തയിൽ നിന്ന് വാങ്ങുകയാണ് പതിവ്. സ്വന്തമായിപച്ചക്കറി തോട്ടമുണ്ടാക്കുന്നതിൽ പലർക്കും താൽപ്പര്യമില്ല. ഉപഭോഗ സംസ്കാരം ഗ്രാമീണരിൽ നല്ലൊരു പങ്കിനേയും ഗ്രസിച്ചുകൊണ്ടിരിക്കുന്നു.

മടക്കിമലയിലെ അടിക്കാടുകളിൽ കാണപ്പെട്ടിരുന്ന പല സസ്യങ്ങളും സംഘം മൂന്നു മാസത്തിനു ശേഷം പോയപ്പോൾ കാണാൻ സാധിച്ചില്ല. വനത്തിൻെറ ഒരു ഭാഗം വെട്ടിത്തെളിച്ച് ഇഞ്ചികൃഷിചെയ്യുന്നതായി പഠന സംഘം കണ്ടെത്തി. അങ്ങനെ വെട്ടിമാറ്റിയപ്പോൾ നാശം സംഭവിച്ച സസ്യങ്ങൾക്ക് ഉദാഹരണമാണ്

1. കാട്ടു പയർ - Dolicossfalactus
2. കെരണ്ടക്കിഴങ്ങ് -Dioscorea bulbifera
3. നാരൻ കിഴങ്ങ് - Dioscoreasppositifolia

4. നൂറാൻ കിഴങ്ങ് - Dioscorea sp.

5. ചെലപ്പക്കിഴങ്ങ് - Dioscorea sp.

6. പന്നിക്കെരണ്ട - Dioscorea sp.

7. കരണക്കൊടിക്കിഴങ്ങ് - Gnetum scandens

8. മുത്താറിവള്ളി - Entada rheedhii

ഈ വിധത്തിൽ കാട് വെട്ടിമാറ്റുകയാണ് എങ്കിൽ അവിടത്തെ സമ്പുഷ്ടമായ ജൈവ വൈവിധ്യം താറുമാറാകും. Nilagiri wood pigon (പൊകണ) എന്ന ദേശാടന പക്ഷി മുട്ടയിടാൻ വേണ്ടി മടക്കിമലയിൽ വരുന്നു എന്ന് പഠന സംഘം കണ്ടെത്തി. പക്ഷെ തദ്ദേശ വാസികളിൽ ചിലർ ഇതിനെ വെടിവെയ്ക്കുന്നുണ്ട് എന്ന് പഠന സംഘ ത്തിന് അറിയുവാൻ സാധിച്ചു. പൊകണ നെയ്യ് ഔഷധ പ്രാധാന്യം ഉള്ളതാണ് എന്ന് പറയപ്പെടുന്നു.

മടക്കിമലയുടെ കീഴ്ഭാഗത്ത് ഒരു കൊല്ലി ഉണ്ട്. ഈ കൊല്ലിയിലെ വെള്ളം ഉപയോഗിച്ചാണ് ഗ്രാമവാസികൾ കൃഷിചെയ്യുന്നത്. ആ ഭാഗത്ത് അണക്കെട്ട് നിർമ്മിക്കാൻ മലയുടെ ഉടമസ്ഥർക്ക് ഉദ്ദേശം ഉള്ളതായി നാട്ടുകാരിൽ നിന്നും അറിഞ്ഞു. അങ്ങനെ സംഭവിച്ചാൽ പാടങ്ങളുടെ ഇടയിലുള്ള കൈത്തോടുകൾ വറ്റുകയും കൃഷിയെ ബാധിക്കുകയും ചെയ്യുമെന്ന് തദ്ദേശ വാസികൾ പരാതിപ്പെട്ടു.

വൈവിധ്യത്തിൻെറ മതപരമായ മൂല്യതകൾ പരിഗണിച്ച് അവയെ ചിലയിടങ്ങളിൽ സംരക്ഷിച്ച് വരുന്നുണ്ട്. ഉദാഹരണത്തിന് കാവുകൾ, അമ്പലക്കുളങ്ങൾ തുടങ്ങിയവ. ആനേരിയിൽ തറവാടിനോടനുബന്ധിച്ച നല്ല ഒരു കാവ് സ്ഥിതി ചെയ്യുന്നു. ഔഷധച്ചെടികളുടെ വ്യാപകമായ ഉപയോഗ സാധ്യതകളെക്കുറിച്ച് ജനങ്ങൾക്ക് അവബോധമുണ്ട്. എങ്കിലും എങ്ങനെ അവ പ്രയോജനപ്പെടുത്തണമെന്നവർക്കറിയില്ല.

കാരാപ്പുഴ ജലപദ്ധതിക്കുവേണ്ടിയുള്ള കനാൽ വന്നതുമൂലം വയലിടങ്ങളിൽ പലതും നശിപ്പിക്കപ്പെട്ടതായി കാണുന്നുണ്ട്. മാത്രവുമല്ല ഗ്രാമത്തിൻെറ മുഖഛായ തന്നെ ഈ കനാൽ മൂലം മാറി വരുന്നു. കോടിക്കണക്കിന് രൂപ ചിലവഴിച്ച ഈ പദ്ധതി ഉദ്ദേശിച്ചത്ര പ്രയോജനം ചെയ്യുകയില്ലായെന്ന് ഗ്രാമവാസികൾ അഭിപ്രായപ്പെട്ടു.

വ്യാവസായിക സ്വാധീനമാണ് കർഷകരെ ചില വിളകളിൽ മാത്രം തളച്ചിടുന്നത്. ഉദാഹരണത്തിന് കാപ്പി, ഇഞ്ചി, കുരുമുളക്. ഇതിൽ കുരുമുളക് ദ്രുതവാട്ടം എന്ന രോഗം മൂലംവൻപിച്ച നാശഭീഷിണി നേരിടുന്നുണ്ട്. പാരമ്പര്യ ഇനങ്ങൾ മാത്രമേ ഈ ഭീഷിണിയിൽ നിന്ന് രക്ഷപ്പെട്ടിട്ടുള്ളു. കൂടുതൽ വിളവ് ലഭിക്കുവാനുള്ള വ്യഗ്രതയിൽ മണ്ണ് മുഴുവനും രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ച് നശിപ്പിച്ചിട്ടുണ്ട്. മണ്ണിലെ സൂക്ഷ്മജീവികളെ പല ആവാസ വ്യവസ്ഥകളിൽ നിന്നും ശേഖരിച്ച് ഒരു താരതമ്യ പഠനം നടത്തുവാൻ സ്വാമിനാഥൻ ഫൗണ്ടേഷൻ ഉദ്ദേശിക്കുന്നു.

ആവാസ വ്യവസ്ഥയിൽ മാറ്റം നേരിടുന്നതിന് പ്രധാനമായ ഒരു കാരണം പഠന സംഘം കണ്ടെത്തിയത് മനുഷ്യൻെറ അനിയന്ത്രിതമായ ലാഭേഛയാണെന്നുള്ളതാണ്. മാറി വരുന്ന ജീവിത സാഹചര്യങ്ങൾക്കനുസൃതമായി പോകുവാൻ അവനെ പ്രേരിപ്പിക്കുന്നത് ഏത് വിധേനയുമുള്ള വ്യക്തിപരമായ വികസനം മാത്രമാണ്.

## ജൈവ വൈവിധ്യത്തിന് മേൽ പരിസ്ഥിതി മാറ്റങ്ങളുടെ സ്വാധീനം

ഇതെക്കുറിച്ച് പലയിടങ്ങളിലായി പ്രതിപാദിച്ചു കഴിഞ്ഞു. എങ്കിലും കുറച്ച് കാര്യങ്ങൾ ഒന്നു കൂടി ഉറപ്പിച്ച് പറയുന്നു. ഭൂവിനിയോഗ ത്തിലുണ്ടായ മാറ്റങ്ങൾ ഏറ്റവും പ്രകടമായി ബാധിച്ചത് ഉയർന്ന തരം സസ്യ ജന്തു ജാലങ്ങളെ യാണ്. ഉദാഹരണമായി പണ്ട് സുലഭമായുണ്ടായി രുന്ന മരങ്ങളായ ഈട്ടി, കുമിഴ്, കറുപ്പ, കുളിർമാവ്, ചെമ്പകം തുടങ്ങിയവ ഇപ്പോൾ തീർത്തും ദുർലഭങ്ങളാണ്. ചില പ്രത്യേക ആചാരങ്ങൾക്ക് വേണ്ടി കുറിച്യർ സംരക്ഷിച്ച് വന്നിരുന്ന മണലി, ചീരി, കൊട്ട, ഓട, പാല തുടങ്ങിയ സസ്യങ്ങൾ വളരെ വേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കൂടാതെ പ്രയോജനകരമായ ജന്തുക്കളായ ചാന്തൻ വെരുക്, കാട്ടുപൂച്ച, കുറുക്കൻ, പലതരം പക്ഷികൾ തുടങ്ങിയ ഇന്ന് നേരിൽ കാണുക വളരെ അപൂർവ്വം തന്നെയാണ്. സൂക്ഷ്മജീവികളിലുണ്ടായ മാറ്റങ്ങൾ ശാസ്ത്രീയമായി ഇത്വരെ പഠിക്കപ്പെട്ടിട്ടില്ല.

നേരത്തേ സൂചിപ്പിച്ചിരുന്ന മടക്കിമലയുടെ അടിക്കാടുകൾ നീക്കം ചെയ്ത് ഇപ്പോൾ ഇഞ്ചികൃഷി ചെയ്തു വരുന്നു. ഒരു അർദ്ധഹരിത വനമായിരുന്ന ഇതിൻെറ അടിക്കാട്ടിൽ ധാരാളം ചെറുസസ്യങ്ങൾ ഉണ്ടായിരുന്നു. പലതും ഔഷധമൂല്യമുള്ളതോ, മറ്റ് രീതിയിൽ പ്രയോജനമുള്ളതോ ആയിരുന്നു. കൂടാതെ ഇതിനടുത്തുള്ള ഒരു കൊല്ലിയിൽ ഈ വനത്തിൻെറ ഉടമ അണകെട്ടുവാൻ ഉദ്ദേശിക്കു ന്നുവെന്നും നേരത്തെ സൂചിപ്പിച്ചിരുന്നുവല്ലോ ഈ ചെറിയ അണവരുമ്പോൾ കൈത്തോടുകളിലെ വെള്ളം വറ്റുമെന്നും അതുവഴി വയൽ കൃഷി ഇല്ലാതാകുമെന്നുമുള്ള ഗ്രാമീണരുടെ പരാതി

അർത്ഥവത്താണ്. അങ്ങനെ വന്നാൽ ഇത് ജൈവവൈവിധ്യത്തെ വളരെയേറെ സ്വാധീനിക്കു ം മെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

### ഗ്രാമ പുരോഗതിയിൽ സമൂഹത്തിൻെറ അഭിപ്രായം :

ഗ്രാമം പുരോഗതി പ്രാപിക്കണം എന്നുതന്നെയാണ് ഇവിടുത്തെ ജനങ്ങളുടെ പരക്കെയുള്ള അഭിപ്രായം. ഈ ഗ്രാമത്തിൽ പുരോഗതി ഏറ്റവും കൂടുതൽ സാധ്യമാക്കേണ്ട മേഖല കാർഷിക ജൈവ വൈവിധ്യമാണെന്ന് ജനങ്ങൾ പൊതുവിൽ അഭിപ്രായപ്പെടുന്നു. പക്ഷെ പുരോഗതിക്ക് വേണ്ടി നിയുക്തമാക്കപ്പെട്ട രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകർക്ക് ജൈവ വൈവിധ്യം നിലനിർത്തിക്കൊണ്ടുള്ള വികസന പ്രവർത്തനം എങ്ങനെ സാധ്യമാവുന്നതിനെ ക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാടില്ല. കാർഷിക മേഖലയിലെ വികസനം എന്നാൽ അവർ ലക്ഷ്യമിടുന്നത് അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളും അത്യുൽപ്പാദന കൃഷിരീതികളും സാർവ്വത്രികമാക്കുക എന്നതാണ്. പാരമ്പര്യ രീതികൾ തുടർന്നുപോകണം എന്ന് പഠന സംഘം അഭിപ്രായപ്പെട്ടപ്പോൾ 'നിങ്ങൾ വികസനത്തിന് വിലങ്ങു നിൽക്കുകയാണോ ' എന്ന് ചോദിച്ച രാഷ്ട്രീയ പ്രവർത്തകരും ഇവിടെ ഉണ്ട്. മറുവശത്ത് കുറിച്യരെപ്പോലെയുള്ള ആദിമ വാസികൾ കാർഷിക ജൈവ വൈവിധ്യ വികസനംകൊണ്ട് ലക്ഷ്യമാക്കുന്നത് അവരുടെതായ വിത്തിനങ്ങളും കൃഷിരീതികളും കൂടുതൽ പ്രചരിപ്പിക്കുക എന്നതാണ്. ഇത് വ്യക്തമാക്കുന്നത് ജൈവ വൈവിധ്യ സംരക്ഷണത്തിലൂന്നിയ വികസനം എന്നാൽ ഒരു വെല്ലു വിളി എന്നതു തന്നെയാണ്.

പരിസ്ഥിതി സംരക്ഷണത്തിൽ ശ്രദ്ധചെലുത്തുന്ന ഒരു കൂട്ടം യുവാക്കൾ ഈ ഗ്രാമത്തിലുണ്ട്. അവരുടെ പ്രവർത്തനങ്ങളധികവും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിടിക്കുകയാണ്. വികസനം എന്നതുകൊണ്ട് ഗ്രാമീണർ ഉദേശിക്കുന്നത് പ്രധാനമായും മൂന്ന് കാര്യങ്ങളാണ്. ഗതാഗത യോഗ്യമായ നല്ല നല്ല റോഡുകൾ, എല്ലായിടത്തും വൈദ്യുതി, എളുപ്പത്തിൽ ലഭ്യമാക്കാവുന്ന കുടിവെള്ള സ്രോതസ്സുകൾ എന്നിവ. പഞ്ചായത്തും ഈ മൂന്ന് കാര്യങ്ങൾ ലക്ഷ്യമാക്കിക്കൊണ്ടാണ് വികസന പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. നല്ല റോഡുകൾ വരാൻ കാവുകൾ, ചതുപ്പ് പ്രദേശങ്ങൾ, നെൽപ്പാടങ്ങൾ മുതലായവപോലും നഷ്ടപ്പെടുത്തുവാൻ ഇവർക്ക് മടിയില്ല.

സാമ്പത്തിക പരാധീനതകൊണ്ട് ഭൂരിപക്ഷം പേരും തങ്ങളുടെ മക്കളെ കൂടുതൽ വിദ്യാഭ്യാസം ചെയ്യിക്കാൻ ആഗ്രഹിക്കുന്നില്ല. പ്രത്യേകിച്ചും കർഷകരുടെ ഇടയിൽ വനിതകളുടെ വിദ്യാഭ്യാസത്തിൻെറ അവസ്ഥ ഇതിലും പിന്നിലാണ്. പ്രത്യേകിച്ചു ം ആദിവാസി പണിയ വിഭാഗങ്ങളിൽ.

ഈ ഗ്രാമത്തിലോ പഞ്ചായത്തിലോ തന്നെ പ്രത്യേകിച്ചും വ്യവസായങ്ങൾ ഒന്നും തന്നെയില്ല. അതുകൊണ്ടു തന്നെ വ്യവസായങ്ങളിലൂന്നിയ ഒരു പുരോഗതിയെക്കുറിച്ച് ഗ്രാമീണർ ഇപ്പോൾ ചിന്തിക്കുന്നതുമില്ല. ടൂറിസത്തിലോ ഖനനത്തിലോ അതുപോലുള്ള മറ്റു സംരഭങ്ങളിലോ ഊന്നിയ വികസനവും അവർ ലക്ഷ്യമാക്കുന്നില്ല. ചുരുക്കത്തിൽ ഗ്രാമത്തിൻെറ വികസനം എന്നാൽ കാർഷികമേഖലയുടെ വികസനം തന്നെയാണ്. ഈ മേഖലയിൽ നല്ല രീതിയിലുള്ള വികസനം വേണമെന്ന് ഗ്രാമത്തിലെ ജനങ്ങൾ പൊതുവെ അഭിപ്രായപ്പെടുന്നു.

### ജൈവവൈവിധ്യ സംരക്ഷണത്തിൽ ജനങ്ങളുടെ അഭിപ്രായം

ഗ്രാമത്തിൻെറ വികസനത്തെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചതുപോലെ തന്നെയാണ് ജനങ്ങളെ പ്രത്യേകം പ്രത്യേകമായി എടുത്ത് പരിശോധിച്ചാലും. പക്ഷെ ഇവിടെ എടുത്ത് പറയേണ്ടത് ആദിവാസി സമൂഹങ്ങളുടെ കാഴ്ചപ്പാടിനെക്കുറിച്ചാണ്. അവർക്ക് ജീവിതത്തിൽ നിന്നും വേണ്ടത് വളരെക്കുറച്ച് കാര്യങ്ങൾ മാത്രമേയുള്ളു. അതായത് ഭക്ഷണത്തിനും പാർപ്പിടത്തിനും കന്നുകാലികളെ വളർത്തുന്നതിനും മറ്റുമുള്ള ചെറിയ ചെറിയ കാര്യങ്ങൾ. അവരുടെ ഈ കാഴ്ചപ്പാട് തന്നെ ജൈവവൈവിധ്യം നിലനിർത്തുന്നതിൽ വളരെയേറെ പങ്ക്വഹിക്കുന്നു. പ്രത്യേകിച്ച് കുറിച്യ സമൂഹങ്ങളെ ശ്രദ്ധിച്ചാൽ സാമ്പത്തിക ലാഭേച്ഛയോട് കൂടിയുള്ള പ്രവർത്തനങ്ങൾ വളരെ കുറവാണ്. അവർ വയലുകളിൽ കൃഷി ചെയ്തും ചെറിയ ചെറിയ കൃഷി ത്തോട്ടങ്ങൾ പരിപാലിച്ചും മറ്റും ജീവിച്ചു പോരുന്നു. എന്നാൽ ഗ്രാമത്തിലെ ഭൂരിപക്ഷം പേരും അവരുടെ സാമ്പത്തിക ഉന്നമനത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ട് വരുന്നത്. അതുകൊണ്ട് കാർഷിക മേഖലയിൽ തന്നെയും മുമ്പ് പലയിടങ്ങളിൽ സൂചിപ്പിച്ചതു പോലെ ഇപ്പോൾ സാമ്പത്തിക പ്രയോജനമുള്ള വിളകൾ സംരക്ഷിച്ചു

## Table - I പഠനത്തിന് വേണ്ടി ഉപയോഗപ്പെടുത്തിയ ശ്രമങ്ങൾ

| അഭിമുഖങ്ങൾ | വിഭാഗം | എണ്ണം |
|---|---|---|
| കർഷകർ | കുറിച്യർ | 21 |
| | ജൈനർ | 8 |
| | മറ്റുള്ളവർ | 12 |
| വനിതകൾ | കുറിച്യർ | 8 |
| | ജൈനർ | 4 |
| | മറ്റുള്ളവർ | 6 |
| വിദ്യാർത്ഥികൾ | കുറിച്യർ | 6 |
| | ജൈനർ | 3 |
| | മറ്റുള്ളവർ | 8 |
| ഉദ്യോഗസ്ഥർ | | 5 |

## Table II അഭിമുഖം നടത്തിയ ദിനങ്ങൾ

| മാസം | | തീയതി | സമയം |
|---|---|---|---|
| 1997 | Aug | 25, 26, 30, 31 | ഓരോ ദിവസവും ശരാശരി 2 മണിക്കൂർ വീതം |
| | Sep | 5, 22, 23, 29 | |
| | Oct | 6, 7, 14, 17 | |
| | Nov | 3, 4, 18, 19 | |
| | Dec | 29, 30, 31 | |
| 1998 | Jan | 30, 31 | |
| | Feb | 25 | |
| | March | 4, 5 | |

## Table-- III കരിങ്കുറ്റി ഗ്രാമത്തിൻെറ ഏകദേശ രൂപം

| | | |
|---|---|---|
| പഠനസ്ഥലത്തിൻെറ പേര് | : | കരിങ്കുറ്റി |
| സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം | : | 750-800 m |
| അക്ഷാംശം | : | 11° 26 "28"" and 11° 48 ""22"" |
| രേഖാംശം | : | 75° 46 "38"" and 76° 26" 11"" |
| വിസ്തീർണ്ണം | : | 5sq km |
| പിൻ കോഡ് | : | 673 121 |
| ജില്ലാ ആസ്ഥാനത്തേക്കുള്ള ദൂരം | : | 15 km |
| തൊട്ടടുത്ത ടൗണിലേക്കുള്ള ദൂരം | : | 5 km |
| മൊത്തം വീടുകളുടെ എണ്ണം | : | 300 |
| ജനസംഖ്യ (പ്രായപൂർത്തിയായവർ മാത്രം) | : | 1500 |
| ജനസാന്ദ്രത /sq km | : | 300 |
| താലൂക്ക് | : | വൈത്തിരി |
| ജില്ല | : | വയനാട് |

| | | |
|---|---|---|
| സംസ്ഥാനം | : | കേരളം |
| കൃഷിയിടം | : | 70% |
| പുരയിടം | : | 30% |
| വയൽ . | : | 40% |
| തോട്ടം | : | 60% |
| കൃഷിചെയ്യാതെ കിടക്കുന്ന സ്ഥലം | : | ഇല്ല |
| ജലസ്രോതസ്സ് | : | പുഴ, കിണറുകൾ, കുളങ്ങൾ |
| പുഴ | : | കരിങ്കുറ്റിപ്പുഴ (കൽപ്പറ്റ-പനമരം പുഴ) |
| കിണറുകൾ | : | 80 ഓളം |
| കുളങ്ങൾ | : | 7 |
| വനപ്രദേശം | : | 150 ഏക്കർ |

## Table - IV ഭൂദൃശ്യ ഘടകങ്ങളെക്കുറിച്ചുള്ള വിവരണം.

| ഭൂദൃശ്യ ഘടകതരം | പ്രാദേശികനാമം | ഉപയോഗ രീതി | ഉടമസ്ഥാവകാശം. |
|---|---|---|---|
| കാട് | കാട് | കാട്/കൃഷിയിടം | സ്വകാര്യം |
| ചതുപ്പ് | കൊല്ലി | ഭാഗീകമായ കൃഷിയിടം | സ്വകാര്യം |
| കുറ്റിക്കാട് | കുറ്റിക്കാട് | കാട് | |
| കാപ്പിത്തോട്ടം | കാപ്പിത്തോട്ടം | തോട്ടം | സ്വകാര്യം |
| കമുകിൻ തോട്ടം | കമുകിൻ തോട്ടം | തോട്ടം | സ്വകാര്യം |
| വാഴത്തോട്ടം | വാഴത്തോട്ടം | തോട്ടം | സ്വകാര്യം |
| നെൽവയൽ | നെൽവയൽ | കൃഷിയിടം-നെല്ല്/വാഴ | സ്വകാര്യം |
| ആവാസസ്ഥലം | കുടിപ്പാർപ്പുകൾ | താമസസ്ഥലം | സ്വകാര്യം |

## Table - V സംരക്ഷണ പ്രാധാന്യമുള്ള മരങ്ങളും ചെടികളും

| പ്രാദേശിക നാമം | ശാസ്ത്രനാമം | കാണപ്പെടുന്ന സ്ഥലം | ഉപയോഗം |
|---|---|---|---|
| 1. പാല | Alstonia scholaris | തോട്ടം ( വീട്ടു പരിസരം) | ചട്ടകം ഉണ്ടാക്കുവാൻ |
| 2. മണലി | Debregaesia velutina | തോട്ടം (വീട്ടു പരിസരം) | ഞാൺ ഉണ്ടാക്കാൻ |
| 3. അത്തി | Ficus glomerata | തോട്ടം (വീട്ടു പരിസരം) | വിശുദ്ധ കർമ്മങ്ങൾക്ക് ഉപയോഗിക്കുന്നു. |
| 4. അത്തി | Ficus retusa | തോട്ടം (വീട്ടു പരിസരം) | കതിര് കിളിപ്പിക്കുമ്പോൾ വയലിൽകുത്തിനിർത്തുന്നു. |
| 5. പേരാൽ | Ficus bengalensis | തോട്ടം (വീട്ടു പരിസരം) | വിശുദ്ധമരം |
| 6. അരയാൽ | Ficus religiosa | തോട്ടം (വീട്ടു പരിസരം) | വിശുദ്ധമരം |
| 7. നല്ലെറുപ്പ് | Callicarpa tomentosa | തോട്ടം (വീട്ടു പരിസരം) | |
| 8. കുങ്കുമമരം (കള്ളിപ്പാല) | Bixa orellana | '' | ബ്രാഹ്മണ മരമായി കരുതുന്നു. |
| 9. പ്ലാവ് | Artocarpus integrifolia | '' | വളം |
| 10. മാവ് | Mangifera indica | | വളം |
| 11. വെൺതേക്ക് | Lagerstroemia lanceolata | | വളം |
| 12. **തേക്ക്** | **Tectona grandis** | | ഫർണീച്ചർ |
| 13. മുരിക്ക് | Erythrina indica | | വളം |
| 14. കണിക്കൊന്ന | Cassia fistula | | വളം |
| 15. വട്ട | Macaranga peltata | | വളം |
| 16. എടല | Olea dioica | | വിറക് |
| 17. വീട്ടി | Dalbergia latifolia | | വിറക്, ഫർണീച്ചർ |
| 18. ചോല വീട്ടി | Dalbergia sissoo | | വിറക് ,ഫർണീച്ചർ |

| | | | |
|---|---|---|---|
| 19. കോളി | Ficus tsiela | | വിറക്,ഫർണീച്ചർ |
| 20. ഞാറൽ | Syzygium zeylanicum | | വിറക്,ഫർണീച്ചർ |
| 21. ഞാവൽ | Sygyum caryophyllaeum | | വിറക്,ഫർണീച്ചർ |
| 22. കുന്തിരിക്കം (പന്തം) | Canarium strictum | | വിറക്, പൂജാ കർമ്മം |
| 23. കായൽ | Bambusa arundinacea | കാവ് | പുര , കുട്ട, മുറം, (സാംസ്കാരികം) |
| 24. ഓട | Ochlandra sp. | കാവ് | കുട്ട, മുറം, പരമ്പ് |
| 25. ബധിരോട | Ochlandra sp. | കാവ് | വടിയായും, കുടക്കാൽ ഉപയോഗം (സാംസ്കാരികം) |
| 26. പന്നി വള്ളി | ------ | | തോൽ പുരകെട്ടാൻ ഉപയോഗിക്കുന്നു. |
| 27. പൂപ്പൻ വള്ളി | ------ | | പിരിച്ചെടുത്ത് കയറായി ഉപയോഗിക്കുന്നു. |
| 28. അടവള്ളി | ------ | | പിരിച്ചെടുത്ത് കയറായി ഉപയോഗിക്കുന്നു. |
| 29. വേലി വള്ളി | ------ | | ഇല ഔഷധ ഗുണമുള്ള താണ്. |
| 30. കന്നിനി | ------ | | തൊലി വള്ളിക്കായി ഉപയോഗിക്കുന്നു. |
| 31. കയ്യൂൾ | ------ | | കമ്പക്ക് ഉപയോഗിക്കുന്നു. |
| 32. കറുത്ത കോളി | Ficus sp. | | തൊലി മുറുക്കാൻ ഉപയോഗിക്കുന്നു. |
| 33. ചെമ്പകം | Michelia champaka | കാവ് | സാംസ്കാരികം |
| 34. വെൺമുരിക്ക് | Erythrina stricta | കാവ് | സാംസ്കാരികം |
| 35. അരി ചൂരൽ | Calamus travancoricus | കാവ് | സാംസ്കാരികം |
| 36. കറുക്ക | Grewia sp. | കാവ് | സാംസ്കാരികം |
| 37. കയ്യറുപ്പൻ വള്ളി | Rubia cordifolia | കാവ് /വേലിപ്പടർപ്പ് | ഔഷധം |
| 38. കുട്ടിത്താളി | Stephania japonica | തോട്ടപരിസരം | ഔഷധം |
| 39. എരുവള്ളി | Naravelia zeylanica | വഴിയരിക് | ഔഷധം |
| 40. എരുങ്ങാൻ വള്ളി | Cissus repens | കാവ് | ഔഷധം |
| 41. ചീരിമുള്ള് | Ziziphus oenoplia | കാവ് | സാംസ്കാരികം. |
| 42. നേന്ത്ര വള്ളി | Bridelia scandens | കാവ് | ലഹരി കൂട്ടാൻ |
| 43. ഇടിഞ്ഞിൽ | Pterospermum suberifolium | തോട്ടം | അസ്ഥി കൂടാൻ |
| 44. കുറിക്കുട്ടി | Mallotus philippensis | തോട്ടം | മുറിവുണങ്ങാൻ |
| 45. കെരണ്ട മരം | Flacourtia sp. | കാവ് | ഔഷധം |
| 46. നെരിനാരകം | Naringi crenulata | കാവ് | ഔഷധം |
| 47. കൊല്ലി ഞാവൽ | Syzygium travancoricum | | ഔഷധം |
| 48. താന്നി | Terminalia bellerica | തോട്ടം | ഔഷധം |
| 49. ആഞ്ഞിലി | Artocarpus hirsuta | തോട്ടം | കെട്ടിട നിർമ്മാണം/ ഫർണീച്ചർ |
| 50. പന | Caryota urens | | അനേകം ഉപയോഗങ്ങൾ |
| 51. പേഴ് (ആലോത്ത്) | Careya arborea | | കാലി രോഗങ്ങൾക്ക് ഉള്ള ഔഷധം |

Table VI

## ഗ്രാമത്തിലെ ജനുസ്സുകളുടെ പട്ടിക.

## കരിങ്കുറ്റി ഗ്രാമത്തിൽ സാധാരണ ഉപയോഗിക്കുന്ന ഔഷധ സസ്യങ്ങൾ

| പ്രാദേശികനാമം | ശാസ്ത്ര നാമം | ചെടിയുടെ പ്രകൃതി | കാണപ്പെടുന്ന സ്ഥലം |
|---|---|---|---|
| 1. വെള്ളക്കൂവ | Maranta arundinacea | ചെറിയചെടി | വീട്ടു പരിസരം |
| 2. ശംഖുപുഷ്പം | Clitoria ternatea | വള്ളിച്ചെടി | വേലി |
| 3. പാണൽ | Glycosmis mauritiana | കുറ്റിച്ചെടി | വേലി |
| 4. പനികൂർക്ക | Coleus ambonicus | ഔഷധി | വീട്ടു പരിസരം |
| 5. കച്ചോലം | Kaempferia galanga | ഔഷധി | |
| 6. ഇടിഞ്ഞിൽ | Pterospermum suberifolium | മരം | തോട്ടം |
| 7. വയമ്പ് | Acorus calamus | ഔഷധി | വയൽ |
| 8. കൃഷ്ണ തുളസി | Ocimum sanctum | കുറ്റിച്ചെടി | വീട്ടു പരിസരം |
| 9. അരൂത | Ruta graveolens | കുറ്റിച്ചെടി | വീട്ടു പരിസരം |
| 10. കഴഞ്ചി | Caesalpinia crista | വള്ളിച്ചെടി | ചുടലക്കാട് |
| 11. ബ്രഹ്മി | Bacopa monnieri | ഔഷധി | വീട്ടു പരിസരം |
| 12. ചെന്നി നായകം | Salacia sp. | മരം | |
| 13. കാട്ടു തക്കാളി | Lycopersicum esculentum | ഔഷധി | വീട്ടു പരിസരം, തോട് |
| 14. പൂവാങ്കുറന്തൽ | Vernonia cinerea | ഔഷധി | വീട്ടു പരിസരം, തോട് |
| 15. കയ്യറുപ്പൻ | Rubia cordifolia | ഔഷധി | റോഡരിക്, വേലി |
| 16. മുത്തങ്ങ | Cyperus rotundus | ഔഷധി | വീട്ടു പരിസരം, |
| 17. കറുക പ്പുല്ല് | Cynodon dactylon | ഔഷധി | വീട്ടു പരിസരം, |
| 18. പർപ്പടക പ്പുല്ല് | Oldenlandia corymbosa | ഔഷധി | വയൽ |
| 19. തുമ്പ | Leucas diffusa/L.aspera | ഔഷധി | റോഡരിക്, വീട്ടു പരിസരം |
| 20. വാതം കൊല്ലി | Justicia gendarussa | കുറ്റിച്ചെടി | വീട്ടു പരിസരം |
| 21. ശതാവരി | Asparagus racemosus | വള്ളിച്ചെടി | വേലി, റോഡരിക് |
| 22. കുറിക്കൂട്ടി | Mallotus philippensis | മരം | തോട്ടം (കാപ്പി) |
| 23. നെരിനാരകം | Naringi crenulata | കുറ്റിച്ചെടി | തോട്ടം (കാപ്പി) |
| 24. കെരണ്ടമരം | Flacourtia sp. | മരം. | തോട്ടം |
| 25. കൈയുന്നും | Eclipta alba | ഔഷധി | വയൽ |
| 26. താന്നി | Terminalia bellerica | മരം | തോട്ടരിക് |
| 27. ഈശ്വരമുല്ല | Aristolochia indica | വള്ളി | വീട്ടുപരിസരം |
| 28. ആടലോടകം | Adhatoda zeylanica | കുറ്റിച്ചെടി | വീട്ടുപരിസരം |
| 29. മുയൽചെവിയൻ | Emilia sonchifolia | ഔഷധി | തോട്ടം |
| 30. കുടങ്ങൽ | Centella asiatica | ഔഷധി | വയൽ |
| 31. കാട്ടുപുകയില | Lobelia nicotianaefolia | ചെറിയചെടി | പുറമ്പോക്ക് റോഡരിക് |
| 32. എരങ്ങ | Hydrocotyle javanica | ഔഷധി | റോഡരിക് |
| 33. എരുവള്ളി | Naravelia zeylanica | വള്ളി | വേലിയരിക് |
| 34. എരുങ്ങാൻവള്ളി | Cissus repens | വള്ളി | വേലിയരിക് |
| 35. കാട്ടുമ്മം | Datura metal | കുറ്റിച്ചെടി | വീട്ടുപരിസരം |
| 36. ഞെട്ടിപ്പന | Caryota urens | മരം | തോട്ടം |
| 37. പാടവള്ളി | Cyclea peltata | വള്ളി | റോഡരിക്, വേലിയരിക് |
| 38. മഞ്ഞൾ | Curcuma longa | ഔഷധി | വീട്ടുപരിസരം |
| 39. കരണക്കൊടി | Gnetum scandens | ഔഷധീ | വീട്ടുപരിസരം |
| 40. കാട്ടുപാവൽ | Momordica dioica | വള്ളി | തോട്ടം |
| 41. കീഴാർനെല്ലി | Phyllanthus fraternus | ഔഷധി | റോഡരിക്, വരമ്പ് |
| 42. പുത്തരിച്ചുണ്ട | Solanum indicum | ചെറിയചെടി | റോഡരിക് |

| | | | |
|---|---|---|---|
| 43. തെറ്റി (ചെത്തി) | Ixora coccinea | കുറ്റിച്ചെടി | വീട്ടുപരിസരം |
| 44. മൈലാഞ്ചി | Lawsonia inermis | കുറ്റിച്ചെടി | വീട്ടുപരിസരം |
| 45. കരിങ്കാലി (വേലിച്ചെടി) | Bryonopsis laciniosa | വള്ളിച്ചെടി | കാട് |
| 46. നേന്ത്രവള്ളി | Bridelia scandens | വള്ളിച്ചെടി | കാട് |
| 47. പേഴ് (ആലോത്ത്) | Careya arborea | മരം | തോട്ടം |
| 48. തൊട്ടാവാടി | Mimosa pudica | ഔഷധി | തോട്ടം, വീട്ടുപരിസരം, റോഡരിക് |
| 49. കൊല്ലിഞാവൽ | Syzygium travancoricum | ചെറിയമരം | കൊല്ലി |
| 50. കരിനൊച്ചി | Vitex negundo | ചെറിയമരം | വീട്ടുപരിസരം |
| 51. കുറിഞ്ഞി | Nilgirianthus heyneanus | ഔഷധി | |
| 52. നന്നാറി | Hemidesmus indicus | പടർപ്പൻ | തോട്ടം |
| 53. കൂവളം | Aegle marmelos | ചെറിയമരം | വീട്ടുപരിസരം |
| 54. നിലപന | Curculigo orchioides | ഔഷധി | വീട്ടുപരിസരം, തോട്ടം |
| 55. നിലംപുളി (പുളിയറില) | Oxalis corniculata | ഔഷധി | വീട്ടുപരിസരം, തോട്ടം |
| 56. അമൽപൊരി | Rauvolfia serpentina | ഔഷധി | |
| 57. വെള്ളാവണക്ക് | Ricinus communis | കുറ്റിച്ചെടി/ചെറിയമരം | വീട്ടുപരിസരം |
| 58. വാതംകൊല്ലി (ചെറുത്) | Justicia gendarussa | കുറ്റിച്ചെടി | നട്ടുവളർത്തുന്നു |
| 59. വാതംകൊല്ലി (വലുത്) | Artanema sessamoides | ചെറിയ കുറ്റിച്ചെടി/ വലിയ ഔഷധി | കൊല്ലി |
| 60. കാട്ടുപടവലം | Trichosanthes nervifolia | വള്ളിച്ചെടി | വനം |

## Table VII ഗ്രാമീണർക്ക് അറിയാവുന്ന സാധാരണ പുഷ്പിത സസ്യങ്ങൾ

| പ്രാദേശിക നാമം | ശാസ്ത്രനാമം | കാണപ്പെടുന്ന സ്ഥലം | പദവി |
|---|---|---|---|
| 1. കൈത | Pandanus sp. | കൊല്ലി | അപൂർവ്വം |
| 2. ആശപ്പെട്ടി | Angelonia bififlora | കൊല്ലി | സാധാരണം |
| 3. ചണ്ണക്കൂവ | Schumannianthus virgatus | കൊല്ലി | സാധാരണം |
| 4. മൂളിപന്നിച്ചെടി | Ludwigia octovalvis | വയൽക്കര, കൊല്ലി | വളരെ സാധാരണം |
| 5. കുടങ്ങൽ | Centella asiatica | വയൽക്കര, തോട്ടപരിസരം | വളരെ സാധാരണം |
| 6. എരങ്ങ | Hydrocotyle javanica | തോട്ടപരിസരം, വനം | വളരെ സാധാരണം |
| 7. എരുവള്ളി | Narvavelia zeylanica | വേലിപ്പടർപ്പ് | വളരെ സാധാരണം |
| 8. എരുങ്ങാൻ വള്ളി | Cissus repens | കുറ്റിക്കാട് | വളരെ സാധാരണം |
| 9. പാൽവള്ളി | Argyreia sp. | കാട്, വേലിപ്പടർപ്പ് | സാധാരണം |
| 10. കാട്ടു വേപ്പ് | Melia dubia | തോട്ടം | സാധാരണം |
| 11. മുയൽ ചെവിയൻ | Emilia sonchifolia | വയലരിക് | സാധാരണം |
| 12. കയ്യോന്നി | Eclipta alba | വയൽ | സാധാരണം |
| 13. കൂവ | Maranta arundinacea | വീട്ടുപരിസരം | സാധാരണം |
| 14. വയൽതാളി | Monochoria vaginalis | വയൽ | സാധാരണം |
| 15. ശതാവരി | Asparagus racemosus | തോട്ടം, കാടരിക് | സാധാരണം |
| 16. ചേമ്പ് | Colocassia esculenta | തോടരിക് | |
| 17. തിപ്പലി | Piper longum | കാടരിക് | സാധാരണം |
| 18. വേപ്പ് | Melia azaderach | | |
| 19. കാട്ടു തകര | Cassia tora | റോഡരിക് | സാധാരണം |
| 20. നേന്ത്രവള്ളി | Bridelia scandens | കാടരിക് | സാധാരണം |
| 21. കരണക്കൊടി | Gnetum scandens | കാട് | സാധാരണം |
| 22. കഴഞ്ചി | Caesalpinia crista | --- | അപൂർവ്വം |

| | | | |
|---|---|---|---|
| 23. മൂപ്പൻവള്ളി | --- | | |
| 24. പന്നിവള്ളി | --- | | |
| 25. അടവള്ളി | --- | | |
| 26. കയ്യൂൾ | --- | | |
| 27. പപ്പടകപ്പുല്ല് | Oldenlandia corymbosa | വയൽ | സാധാരണം |
| 28. അതിരൻപുല്ല് | Echinochloa colona | വയൽ | സാധാരണം |
| 29. മാനിപ്പുല്ല് | | വയൽ | സാധാരണം |
| 30. അലട്ടകുറുന്തോട്ടി | Sida acuta | തോട്ടപരിസരം | സാധാരണം |
| 31. കുറുന്തോട്ടി | Sida retusa | വഴിയരിക് | സാധാരണം |
| 32. പുത്തരിചുണ്ട | Solanum indicum | വഴിയരിക് | സാധാരണം |
| 33. കണ്ടകാരിചുണ്ട | Solanum aculeatissimum | | |
| 34. വെള്ളില | Mussaenda bellila | കാട്, കുറ്റിക്കാട് | |
| 35. ആമ്പൽ | Nymphaea nouchali | കുളം | |
| 36. തൊട്ടാവാടി | Mimosa pudica | വീട്ടുപരിസരം, റോഡരിക് | സാധാരണം |
| 37. അരിപ്പൂ | Lantana camera | റോഡരിക്, പുറമ്പോക്ക് | സാധാരണം |
| 38. കമ്മ്യൂണിസ്റ്റ് പച്ച | Chromolaena odorata | റോഡരിക്, പുറമ്പോക്ക് | സാധാരണം |
| 39. മുറികൂട്ടി | Oldenlandia auricularia | റോഡരിക്, പുറമ്പോക്ക് | സാധാരണം |
| 40. വലിയതേരകം (ആനപ്പാറോത്ത്) | Ficus hispida | തോട്ടം | സാധാരണം |
| 41. കൈയറുപ്പൻ വള്ളി | Rubia cordifolia | റോഡരിക്, തോട്ടം | സാധാരണം |
| 42. മരോട്ടി | Hydnocarpus wightiana | | സാധാരണം |
| 43. കാട്ടുമുല്ല | Jasminum malabaricum | | സാധാരണം |
| 44. മൈൽപുളി | | | |
| 45. പുളിയാരില | Oxalis corniculata | വീട്ടുപരിസരം, വരമ്പ് | വളരെ സാധാരണം |
| 46. താവ | Fern spp. | റോഡരിക്, വീട്ടുപരിസരം | വളരെ സാധാരണം |
| 47. കരിംതുവൽ | --- | റോഡരിക്, വീട്ടുപരിസരം | വളരെ സാധാരണം |
| 48. കൃഷ്ണതുളസി | Ocimum sanctum | വീട്ടുപരിസരം | സാധാരണം |
| 49. രാമതുളസി | Ocimum sp. | വീട്ടുപരിസരം | സാധാരണം |
| 50. കാട്ടുതുളസി | Ôcimum sp. | വീട്ടുപരിസരം | സാധാരണം |
| 51. അരൂത | Ruta graveolens | വീട്ടുപരിസരം | സാധാരണം |
| 52. കറുക്ക | Grewia sp. | വീട്ടുപരിസരം | സാധാരണം |
| 53. നായ്ക്കുരണ | Mucuna pruriens | വനത്തിൻെറ അരിക് | |
| 54. വാതം കൊല്ലി | Justicia gendarusua | വീട്ടുപരിസരം | സാധാരണം |
| 55. ഉണ്ണിത്തണ്ട് | --- | | |
| 56. കാട്ടുപാവൽ | Momordica dioica | കാട് | |
| 57. കാട്ടുപടവലം | Trichosanthes nervifolia | കാട് | |
| 58. ആനചക്ര | Rhaphidophora pertusa | കാട്, തോട്ടം | സാധാരണം |
| 59. കുറിഞ്ഞി | Nilgirianthes heyneanus | തോട്ടത്തിൻെറ അരിക് | |
| 60. നിലംപന | Curculigo orchioides | തോട്ടം | |
| 61. പാൽമുന്തിരി | --- | | |
| 62. കടലാടി | Achyranthes aspera | റോഡരിക് | സാധാരണം |
| 63. അമൽപൊരി | Rauvolfia serpentina | റോഡരിക് | സാധാരണം |
| 64. കീഴാർനെല്ലി | Phyllanthus fraternus | റോഡരിക് | സാധാരണം |
| 65. ഇഞ്ച | Acacia pennata | പുറമ്പോക്ക് | സാധാരണം |
| 66. കൂമുള്ള് | Caesapinia mimosoides | പുറമ്പോക്ക് | വളരെ സാധാരണം |
| 67. ചോലവെറ്റില | --- | | |

| | | | |
|---|---|---|---|
| 68. മലഇഞ്ചി | Zingiber macrostachyum | കാട് | അപൂർവ്വം |
| 69. മഞ്ഞകൂവ | Curcuma zeodaria | കാട് | അപൂർവ്വം |
| 70. ചെന്നിനായകം | --- | | അപൂർവ്വം |
| 71. പാണൽ | Glycosmis mauritana | വേലിയരിക് | സാധാരണം |
| 72. കടലാവണക്ക് | Jatropha curcas | വേലിയരിക് | സാധാരണം |

## Table VIII കിഴങ്ങുകൾ, പയറുകൾ ഇവയുടെ വന്യബന്ധുക്കൾ

**കിഴങ്ങ്**

| | | |
|---|---|---|
| നൂറാൻ കിഴങ്ങ് | - | മൂന്നു തരം |
| നാരൻ കിഴങ്ങ് | - | ഒരു വിത്തിൽ നിന്നും ധാരാളം വിത്തുകൾ |
| കെരണ്ടകിഴങ്ങ് | | |
| ചീകിഴങ്ങ് | | |
| ചപ്പക്കിരണ്ട | } | ഭക്ഷ്യയോഗ്യമല്ല |
| ചങ്കുപൊട്ടിക്കിഴങ്ങ് | } | ഭക്ഷ്യയോഗ്യമല്ല |
| ചെലപ്പക്കിരണ്ട | } | ഭക്ഷ്യയോഗ്യമല്ല |
| കുട്ടിക്കിഴങ്ങ് | - | പച്ചക്ക് ഭക്ഷിക്കാം |
| കാളക്കിഴങ്ങ് | - | വലുപ്പം കൂടുതൽ |

**പയറ്**

കാട്ട് ഉഴുന്ന്
കാട്ട് പയറ്
കാട്ട് അമര

## Table IX പ്രധാന കാർഷിക വിളകൾ

| നെല്ല് | പച്ചക്കറി | ഇലക്കറി | കിഴങ്ങുവർഗ്ഗം |
|---|---|---|---|
| തൊണ്ടി | തക്കാളി | മത്തന്റെ ഇല | ചേമ്പ് |
| വെളിയൻ | (a) മൈസൂർ തക്കാളി | കുമ്പളത്തിന്റെ ഇല | (a)വയൽചേമ്പ് |
| ജയ | (b) സാധാരണ തക്കാളി | ചെരങ്ങയുടെ ഇല | (b) കണ്ടിചേമ്പ് |
| H - 4 | <u>2. പയറ്</u> | കുട്ടി പാപ്പാഇല (കാട്ടുതക്കാളി) | c പാൽചേമ്പ് |
| Culture | ചതുര പ്പയറ് | പയറില | d കുഴിചേമ്പ് |
| | അമരപ്പയറ് | സാധാരണ ചീര | e മലരാമ്പൻ ചേമ്പ് |
| | കുരുത്തോലപ്പയറ് | പ്രഷർ ചീര | f. ആയിരം കണ്ണൻ |
| | മരപ്പയറ് | മുള്ളൻ ചീര | g. കരിംചേമ്പ് |
| | കുറ്റിപ്പയറ് | കൊച്ചു ചീര | h. ഈയചേമ്പ് |
| | <u>3. മുളക്</u> | മുരിങ്ങ ഇല | 2. കാച്ചിൽ |
| | ചീന പറങ്കി | കടുകിന്റെ ഇല | a. ഇഞ്ചികാച്ചിൽ |
| | ചുണ്ടമുളക് | പൊന്നാങ്കണ്ണി | ç. ചോര കാച്ചിൽ |
| | കുമ്പളം പറങ്കി | വയൽ ചേമ്പില | c. നീണ്ടികിഴങ്ങ് |
| | സാസാർമുളക് | മുളകിന്റെ ഇല | d. കുപ്പ കിഴങ്ങ് |
| | സാധാരണ പച്ചമുളക് | മുളയുടെ കൂമ്പ് | 3. ചേന |
| | <u>4. കയ്പക്ക</u> | മുരിക്കില | a. പ്രാചേന |
| | പച്ച കയ്പ്പക്ക | തകരഇല | |
| | വെള്ളകയ്പ്പക്ക | | |
| | 5. മൂട്ടിൽ മുളയൻ | | |
| | 6. വെള്ളരി | | |
| | 7. കുമ്പളങ്ങ | | |
| | 8. പീച്ചിങ്ങ | | |
| | 9. ചെരങ്ങ | | |

10. മത്തങ്ങ

a. നീളം ഉള്ളത്

b. ഉരുണ്ടത്

c. രാജദൂതൻ

d. വെള്ളരിമത്തൻ

11. ആകാശവെള്ളരി

12. കറുമൂസ്

## Table X നഷ്ടപ്പെട്ടു പോയ വിളകൾ

| നെല്ല് | | മറ്റ് വിളകൾ |
|---|---|---|
| പേര് | പ്രത്യേകത | |
| 1. ഉരുണികയമ | ഉരുണ്ട നെല്ല് | മുത്താറി |
| 2. വലിയകയമ | വലുത് | തിന |
| 3. ഓങ്ങൻ പുഞ്ച | മുള്ള് ഉണ്ട് വെള്ളം കയറുന്ന സ്ഥലത്തിന് യോജിച്ചത്. | ചോളം |
| | | ഉള്ളി |
| 4. കോതാണ്ടൻ | 6 മാസം മൂപ്പ് , വെള്ള അരി | ഓറഞ്ച് |
| 5. കോഴിവാള (കരിവാള) | | പുകയില |
| 6. ചോമാല | | |
| 7. കറുത്തൻ | കരയിൽ വിതയ്ക്കുന്നത് നല്ല മേനി. തോട് കറുപ്പ് | |
| 8. ചെന്താടി | കടക്ക് വണ്ണം കൂടുതൽ | |
| 9. വില്ലി | | |
| 10. ചെമ്പത്തി | മേനികുറവ് | |
| 11. കണിച്ചെന്നെല്ല് | | |
| 12. തവളക്കണ്ണൻ | | |
| 13. ആനകൊമ്പൻ | വില്ലിയുടെ വലുത് | |
| 14. രാജാണി | | |
| 15. മാഗലാപുരം | പുഞ്ച 120 ദിവസം മൂപ്പ് | |
| 16. പൊന്നാരിമാല | | |
| 17. പെരുവാഴ | ഇള വിത്ത് | |
| 18. കല്ലെലിനെല്ല് | 10 മാസം മൂപ്പ് | |
| 19. നവര പുഞ്ച | ഔഷധ ഗുണം | |
| 20. ചെന്നെല്ല് | ഔഷധഗുണം | |

## Table XI കരിങ്കുറ്റി ഗ്രാമത്തിലെ ആവാസ സ്ഥലങ്ങളിൽ സാധാരണ കാണപ്പെടുന്ന മരങ്ങൾ

| പ്രാദേശിക നാമം | ശാസ്ത്രനാമം | കാണപ്പെടുന്ന സ്ഥലം | പദവി |
|---|---|---|---|
| 1. പാല | Alstonia scholaris | തോട്ടം | സാധാരണം |
| 2. മണലി | | ചതുപ്പ് | സാധാരണം |
| 3. കൊടംപുളി | Garcinia gummi gutta | തോട്ടം | സാധാരണം |
| 4. പന | | തോട്ടം | അപൂർവ്വം |
| 5. മുള | | കൊല്ലി | സാധാരണം |
| 6. ഓട | | കൊല്ലി | സാധാരണം |
| 7. വെൺതേക്ക് | Lagerstroemia leanceolata | തോട്ടം | സാധാരണം |
| 8. കമ്പിളിമരം | Euodia lunu-ankenda | തോട്ടം | |
| 9. കുളിർമാവ് | | തോട്ടം | |

| | | |
|---|---|---|
| 10. അയണി | Artocarpus hirsuta | തോട്ടം |
| 11. ആനചേര് | Holigarna beddomei | |
| 12. താന്നി | Terminalia bellerica | തോട്ടം |
| 13. ഈട്ടി | | തോട്ടം |
| 14. കുറിക്കൂട്ടി | Mallotus philippensis | തോട്ടം |
| 15. ഞാറ | Syzygium caryophyllaeum | |
| 16. ഇടിഞ്ഞിൽ | Commiphora pubescens | തോട്ടം |
| 17. ഞാവൽ | Syzygium eleumini | തോട്ടം |
| 18. ചടച്ചി | Grewia tiliifolia | തോട്ടം |
| 19. എടല | Olea dioica | തോട്ടം |
| 20. പുങ്ങ് | | |
| 21. നെല്ലി | Phyllanthus emblica | തോട്ടം |
| 22. വെള്ളക്കോളി | | തോട്ടം |
| 23. അടയ്ക്കാക്കോളി | | തോട്ടം |
| 24. ആനക്കോളി | | തോട്ടം |
| 25. കരിക്കോളി | | തോട്ടം |
| 26. പുളി | Tamarindus indica | തോട്ടം |
| 27. കാട്ടുവേപ്പ് | Melia dubia | തോട്ടം |
| 28. കുന്തിരിക്കം | Canarium strictum | തോട്ടം |
| 29. പൂവാക | | റോഡരിക്, തോട്ടം |
| 30. ചളിര് | Flacourtia ramontchi | |
| 31. ചെമ്പകം | Michelia champaka | |
| 32. അരയാൽ | Ficus religosa | |
| 33. ഇത്തി | Casuarina equisetoides | |
| 34. കാറ്റാടി | | |
| 35. കറുക്ക | Grewia sp. | |
| 36. ചെറുതേക്ക് | Callicarpa tomentosa | |
| 37. കാട്ടമ്പഴം | | |
| 38. നീലി | Bischoffia javanica | |
| 39. പാതിരിമരം | | |
| 40. പൂളമരം | | |
| 41. വെങ്കണ | Carallia integrima | |
| 42. പ്ലാവ് | Artocarpus integrifolia | |
| 43. മുള്ള്മുരിക്ക് | Erythrina strictum | |
| 44. മുക്കണ്ണിച്ചേര് | | |
| 45. ബംബ്ലിമൂസ് | Citrus maxima | |
| 46. തെങ്ങ് | Cocos nucifera | |
| 47. കമുക് | Areca latechu | |
| 48. കൊല്ലിഞാവൽ | Syzygium travancoricum | |
| 49. കണിക്കൊന്ന | Cassia fistula | |
| 50. പാലക്കാച്ചി | Palaquium ellipticum | |

Table XII വംശനാശം സംഭവിക്കുന്ന സസ്യങ്ങൾ

| പ്രാദേശികനാമം | ശാസ്ത്ര നാമം | കാണപ്പെടുന്ന സ്ഥലം | ചെടിയുടെ പ്രകൃതി |
|---|---|---|---|
| 1. കൊല്ലിഞാവൽ | Syzygium travancoryicum | കൊല്ലി | മരം |
| 2. കുളിർമാവ് | Persea micrantha | തോട്ടം, ചതുപ്പ് | |
| 3. കറുപ്പ | Cinnamomum malabatrum | വനം | മരം |

| | | | |
|---|---|---|---|
| 4. കെരണ്ടമരം | Flacourtia sp. | വനം | " |
| 5. മുത്താരിവള്ളി | Entada rheedi | വനം | വള്ളി |
| 6. കെരണ്ടവള്ളി (കരണക്കൊടി) | Gnetum scandens | വനം | വള്ളി |
| 7. കാരോട | Ochlandra sp. | ചതുപ്പ് | മുളസ്പർശം |
| 8. മലയോട | " | " | " |
| 9. ബധിരോട | " | " | " |
| 10. ഇടിഞ്ഞിൽ | Pterospermum suberifolium | വനം | മരം |
| 11. ചെലപ്പകിഴങ്ങ് | Dioscorea sp. | വനം | വള്ളി |
| 12. നാരൻകിഴങ്ങ് | " | " | " |
| 13. കാട്ടുപയർ | Dolicoes falcatus | വനം, കുറ്റിക്കാട് | " |
| 14. കാട്ടുപടവലം | Trichosanthes nervifolia | കുറ്റിക്കാട് | " |
| 15. കഴഞ്ചി | Caesalpinia crista | തോട്ട പരിസരം | മുൾപ്രകൃതി |
| 16. കൊടംപുളി | Garcinia gummi-gutta | വനം | മരം |
| 17. കാട്ടമ്പഴം | Spondias pinnata | വനം | മരം |
| 18. കുന്തിരിക്കം | Canarium strictum | വനം, തോട്ടം | മരം |
| 19. പാലക്കായി | Palaquium elliptium | വനം | മരം |
| 20. മണലി | Debregaesia velutina | | കുറ്റിച്ചെടി |

## Table XIII ഗ്രാമീണർ വിശുദ്ധമായി കണക്കാക്കുന്ന വൃക്ഷങ്ങൾ

| പ്രാദേശികനാമം | ശാസ്ത്രനാമം | കാണപ്പെടുന്ന സ്ഥലം | പദവി |
|---|---|---|---|
| ചെമ്പകം | Michelia champaka | വീട്ടുപരിസരം | അപൂർവ്വം |
| അരയാൽ | Ficus religiosa | തോട്ടം | സാധാരണമല്ല |
| പേരാൽ | Ficus bengalensis | തോട്ടം | " |
| അത്തി | Ficus racemosa | തോട്ടം | സാധാരണം |
| ഇത്തി | Ficus retusa | തോട്ടം | " |
| നല്ലെറുപ്പ് | | തോട്ടം | അപൂർവ്വം |
| കുങ്കുമമരം (ബ്രാഹ്മണമരം) | Bixa orellana | തോട്ടം | " |

## Table XIV കരിങ്കുറ്റി ഗ്രാമത്തിൽ ജനങ്ങൾക്കറിയാവുന്ന പക്ഷികൾ, ജന്തുക്കൾ, മത്സ്യങ്ങൾ

| പക്ഷികൾ | മത്സ്യം | പാമ്പുകൾ | ഉറുമ്പുകൾ | സസ്തനികൾ |
|---|---|---|---|---|
| 1. കാക്കപൊകണ | മെച്ചെ | മൂർഖൻ | കട്ടെറുമ്പ് | മാൻ |
| 2. മുള്ളൻ പൊകണ | വണ്ണാലം | കൊണിയൻ(വട്ടക്കൂറ) | ചെറുകട്ടുറുമ്പ് | പന്നി |
| 3. ചെമ്പോത്ത് | വാള | ചേനത്തണ്ടൻ | ഉമി എറുമ്പ് | കാട്ടാട് |
| 4. പാമ്പെറ്റി പരുന്ത് | ആരല് | വില്ലീരി | തൊണ്ണാരൻ | മുള്ളൻ |
| 5. മയിലെറ്റി പരുന്ത് | ആരല് | മുളമ്പാമ്പ് | വെള്ളെറുമ്പ് | പാറമെരു |
| 6. ചെമ്പരുന്ത് | ചേറ്മീൻ | എട്ടടിയൻ | പോത്തെറുമ്പ് | കൊക്കാലൻ |
| 7. കുന്നിയോല പരുന്ത് | കട്ട | സർപ്പം | കരിയുറുമ്പ് | മലയണ്ണാൻ |
| 8. പ്രാപിടിയൻ പരുന്ത് | മുശി | തെളിഞ്ഞ സർപ്പം | നെയ്യുറമ്പ് | പൂമെരു |
| 9. എലിയിനെ പിടിയൻ പരുന്ത് | ബിരാൽ | മഞ്ഞ സർപ്പം | ചോണൻ | കീരി |
| 10. തത്തക്കിളി | കുറുവ | തെരട്ട (ചുരുട്ട) | പുളിയെറുമ്പ് | നീർനായ് |
| 11. ചെറിയ തത്ത (വാഴ തത്ത) | മുള്ളൻ | മണ്ഡലി | | കാട്ടു പൂച്ച |
| 12. കാലിചോള | ചക്കമുള്ളൻ | മണലെരുപ്പൻ | | കീരി |
| 13. കാലിക്കിളി | തോട്ടമുള്ളൻ | കുരുടൻ | | ചന്തൻ വെരുക് |
| 14. പന്നിപ്പുള്ള് | തോടൻ വരല് | ചേര | | കരടി |
| 15. വടിയൻ പുള്ള് (കൊത്തക്കിളി) | നെടുഞ്ചേരിപരല് | അണലി | | പശു |
| 16. തുരിൻ പുള്ള് (കോഴിവട്ടിയൻ) | കൊഞ്ചൻ | പെരുമ്പാമ്പ് | | പോത്ത് |
| 17. നിച്ചിരിപ്പുള്ള് | കണ്ണിപരല് | മലമ്പാമ്പ് | | പുലി |

| | | | |
|---|---|---|---|
| 18. എലനാണിപ്പുള്ള് | കൊവ്വ | കരിവേല | തെങ്ങോലവരയൻ പുലി |
| 19. തീപ്പുള്ള് | വട്ടച്ചിപ്പരല് | കരിങ്കുറിഞ്ഞി | കോവു വരയൻ പുലി |
| 20. നെല്ല് പ്പുള്ള് | കലം കേറ് | നിർക്കോലി | ചീറ്റപ്പുലി |
| 21. നെല്ല് | കൂരി കുരുള് | പച്ചില പാമ്പ് | വേങ്ങപുലി |
| 22. പൊന്നാടൻ | കൂരി | കുമ്പളക്കുരു | കരിമ്പുലി |
| 23. ഇരട്ടത്തലച്ചി | പൊടൂർക്കൈ | | വള്ളിപുലി |
| 24. കൊച്ച (കറുത്ത്) | പെലെച്ചെള്ളി | | കാള |
| 25. കൊച്ച (വെളുത്തത്) | ചെമ്മീൻ | | നായ് |
| 26. കൊച്ച് (ചുവന്നത്) | ചെറുമീൻ | | പൂച്ച |
| 27. മീൻകൊത്തി (ചെറുത്) | കയ്ചിൽ | | |
| 28. മീൻകൊത്തി (വലുത്) | വണ്ണാലം | | |
| 29. കടമീൻ കൊത്തി | | | മാവ്ളെ |
| 30. അമ്പുക്കരാളെ (ചെറുത്) | | | കീറ് |
| 31. അമ്പക്കരാളെ (വലുത്) | | | ചെത്തില് |
| 32. മൈന | | | വലിയ ചെള്ളി |
| 33. കുപ്പണാത്തി | | | മുള്ളെ |
| 34. വണ്ണാത്തിക്കിളി | | | കനുമേ |
| 35. നിലംകിളി | | | കാവീരി |
| 36. അരിപ്രാവ് | | | ബൊമ്മീൺ |
| 37. പെരുപ്രാവ് | | | പുല്ലുവാള |
| 38. മാടപ്രാവ്. | | | നൊണയൻവാള |
| 39. കരിയിലക്കിളി | | | കല്ലൊട്ടി |
| 40. തേൻകുരുവി | | | തോടൻ |
| 41. മുട്ടിനിപ്പുള്ള് | | | ചേറ് |
| 42. കുടുക്കാപ്പുള്ള് | | | മാക്രൻ |
| 43. വണ്ണാത്തിപ്പുള്ള് | | | |
| 44. ഇളനീർകൊത്തി (മലമുഴക്കി വേഴാമ്പൽ) | | | |
| 45. നെലയൻ | | | |
| 46. തുന്നാരൻ | | | |
| 47. കുരുവി | | | |
| 48. കൂമൻ | | | |
| 49. നത്ത് | | | |
| 50. കൂടായൻ | | | |
| 51. ചൂണ്ട കുളത്തി | | | |
| 52. നീർകാക്ക | | | |
| 53. കുന്നിപക്ഷി | | | |
| 54. മാക്കുന്നി | | | |

Table XV ഗ്രാമീണർക്ക് അറിയാവുന്ന മറ്റു ജന്തു ജാലങ്ങൾ

| തവള | ഞണ്ട് | ആമ | എലി | അട്ട | തേൾ |
|---|---|---|---|---|---|
| കാരൻ | ഞണ്ട് | വെള്ളാമ | തൊരപ്പൻ | നമ്പൂരിയട്ട | ഞണ്ടിറക്ക് |
| അരണ | വെള്ളൻ ഞണ്ട് | കാരാമ | പെരുചാഴി | പോത്തട്ട(വലുത്) | വെള്ളത്തേൾ |
| ഓന്ത് | പിരാട | ഞണ്ടാമ | ചുണ്ടെലി | പോത്ത (ചെറുത്) | പന്തള് |
| മണ്ണിര | കുണ്ടൻ ഞണ്ട് | പുരയെലി | കുളയട്ട | കുട്ടിത്തേളുകൾ | |
| പഴുതാര | ചെറുഞണ്ട് | കാട്ട് എലി | | | |
| പല്ലി | കക്ക(വലുത്) | വെള്ളലി | | | |
| ഉറുമ്പ് | കക്ക (ചെറുത്) | | | | |

## Table XVI സംരക്ഷിക്കപ്പെടേണ്ട പക്ഷികൾ,ജന്തുക്കൾ, മത്സ്യങ്ങൾ

| പക്ഷികൾ | പേര് | പ്രാധാന്യം |
|---|---|---|
| പൊകണ | | ഭക്ഷ്യയോഗ്യം |
| ചെമ്പോത്ത് | | ഭക്ഷ്യയോഗ്യം |
| പാമ്പെറ്റി | പരുന്ത് | ഉപദ്രവകാരികളായ ജന്തുക്കളെയും കീടങ്ങളെയും നശിപ്പിക്കുന്നു. |
| എലിയിനെ പിടിയൻ | പരുന്ത് | |
| കരിയിലകിളി (വംശനാശം) | | |
| കുരുവി, | കൂമൻ | |
| ജന്തുക്കൾ | | |
| പന്നി | | നെയ്തീപ്പൊള്ളലിനും കാലു വിണ്ടു കീറുന്നതിനും നല്ലത്. |
| മലമ്പാമ്പ് | | നെയ്യ് ഔഷധഗുണം |
| ചേര | | എലിയെ പിടിക്കും |
| ചാന്തൻ | വെരുക് | എലിയെ പിടിക്കും |
| കീരി | | എലിയെ പിടിക്കും |
| മത്സ്യങ്ങൾ | | |
| മെച്ച | | സ്വാദിഷ്ടം |
| വണ്ണാലം | | സ്വാദിഷ്ടം |
| വെൺമീൻ | | സ്വാദിഷ്ടം |
| കടു | | സ്വാദിഷ്ടം |
| മുശി | | സ്വാദിഷ്ടം |
| പെലെച്ചെള്ളി | | സ്വാദിഷ്ടം |
| ചെത്തില് | | സ്വാദിഷ്ടം |
| വലിയചെള്ളി | | സ്വാദിഷ്ടം |
| പുല്ലുവാള | | സ്വാദിഷ്ടം |